# ഗോത്ര താളം

## Rhythm of Tribe

വാല്യം - 2 Volume - 2

എഡിറ്റർ
**കെ.എസ്. പ്രദീപ് കുമാർ**

ആത്മസാക്ഷാത്കാരത്തിന്റെയും സാംസ്കാരിക സമ്പന്നതയുടെയും കൂട്ടായ്മയുടെയും പ്രതീകങ്ങളാണ് ഗോത്ര ജനതയുടെ കലകൾ. പ്രകൃതിയോടും അതിലെ സകല ജീവജാലങ്ങളോടുമുള്ള വൈകാരികതയും കരുതലും ഇഴുകിചേരലും ഗോത്ര സമൂഹങ്ങളുടെ കലകളിൽ ദർശിക്കുവാൻ സാധിക്കും. എന്നാൽ ഇന്ന് ഗോത്രജനതയുടെ സാമൂഹിക സാംസ്കാരിക പരിസരങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ മൂലം കലകളുടെ രൂപവും ഭാവവും മാറുന്നതിനൊപ്പം ഗോത്രസമൂഹത്തിന്റെ പൊതുധാരയിൽ നിന്നും സമുദായത്തിലെ ചുരുക്കം ചില വ്യക്തികളിലേക്ക് കലകൾ ചുരുങ്ങുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഈയൊരു സാഹചര്യത്തിലാണ് വകുപ്പ് ഗോത്രകലകളെ രേഖപ്പെടുത്തുന്നതിന്റെയും പരിപോഷിപ്പിക്കുന്നതിന്റെയും ഭാഗമായി ഗോത്ര കലകളെ അധികരിച്ചുള്ള തുടർ പ്രസിദ്ധീകരണത്തിന്റെ രണ്ടാം വാല്യം തയ്യാറാക്കിയിരിക്കുന്നത്. കേരളത്തിലെ വിവിധ ഗോത്രസമൂഹങ്ങളുടെ കലകളെയും അനുബന്ധ സാമൂഹിക സാംസ്കാരിക ഘടകങ്ങളെയും കുറിച്ചുള്ള ഗോത്രസമുദായാംഗങ്ങളും വകുപ്പിലെ ഗവേഷകരും തയ്യാറാക്കിയ പതിനാല് പ്രബന്ധങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ISBN 978-81-936765-7-8

9 788193 676578 >

**Kerala Institute for Research Training and Development Studies of Scheduled Castes and Scheduled Tribes (KIRTADS)**
Chevayur PO, Kozhikode. Ph: 0495 2356805, 2357329
Email: kirtads@gmail.com. Web: www.kirtads.kerala.gov.in

# Rhythm of Tribe



# ഗോത്ര താളം

വാല്യം - 2 Volume - 2

എഡിറ്റർ
**കെ.എസ്. പ്രദീപ് കുമാർ**

കേരള പട്ടിക ജാതി പട്ടിക വർഗ്ഗ ഗവേഷണ, പരിശീലന, വികസന പഠന വകുപ്പ് (കിർടാഡ്സ്)
കോഴിക്കോട്
2018

# ഗോത്ര താളം
# Rhythm of Tribe

**വാല്യം - 2**
**Volume - 2**

എഡിറ്റർ
**കെ.എസ് പ്രദീപ് കുമാർ**

**കേരള പട്ടിക ജാതി പട്ടിക വർഗ്ഗ ഗവേഷണ,**
**പരിശീലന, വികസന പഠന വകുപ്പ് (കിർടാഡ്സ്)**
കോഴിക്കോട്
2018

**'ഗോത്ര താളം'**
വാല്യം-2

ISBN: 978-81-936765-7-8

*എഡിറ്റർ*
**ഡോ. കെ.എസ് പ്രദീപ് കുമാർ**

*എഡിറ്റോറിയൽ ബോർഡ്*
**ഡോ. കെ.എസ് പ്രദീപ് കുമാർ**
**ശ്രീമതി. പി.വി മിനി**
**ശ്രീ. എസ്.വി സജിത്ത്കുമാർ**
**ശ്രീമതി. ഇന്ദു വി മേനോൻ**
**ഡോ. എസ്.കെ ശ്യാം**

*പ്രസാധനം*
**ഡോ. എസ്. ബിന്ദു**
ഡയറക്ടർ, കിർടാഡ്സ്

**കേരള പട്ടിക ജാതി പട്ടിക വർഗ്ഗ ഗവേഷണ, പരിശീലന,**
**വികസന പഠന വകുപ്പ് (കിർടാഡ്സ്)**
കോഴിക്കോട്

പകർപ്പവകാശം കിർടാഡ്സിൽ നിക്ഷിപ്തമാണ്.
പ്രബന്ധങ്ങളിലെ അഭിപ്രായങ്ങൾ പ്രബന്ധ കർത്താക്കളുടേതാണ്,
വകുപ്പിന്റേതല്ല എന്നറിയിക്കുന്നു.

അച്ചടി: C-APT, സബ്ബ്-സെന്റർ, കോഴിക്കോട്
കോപ്പി: 1000
വർഷം: 2018
വില: 200.00

# മുഖവുര

കേരളത്തിലെ പട്ടിക വിഭാഗ ജനതയുടെ സർവ്വോന്മുഖമായ വികസനത്തിനായി ഗവേഷണ-വികസന-വിലയിരുത്തൽ പഠനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന, കേരള സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര വകുപ്പാണ് കേരള പട്ടിക ജാതി പട്ടിക വർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്). സംസ്ഥാത്തിലെ പട്ടിക വർഗ്ഗ ജനതയുടെ ഉന്നമനം ലക്ഷ്യമാക്കി, ഗോത്ര വർഗ്ഗക്കാരായ യുവതീയുവാക്കൾ, വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, സാഹിത്യകാരന്മാർ, കലാകാരന്മാർ തുടങ്ങിയവരെയും ഗോത്ര സമൂഹങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന വിവിധ തലങ്ങളിലും വകുപ്പുകളിലുമുള്ള സർക്കാർ ജീവനക്കാർ, ഗവേഷകർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെയും പങ്കെടുപ്പിച്ചുകൊണ്ട്, ഗോത്രജനതയുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിവിധങ്ങളായ പരിശീലന പരിപാടികൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവ എല്ലാ വർഷവും വകുപ്പ് നടത്തി വരുന്നുണ്ട്. സംസ്ഥാനത്തിലെ ഗോത്ര സമുദായങ്ങളുടെ പാരമ്പര്യ കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും രേഖപ്പെടുത്തി വയ്ക്കുന്നതിനുമായി ഒരു ആദികലാകേന്ദ്രം വകുപ്പിൽ പ്രവർത്തിക്കുന്നുമുണ്ട്.

വളരെ സമ്പന്നമായ കലാ-സാംസ്ക്കാരിക-സാഹിത്യ പാരമ്പര്യം കേരളത്തിലെ ഗോത്ര ജനതയ്ക്കുണ്ട്. ഗോത്രജനതയുടെ കലാരൂപങ്ങൾ അവരുടെ ദൈനംദിന ജീവിതത്തിന്റെയും വിശ്വാസങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ഭാഗമാണ്. ഗോത്ര സമൂഹങ്ങളുടെ ജീവിത ചടങ്ങുകൾ, ഉത്സവങ്ങൾ, വൈകുന്നേരങ്ങളിലെ ഒത്തു ചേരലുകൾ തുടങ്ങിയവയെ അടയാളപ്പെടുത്തുന്നതിലും സാധ്യമാക്കുന്നതിലും വലിയൊരളവുവരെ നിലനിർത്തുന്നതിലും കലകൾക്ക് പ്രധാന പങ്കുണ്ട്. ഗോത്ര ജനതയുടെ കൂട്ടായ്മയുടെയും സാംസ്ക്കാരിക വൈവിധ്യത്തിന്റെയും സമ്പന്നതയുടെയും മുഖമുദ്രകളാണ് കലകൾ. എന്നാൽ ഇന്ന് സാമൂഹിക പരിസരങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ മൂലം കലകളുടെ സ്വാഭാവിക അവതരണ,

പരിപോഷണ സാഹചര്യങ്ങൾ വർദ്ധിച്ചതോതിൽ ഇല്ലാതായികൊണ്ടിരിക്കുകയാണ്. ആയത് കലകളുടെ രൂപവും ഭാവവും മാറ്റുന്നതിനൊപ്പം സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും സമുദായത്തിലെ ചുരുക്കം ചില വ്യക്തികളിലേക്ക് കലകൾ ചുരുങ്ങുന്ന അവസ്ഥയും സംജാതമാക്കിയിട്ടുണ്ട്. ഈയൊരു സാഹചര്യത്തിലാണ് വകുപ്പ് ഗോത്രകലകൾ രേഖപ്പെടുത്തുന്നതിന്റെയും പരിപോഷിപ്പിക്കുന്നതിന്റെയും ഭാഗമായി ഗോത്ര കലകളെ അധികരിച്ചുള്ള തുടർ പ്രസിദ്ധീകരണങ്ങൾക്ക് തുടക്കം കുറിച്ചത്.

ഗോത്ര കലകളെ സംബന്ധിച്ചുള്ള തുടർ പ്രസിദ്ധീകരണത്തിന്റെ ആദ്യ വാല്യം 2017 ൽ 'ഗോത്ര താളം, പണിയൻ, കാട്ടുനായിക്കൻ, മന്നാൻ ഗോത്ര ജനതയുടെ കലകൾ', എന്ന പേരിൽ പ്രസിദ്ധീകരിച്ചിരുന്നു. ഗോത്രകലകളുടെ പ്രസിദ്ധീകരണ 'സീരിസി'ന്റെ രണ്ടാം വാല്യമാണ് ഈ പുസ്തകം. ഈ പ്രസിദ്ധീകരണത്തിൽ കേരളത്തിലെ വിവിധ ഗോത്ര സമൂഹങ്ങളുടെ കലകളെയും അനുബന്ധ സാമൂഹിക-സാംസ്ക്കാരിക ഘടകങ്ങളെയും കുറിച്ചുള്ള, ഗോത്ര സമുദായംഗങ്ങളും വകുപ്പിലെ ഗവേഷകരും തയ്യാറാക്കിയ, പതിനാല് പ്രബന്ധങ്ങളാണ് ഉൾകൊള്ളിച്ചിട്ടുള്ളത്. ആയത് ഗോത്ര കലകളെക്കുറിച്ച് കൂടുതലായി അറിയുന്നതിനും അവയുടെ പരിപോഷണത്തിനും രേഖപ്പെടുത്തലിനും സഹായകമാകും എന്ന് പ്രത്യാശിക്കുന്നു.

ഗോത്ര കലകളെക്കുറിച്ചുള്ള ഈ പ്രസിദ്ധീകരണം യാഥാർത്ഥ്യമാക്കുന്നതിന് വകുപ്പിനെ ചുമതലപ്പെടുത്തിയ, വകുപ്പിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനവും നിസീമമായ പിന്തുണയും നൽകിവരുന്ന, ബഹുമാനപ്പെട്ട പട്ടിക ജാതി, പട്ടിക വർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമം, സാംസ്ക്കാരികം പാർലമെന്ററീകാര്യം വകുപ്പു മന്ത്രി ശ്രീ. എ.കെ ബാലൻ അവർകൾക്ക് വകുപ്പിന്റെ അകമഴിഞ്ഞ കൃതജ്ഞതയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു. വകുപ്പിന്റെ സർവ്വവിധ പ്രവർത്തനങ്ങൾക്കും എല്ലാവിധ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ബഹുമാനപ്പെട്ട പ്രൻസിപ്പൽ സെക്രട്ടറി ഡോ. വേണു വി, ഐ.എ.എസിനോടുള്ള അതിയായ കടപ്പാട് അറിയിക്കുന്നു.

ഈ പുസ്തകം പൂർത്തീകരിക്കുന്നതിന് സഹായിച്ച വകുപ്പിലെ ജീവനക്കാരായ ശ്രീമതി പി.വി മിനി, (ഡെ.ഡയറക്ടർ, വികസന പഠനം [ഇൻ ചാർജ്ജ്]), ശ്രീ സജിത്ത്കുമാർ എസ്.വി (ഡെ.ഡയറക്ടർ, ഗവേഷണം [ഇൻ ചാർജ്ജ്]), പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിനും ക്രോഡീകരിക്കുന്നതിനും മുൻകൈയെടുത്ത പരിശീലന

വിഭാഗത്തിലെ ലെക്ച്ചറേഴ്സ് ആയ ശ്രീമതി. ഇന്ദു വി മേനോൻ, ശ്രീമതി. നൈന വി, ശ്രീമതി. ദീപ എസ്, റിസർച്ച് ഓഫീസർ ശ്രീമതി രജനി ആർ.വി, റിസർച്ച് അസിസ്റ്റന്റ് ശ്രീ. അനീഷ് എം.എസ്, ഇൻവെസ്റ്റിഗേറ്റർ ശ്രീ. ജാഫർ കെ. എന്നിവരോടും ടൈപ്പിങ്ങ് ജോലി നിർവ്വഹിച്ച വകുപ്പിലെ ടൈപിസ്റ്റ് (സീനിയർ ഗ്രേഡ്) ശ്രീമതി സന്ധ്യ, ടൈപിസ്റ്റ് (ഹയർ ഗ്രേഡ്) ശ്രീ. അനൂപ് എന്നിവരോടും ഈ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരോടുമുള്ള നന്ദി അറിയിക്കുന്നു. കേരളത്തിലെ ഗോത്ര ജനതയുടെ മഹത്തായ കലാപാരമ്പര്യത്തിന്റെ പൊൻവെളിച്ചം കൂടുതൽ ശോഭയോടെ ജ്വലിപ്പിക്കുന്നതിനുള്ള ഈ ഉദ്യമത്തിലേക്ക് പ്രബന്ധങ്ങൾ തയ്യാറാക്കിയ ശ്രീ. ബാലൻ നമ്മണ്ട, ശ്രീ. സി രാജേന്ദ്രൻ എന്നിവരോടും വകുപ്പിലെ ഗവേഷകരോടുമുള്ള കടപ്പാട് അറിയിക്കുന്നു. പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രബന്ധങ്ങളിലെ അഭിപ്രായങ്ങൾ അവ തയ്യാറാക്കിയവരുടേതാണെന്നും വകുപ്പിന്റേതല്ല എന്നും അറിയിക്കുന്നു.

ചേവായൂർ
26.03.2018

**ഡോ.എസ്. ബിന്ദു**
*ഡയറക്ടർ, കിർടാഡ്സ്*

# ഉള്ളെഴുത്തുകൾ


*പേജ്*

1. കേരളത്തിലെ കരിമ്പാലരുടെ ജീവിതം, കാവുകൾ, കോമരങ്ങൾ, 'ദൈവത്തിന്റെ കളി' 1
– ബാലൻ നന്മണ്ട

2. മുതുവാൻ സമുദായത്തിന്റെ ആചാരനുഷ്ഠാനങ്ങൾ, കലകൾ 23
– സി. രാജേന്ദ്രൻ

3. ഊരാളികളുടെ പാട്ട് 30
– ഇന്ദു മേനോൻ

4. 'ജെരിരോ ജെരിരോ ജെരിര കുമ്പ'
– കുറുമ്പരുടെ പാട്ടുകൾ, നൃത്തങ്ങൾ, രംഗാവതരണങ്ങൾ 37
– കെ.എസ് പ്രദീപ് കുമാർ

5. അടിയരുടെ ജീവിതം കലകൾ 51
– വി നൈന

6. മലവേട്ടുവരുടെ മംഗലംകളി, മരമൂടൻ/കൂന്തൻകളി 61
– എസ്. ദീപ

7. മേലക്കുടിയരുടെ കലകൾ 74
– എസ്. ദീപ

8. കാണിക്കാരുടെ ചാറ്റ്, ചോനൻകളി 82
– എം.എസ് അനീഷ്

9. നാളിവെക്കൽ, കളിയാട്ടം: അരനാടരുടെ അനുഷ്ഠാന കലകൾ 86
– കെ. ജാഫർ

10. കുറിച്ച്യൻ ഗോത്ര ജനതയുടെ ആചാരാനുഷ്ഠാനങ്ങളും കലകളും 91
– വി. നൈന

11. പളിയ ഗോത്ര ജനതയുടെ ജീവിതവും അനുഷ്ഠാന കലകളും 99
– വി. നൈന

12. കാടരുടെ അനുഷ്ഠാന കലകൾ, സാമൂഹിക, സാംസ്ക്കാരിക സവിശേഷതകൾ 108
– കെ. ജാഫർ

13. ഇരുളരുടെ നൃത്തം, കമ്പളം, കരടിയാട്ടം, പാരമ്പര്യ അനുഷ്ഠാനങ്ങൾ 113
– ആർ.വി രജനി

14. വയനാട് കാടരുടെ കലയും ജീവിതവും 124
– എസ്. ദീപ

# 1

# കേരളത്തിലെ കരിമ്പാലരുടെ ജീവിതം: കാവുകൾ, കോമരങ്ങൾ, 'ദൈവത്തിന്റെ കളി'

*ബാലൻ നന്മണ്ട*

കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലാണ് കരിമ്പാലൻ വിഭാഗക്കാരുള്ളത്. ഏറ്റവും കൂടുതൽ കണ്ണൂർ ജില്ലയിലും രണ്ടാം സ്ഥാനം കോഴിക്കോടിനും കുറവ് വയനാട് ജില്ലയിലുമാണ്. മറ്റു ജില്ലകളിൽ ഒറ്റപ്പെട്ട കുടുംബങ്ങൾ ജോലി ആവശ്യാർത്ഥം വസിക്കുന്നു. കാട്ടൂരില്ലം, കണ്ണൂരില്ലം, മണിയമ്പ്ര ഇല്ലം, ആദികൊടശ്ശേരി ഇല്ലം, തുടങ്ങിയവ കരിമ്പാലരുടെ ചില ഇല്ലങ്ങളാണ്. ആദ്യം മൂന്നില്ലങ്ങളും പിന്നീട് അഞ്ചും കാലക്രമത്തിൽ ഒമ്പതും ഇരുപത്തി ഒന്നിലും എത്തിയിരിക്കുന്നു.

## ജീവിത ചടങ്ങുകൾ, അനുഷ്ഠാനങ്ങൾ

കരിമ്പാല സമുദായത്തിന്റെ ആചാരപ്രകാരം ഒരു സ്ത്രീ ഗർഭിണി ആണെന്നറിഞ്ഞാൽ ആ സ്ത്രീ ആവശ്യപ്പെടുന്ന ഇഷ്ടപ്പെട്ട ആഹാരങ്ങളും വസ്തുക്കളും എത്തിച്ചുകൊടുക്കാൻ ഭർത്താവ് ബാധ്യസ്ഥനാണ്. 'ഗർഭപൂതി' എന്നാണ് ഇതിന് പറയുന്നത്. ഗർഭിണിയായ സ്ത്രീക്ക് പ്രത്യേക പരിഗണന നൽകാറുണ്ട്. ഗോത്രത്തിലെ തന്നെ മുതിർന്ന സ്ത്രീ പരിചാരികയായിട്ടുണ്ടാകും. കഴിവില്ലാത്തവർക്ക് പരിചരിക്കാൻ വീട്ടുകാർ തന്നെയാണുണ്ടാവുക. മിതമായ രീതിയിൽ ഗർഭിണി അനുഷ്ഠിക്കേണ്ട പ്രവർത്തികളെല്ലാം ചെയ്യിക്കും. നെല്ല് കുത്തുക, വെള്ളം കോരുക, മുറ്റമടിക്കുക എന്നീ ജോലികൾ ചെയ്യിക്കും. സുഖപ്രസവത്തിന് ഇത്തരത്തിലുള്ള വ്യായാമം ആവശ്യമാണെന്നാണ് പൂർവ്വികരുടെ സിദ്ധാന്തം. മൂന്നാംമാസം മുതൽ ചില പ്രത്യേക ചടങ്ങുകൾ നടത്താറുണ്ട്. എണ്ണമന്ത്രം, തിരിയുഴിച്ചിൽ, ചരട് ജപിച്ചു കെട്ടൽ എന്നിങ്ങനെയുള്ള കർമ്മങ്ങളാണുള്ളത്.

ഗർഭിണിയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിന് പരമ്പരാഗതമായി ആയുർവേദ സമ്പ്രദായത്തിലുള്ള പച്ചമരുന്നു

കൾ കഷായമാക്കിയും പാൽക്കഷായമാക്കിയും മുക്കിടിയായും കഴിക്കാറുണ്ട്. തേച്ച് കുളിയും കുറുന്തോട്ടി കഷായവും പതിവായി ഉപയോഗിക്കും. നാട്ടുവൈദ്യത്തിനാണ് മുൻതൂക്കം. ഇന്ന് ആയുർവേദ നാട്ടുവൈദ്യത്തിനെ കാര്യമായി ആരും ശ്രദ്ധിക്കാറില്ല. ഗർഭിണിയാണെന്നറിയുന്നത് തന്നെ ഏതെങ്കിലും മെഡിക്കൽ ക്ലിനിക്കിൽനിന്നോ അലോപ്പതി ആശുപത്രികളിൽനിന്നോ ആണ്. പ്രസവം കത്രിക ഏറ്റെടുത്തതോടുകൂടി പഴയരീതിയിലുള്ള ആരോഗ്യ ചികിത്സാരീതികളൊന്നും തെരഞ്ഞെടുക്കാറില്ല. ഗർഭിണിയെ സ്വന്തം വീട്ടിലേക്ക് കൂട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നതിനെപ്പറ്റി ആലോചിക്കാൻ പിതാവും അമ്മയും കൂടി ഭർതൃഗൃഹത്തിലെത്തി ഉദ്ദേശമറിയിക്കും. വീട്ടുകാരുമായി ആലോചിച്ച് നല്ല മുഹൂർത്തം നിശ്ചയിക്കുന്നതിന് കണിയാരെ കാണാൻ തീരുമാനിക്കും. മുൻകാലങ്ങളിൽ ഊര്മൂപ്പന്മാരോ കാവിലെ 'കോമര'മോ അറിയിക്കുന്ന ദിവസം നല്ല ദിവസമായി കണക്കാക്കും. കൂട്ടിക്കൊണ്ടുപോകുന്നതിന് 'ഇണങ്ങത്തി'യും ബന്ധപ്പെട്ട കുടുംബാംഗങ്ങളും വരും. മാംസാഹാരമില്ലാത്ത സദ്യയുണ്ടാകും. അതുകഴിഞ്ഞ് വിളക്കും നിറയും വെച്ച് ഗുരുകാരണവന്മാരെ വന്ദിച്ചാണ് വീട്ടിൽ നിന്നിറങ്ങുന്നത്. സ്വന്തം വീട്ടിലെത്തുമ്പോഴും ഇത്തരം ചടങ്ങുകളുണ്ടാകും. ഇതിനോടനുബന്ധിച്ച് പ്രത്യേക അനുഷ്ഠാനകലകളൊന്നും നടത്താറില്ല.

അഞ്ച്, ഏഴ്, ഒൻപത് എന്നീ ഏതെങ്കിലും മാസങ്ങളിൽ 'ബലിക്കള' എന്ന ഒരു ചടങ്ങുണ്ട്. ഈ ചടങ്ങ് നടത്തുന്നത് മലയ സമുദായത്തിൽപെട്ട ആളുകളാണ്. ചെണ്ട, അരിപ്പറ എന്ന ഒരു പ്രത്യേക വാദ്യവുമുണ്ടാകും. ഇത്തരം ചടങ്ങുകൾക്കല്ലാത്ത വേറെ എണ്ണമന്ത്രം മുതലായ ചടങ്ങുകൾക്കും അരിപ്പറ ഉപയോഗിച്ചിരുന്നു. അരിപ്പറ ഒരു ചെറിയ സ്റ്റാന്റിൽ വെച്ചാണ് ഉപയോഗിക്കുന്നത്. ഈ ചടങ്ങിന് കിണ്ണത്തിനടിച്ച് താളമിടുന്ന പരിപാടിയുമുണ്ട്. ഭദ്രകാളിയുടെയും കുട്ടിച്ചാത്തന്റെയും തോറ്റം പാട്ടുകളാണ് ഈ ചടങ്ങിന് പാടാറുള്ളത്. കരുകലക്കി, പിള്ളതീനി എന്നീ ദുർമൂർത്തികളുടെ ശല്യത്തിൽ നിന്ന് ഗർഭിണിയേയും കുഞ്ഞിനേയും രക്ഷപ്പെടുത്തുക എന്നതാണ് ഈ ചടങ്ങിനാധാരം.

ബലിക്കള രാത്രി ഏഴ് മണിക്ക് തുടങ്ങി പുലരുവോളമുണ്ടാകും. പുലർച്ചെ 'ഗുളികൻകെട്ട്' എന്ന ഒരു ചടങ്ങുണ്ട്. അതുകഴിഞ്ഞ് പുളിയില കുത്തിപ്പിഴിഞ്ഞ നീര് ഭർത്താവിന്റെ കൈകൊണ്ട് ഗർഭിണിക്ക് നൽകുന്ന ചടങ്ങു കൂടിയുണ്ട്. അതിനെയാണ് 'പുളികുടിബലിക്കള' എന്ന് പറയുന്നത്. പ്രസവത്തോടടുപ്പിച്ച് ബന്ധുമിത്രാദികൾ ഗർഭിണിയെ കാണാൻ വരും. ബലിക്കള നടത്തിയാലും ഇല്ലെങ്കിലും 'വള്ളിയും തേങ്ങയും വെട്ടുക' എന്ന ഒരു ചടങ്ങുകൂടിയുണ്ട്. ഇത്

നടത്തുന്നതും മലയരാണ്. ഒരു പൊളിച്ച നാളികേരത്തിന്റെ മേലെ വളച്ചുവെച്ച കരാഞ്ചിലവള്ളിയിൽ എണ്ണത്തിരി കത്തിച്ചുവെച്ച് മന്ത്രോച്ചാരണം നടത്തി ഗർഭിണിയുടെ കയ്യിൽ കൊടുവാളുകൊടുത്ത് നാളികേരം വെട്ടിയുടയ്ക്കുന്ന ചടങ്ങാണിത്. 'കെട്ടുംമുട്ടും തീർക്കുക' എന്ന് കൂടി ഇതിന് പറയും.

## ജനനം

ജനിച്ചകുട്ടി ആണാണെങ്കിൽ ഊരിലെ പ്രധാനപ്പെട്ട പുരുഷന്മാർ ആരെങ്കിലും വന്ന് വളരെ ഉച്ചത്തിൽ മൂന്ന് പ്രാവശ്യം കൂക്കിവിളിക്കും. പെൺകുട്ടിയാണെങ്കിൽ ചടങ്ങുകളൊന്നും നടത്തിയിരുന്നില്ല. ജനനവുമായി ബന്ധപ്പെട്ട് 16 ദിവസത്തെ പുല ആചരിക്കാറുണ്ട്. 15-ാമത്തെ ദിവസം പതിനഞ്ചുകുളി എന്നപേരിൽ ഒരു ചടങ്ങുണ്ട്. ഏഴ് ദിവസം കൂടുമ്പോൾ ഒരു തളിയാക്കി കണക്കാക്കി പ്രത്യേക കുളി നടത്താറുണ്ട്. ഇങ്ങനെ കുളിപ്പിക്കുന്നതിന് ഇണങ്ങത്തികളാണ് പങ്കെടുക്കേണ്ടത്. ഇണങ്ങത്തികൾ പങ്കെടുത്തില്ലെങ്കിൽ പുല തീരില്ല എന്നാണ് വിശ്വാസം. ഗുരുകാരണവന്മാർക്കും കുലദൈവത്തിനും നേർച്ചയും നല്ല സദ്യയും ഉണ്ടാകും. വീട് ശുദ്ധിയാക്കുന്നതിന് ഏതെങ്കിലും ക്ഷേത്രങ്ങളിലെ ശാന്തിക്കാരായ തിരുമേനിമാർ തയ്യാറാക്കിത്തരുന്ന പുണ്യാഹം വാങ്ങിക്കൊണ്ടുവന്ന് വീടും കിണറും വീട്ടിലുള്ളവരെയും തളിച്ച് ശുദ്ധമാക്കും. ഇതിനോടനുബന്ധിച്ച് അനുഷ്ഠാനകലകളൊന്നും ഉണ്ടാകാറില്ല. ജനിച്ച് 28-ാമത്തെ ദിവസമാണ് 'പാലുകുടി' എന്ന ചടങ്ങ് നടത്തുന്നത്. ഭർത്താവിന്റെ വീട്ടുകാരെല്ലാവരും മറ്റു ക്ഷണിക്കപ്പെട്ട ബന്ധുക്കളും ഉണ്ടാകും. കുട്ടിയുടെ അരയിൽ കെട്ടാനുള്ള വെള്ളിയാഭരണങ്ങളോ കറുത്ത നൂലോ കൊണ്ടുവന്ന് കെട്ടിക്കും. സ്വർണ്ണാഭരണങ്ങളാണ് ഇന്നത്തെ താരമെങ്കിലും 90 ശതമാനത്തിനും കറുത്തനൂല് തന്നെയായിരുന്നു പൂർവ്വികം. പാലുകുടി ദിവസം കലാപരിപാടികളുണ്ടാവാറില്ല.

ജനിച്ച് ആറാമത്തെ മാസത്തിലാണ് ചോറൂണ്. അടിയന്തരവും നാമകരണവും കുട്ടിയുടെ പിതാവിന്റെ വീട്ടിൽ വെച്ചാണ് നടത്തുന്നത്. കുടുംബാംഗങ്ങളെയും ബന്ധുക്കളെയും നേരത്തെ ക്ഷണിക്കും. ഗോത്രത്തിലെ പ്രധാന പരികർമ്മികളുടെ നേതൃത്വത്തിലാണ് ചടങ്ങുകൾ ആരംഭിക്കുന്നത്. ഗോത്രമൂപ്പന്മാരും കാരണവന്മാരും ഒത്തുചേരും. ഗോത്രാചാരപ്രകാരം ആരാധിച്ചുവരുന്ന കയരൻ ദൈവത്തിന്റെ നേർച്ചയാണ് പ്രധാനം. ഈ നേർച്ചയുമായി ബന്ധപ്പെട്ട മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ചടങ്ങുകളുണ്ട്. അതിൽ തട്ട്മടക്കൽ ഒരു പ്രധാന ചടങ്ങാണ്. ഈ ചടങ്ങിനിടെ പരികർമ്മികളിൽ പ്രധാനിയായ ഒരാളിൽ കയരൻ ദൈവം ഉറഞ്ഞാടും ഇതിന്റെ

ഉച്ചസ്ഥായിയിൽ വൈരവും ആണയുമുണ്ടാകും. അത് കഴിഞ്ഞ് ഊണ് കൊടുക്കാനുള്ള കുട്ടിയെ കുളിപ്പിച്ച് കുറിയണിയിച്ച് പുതു വസ്ത്രമണിയിച്ച് രക്ഷിതാവ് ഭയഭക്തി ബഹുമാനത്തോടെ കുഞ്ഞി നെ കയരൻ ദൈവത്തിന്റെ കയ്യിൽ ഏൽപ്പിക്കും. കയരൻദൈവം വൈരമിട്ട് കൂകി ഉണർത്തി കുഞ്ഞിന്റെ ചെവിയിൽ നാമം ഉരുവിടും എന്നിട്ട് രക്ഷിതാക്കൾ കേൾക്കെ പേര് ഉച്ചത്തിൽ പറഞ്ഞുകൊണ്ട് കുട്ടിയെ തിരിച്ചേൽപ്പിച്ച് വരും വരായ്മകളെ സംബന്ധിച്ച പ്രവച നം നടത്തി എല്ലാവരേയും അനുഗ്രഹിച്ച് ഉറഞ്ഞാട്ടം നിർത്തും. കുട്ടിയെ തെങ്ങിൽ കയറ്റുന്ന ഒരു ചടങ്ങുകൂടിയുണ്ട്. ഈ ചടങ്ങു കഴിയുമ്പോഴേക്കും രാത്രി വളരെയേറെ സമയമാവും.

ബന്ധുക്കൾ ആഭരണമായും പണമായും മറ്റു പാരിതോഷിക ങ്ങൾ നൽകിയും ചടങ്ങ് ഗംഭിരമാക്കും. ദൈവം വിളിക്കുന്ന പേര് ഒരു ചടങ്ങുമാത്രമാണ്. ആൺകുട്ടിക്ക് പിതാവിന്റെ അച്ഛന്റെ പേ രോ പെൺകുട്ടിക്ക് പിതാവിന്റെ അമ്മയുടെ പേരോ വിളിക്കാറുണ്ട്. നാമകരണത്തിന് രക്ഷിതാക്കൾക്ക് കാലോചിതമായ മാറ്റം വരു ത്തുന്നതിന് മറ്റു തടസ്സങ്ങളൊന്നും ഉണ്ടായിരുന്നില്ല.

കുട്ടിയുടെ മുടിമുറിക്കുന്നത് സംബന്ധിച്ച ചടങ്ങുകളൊന്നും ഉണ്ടായിരുന്നതായി അറിയില്ല. കുട്ടി ആണായാലും പെണ്ണായാലും പൂർവ്വകാലങ്ങളിൽ മുടി മുറിക്കാറില്ല. സ്ത്രീകളെ പോലെ പുരുഷ ന്മാരും മുടി വാരിക്കെട്ടാറാണ് പതിവ്. ഇടത്ത് ഭാഗത്തേക്ക് കുടുമ കെട്ടി വെച്ചിട്ടുള്ള എത്രയോ കാരണവന്മാരെ കാണാനിടയായിട്ടു ണ്ട്. മുളം പാളി കൊണ്ട് ക്ഷൗരം ചെയ്തതായും പിന്നീട് സാധാ രണ കത്തി ഉപയോഗിച്ചും ക്ഷൗരം നടത്തിയിരുന്നു. ഞങ്ങളുടെ ഒരു കാരണവർ കൊടുവാളുകൊണ്ട് ക്ഷൗരം ചെയ്യുന്നത് കാണാ നിടവന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കലാപരിപാടികളൊന്നും നടന്നതായി അറിവില്ല.

ജനിച്ച് മൂന്നാമത്തെ മാസത്തിലോ നാലാം മാസത്തിലോ കാത് കുത്ത് നടത്തും. ആൺകുട്ടിക്കും പെൺകുട്ടിക്കും കാതു കുത്ത് നടത്തിയിരുന്നു. കാതുകുത്ത് കല്യാണം എന്നാണ് പൂർവ്വകാലത്ത് അറിയപ്പെട്ടിരുന്നത്. ഈ ചടങ്ങിന് ബന്ധുക്കളെയും ഇണങ്ങരെയും ക്ഷണിക്കും. മുറ്റത്ത് നിറദീപം വെച്ച് മലക്കാരിക്കും കുലദൈവത്തി നും നേർച്ചവെച്ച് ഗുരുകാരണവരുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ മെടഞ്ഞ ഓലയോ പനയോല തടുക്കോ വിരിച്ച് കാതുകുത്തേണ്ട കുട്ടിയെ അതിലിരുത്തി. കാതിന്റെ മർമ്മംതിരി ച്ച് പരിചയസമ്പന്നനായ പരികർമ്മി കാരമുള്ളുകൊണ്ട് തുളയിട്ട് അതിലൂടെ ചെത്തിമിനുക്കിയ ഈർക്കിലോ മുളംപാളിയോ കട ത്തിവെക്കുന്നു. ഏതാനും ദിവസം എണ്ണയും മഞ്ഞളും ചേർത്ത്

തടവി മുറി ഉണങ്ങിയാൽ അതിനുള്ളിൽ തിരുകിവെച്ച വസ്തുക്കൾ എടുത്തുമാറ്റി ലോഹനിർമ്മിതമായ കർണ്ണാഭരണങ്ങൾ അണിയും. സ്വർണ്ണാഭരണങ്ങൾ കാതുകുത്തുന്ന അന്നുതന്നെ അണിയുന്ന രീതിയും നിലനിന്നിരുന്നു. പെൺകുട്ടിയുടെ കാത് വളർത്തുന്നതിന് കൊരടും കൈതോലയും ചുറ്റിയിരുന്നു.

ഒരു പെൺകുട്ടി ഋതുമതിയായെന്നറിഞ്ഞാൽ അമ്മയും അടുത്ത ഇണങ്ങത്തികളും ചേർന്ന് വീട്ടിന്നുള്ളിലെ പ്രത്യേക മുറിയിലോ അല്ലെങ്കിൽ പുറത്ത് സുരക്ഷിതമായ കുടിലിലോ പാർപ്പിക്കുന്നു. അമ്മയോ അമ്മായിയോ ഇണങ്ങത്തുള്ള സ്ത്രീകളോ കൂട്ടിരിക്കും. തീണ്ടാർന്ന ദിവസംതൊട്ട് എല്ലാദിവസവും സാധാരണകുളി നടക്കും. പുറത്ത് ആരെയും കാണാനോ മറ്റോ അനുവദിക്കില്ല. ഏഴാമത്തെ ദിവസമാണ് ബന്ധുക്കളായ സ്ത്രീകളും ഇണങ്ങത്തിമാരും ചേർന്ന് പ്രധാന കുളിക്കുള്ള ചടങ്ങ് നടക്കുന്നത്. ഇതിനിടെ എല്ലാദിവസവും പലഹാരങ്ങളും ഭക്ഷണങ്ങളും തയ്യാറാക്കി പെണ്ണിരിക്കുന്ന അറയിലെത്തിക്കാൻ ബന്ധുക്കൾ മത്സരിക്കാറുണ്ട്. അറയിലിരിക്കുന്ന പെണ്ണിന് ഒരു കലത്തിൽ വിവിധ സാധനങ്ങൾ പൊതിയാക്കികെട്ടി അതിൽനിന്ന് ഒരു നറുക്കെടുപ്പ് നടത്തും. കിട്ടുന്ന പൊതിയിലെന്താണോ അതുമായി ബന്ധപ്പെട്ട പ്രവചനങ്ങളുമുണ്ടാകും. മഞ്ഞൾ കിട്ടിയാൽ സ്വർണ്ണാഭരണങ്ങൾ ധാരാളം കിട്ടുമെന്നും മണ്ണാണെങ്കിൽ കൂടുതൽ കൃഷിഭൂമി കൈവശംവരുമെന്നും കൃഷി അഭിവൃദ്ധിപ്പെടുമെന്നും കരിക്കട്ടയാണെങ്കിൽ കഷ്ടപ്പാടാണെന്നും തുടങ്ങി ഒട്ടേറെ വിഷയങ്ങൾ ചർച്ചചെയ്യപ്പെടും. ഏഴാമത്തെ ദിവസം നിറദീപംവെച്ച് മുറ്റത്ത് ഒരു പലകയിട്ട് അതിലിരുത്തി കവുങ്ങിൻ പൂക്കുല, അരി, മഞ്ഞൾ, മാറൽ, ഒരു കിണ്ണത്തിൽ നല്ലെണ്ണ എന്നിവവെച്ച് അരി ചാർത്തി പൂക്കുലയെറിഞ്ഞ് എല്ലാ ബന്ധുക്കളും ഇണങ്ങന്മാരും ചേർന്ന് പ്ലാവില കുമ്പിൾകുത്തി എണ്ണമുക്കി തലയിലൂടെ ശരീരത്തിലൊഴിക്കും. ഇത് നടത്താൻ ഏഴ് പേർക്കാണ് അവകാശമുള്ളത്. കുളിക്കാനുള്ള വസ്തുക്കളുമായി ഋതുമതിയെ നടുക്കാക്കി അവകാശികളായ ഏഴുപേർ കൂടി കുളിക്കടവിലേക്ക് പുറപ്പെടും. മാറലും താളിയും മഞ്ഞളും തേച്ച് കുളികഴിഞ്ഞ് മുസ്‌ലിം സ്ത്രീകളുടെ വെള്ളിയാഭരണങ്ങൾ അണിഞ്ഞ് വീട്ടിലേക്ക് വരും. വീട്ടിൽ നേരത്തെ തയ്യാറാക്കിവെച്ച പുണ്യാഹം തളിച്ച് കുട്ടിയെ വീട്ടിലേക്ക് സ്വീകരിക്കും. വീട്ടുകോലായിൽവെച്ച തെങ്ങിൻകുലകടിച്ചുകീറി അതിലുള്ള മച്ചിങ്ങ എണ്ണിനോക്കി പ്രവചനം നടത്തുന്ന രീതിയുമുണ്ട്. കോലായിൽവെക്കുന്ന കരിക്ക് വലംകാല് കൊണ്ട് പിന്നോട്ട് തട്ടിയാണ് ഋതുമതിയായ കുട്ടി അകത്ത് കയറുന്നത്.

ഇപ്പോൾ ഇത്തരം ചടങ്ങുകൾ ഇല്ലെന്നുതന്നെ പറയാം. കാ

ലോചിതമായി വന്നിട്ടുള്ള മാറ്റങ്ങൾ തന്നെയാണിതിനു കാരണം. മറ്റൊന്ന് സാമ്പത്തികബുദ്ധിമുട്ടികൾ വന്നുചേർന്നു. പൊതുസമൂഹവുമായി ഇടപെടുന്നതിലൂടെ തനത് സംസ്കാരങ്ങൾ പലതും മൺമറഞ്ഞു. വളരെ കുറഞ്ഞ കാലംകൊണ്ടുതന്നെ ഇതെല്ലാം വിസ്മൃതിയലാവുകയും ചെയ്തു.

ഇപ്പോൾ പ്രത്യേക ചടങ്ങുകളൊന്നുമില്ല. ഋതുമതിയായ പെൺകുട്ടി കുറഞ്ഞ ദിവസം വിശ്രമത്തിലായിരിക്കും അത് അടച്ച മുറിയിലിരുന്നൊന്നുമല്ല. സാധാരണഗതിയിൽ ചെയ്യാറുള്ള ജോലികളോ മറ്റുപരിപാടികളിലോ പങ്കെടുക്കാറില്ല. പഴയകാലത്തെ തീണ്ടലാചാരങ്ങളുടെ തീവ്രത ഇന്നില്ല. ഭക്ഷണം പാകംചെയ്യൽ. കിണറിൽനിന്ന് വെള്ളമെടുക്കൽ, കാവിൽ പ്രാർത്ഥന, ക്ഷേത്രദർശനം എന്നിവ കർശനമായിതന്നെ പാലിച്ചുവരുന്നുണ്ട്.

## വിവാഹം

മുൻകാലങ്ങളിൽ ഒമ്പത് വയസ്സിലും പത്ത് വയസ്സിലുമൊക്കെ 'പോറ്റാൻ കൊടുക്കുക' എന്ന സമ്പ്രദായത്തിലാണ് വിവാഹം നടന്നിരുന്നത്. പെൺകുട്ടി ഋതുമതിയാകുന്നതുതന്നെ മിക്കവാറും ഭർതൃഗൃഹത്തിൽ വെച്ചായിരിക്കും. എന്നാൽ 16, 17 വയസ്സിലാണ് മിക്കവാറും വിവാഹങ്ങൾ നടക്കാറ്. നിയമപരമായ പ്രശ്നങ്ങളുള്ളതിനാൽ ഇപ്പോൾ ഇത്തരം വിവാഹങ്ങൾ നടക്കാറില്ല. വിവാഹ ആലോചനകൾ നടക്കുന്നത് ആദ്യം കുടുംബത്തിലെ രാത്രികാലങ്ങളിലെ 'വെടിവട്ട'ത്തിലാണ്. അടുത്ത കുടിലുകളിലെ പ്രമുഖരുംമറ്റും ഒത്തുകൂടുന്ന രാത്രികാല സംവാദവേദികൾ ഓരോ കോളനി പ്രദേശത്തുമുണ്ടായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഊരിലെ വിവിധ പ്രശ്നങ്ങളും ചർച്ചചെയ്യപ്പെടും. ചിലപ്പോൾ അന്യസമുദായാംഗങ്ങളും അക്കൂട്ടത്തിലുണ്ടാകും. അവർക്ക് പ്രത്യേക ഇരിപ്പിടവുമുണ്ടാകും. മരുന്നും മന്ത്രവും കലയും സംസ്കാരവുമെല്ലാം ചർച്ചചെയ്യപ്പെടുന്ന ഇത്തരം ചർച്ചാവേദികൾ രാത്രിയുടെ അന്ത്യയാമങ്ങൾവരെ നീണ്ടുപോകാറുണ്ട്. ചർച്ചകഴിഞ്ഞ് കറ്റച്ചൂട്ട് കത്തിച്ച് മറ്റ് കുടിലുകളിലേക്ക് യാത്രപോകുന്ന ഓർമ്മക്കാഴ്ചകൾ ഇന്ന് എന്നെപ്പോലുള്ളവരുടെ മനസ്സിൽ തങ്ങിയിരിപ്പുണ്ട്. ചൂട്ടിന്റെ സ്ഥാനത്ത് ടോർച്ച്ലൈറ്റ് എത്തിയതോടെ അപൂർവ്വം ചിലർ ഹോങ്കോങ്ങിൽ നിന്ന് വന്നിരുന്ന അഷ്ടകോൺ മുഖമുള്ള ടോർച്ച് മിന്നിച്ച് പോകുന്ന കാഴ്ചയും രസകരമാണ്.

കൂടാതെ കുടുംബനാഥനും ഭാര്യയും കൂടിയിരുന്ന് നടത്തുന്ന സ്വകാര്യ സംഭാഷണങ്ങളിൽ മകന്റെ മംഗല്യകാര്യവും കടന്നുവരും. ആലോചനയുടെ അന്ത്യത്തിൽ ഏതെങ്കിലുമൊരു പെൺകുട്ടിയെ

സംബന്ധിച്ച് അത് ഏത് ഇല്ലക്കാരിയാണെന്നും ഏത് ഗോത്രത്തി ലാണെന്നും മകന് വേൾക്കാൻ ഗോത്രാചാരപ്രകാരം തടസ്സങ്ങളെ ന്തെങ്കിലുമുണ്ടോ എന്ന് നോക്കും. അങ്ങനെ തീരുമാനമായാൽ ആദ്യം ഭാര്യയുടെ സഹോദരനെയോ പിതാവിനെയോ അറിയി ക്കും. ഗോത്രമൂപ്പന്മാരും കാരണവന്മാരും കൂടിയിരുന്ന് നടത്തുന്ന ചർച്ചയിൽ പറ്റുമെന്നുറപ്പായാൽ ഒരു ദിവസം തീരുമാനിച്ച് പെൺ വീട്ടുകാരെ കണ്ട് വിവാഹക്കാര്യം സംസാരിക്കാൻ പോകും. അ തിന് 'പെണ്ണ്ചോദിക്കാൻ പോവുക' എന്നാണ് പറയുക. ഇങ്ങനെ പോകുന്നതിന് ചെക്കന്റെ അമ്മാവനും അച്ഛനും ഏറ്റവും അടുത്ത ഒന്നോ രണ്ടോ ബന്ധുക്കളുമുണ്ടാകും. ഇത് മുൻകൂട്ടി പെൺവീട്ടു കാരെ അറിയിച്ചും അല്ലാതെയും നടത്താറുണ്ട്. പെൺവീട്ടുകാരുടെ സമ്മതം ഉറപ്പായാൽ അടുത്തനടപടി ബന്ധുക്കളെയെല്ലാം അറി യിച്ച് കല്യാണം ഉറപ്പിക്കലാണ്. അതിന് 'കഞ്ഞൂടി' ഉറപ്പിക്കാൻ പോകുക എന്നാണ് പറയുക. അമ്മാവനും അച്ഛനും അളിയന്മാരും കുടുംബക്കാരും കൂടിച്ചേർന്നാണ് പോകുന്നത്. ഇവിടെ വധൂവര ന്മാർ പരസ്പരം കണ്ടിട്ടുകൂടിയുണ്ടാവില്ല. അച്ഛനും കാരണവന്മാ രും കൂടി തീരുമാനിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുക എന്നരീതി യാണ് പൂർവ്വകാലത്തുണ്ടായിരുന്നത്. മൂത്തപെൺകുട്ടിയിരിക്കെ ഇളയപെൺകുട്ടിയുടെ വിവാഹം നടത്താറുണ്ട്. അതിന് കാരണം ചില കുടുംബങ്ങൾ ഇഷ്ടപ്പെടുന്നത് ഇളയകുട്ടിയെ ആണെങ്കിൽ അവരുടെ ആവശ്യം അംഗീകരിക്കാറുണ്ട്.

ഒളിച്ചോടിയുള്ള ബന്ധങ്ങളും വിവാഹമുറപ്പിച്ച പെൺകുട്ടിയുമാ യി ഒളിച്ചോടിയുള്ള ജീവിതവും നടക്കാറുണ്ട്. ചേരാൻ പാടില്ലാത്ത ഗോത്രബന്ധങ്ങളും അപൂർവ്വമായി നടന്നിട്ടുണ്ട്. ഇങ്ങനെയുള്ള വരെ കുടുംബവീടുകളിലേക്ക് വിളിക്കാറില്ല. എന്നാൽ ജീവിതം ഒരു വെല്ലുവിളിയായി സ്വീകരിച്ച് പിൽക്കാലത്ത് നല്ല രീതിയിൽ സമ്പന്നരായിട്ടുള്ളവരും ഇവർ ഗോത്രത്തിലെ പ്രധാനികളായിട്ടു ള്ള സംഭവങ്ങളുമുണ്ട്. ചിലർ കുടുംബമായി കുറച്ചുകഴിയുമ്പോൾ അകൽച്ചമാറി തറവാട്ടുകുടുംബവുമായി ഇഴുകിച്ചേരാറുണ്ട്.

ഇത്തരം പ്രശ്നങ്ങളിൽ ഊര്മൂപ്പന്മാരും കാരണവന്മാരും ഒത്തു കൂടി പ്രസ്തുത കക്ഷികളെക്കൊണ്ട് അടക്ക, വെറ്റില, പുകയില എന്നിവ ഒരു പിഴയായി സ്വീകരിച്ച് 'തെറ്റ്പൊറുക്കുക' എന്ന ഒ രു ചടങ്ങ് നടന്നിരുന്നു. കൂടാതെ, ഇടപ്പാട്ടിലെ പരദേവതയ്ക്ക് പണംവെച്ച് പ്രാർത്ഥന നടത്തി തെറ്റ്പൊറുക്കണമെന്ന് അപേക്ഷി ക്കുന്ന ഒരു ചടങ്ങുമുണ്ട്. ഇതിന് 'പരദേവതയ്ക്ക് തെറ്റ്ചെയ്യുക' എന്നാണ് പറയാറ്. 'ഇടപ്പാട്' എന്നാൽ ബ്രഹ്മണ്യമുള്ള തറവാട് എന്നാണർത്ഥം.

പരമ്പരാഗതമായുള്ള വിവാഹരീതികൾ നേരത്തെ സൂചിപ്പിച്ച തുപോലെ അച്ഛനമ്മമാരുടെ ആലോചനയിൽ നിന്ന് ഉരുത്തിരിഞ്ഞ് വരുന്ന പെൺകുട്ടിയെ കാരണവന്മാരുടെ നേതൃത്വത്തിൽ പെണ്ണു ചോദിക്കൽ ചടങ്ങും കഞ്ഞികുടിനിശ്ചയവും കഴിഞ്ഞ് കല്യാണ ത്തിന് ഒരുങ്ങും. കല്യാണദിവസം തീരുമാനിച്ചാൽ അതിന് ദിവസ ങ്ങൾക്ക് മുമ്പേ കല്യാണപന്തലൊരുങ്ങും. ഈ പന്തൽ കുടിലിന്റെ (കുടി) മുറ്റത്ത് ചാണകംമെഴുകി നടുമുറ്റത്ത് ഒരു ഏഴിലംപാലയുടെ കൊമ്പ് മുറിച്ചുകൊണ്ടുവന്ന് തൊലിചെത്തി നൂറും മഞ്ഞളും പൂശി മുഹൂർത്തം നോക്കി കുഴിച്ചിടും. ഇതിന്റെ ചുവട്ടിലിരുന്ന് 12 ദിവ സം നീണ്ടചടങ്ങുകളുണ്ട്. എല്ലാദിവസവും വൈകുന്നേരങ്ങളിൽ കുടുംബങ്ങളും ബന്ധുമിത്രാദികളും ഒത്തുകൂടി നടത്തുന്ന ഈ ചടങ്ങിൽ പരികർമ്മികളായിട്ടുള്ളവർ നിലത്ത് കളംവരച്ച് വിളക്കും നിറയും വെച്ച് തുടികൊട്ടി ഭദ്രകാളി സ്തോത്രം പാടി രാവിന്റെ അന്ത്യയാമങ്ങൾവരെ നീണ്ടുപോകുന്ന ചടങ്ങുകളുണ്ട്. കൂടാതെ ചില ദിവസങ്ങളിൽ പുലരുവോളം വട്ടക്കളിയും അരങ്ങേറും. വധൂ ഗൃഹത്തിൽവെച്ചാണ് ചടങ്ങ് നടക്കാറ് ബ്രാഹ്മണസമൂഹത്തിന്റെ വിവാഹചടങ്ങുമായി സാദൃശ്യമുള്ള ചിലചടങ്ങുകൾ കൂടി ഇതിനു ണ്ടായിരുന്നതായി അറിയുന്നു. മീൻപിടി കല്യാണം നാളികേരവും വെള്ളരിയും ഉരുട്ടുന്ന ചടങ്ങും തുണികൂട്ടികെട്ടുന്ന ചടങ്ങുകളുമു ണ്ടായിരുന്നതായി പൂർവ്വികർ പറഞ്ഞുകേട്ടിട്ടുണ്ട്. 'ചെമ്പാതൽ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ ചടങ്ങ് അവസാനമായി നടത്തിയ വിവാഹത്തിൽ അന്നത്തെ ദമ്പതികൾക്ക് ജനിച്ച മൂത്തമകന് ഇപ്പോൾ 85 വയസ്സ് പ്രായമായി. അതായത് 85 വർഷങ്ങൾക്കുശേഷം ഈ പരമ്പരാഗതരീതിയിലുള്ള വിവാഹങ്ങൾ നടന്നതായിട്ടറിവില്ല.

വിവാഹത്തിന് ചെറുക്കന്റെ വീട്ടുകാരാണ് മുൻകൈയെടുക്കുന്നത്. തുടക്കം ചെറുക്കന്റെ വീട്ടുകാരാണെങ്കിലും പിന്നീട് രണ്ട് കൂട്ടർക്കും തുല്യപങ്കാളിത്തമാണുള്ളത്. പെണ്ണുചോദിക്കൽ ചടങ്ങുകഴിഞ്ഞാൽ പരസ്പരം വീടുകാണലും കല്യാണനിശ്ചയവുമൊക്കെ നടക്കും. കല്യാണനിശ്ചയം നടത്തുന്നത് പെണ്ണിന്റെ വീട്ടിൽവെച്ചാണ്. ഈ ചടങ്ങുകൾക്ക് കാരണവന്മാരും പരികർമ്മികളുമുണ്ട്. ആചാരാനു ഷ്ഠാനങ്ങളുമുണ്ട്. വിവാഹത്തിന് രണ്ട് തരത്തിലുള്ള ചടങ്ങുകളുണ്ട്. ചെറുക്കന്റെ പെങ്ങളും കുടുംബങ്ങളും ചേർന്ന് പെൺവീട്ടിൽവന്ന് ആചാരാനുഷ്ഠാനങ്ങളോടെ പെണ്ണിനെ കൂട്ടിക്കൊണ്ടുപോകുന്ന രീതിയും ചെക്കൻ ഇണങ്ങനെയും കുടുംബത്തേയും കൂട്ടിവന്ന് ആചാരാനുഷ്ഠാനത്തോടെ കൂട്ടിക്കൊണ്ടുപോകുന്ന സമ്പ്രദായവു മുണ്ട്. ഇതിനെല്ലാം നേതൃത്വം നൽകുന്നത് പരികർമ്മികളായിരി ക്കും. ദേശത്ത് കാരണവന്മാർക്കും അവകാശികൾക്കും നൽകേണ്ട

വെറ്റിലയും പുകയിലയും പഴുക്കയും വേറെ വെറെ കെട്ടിവെച്ച് കൊടുക്കുകയും എത്തിച്ചേരാത്ത അവകാശികൾക്ക് ഉത്തരവാദപ്പെട്ടവരെ ഏല്പിക്കുകയും ചെയ്യും. പെണ്ണിനെ ഇറക്കുമ്പോൾ ചെക്കന്റെയും പെണ്ണിന്റെയും ഗോത്രപേരും ഇല്ലവും ചൊല്ലിവിളിക്കുന്ന ചടങ്ങുകളുമുണ്ട്. അവകാശിപ്പണവും മച്ചൂനിയിൻപണവും നൽകേണ്ടതുണ്ട്. മച്ചുനിയൻപണം ലഭിച്ചില്ലെങ്കിൽ ആ കല്യാണം തടയാൻ മച്ചൂനന് അവകാശമുണ്ട്. ചെക്കൻ പുറപ്പെട്ട് വരുന്നതിന് മുമ്പ് ചെക്കന്റെവീട്ടിൽ വിവിധ ചടങ്ങുകളുണ്ട്. മലക്കാരിക്കും കുലദൈവത്തിനും കലശംവെച്ച് പ്രാർത്ഥിച്ചാണ് ചെക്കൻ പുറപ്പാട് നടത്തുന്നത്. വളരെ ആഴത്തിൽ പഠനംനടത്തി ശേഖരിക്കേണ്ട വിവരങ്ങളാണ് ഏറെയും. ഇന്ന് ഇത് ലഭ്യമാക്കാൻ ഏറെ പ്രയാസമാണ്. വിവാഹയാത്രയിൽ കലാപരിപാടികളൊന്നുമുണ്ടായിരുന്നില്ല. ചെക്കൻ പുറപ്പെട്ടിറങ്ങുന്നതിനുമുമ്പായി വീട്ടുമുറ്റത്ത് വെച്ച് 'തുടികളി' എന്ന ചടങ്ങുണ്ട്. ഇത് പകിടകളിയെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള കളിയാണ്. ചുരത്തിൽ മൂന്നിഞ്ച് നീളമുള്ള മൂന്ന് ചെറിയ മരക്കഷ്ണം ചെത്തിയെടുത്ത് അടയാളമിട്ട് കൈവെള്ളയിൽ തിരിച്ച് നിലത്തിട്ട് കളിക്കുന്ന ഒരു കളിയാണിത്. ഈ കളികഴിഞ്ഞ ശേഷം മാത്രമേ ചെക്കൻ വീട്ടിൽ നിന്നിറങ്ങുകയുള്ളൂ.

മുറപ്പെണ്ണ്, മുറച്ചെറുക്കൻ എന്ന സമ്പ്രദായമുണ്ടായിരുന്നു. അമ്മയുടെ സഹോദരന്റെ മകളെയാണ് മുറപ്പെണ്ണായി കണക്കാക്കുന്നത്. വിവാഹശേഷം 'രണ്ടാംപുറപ്പാട്' എന്ന ചടങ്ങുണ്ട്. പെണ്ണിന്റെ വീട്ടിലേക്ക് ഒരു ദിവസം നിശ്ചയിച്ച് പെണ്ണും ബന്ധുമിത്രാദികളും ചേർന്ന് സൽക്കാരത്തിന് പോകുന്ന ചടങ്ങാണിത്. പെണ്ണിന്റെ അച്ഛനുമമ്മയ്ക്കും നൽകാനുള്ള പുതുവസ്ത്രങ്ങളും അടക്ക, വെറ്റില, പുകയില, പലഹാരം എന്നിവയും കൊണ്ടുപോകാറുണ്ട്. ഈ യാത്ര ആരംഭിക്കുന്നത് വൈകുന്നേരങ്ങളിലാണ്. രാത്രി പെൺവീട്ടിൽ താമസിച്ച് പിറ്റേന്ന് രാവിലെയാണ് തിരിച്ചുവരുന്നത്. രാത്രി പുലരുവോളം വട്ടക്കളിയുമുണ്ടാകും. രണ്ടാം പുറപ്പാടുകാർ കൊണ്ടുവന്ന വസ്തുക്കളെല്ലാം അവകാശികൾക്കും അടുത്ത ബന്ധുക്കൾക്കും വീതിച്ച് നൽകാറുണ്ട്. ഇതെല്ലാം കണക്കാക്കി സാധനങ്ങൾ കൊണ്ടുപോകാൻ ചെറുക്കന്റെ വീട്ടുകാർ ശ്രദ്ധിക്കാറുണ്ട്. വിവാഹവുമായി ബന്ധപ്പെട്ട പ്രത്യേക പാട്ടുകളൊന്നുമുണ്ടായിരുന്നതായറിവില്ല.

മരണവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് ദേശാന്തരവ്യത്യാസങ്ങളുണ്ട്. ഓരോ ഗോത്രത്തിനും മരണാനന്തര ചടങ്ങുകൾ നിർവ്വഹിക്കാൻ പ്രത്യേകം പരികർമ്മികളുണ്ട്. സ്വഗോത്രത്തിലുള്ളവർ പരികർമ്മികളാകില്ല. ഗോത്രാചാരപ്രകാരം നിയോഗിക്കപ്പെട്ട പരികർമ്മികളാണ് ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നത്. ദഹിപ്പിക്കുക,

കുഴിച്ചുമൂടുക, അറകെട്ടി അടക്കുക, പെട്ടിയിൽ വെച്ചടക്കുക, കുഴിച്ചൂട് നടത്തുക എന്നിങ്ങനെ വിവിധരീതിയിൽ നടത്താറുണ്ട്.

മരണപ്പെട്ട ആളെ കുളിപ്പിക്കുന്നതിന് കുടുംബക്കാരാണുണ്ടാവുക. കുളിപ്പിച്ചു കിടത്തിയ മൃതദേഹത്തിന് പൂവും നീരും കൊടുക്കുന്ന ചടങ്ങുണ്ട്. ആ ചടങ്ങ് കഴിഞ്ഞാണ് പുടവചാർത്തൽ. ഓരോ ഗോത്രക്കാരും പ്രത്യേകം പ്രത്യേകം പുടവ ചാർത്തും. ഇതിന്റെ കണക്കുകൾ കൃത്യമായി ഓർമ്മിച്ചുവെക്കണം. ഇതേപോലെ മറ്റു ഗോത്രങ്ങൾക്ക് തിരിച്ചുകൊടുക്കേണ്ടതിനാലാണിത്. ബന്ധുക്കൾക്ക് മുമ്പ് നൽകിയിട്ടുള്ള ഉപചാരങ്ങൾ തിരിച്ച് നൽകപ്പെട്ടിട്ടില്ലെങ്കിൽ അതിന് കണക്ക് പറയുന്ന അവസ്ഥയുമുണ്ടായിരുന്നു. ശവസംസ്കാരസമയത്ത് നിശ്ചയിച്ച പരികർമ്മികളിൽനിന്ന് ശേഷം മുറിച്ചുവാങ്ങുന്ന ചടങ്ങുണ്ട്. പരേതന്റെ മക്കളോ അടുത്ത ബന്ധുക്കളോ ശേഷം മുറിച്ചുവാങ്ങും. അതിന് ശേഷം ചടങ്ങ് നടക്കുന്ന സ്ഥലത്തും വീട്ടിൽ പ്രത്യേകം തയ്യാറാക്കിയ സ്ഥലത്തും ബലികർമ്മം നടക്കും. 5 മുതൽ 11 ദിവസം വരെയാണ് ബലിയിടുന്നത്.

മരണവുമായി ബന്ധപ്പെട്ട 'പുലകുളി' 11 ദിവസമാണ്. സഞ്ചയനം അഞ്ചാം ദിവസവും നടക്കും. പുലമാറുന്നതിന് സഞ്ചയനദിവസം കുടുംബക്കാരെല്ലാം എത്തി ഇണങ്ങന്മാരിൽനിന്ന് എണ്ണവാങ്ങിക്കുന്നതും ചാരംകലക്കിവെച്ച വെള്ളത്തിൽ തുണിമുക്കുന്നതും പുലമാറുന്നതിനുള്ള ചടങ്ങാണ്. അതിരാവിലെ എണ്ണതൊട്ട് കുളിക്കടവിൽപോയി കുളികഴിഞ്ഞുവരുന്ന പുലക്കാരെ പുണ്യാഹം തളിച്ച് ശുദ്ധിയാക്കുന്ന ചടങ്ങുണ്ട്. പരികർമ്മികളാണ് ഈ ചടങ്ങ് നിർവ്വഹിക്കുന്നത്. പുരുഷന്മാർക്ക് പുരുഷന്മാരും സ്ത്രീകൾക്ക് സ്ത്രീകളും ശുദ്ധികലശം തളിക്കും.

16, 41, വാർഷികം എന്നിങ്ങനെ ചടങ്ങുകളൊന്നും മുമ്പുണ്ടായിരുന്നില്ല. ഇന്ന് ഈ രീതികളെല്ലാം മാറി ഓരോ കുടുംബത്തിന്റെ സാധ്യതക്കനുസരിച്ച് ഏറിയും കുറഞ്ഞും വരുന്നുണ്ട്. മുൻകാലത്ത് സഞ്ചയനദിവസം 'പ്രേതത്തെകാണുക' എന്ന ചടങ്ങുണ്ടായിരുന്നു. ഒരു കിണ്ണത്തിൽ ചാണകവും ഒരു കിണ്ണത്തിൽ ചാരവും കലക്കിവെക്കും. ഈ ജലത്തിൽ പ്രായമായ മുത്തശ്ശിമാർ നോക്കും. എന്നിട്ട് ചില നേരങ്ങളിൽ മുത്തശ്ശി ഉറഞ്ഞുപറയുന്നത് പരേതാത്മാവിന്റെ അരുളപ്പാടായി കണക്കാക്കും. ഇത് കേട്ട് പരേതാത്മാവിന്റെ കുടുംബത്തിലെ ആളുകൾ കരയാറുണ്ട്. ഈ ചടങ്ങിനെ 'പേനയുറച്ചിൽ' എന്നാണ് പറയാറ്. സഞ്ചയന ദിവസം പുലർച്ചെ സംസ്കരിച്ച സ്ഥലത്ത് കുഴിതട്ടിമൂടി വാഴവെക്കുന്ന ചടങ്ങുണ്ട്.

ചില കുടുംബങ്ങളിലെ ആളുകളെ (പരേതാത്മാവിനെ) ആവാഹനം നടത്തി കുടിയിരുത്തുകയും കുരുതിയും കെട്ടിയാട്ടവും

തെയ്യവും നടത്താറുണ്ട്. അങ്ങനെ കുടിയിരുത്തിയ അനേകം മൂർത്തികളുണ്ട്. തറവാട്ടുകാവുകളിലെ ഉത്സവങ്ങളോടനുബന്ധിച്ച് തെയ്യവും വെള്ളാട്ടും നടത്താറുണ്ട്.

പരമ്പരാഗതമായി ആരാധിക്കുന്ന ദൈവങ്ങൾ കുലദൈവം, കരിയാത്തൻ, മലക്കാരി, പൂതാടി, കരിങ്കപുതിയോൻ, കയരൻ, തലച്ചില്ലോൻ, നാഗകാളി, വനദുർഗ്ഗ, തറമാലമ്മ, കുട്ടിക്കുറുമ്പ, കുട്ടിച്ചാത്തൻ, മലങ്കുറത്തി കൂടാതെ ഗോത്ര മുത്തപ്പന്മാരായ രാമൻപുലി, ചന്തൻപുലി, കേളൻപുലി, കരിന്തിരുകണ്ടൻ ഇതുകൂടാതെ അവാന്തരവിഭാഗങ്ങളായ ഒട്ടേറെ സങ്കല്പങ്ങളും മൂർത്തികളും ഗുളികന്മാരും വേറെയുമുണ്ട്.

## ദൈവിക ആചാരാനുഷ്ഠാനങ്ങളും കനലാടിതെയ്യവും

ദൈവീകമായ ചടങ്ങുകൾ വിവരണാതീതമാണ്. അത്രയേറെ ചടങ്ങുകളും അനുഷ്ഠാനങ്ങളുമുണ്ട്. അതുമാത്രമായി ഒരു ഗ്രന്ഥരചന നടത്താനുള്ള വസ്തുകളുണ്ട്. ദൈവക്കാവുകളിൽ കെട്ടിയാടുന്ന ഓരോ ദൈവക്കോലങ്ങൾക്കും പ്രത്യേകം പ്രത്യേകം ചടങ്ങുകളാണുള്ളത്. ഓരോ തെയ്യത്തിനും അതിന്റെ ഉത്ഭവം മുതൽക്കുള്ള തോറ്റം പാട്ടുകളും കാവ്യങ്ങളുമുണ്ട്. എല്ലാം വാമൊഴിയാണെന്ന് മാത്രം. കാവുകളിലെ തെയ്യം കെട്ടിയാടുന്നത് ഈ സമുദായത്തിൽ പെട്ടവരല്ല. മലയൻ, അഞ്ഞൂറ്റാൻ, മുന്നൂറ്റാൻ, പെരുവണ്ണാൻ തുടങ്ങിയ സമുദായക്കാരാണ്. കിരാതന്റെ ഒരു പ്രത്യേക തെയ്യം കെട്ടിയാടാറുണ്ട്. കള്ളാടിയ സമുദായക്കാരിൽ കനലാടി എന്ന സ്ഥാനപ്പേര് ലഭിച്ചവർക്കാണ് ഇതിനവകാശമുള്ളത്. ഇതിനെ കനലാടിതെയ്യം എന്ന് പറയുന്നു. ഈ തെയ്യം കെട്ടിയാടുന്ന പതിവ് ഇപ്പോൾ കരിമ്പാലരുടെ കാവുകളിൽ ഇല്ലെന്നുതന്നെ പറയാം. വിത്തിറക്കുമ്പോഴും വിളവെടുക്കുമ്പോഴുമാണ് കനലാടിതെയ്യം കെട്ടിയാടിയിരുന്നത്. വിത്തിറക്കുമ്പോൾ വിത്ത് പൊതിവെക്കലും വിളവെടുക്കുമ്പോൾ 'പച്ചയ്ക്കരിയൽ' എന്ന ചടങ്ങുമുണ്ട്.

വിളഞ്ഞനെല്ല് പച്ചയോടെ അരിഞ്ഞെടുത്ത് ഒരു കറ്റയാക്കി മരക്കൊമ്പിൽ കെട്ടിവെക്കുന്നു. ഈ കറ്റ അരിഞ്ഞെടുക്കുന്നതിന് 7 ദിവസത്തെ വ്രതം അനുഷ്ഠിക്കണം. നെല്ല് കൊയ്ത് അറപ്പുരമുറ്റത്ത് അട്ടിവെച്ച് 2 ദിവസംകഴിഞ്ഞ് മെതിച്ചെടുക്കുന്ന നെല്ല് കാറ്റത്തിട്ട് പൊടിപറത്തി അളന്നുതിരിച്ച് കെട്ടിവെക്കും. ഈ നെല്ല് കുടിലിലേക്ക് കൊണ്ടുപോകുന്നതിനു മുമ്പായി കിരാതന് (കരിയാത്തൻ ദൈവത്തിന്) പച്ചയ്ക്കരിഞ്ഞ നെല്ലെടുത്ത് അവിലാക്കിയും അരിയാക്കിയും നിവേദിക്കും. അതുകഴിഞ്ഞാണ് കൃഷി നടത്തിയവർ

ഭാഗംവെച്ച് നെല്ല് അവരവരുടെ കുടിലിലേക്ക് കൊണ്ടുപോകുന്നത്. ഇതിനോടനുബന്ധിച്ച് കനലാടിതെയ്യം കെട്ടിയാടിക്കുന്ന ചടങ്ങുമുണ്ടായിരുന്നു. ഇന്ന് പുനംകൃഷിയുമില്ല, തെയ്യാട്ടവുമില്ല. പുനംകൃഷിയില്ലെങ്കിലും കിരാതമൂർത്തിക്കുള്ള വഴിപാട്നേർച്ച ഇപ്പോഴും തുടരുന്നുണ്ട്. കനലാടിതെയ്യം കെട്ടിയാടുന്നവരുടെ എണ്ണം വളരെ കുറവായതുകൊണ്ടും പുതിയതലമുറ ഈ അനുഷ്ഠാനകല നടത്താൻ താല്പര്യം കാണിക്കാത്തതുകൊണ്ടും കരിമ്പാലന്മാരുടെ കാവുകളിൽ കനലാടിതെയ്യം കെട്ടിയാടുന്ന ചടങ്ങ് ഇല്ലെന്ന് തന്നെപറയാം.

വലിയ ചെലവുകളില്ലാത്ത കോപ്പുകളും ചമയങ്ങളുമില്ലാത്ത ഒരു കലാരൂപമാണിത്. ഒരുപക്ഷെ, കാലാനുസൃതമായ മാറ്റം ഈ രംഗത്തുമുണ്ടായിട്ടുണ്ടാകാം. ദൈവാരാധനയുമായി വർഷംതോറും ആദിവാസി കാവുകളിൽ കല്ലിൽ കുറിച്ച കുറിപ്രകാരവും അല്ലാതെ മുഹൂർത്തം നിശ്ചയിച്ചും നടത്തുന്ന തെയ്യാട്ടങ്ങളുണ്ട്. കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ ഇങ്ങനെയുള്ള അനേകം മുച്ചിലോടുകളും കാവുകളുമുണ്ട്. ചില കാവുകളിൽ മൂന്ന് ദിവസത്തെചടങ്ങുകളുണ്ട്. ഇരുപതിൽ കുറയാത്ത തെയ്യങ്ങളും വെള്ളാട്ടങ്ങളും മിക്ക കാവുകളിലും നടത്തിവരുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ഓരോ ഇല്ലങ്ങൾക്കും പ്രത്യേകം പ്രത്യേകം കാവുകളുണ്ട്. സ്ഥിരമായി ഉത്സവം നടത്തുന്നവയും ഉത്സവം നിലച്ചുപോയവയും ഇക്കൂട്ടത്തിൽ പെടുന്നു. കണ്ണൂർ ജില്ലയിലെ ഇല്ലങ്ങളിലെ കാവുകളിൽ പെരുവണ്ണാൻ സമുദായക്കാരാണ് തെയ്യം കെട്ടിയാടുന്നത്. ദൈവങ്ങളുടെ നാമത്തിലും അനുഷ്ഠാനങ്ങളിലും വ്യത്യാസമുണ്ട്. കോഴിക്കോട് ജില്ലയിൽ 'വെള്ളേട്ട്' എന്ന ചടങ്ങുണ്ട്. എന്നാൽ കണ്ണൂർ ജില്ലയിൽ 'കന്യകെട്ട്' എന്ന ചടങ്ങിനാണ് പ്രാധാന്യം. ഇവിടെ തെയ്യങ്ങൾക്കൊപ്പവും തെയ്യത്തിന്റെ ഉറഞ്ഞാട്ട സമയത്തും കരിമ്പാലന്മാർക്ക് കോമരം ഉറയുന്ന സമ്പ്രദായമുണ്ട്. എന്നാൽ ഈ സമ്പ്രദായം കണ്ണൂർ ജില്ലയിലെ കാവുകളിൽ കാണില്ല.

ആദിവാസികളായ കരിമ്പാലന്മാരുടെ കാവുകളിൽ ബ്രാഹ്മണർ പൂജ നടത്താൻ പാടില്ലെന്നാണ് ചട്ടം. മുൻകാലത്ത് അയിത്തത്തിന്റെ ഭാഗമായി മാത്രം ഉടലെടുത്ത ഒരു നിയമമല്ലിത്. തികച്ചും കൗളാചാരപ്രകാരമാണ് കരിമ്പാലന്മാരുടെ കാവുകളിലെ പൂജയും ചടങ്ങുകളും നടത്തിവന്നിരുന്നത്. ഇന്ന് കാലോചിതമായ മാറ്റം ഇതിന് വന്നിട്ടുണ്ട്. കാവുകളിലെ ഗണപതിഹോമം മുതലായ പൂജാചടങ്ങുകൾ നടത്തുന്നത് ബ്രാഹ്മണനാണ്. വരേണ്യവർഗ സംസ്കാരം ഏറെക്കുറെ ചടങ്ങുകൾക്ക് വന്ന് ചേർന്നിട്ടുണ്ട്. പൂർവ്വകാലത്ത് കാവുകളുടെ പ്രശ്നവും പ്രശ്നപരിഹാരവും നിർണ്ണയിച്ചിരുന്നത്

കാവിലെ കോമരങ്ങളുടെ അരുളപ്പാടിനെ ആധാരമാക്കിയിട്ടാണ്. പൂജയും തെയ്യങ്ങളും നിലച്ചുപോയ ചില കാവുകളെ ഉയിർത്തെഴുന്നേൽപിക്കുന്നതിന് പ്രാദേശികമായി നടന്ന ശ്രമങ്ങളുടെ ഫലമായി ഒട്ടുമിക്ക കാവുകളിലും ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തനം പുനസ്ഥാപിക്കപ്പെട്ടവയാണ്. ചില കാവുകൾ നിൽക്കുന്ന ഭൂമിവരെ എന്നോ അന്യാധീനപ്പെട്ടുപോയതുമാണ്. പൂർവ്വകാലത്ത് കരിമ്പാലന്മാരുടെ കാവുകളിൽ നാട്ടിലെ പ്രമുഖ സമുദായങ്ങൾക്ക് പ്രത്യേക അവകാശസ്ഥാനങ്ങൾ നൽകിയിരുന്നു. തമ്പുരാന്മാരെ കർത്താവെന്നും നായർമാരെ കോയ്മയെന്നും ഈഴവരെ തണ്ടാന്മാരെന്നുമുള്ള സ്ഥാനപ്പേരുകളാണ് ചൊല്ലിവിളിച്ചിരുന്നു. അതാത് കാവുകളിലെ ഉറഞ്ഞാട്ടമുള്ള ദൈവകോമരങ്ങളാണ് ഇവർക്ക് കാവുകളിൽ അവകാശസ്ഥാനം നൽകിയിരുന്നത്. ഇരിപ്പിടസ്ഥാനങ്ങളും ഇളനീർ-താമ്പൂലാദി അവകാശങ്ങളുമാണ് നൽകിയിരുന്നത്. പണമായോ മറ്റോ ആനുകൂല്യങ്ങളൊന്നും കൊടുത്തിരുന്നില്ല. എന്നാൽ കാവിലെ ഭണ്ഡാരം എടുത്ത് വെക്കുന്നതിനും കോമരങ്ങളുടെ മെയ്യാഭരണങ്ങൾ എടുത്തുകൊടുക്കുന്നതിനുമുള്ള അവകാശം കർത്താവിനോ കോയ്മക്കോ ആയിരുന്നു.

അധിക കാവുകളും വലിയ കുന്നിൻമുകളിലോ കരിമ്പാറക്കെട്ടുകളിലോ മാത്രമാണ് ഉണ്ടായിരുന്നത്. ഇരുമ്പുരുക്കി ഒഴിച്ചതുപോലെ കട്ടിയുള്ള പാറപ്പുറത്ത് മലർന്നടിച്ച് വീണ് കോമരം തുള്ളി ഭക്തജനങ്ങളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് മരുന്നും മന്ത്രവും സമന്വയിപ്പിച്ച് പ്രശ്നപരിഹാരം നടത്തുന്ന കോമരങ്ങളെ പൊതുസമൂഹം ഭയഭക്തി ബഹുമാനത്തോടെ സ്വീകരിച്ചു. പരിഹാരകർമ്മങ്ങൾക്ക് പാരിതോഷികമായും കാണിക്കയായും സ്വർണ്ണം, വെള്ളി, വെങ്കലം ഉരുപ്പടികൾ കാവുകളിലേക്ക് വന്നുചേർന്നു. ഇതിന്റെയെല്ലാം സൂക്ഷിപ്പ് മിക്കവാറും നാടുവാഴികളായ തമ്പുരാക്കന്മാരുടെ അധീനതയിലായിരുന്നു. ചില ഗോത്രക്കാവുകൾ നടത്തുന്നതിന് പ്രാപ്തരായ കുടുംബങ്ങളുടെ പ്രാരാബ്ധങ്ങളും കഷ്ടപ്പാടുകളും നിമിത്തം ക്ഷയിച്ചുപോയി. ഇത്തരം കാവുകളെ പുനരുദ്ധരിക്കുന്നതിനുള്ള ജനകീയസമിതികൾ രൂപംകൊണ്ടു. പഴയതലമുറ ന്യൂനപക്ഷമായി പുതിയ തലമുറ പൊതുസമൂഹത്തിന്റെ തീരുമാനങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങളിൽ സജീവമായി. പുതിയ വികസന നയങ്ങളും കാഴ്ചപ്പാടുകളുമുണ്ടായി. മിക്ക കാവുകളുടെയും ഭരണപരമായ കാര്യങ്ങളിൽ കരിമ്പാലന്മാർക്ക് കാര്യമായ അധികാരങ്ങളൊന്നും ഇല്ലാതായി. കൗളാചാരപ്രകാരം നടത്തിയിരുന്ന അനുഷ്ഠാനകർമ്മങ്ങളെ സംബന്ധിച്ച് പ്രശ്നവിചാരം നടത്തുന്നതിന് പ്രധാന ദൈവത്തിന്റെ ഉറഞ്ഞാട്ട-അരുളപ്പാടു

കൾക്ക് പകരം ജോത്സ്യ പ്രശ്ന വിചാരവും താമ്പൂലപ്രശ്നവും സ്വർണ്ണപ്രശ്നവും വരെയെത്തി. കാവിലെ ഗണപതിഹോമങ്ങൾ നടത്താൻ ബ്രാഹ്മണരെ ചുമതലപ്പെടുത്തി. കൗളാചാരപ്രകാരം നടത്തേണ്ട കർമ്മങ്ങൾ അധികവും വരേണ്യവത്കരിച്ചു ഇതെല്ലാം ഗോത്രസമൂഹത്തിന്റെ സ്വത്വം നഷ്ടപ്പെടുത്തുന്നതിന് വഴിയൊരുക്കി. ഈ നില തുടർന്നുപോയാൽ ഒരു കീഴാള സംസ്കാരവും ആവാസവ്യവസ്ഥയും തകർന്നടിയും.

ദൈവീകാരാധനയുമായി ബന്ധപ്പെട്ട അനേകം കാവ്യങ്ങളും അഞ്ചടിയും തോറ്റങ്ങളുമുണ്ട്. ഓരോ ആരാധനാമൂർത്തിക്കും പ്രത്യേകമായി ഉല്പത്തി മുതൽ വസ്തുതകൾ വിവരിച്ചുകൊണ്ടുള്ള പാട്ടുകളുണ്ട്. ഇവയൊന്നും ലിഖിതങ്ങളല്ല. വാമൊഴിയായി കേട്ട് മനസ്സിലുറച്ചവയാണ്. ഓരോ കാവുകളിലും ആചാരപ്രകാരം നിയോഗിച്ചിട്ടുള്ള പരികർമ്മികളിൽനിന്ന് ശേഖരിക്കേണ്ടവയാണിവ. കരിമ്പാല സമുദായക്കാർ ആരാധിക്കേണ്ട കുട്ടിക്കുറുമ്പ ഭഗവതിയെ അന്യസമുദായക്കാരും ആരാധിക്കുന്നതായി കണ്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ നിറംകൈതക്കോട്ട ഇതിനുദാഹരണമാണ്. വിവിധ ഗോത്രങ്ങളിലെ ഗുരുകരാണവന്മാരുടെ കഠിന തപസ്സിന്റെ അടിസ്ഥാനത്തിൽ പ്രത്യക്ഷപ്പെട്ടനുഗ്രഹിച്ച് മൂലസ്ഥാനം നിർണ്ണയിച്ച് സ്ഥാപിച്ച മുച്ചിലോടുകളാണ് ഓരോ ഗോത്ര കാവും. കോഴിക്കോട് ജില്ലയിലെ നന്മണ്ടയിലും കൊടുവള്ളിയിലുമുള്ള രാമൻ, കേളൻ എന്ന രണ്ട് കാരണവന്മാർ നൂറ്റാണ്ടുകൾക്ക് മുമ്പ് കല്ലടിക്കോടൻ മലയിൽ മന്ത്രം പഠിക്കാൻ പോവുകയും പഠനം കഴിഞ്ഞ് വർഷങ്ങൾക്ക് ശേഷം നാട്ടിലേക്ക് തിരിച്ചുവരവെ രാമൻ കാരണവരോട് കേളൻ കാരണവർ പറഞ്ഞു. ''നീ നടന്നോളൂ ഞാൻ പുഴക്കരയിലിറങ്ങി അല്പം കഴിഞ്ഞുവരാം''. രാമൻ കാരണവരെ പറഞ്ഞുവിട്ട് കേളൻ കാരണവർ കല്ലടിക്കോട്ടേക്ക് തന്നെ തിരിച്ചുപോവുകയും മന്ത്ര – തന്ത്രവിദ്യയിൽ കേമനായി തിരിച്ചുവന്ന ഒരു ഐതിഹ്യം നിലവിലുണ്ട്. ഇവരുടെ രണ്ടുപേരുടെയും പേരിൽ വളരെ പ്രസിദ്ധമായ രണ്ട് കാവുകളിൽ ഉത്സവങ്ങൾ നടന്നുവരുന്നു. ഇവയിലൊന്ന് നന്മണ്ടയിലെ പരലാട് ഭഗവതികാവും കൊടുവള്ളിയിലെ കരിവില്ലി കാവുമാണ്. ജാതി–മത ഭേദമെന്യേ ആളുകൾ ഒത്തുചേർന്ന മരുന്നും മന്ത്രവും ചേർന്ന് പ്രശ്നപരിഹാര കർമ്മങ്ങൾ നടന്നുവരുന്ന പ്രസിദ്ധമായ രണ്ട് കാവുകളും കൂടിയാണിത്.

ഓരോ ഗോത്രത്തിന്റെ സ്വന്തമായും വ്യത്യസ്തഗോത്രങ്ങൾ ഒന്നിച്ചുചേർന്ന് ഉത്സവാദി കർമ്മങ്ങൾ നടത്തുന്ന കാവുകളുണ്ട്. കാവുകളിലെ പൂജാദികാര്യങ്ങൾക്ക് വിഘ്നം വരാതിരിക്കാൻ പ്രസിദ്ധമായ ചില കാവുകളിൽ വിവിധ ഗോത്രങ്ങൾ അവകാശികളുമായിക്കൊ

ണ്ടുള്ള പരികർമ്മികളുമുണ്ട്. ഏതെങ്കിലും ഒരു ഗോത്രത്തിന് അവിചാരിതമായ (പിറവിയോ മരണമോ) പ്രശ്നങ്ങൾ വന്നുകഴിഞ്ഞാൽ കാവിലെ ഉത്സവാദി ചടങ്ങുകൾ മുടങ്ങാതിരിക്കാൻ കൂടിയാണിത്. കോഴിക്കോട് ജില്ലയിൽതന്നെ 40 ലേറെ ഗോത്രങ്ങളുണ്ട്. പുളീക്കണ്ടി, നെടുമ്പാല, ഭൂമിഇടിഞ്ഞതിൽ, പുതിയോട്ടുക്കണ്ടി, കയ്യാല, നോയ്ച്ചേരി, തേവർകണ്ടി, ഇരുപാല, പാലോറ എന്നിങ്ങനെ ഗോത്രങ്ങളുടെ പട്ടിക നീളും. കണ്ണൂർജില്ലയിലും വയനാട്ടിലും എത്ര ഗോത്രങ്ങളുണ്ടെന്നറിയില്ല. കണ്ണൂർ ജില്ലയിൽ ഒരാളുടെ പേരിനോടൊപ്പം ഇല്ലപ്പേര് ചേർത്താണ് വിളിക്കുന്നത്. കണ്ണാ, തോഴം, ചപ്പിലി, പുലിക്കിരി എന്നിങ്ങനെയാണ് ഇല്ലപ്പേരുകൾ. ഓരോ ഗോത്രത്തിനും പ്രസിദ്ധരായ ഗോത്രവൈദ്യന്മാരേയും കാണാം. ഗോത്രവൈദ്യം കാവുകളിൽ കൂടിയാണ് നടത്തുന്നത്. കരിമ്പാലന്മാർക്കിടയിലെ ഗോത്രവൈദ്യന്മാരിൽ കണ്ണൂർജില്ലയിലെ ആലക്കോട്ടുള്ള ഒരാൾ മാത്രമാണ് സർക്കാർ റിക്കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ളത്.

## വാദ്യോപകരണങ്ങൾ

ആരാധനക്കായി മാത്രം ഉപയോഗിക്കുന്ന വാദ്യോകരണങ്ങളുണ്ട്. പൂർവ്വകാലത്ത് ചെമ്പാതൽ എന്ന ചടങ്ങിന് തുടിയാണ് ഉപയോഗിച്ചിരുന്നത്. ഓണക്കാലത്ത് ആരാധന രൂപത്തിലുള്ള ഒരു ചടങ്ങിന് മുളകൊണ്ടുണ്ടാക്കുന്ന വില്ലും ഞാണുമാണുപയോഗിച്ചിരുന്നത്. വളരെ ദൂരത്തേക്ക് ഇതിന്റെ ശബ്ദം കേൾപ്പിക്കാൻ കഴിയുമായിരുന്നു. കണ്ണൂർ ജില്ലയിലെ കാവുകളിലെ ആരാധനയ്ക്ക് തുടി ഉപയോഗിച്ചുവരുന്നു. കുട്ടികൾ കളിയുടെ ഭാഗമായി ദൈവീകമായ ചില ചടങ്ങുകൾ അനുകരിച്ച് നടത്താറുണ്ട്. ഇതിന് പാളച്ചെണ്ടയാണ് ഉപയോഗിക്കുന്നത്. പത്തും പതിനഞ്ചും കുട്ടികൾ ചേർന്ന് പാളച്ചെണ്ട കൊട്ടി തെയ്യവും കോമരവും താലപ്പൊലിയുമവതരിപ്പിക്കാറുണ്ട്. കോമരം തുള്ളുന്നതിന്റെ ഒരു പരിശീലനകളരിയാണിത്. ഇത്തരം കളികളിൽ നിന്ന് ഊർജ്ജംകൊണ്ട് പിന്നീട് വലിയ കോമരങ്ങളും അനുഷ്ഠാനചടങ്ങളും നടത്താനുള്ള പ്രാപ്തി ഇവർക്ക് ലഭ്യമാകുന്നു. കരിമ്പാലന്മാരുടെ കാവുകളിൽ തെയ്യം കെട്ടി ആടുന്നവർ ചെണ്ടയാണ് വാദ്യോപകരണമായി ഉപയോഗിക്കുന്നത്. ഇലത്താളവും കൊമ്പും ഉപയോഗിക്കുന്നുണ്ട്.

## കാവുകൾ, കോമരങ്ങൾ

വളരെ സാഹസികമായ രീതിയിലാണ് കാവുകളിലെ അനുഷ്ഠാന ചടങ്ങുകൾ. തെയ്യത്തോടൊപ്പം ഉറഞ്ഞാടുന്ന കോമരങ്ങൾ കരുത്തിന്റെ കൂടി പ്രകടനമാണ്. കാരിരുമ്പൊത്ത ശരീരഘടനയുള്ള കരമ്പാലന്മാരുടെ കോമരങ്ങൾ ഏറെ പ്രസിദ്ധമാണ്. നാടുവാഴിത്ത

കാലഘട്ടങ്ങളിൽ ജന്മി മാടമ്പിമാർ കരിമ്പാലനെ മർദ്ദിച്ചൊതുക്കാൻ കാര്യമായി ശ്രമിക്കാതിരുന്നത് ഇവരുടെ ആരാധനാമൂർത്തികളെ ഭയന്നതുകൊണ്ടു കൂടിയാണ്. അതിനുള്ള തെളിവുകൾ ഒട്ടേറെയു ണ്ട്. കോവിലകത്തിന്റെ നാല്പത്തീരടി അകലം പാലിച്ച് നടക്കേണ്ട കരിമ്പാലൻ കരിയാത്തന്റെയോ മലക്കാരിയുടെയോ ഭഗവതിയുടെ യോ കോമരമായി വന്നാൽ കോവിലകത്തിന്റെ നടുമുറ്റത്തിറങ്ങി അരുളപ്പാട് നടത്താൻ ഒരു തീണ്ടലും അയിത്തവും കാണിച്ചിരുന്നില്ല. ഈ കാടിന്റെ മക്കളോട് ക്രൂരത കാണിച്ചതിനാൽ സർവ്വനാശം ഭവിച്ച ജന്മിത്തമ്പുരാക്കന്മാർ ഇവരുടെ കാവുകളിൽപോയി ക്ഷമ പറഞ്ഞ നിരവധി സംഭവങ്ങൾ പൂർവ്വികരിൽനിന്ന് വാമൊഴിയായി കേൾക്കാനിടവന്നിട്ടുണ്ട്. ഇടപ്പാടുകളിലെ വിവാഹാദി ആഘോഷ ങ്ങൾക്കൊക്കെ കുലയും ഇലയും മറ്റു വിഭവങ്ങളുമൊരുക്കുന്നതിന് കരിമ്പാലൻ ഒരു അത്യാവശ്യ ഘടകമായിരുന്നു. ഉയരം കൂടിയ മരങ്ങളിൽനിന്ന് ഫലങ്ങൾ ശേഖരിക്കാനും മരം വെട്ടിവീഴ്ത്താനും ഇവരുടെ സഹായം അത്യാവശ്യമായിരുന്നു. ഇന്നും പല പ്രദേശ ങ്ങളിലും ഈ നിലയ്ക്ക് മാറ്റമുണ്ടായിട്ടില്ല.

കോഴിക്കോട് ജില്ലയിലെ കരിമ്പാലരുടെ നിരവധി കാവുകൾ എന്നോ അന്യം നിന്നുപോയി. കാവുകൾ നിൽക്കുന്ന ഭൂമിയുടെ രേഖകൾ തട്ടിയെടുക്കപ്പെട്ടു. കാവുകളിലെ നേർച്ചയായി ലഭിച്ച സ്വർണ്ണം, വെള്ളി, വെങ്കലം ആഭരണങ്ങളും പാത്രങ്ങളും അന്യ രുടെ കൈവശമായിക്കഴിഞ്ഞു. കാക്കൂർ വില്ലേജിലെ മാത്തോട്ടം ഭഗവതികാവിൽ നേർച്ചയായി ലഭിച്ച സ്വർണ്ണത്തിന്റെ 'പാളയും കയറും' ഇന്ന് എവിടെയെന്നറിയില്ല. ഈ കാവിന്റെ ഭരണസമിതി യിൽ കരിമ്പാലന്മാരുടെ സാന്നിദ്ധ്യം പരിമിതമാണ്. അർദ്ധരാത്രി കോമരം തുള്ളി ഘോരവനാന്തരങ്ങളിൽപോയി ഇഞ്ചമുള്ള് പറിച്ച് കൊണ്ടുവരാനും ഭഗവതികോമരമാടി തലവെട്ടിപ്പൊളിക്കാനും കരി മ്പാലൻ തന്നെ വേണം. ഇവർക്ക് ലഭിക്കുന്നത് തുച്ഛമായ പണവും അല്പം മദ്യവും മാത്രം. കാവുകളിലെ മിക്ക ചടങ്ങുകൾക്കും മ ദ്യം ഒരു പ്രധാന ഘടകമാണ്. ഉത്സവചടങ്ങുമായി ബന്ധപ്പെടുന്ന കുട്ടികൾ പലരും പിന്നീട് മദ്യത്തിനടിമയാകുന്ന അവസ്ഥയാണു ള്ളത്. കരിമ്പാലൻ സമുദായത്തിലെ അപൂർവ്വം ആൺകുട്ടികൾ മാത്രമാണ് വിദ്യാഭ്യാസപരമായി ഉയർന്നത്. ബഹുഭൂരിപക്ഷവും മിനിമം പത്താംക്ലാസ് കഴിഞ്ഞാൽ വല്ല തൊഴിലുമായി ബന്ധപ്പെട്ട് കഴിയാനാഗ്രഹിക്കുന്നു. കാവുകളുമായി ബന്ധമുണ്ടെങ്കിൽ ഉറപ്പി ക്കാം അവൻ ഒരു മദ്യപാനികൂടിയാവും. ഈ പ്രവണതക്കെതിരെ സമുദായ സംഘടനകളും സാംസ്കാരിക സംഘടനകളും ഇടപെ ടാറുണ്ടെങ്കിലും എല്ലാം മറികടന്ന് ഈ പ്രവണത തുടരുക തന്നെ

യാണ്. കുറച്ചുകൂടി ഭേദം പെൺകുട്ടികളാണ് വിദ്യാഭ്യാസപരമായി ഉയരാൻ കാര്യമായ ശ്രമം നടക്കുന്നുണ്ട്.

അനുഷ്ഠാനകലകളിൽ പ്രധാനപ്പെട്ട ഒന്നാണ് 'ദൈവത്തിന്റെ കളി'. കരിയാത്തൻ, കൂതാടി, കയരൻ, കരിവില്ലി എന്നിങ്ങനെ ഒട്ടേറെ തെയ്യങ്ങൾ കെട്ടിയാടുന്നതിന് മുമ്പായി വരവേല്പ് എന്ന രീതിയിൽ 'ദൈവത്തിന്റെ കളി' നടത്താറുണ്ട്.

കാവുകളിലെ ആരാധനാചടങ്ങുകളുമായി ബന്ധപ്പെട്ട ഒരു പാട്ടാണിത്.

*തൂവേരികോട്ട മേക്കോട്ട*
*തൂവേരികോട്ട കീഴ്ക്കോട്ട*
*വാഴ്ക വരികേ എന്റെ തമ്പുരാനേ*
*തൂവേരി കോട്ടയിൽ മുത്തപ്പായി–*
*നാൽപത്തിരണ്ട് കാതം വയലുണ്ടേന്ന്*
*അമ്പത്തിരണ്ട് ദേശം വനമുണ്ടെല്ലോന്ന്*
*പാടി അടക്കം തന്നെ കാണുന്നുണ്ടല്ലോ*
*തൂവേരി കോട്ടയിൽ മുത്തപ്പായിക്ക്*

–എന്നു തുടങ്ങുന്ന അഞ്ചടിപ്പാട്ടിൽ അനേകം വരികളുണ്ട്.

ഓരോ തെയ്യക്കോലങ്ങൾ പുറപ്പെട്ടുവരുന്നതിന് മുന്നോടിയായി ആ ദൈവങ്ങളുടെ ഉൽപത്തിചരിത്രം വിളിച്ചോതുന്ന പാട്ടുകൾ പാടി 'ദൈവത്തിന്റെ കളി' എന്ന അനുഷ്ഠാന ചടങ്ങ് നടത്തും. കരിയാത്തൻ, കാവിൽ കരിയാത്തൻ, വാണാല കരിയാത്തൻ, തമ്പുരാൻ എന്നിങ്ങനെ വിവിധ പേരുകളിൽ കിരാതനെ അറിയപ്പെടുന്നുണ്ട്.വാണാല കരിയാത്തന്റെ തെയ്യക്കോലത്തെ വരവേല്ക്കാനായി കാവുകളിൽ നടത്തുന്ന ദൈവത്തിന്റെ കളിയിൽ പാടുന്ന ഒരു പാട്ട് ചുവടെ കൊടുക്കുന്നു.

*വാണാലക്കോട്ട മതിലകത്ത്*
*വാണാലക്കന്ന്യെന്ന മാതാവാണേ*
*പൊട്ടിജനിച്ചിട്ടുദയം ചെയ്ത്*
*താനിണിഞ്ഞുള്ളോരെളവെള്ളാട്ടി*
*അങ്ങനെയിരിക്കുന്ന കാലത്താണ്*
*വാണാലക്കോട്ട മതിലകത്ത്*
*അരയിൽക്കെട്ടുള്ളോരരിയുംതോന്നി*
*ചെപ്പിൽമുളച്ചോരു പൊന്നുംതോന്നി*
*അങ്ങനെയിരിക്കുന്ന കാലത്താണ്*
*വാണാലക്കോട്ട മതിലകത്ത്*
*കരിങ്കമാടം വരംതോന്നുന്നേ*

പൊന്നും ശ്രീപീഠം വരം തോന്നുന്നേ
കരിങ്കമാടം പടിഞ്ഞാറ്റേല്
പൊന്നും ശ്രീപീഠം വരം തോന്നുന്നേ
വാണാലക്കന്യെന്ന മാതാവാണേ
മനദുഃഖപ്പാടാലിരിക്കുന്നല്ലോ
അന്നോരുനേരം ചോദിക്കുന്നേ
താനിണിഞ്ഞുള്ളോരെളവെള്ളാട്ടി
എന്തൊരു മനദുഃഖപ്പാടുപോലെ
വാണാലക്കന്യെന്ന മാതാവിന്
അന്നേരംതന്നെ പറയുന്നല്ലോ
വാണാലക്കന്യെന്ന മാതാവാണേ
വാണാലക്കോട്ട പടിഞ്ഞാറ്റേല്
പാണ്ഡ്യൻപടയും വരവുണ്ടെന്ന്
പാണ്ഡ്യൻ വനവില്ലെടുക്കുവാനും
പാണ്ഡ്യൻ പടയെ തുരത്തുവാനും
നാടടക്കിഭരിക്കുവാനും
കോട്ടയാക്കി പീഠംവെക്കുവാനും
പീഠവുംവെച്ചിട്ടരയിരിക്കാനും
അഴകിയൊരു തിരുമകനില്ലായെന്ന്
അന്നേരം തന്നെ പറയുന്നല്ലോ
താനിണിഞ്ഞുള്ളോരെളവെള്ളാട്ടി
അതിനുംകഴിവുണ്ട് മാതാവേന്ന്
പൂവോരം പോകണം വഴിപോകണം
കിഴക്കില്ലത്ത് ചൂതാടൻ പാറയ്ക്കാണേ
കിഴക്കില്ലത്ത് ചൂതാടൻ പാറയില്
നാലുണ്ണി ഭഗവാന്മാർ യോഗംകൂടി
ചൂത്, ചതുരംഗം കളിയുണ്ടല്ലോ
പാലും പഴത്താലെ കാഴ്ചപോയി
ഉണ്ണിത്തിരുവരം വാങ്ങവേണം
അതുതന്നെ കേട്ടൊരു മാതാവാണെ
തന്റെ പടിഞ്ഞാറ്റ അകം കടന്ന്
മേലുറിയിൽ കെട്ടിവെച്ചോരെണ്ണപ്പാനി
കീഴിലും കീഴോട്ടിറക്കിവെച്ച്
നല്ലെള്ളിന്റെണ്ണ തിരുമുടിക്കും
കാരെള്ളിന്റെണ്ണ തിരുമേനിക്കും
കണക്ക് കണ്ടിട്ടണ്ണയെടുക്കുന്നല്ലോ
ഏറിയനെപോലങ്ങ് എണ്ണയിലാടി

*അതുതന്നെ കാണുന്നെളവെള്ളാട്ടി
താളിയും വാകയും ചീനിക്കയും
ഒന്നിച്ചെടുത്തങ്ങ് ശേഖരിച്ച്
നീരാട്ടുളിക്കായി വഴിപോരുന്നേ
വാണാലക്കന്യെന്ന മാതാവാണേ
കിഴക്ക് വാക്ക കരിഞ്ചിറക്കി
നീരാട്ടുളിക്കായി വഴിപോകുന്നേ
കിഴക്ക് വാക്ക കരിഞ്ചിറക്കി
താളിവെക്കുംകല്ലുമ്മേ താളിവെച്ച്
താളിയരച്ച് കുറുമ്പരിച്ച്
വാകവെക്കും കല്ലുമ്മേ വാകവെച്ച്
അരയോളം നീറ്റിലിറങ്ങീട്ടാണ്
ഗംഗയുണർത്തീട്ട് നീരാടുന്നേ
താളിയും തേച്ച് മെഴുക്കിളക്കി
വാകയും തേച്ച് ചേറുരുട്ടി
ചീനിക്ക വേച്ച് നിറംവരുത്തി
വാണാലക്കന്യെന്ന മാതാവാണേ
നീരാട്ടുളിയും കഴിഞ്ഞിട്ടാണേ
തൃക്കൈയിൽ ജലംമുക്കി കണ്ണടച്ച്
സൂര്യഭഗവാന് വെള്ളം ചാർത്തി
കണ്ണും തുറന്നങ്ങ് നോക്കിയനേരം
തിരുമുമ്പിൽതന്നെയും കാണുന്നുണ്ട്
നാല്പത്തിരണ്ടമ്മ ഭഗവതിമാരെ
അന്നേരം തന്നല്ലേ ചോദിക്കുന്നു
നാല്പത്തിരണ്ടമ്മ ഭഗവതിമാരെ
എന്തിനായുള്ളോരു ഭജനമിത്
അന്നേരം തന്നെ പറയുന്നുണ്ട്
വാണാലക്കന്യെന്ന മാതാവാണേ
നാടടക്കി പീഠംവെക്കാനും
പീഠംവെച്ചിട്ടരയിരിക്കാനും
അഴകിയ തിരുമകനില്ലായല്ലോ
പിള്ളവായ് കൂറ്റൊന്ന് കേക്കുവാനും
ഉണ്ണിക്കാൽച്ചോടൊന്ന് കാണുവാനും
ഏറിയമനസ്സുമുണ്ടൊന്നെനിക്ക്
അന്നേരം തന്നെ പറയുന്നുണ്ട്
നാല്പത്തിരണ്ടമ്മ ഭഗവതിമാരും
അങ്ങേക്ക് പുത്രൻ ജനിച്ചാലാണ്*

ഇരുട്ടും വെളിച്ചവുമില്ലാണ്ടാക്കും
ഞങ്ങടെ ഇരിപ്പിടമിളക്കുമവൻ
അന്നേരം തന്നെ പറയുന്നുണ്ട്
വാണാലക്കന്യെന്ന മാതാവാണേ
അമ്മയ്ക്കിരിക്കാൻ സ്ഥലം തര ഞാനേ
അന്നേരം തന്നെ പറയുന്നല്ലോ
നാല്പത്തിരണ്ടമ്മ ഭഗവതിമാരും
പൂവോരം പോണം വഴിപോകണം
കിഴക്കില്ലം ചൂതാടും പാറയ്ക്കാണേ
കരിങ്കത്തിരുഭഗവാൻ നല്ലച്ഛനും
വിഷ്ണു തിരുഭഗവാൻ നല്ലച്ഛനും
സൂര്യതിരുഭഗവാൻ നല്ലച്ഛനും
ചന്ദ്രനുണ്ണിഭഗവാനും ഒത്തൂകൂടി
ചൂത് ചതുരംഗം കളിക്കുന്നുണ്ട്
പാലുംപഴത്താലത് കാഴ്ചപോയി
ഉണ്ണിത്തിരുവരം വാങ്ങവേണം
നീരാട്ടുളിയും കഴിഞ്ഞിട്ടാണേ
വാണാലക്കന്യെന്ന മാതാവല്ലോ
വാണാലക്കോട്ടയ്ക്ക് വഴിപോകുന്നേ
തന്റെ പടിഞ്ഞാറ്റകം കടന്ന്
വെള്ളോട്ട് മണിക്കിണ്ടിയൊന്നെടുത്ത്
കറുക്കനെതേച്ച് നിറംവരുത്തി
കിഴക്കനാം തൊഴുത്തിന് വഴിപോന്നിട്ട്
നാഴിക്ക് മുന്നാഴി പാൽ കറന്ന്
നാലാം പടിഞ്ഞാറ്റ കടക്കുന്നല്ലോ
വാണാലക്കന്യെന്ന മാതാവാണേ
വെള്ള കദളിക്കുല ഒന്നെടുത്ത്
കിഴക്കുംപടിപ്പുര വഴിയിറങ്ങി
പാലുംപഴത്താലെ വഴിപോരുന്നേ
കിഴക്കുണ്ണിച്ചൂതാടും പാറയ്ക്കല്ലോ
ആളില്ലാ നല്ലോരരിവനത്തൂടെ
മുള്ളില്ലാ നല്ലോരു പൂഞ്ചോലേല്
ഏകാകിയായും വഴിപോരുന്നേ
വാണാലക്കന്യെന്ന് മാതാവാണേ
ആളറിയാത്തൊരു പെരുയോഗീനെ
പെരുവഴിയിൽത്തന്നെയും കാണുന്നല്ലോ
യോഗിയോട് വഴിയൊന്ന് ചോദിക്കുന്നെ

ഇവിടുന്ന് വഴിപോയാലാണ് പെണ്ണേ
നാല്കടവും കടക്കണല്ലോ
നാല് കടവും കടന്നാലാണേ
കിഴക്കില്ലം ചൂതാടും പാറകാണാം
ആനയിറങ്ങും കടവിന് ചെല്ലുന്നേരം
പേടിക്കവേണ്ട ഭയപ്പെടേണ്ട
കാട്ടാനക്കൂട്ടം തുണയിരിക്കും.
കരടിയിറങ്ങും കടവിന് ചെല്ലുന്നേരം
പേടിക്കവേണ്ട ഭയപ്പെടേണ്ട
കരിമ്പുലിക്കൂട്ടം തുണയിരിക്കും.
കരിമ്പുലിയിറങ്ങും കടവിന് ചെല്ലുന്നേരം
പേടിക്കവേണ്ട ഭയപ്പെടേണ്ട
കാട്ടിക്കൂട്ടം തുണയിരിക്കും.
ആളിറങ്ങും കടവിന് ചെല്ലുന്നേരം
പേടിക്കവേണ്ട ഭയപ്പെടേണ്ട
അതുതാനേ കേട്ടോരു മാതാവാണെ
നാല് കടവും കടക്കുന്നല്ലോ
കിഴക്കില്ലം ചൂതാടുംപാറയിലെത്തി
കൈനഖം കൂടാതെ പൂനുള്ളീട്ട്
നാരുകൂടാതെ മാലകോർത്ത്
പൂക്കളം തന്നെയും തീർക്കുന്നല്ലോ
പാലുംപഴവും കാഴ്ചവെച്ച്
നാല്പത്തിരണ്ടടി വാങ്ങിനിന്ന്
ചിനങ്ങികുരച്ച് ഉരിയാട്ട് കേൾപ്പിക്കുന്നേ
അന്നോരുനേരം ചോദിക്കുന്നു
കരങ്കത്തിരുഭഗവാൻ നല്ലച്ഛനും
ആരിപ്പം പാലും പഴവും കാഴ്ചവെച്ചെന്ന്
അന്നേരം തന്നെ പറയുന്നുണ്ട്
വിഷ്ണുഭഗവാനെന്ന നല്ലച്ഛനും
വാണാലക്കന്യെന്ന മാതാവാണേ
ഉണ്ണിത്തിരുവരം വേണംപോലെ
അതിനായിട്ടുള്ളോരു കാഴ്ചയാണേ
പൊന്നാലെ പൊൻകരു എടുക്കുന്നല്ലോ
കരങ്കത്തിരുഭഗവാൻ നല്ലച്ഛനും
മാറോടടുക്കി പിടിക്കുന്നല്ലോ
വാണാലക്കന്യെന്ന മാതാവിനേ
നാലാം പടിഞ്ഞാറ്റേ കൊണ്ടുപോയി

*അടിച്ചും കുടഞ്ഞും തിരിവെച്ചിട്ട്*
*പൊന്നും താലത്തിൽ പൊൻകരുവെച്ച്*
*വെള്ളിത്താലംകൊണ്ട് മൂടിക്കോന്ന്*
*വാതിലടച്ച് ഭജനമിരുന്നോ*
*നാല്പത്തിയൊന്ന് ദിവസത്തോളം*
*പൊൻകരു വാങ്ങി വഴിപോരുന്നേ*
*വാണാലക്കന്യെന്ന മാതാവാണേ*
*തന്റെ പടിഞ്ഞാറ്റകം കടന്ന്*
*അടിച്ചു കുടഞ്ഞ് തിരിവെക്കുന്ന്*
*പൊന്നുംതാലത്താലൊന്നെടുത്ത്*
*പൊൻകരു താലത്തിൽ വെക്കുന്നല്ലോ*
*വെള്ളിത്താലത്താലടച്ചുമൂടി*
*വാതിലടച്ച് ഭജനയിരിക്കുന്നേ*
*നല്പത്തിയൊന്ന് ദിവസത്തോളം*
*നല്പത്തി രണ്ടാം ദിവസത്തില്*
*പാതിര പതിനാറാം നാഴികക്ക്*
*പൊൻകരു പൊട്ടീട്ടുദയം ചെയ്ത്*
*വാണാലവാഴും പൈതലാണ്*
*പിള്ളക്കരച്ചില് കേട്ടനേരം*
*പൈതലിനെ ചെന്നിട്ടെടുക്കുന്നല്ലോ*
*വാണാലക്കന്യെന്ന മാതാവാണേ*

## ഉപസംഹാരം

നേരത്തെ സൂചിപ്പിച്ചതുപോലെ ഓരോ ദൈവങ്ങൾക്കും ആരാധനാമൂർത്തികൾക്കും വ്യത്യസ്തമായ ചടങ്ങുകളുമാണുള്ളത്. ഇത് വളരെ ആഴത്തിൽ പഠനവിഷയമാക്കേണ്ട വസ്തുതയാണ്. ഇതോടൊപ്പം ചേർത്തിരിക്കുന്ന വരികൾ പൂർണ്ണമാണെന്നവകാശപ്പെടുന്നില്ല. ദൈവങ്ങളുടെ ഉല്പത്തിചരിത്രം വിളിച്ചോതുന്ന ഒട്ടേറെ കാവ്യങ്ങളുണ്ട്. അതെല്ലാം ശേഖരിക്കുക ശ്രമകരവുമാണ്. ഇത്രയും ചെയ്യാൻ കഴിഞ്ഞത് കോഴിക്കോട് ജില്ലയിലെ നരിക്കുനിയിൽ രോഗബാധിതനായി കിടക്കുന്ന കെ.പി. ബാലൻ എന്ന റിട്ടയേർഡ് പോലീസുകാരൻ സഹായിച്ചതിനാലാണ്. അരികുവത്കരിക്കപ്പെടുന്ന ആദിമ സമൂഹത്തിന്റെ അന്തരാളങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന മൊഴിമുത്തുകൾ പൊടി തട്ടിയെടുക്കുന്നതിന് കൊടുങ്കാറ്റുയർത്തുന്ന കിർത്താഡ്സിന്റെ ശ്രമങ്ങളിൽ ഒരു തെന്നലായി ഈ ആദിവാസി സുഹൃത്തുമുണ്ടാകും.

# 2

# മുതുവാൻ സമുദായത്തിന്റെ ആചാരനുഷ്ഠാനങ്ങൾ, കലകൾ

*സി. രാജേന്ദ്രൻ*

## ആമുഖം

കേരളം സംസ്കാര സമ്പന്നവും കലകൾക്ക് പേരുകേട്ട നാടുമാണ്. അതിൽതന്നെ ആദിവാസികളുടെ തനതു കലകൾ വേറിട്ടു നിൽക്കുന്നു. 37 ആദിവാസി വിഭാഗങ്ങൾ ഉള്ള കേരളത്തിൽ തങ്ങളുടേതായ കലകളെ സംരക്ഷിച്ചു നിർത്തിയിരിക്കുന്ന കുറച്ചു വിഭാഗം മാത്രമേ കേരളത്തിൽ ഇപ്പോഴുള്ളൂ. അതിൽ തന്നെ പലതും ശോഷിച്ചു കൊണ്ടിരിക്കുകയും ചിലത് മൺമറഞ്ഞു പോവുകയും ചെയ്തു. കേരളത്തിന്റെ ജനസംഖ്യയിൽ വെറും 1.4% മാത്രം പ്രതിധാനം ചെയ്യുന്ന ആദിവാസി ജനസമൂഹങ്ങളിൽ പലതും ആചാരാനുഷ്ഠാന കലകളിൽ നിന്നും പിൻ വാങ്ങുകയോ അതിന്റെ എന്നെന്നേക്കുമായുള്ള നാശത്തിനോ കാരണമാവുകയോ ചെയ്തിരിക്കുന്നു. ഈ കുറഞ്ഞ ജനസംഖ്യയിൽ തന്നെ പല സമുദായക്കാരും തങ്ങളുടെ കലകളെ ആധുനികതയുടെ പോരോട്ടത്തിനിടയിലും മുറുകെ പിടിച്ചിരിക്കുന്നു. സന്നദ്ധ സംഘടനകളും കിർടാഡ്സ് പോലുള്ള സർക്കാർ സ്ഥാപനങ്ങളും ഇത്തരം പ്രവർത്തനങ്ങളെ പരിപാഷിപ്പിക്കുവാൻ ശ്രമങ്ങൾ നടത്തുന്നത് പ്രശംസനീയമാണ്. ഇത്തരം ഉദ്യമങ്ങൾ ഇനിയും ഉണ്ടാകുന്നത് ജീർണ്ണിച്ചു തുടങ്ങിയ സംസ്കാരത്തിന്റെ പുനരുജ്ജീവനവും ഒരു കലയുടെ വീണ്ടെടുപ്പുമാണ്.

കലകളും ആചാരങ്ങളും ആ സമുദായത്തിന്റെ നട്ടെല്ലാണ്. അവ അവരെ ഒരുമിപ്പിക്കുന്നു, സന്തോഷിപ്പിക്കുന്നു. മുൻകാല ജീവിതങ്ങളെ സ്മരിപ്പിക്കുന്നു. ചരിത്രപരമായ തങ്ങളുടെ നിർണയത്തിന് കലയും ആചാര അനുഷ്ടാനങ്ങളും ഒരു സമൂഹത്തെ എന്നും സഹായിക്കുന്നു. അവരെ ഒരേ ചരടിൽ കോർത്തിടുന്നു. കാലത്തിന്റെ മാറ്റങ്ങൾക്ക് അതീതമായി അവയെ സംരക്ഷിച്ചു നിർത്തുക എന്നുള്ളത് ഇന്ന് ഒരു വെല്ലുവിളിയാണ്. വിദ്യാഭ്യാസപരമായ മുന്നേറ്റവും കൃത്യതയില്ലാത്ത പദ്ധതികളും ആധുനിക സാങ്കേതിക

വിദ്യകളുടെ കടന്നുവരവും മറ്റും സംസ്കാരത്തിന്റെ ശോഷണ ത്തിനു കാരണമായിട്ടുണ്ട്. ആധുനികതയുടെ ഈ യാന്ത്രികതക ളിൽ നിന്ന് ഗോത്രജനതയെയും കലകളെയും സംരക്ഷിക്കുന്നതും എന്നത്തെയും പോലെ നിലനിർത്തുന്നതിനും കൂട്ടായ പരിശ്രമം ആവശ്യമാണ്.

ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പഞ്ചോല, എറണാകുളം ജില്ലയിലെ കുട്ടമ്പുഴ എന്നീ പ്രദേശങ്ങളിലാണ് ഈ സമുദായക്കാർ കൂടുതലായും അധിവസിക്കുന്നത്. ഇന്നും തങ്ങളുടേതായ തനതു സംസ്കാരത്തോടു കൂടിയാണ് ചിട്ടകൾ എങ്കിലും തങ്ങളുടേതായ കലകളെയും ആചാരാനുഷ്ഠാങ്ങളേയും കാലാന്തരത്തിൽ തങ്ങ ളുടെ ജീവിത മാറ്റത്തിനനുസരിച്ച് മാറ്റുവാനാണ് ഇവരുടെ ശ്രമം. കൃഷിയും കന്നുകാലി വളർത്തലുമാണ് പ്രധാന വരുമാന മാർഗം. പ്രധാന കലകൾ എല്ലാം തന്നെയും ശോഷിച്ചുകൊണ്ടിരിക്കുന്നു. ആചാരാനുഷ്ഠാനങ്ങളിൽ പലതും ഇല്ലാതാവുകയോ അവയ്ക്ക് വലിയ മാറ്റം വരുകയോ ചെയ്തിട്ടുണ്ട്. ഇത് അവരുടെ സംസ്കാ രത്തിനും കെട്ടുറപ്പിനും ജീവിതത്തിനു തന്നെയും വലിയ ദോഷം ചെയ്യും. വ്യത്യസ്തത പുലർത്തുന്ന സംസ്കാരവും കലകളുമുള്ള വരാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് 'ആദിവാസികൾ'ക്ക് പ്രത്യേക പരിഗണന നൽകുന്നത്. കാലങ്ങളായി അവർ അനുഷ്ഠി ച്ചുപോരുന്ന ആചാരാനുഷ്ഠാനങ്ങളോ കലയോ സംസ്കാരമോ ഇല്ലെങ്കിൽ 'ആദിവാസികൾ' എന്ന നിർണയം അസാധ്യമായി തീരും.

## മുതുവാൻ സമുദായത്തിന്റെ ആചാരനുഷ്ഠാനങ്ങൾ

ഇന്നത്തെ ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് ചെറിയ ചെറി യ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും ആചാരാനുഷ്ഠാനങ്ങളിൽ ശ്രദ്ധ ചെലുത്തുന്ന ഒരു വിഭാഗമാണ് മുതുവാൻ. ഇന്നും അസുഖം വന്നാ ലോ മറ്റെന്തെങ്കിലും പറ്റിയാലോ മന്ത്രവാദത്തെ ആശ്രയിക്കുന്നവർ ഇപ്പോഴുമുണ്ട്. അതു കഴിഞ്ഞു മാത്രമേ ഇന്നത്തെ ആശുപത്രികളി ലേക്ക് പോകാറുള്ളൂ. മാരകമായ അസുഖങ്ങൾക്കും ചികിത്സയുടെ തുടക്കവും ഒടുക്കവും മന്ത്രവാദത്തിലാണ്. ആഭിചാര കർമങ്ങളെ ബലമായി വിശ്വസിക്കുകയും അതിനെ ഭയപ്പെടുകയും ചെയ്യുന്നു ഇവർ. മാസമുറക്കാലത്ത് സ്ത്രീയുടെ സാമീപ്യം പല ദോഷങ്ങൾ ക്കും ദൈവ കോപത്തിനും ഇടയാക്കുമെന്നും അതിനാൽ മാസമു റക്കാലത്ത് സ്ത്രീകൾ 'തിണ്ണവീട്' എന്ന വീട്ടിൽ നാല് ദിവസം താ മസിക്കുന്നു. നാല് ദിവസം കഴിഞ്ഞ് സ്വന്തം വീട്ടിൽ വന്ന് വീണ്ടും ഒരു നാല് ദിവസം ആകാതെ അമ്പലമുറ്റത്തോ അതിന് അരികിൽ പോലുമോ കുടിയിൽ നിന്ന് അകലെ പോകുവാനോ സാധ്യമല്ല.

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഇവർ പെൺ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ വളരെ പിന്നോക്കമാണ്.

സമുദായത്തിന്റെ ശിഥിലീകരണം കണക്കിലെടുത്താവണം അനിയന്ത്രിതമായ തെറ്റുചെയ്താലോ ഗ്രാമത്തിനോ സമുദായ ത്തിനെതിരെയോ ഉപദ്രവകരമായേ എന്തെങ്കിലും ചെയ്താലോ 'ഭ്രഷ്ട്' എന്ന സമ്പ്രദായം നിലവിലുണ്ട്. ജാതിക്കു പുറത്ത് വിവാഹം കഴിക്കുന്നതിൽ കർശനമായ 'ഭ്രഷ്ട്' നിയമമാണ് ഉള്ളത്. സമുദാ യത്തിൽ നിന്ന് ഒറ്റപ്പെട്ട് ഒരു സാധനങ്ങളുടെ കൈമാറ്റം പോലും ആരുമായും ഈ കാലയളവിൽ ഉണ്ടാവാൻ പാടില്ല.

ഉണ്ടായാൽ അവർക്കും ഇതേ ശിക്ഷ തന്നെ. പക്ഷെ ഇന്ന് പണ വും പദവിയും ഒക്കെ നോക്കി ഇതിന്റെ ശിക്ഷണ രീതികളിൽ വ ലിയ ഇളവുകൾ ഉണ്ടായിട്ടുണ്ട്.

## പഞ്ചായം

ഊരിലെ രണ്ടു കക്ഷികൾ തമ്മിലുള്ള പ്രശ്നങ്ങൾ 'പഞ്ചായം' എന്ന സമ്പ്രദായത്തിലൂടെയാണ് തീർപ്പാകുന്നത്. കുറ്റത്തിന്റെ സ്വ ഭാവമനുസരിച്ചാണ് ശിക്ഷാരീതികൾ. ഗുരുതരമല്ലാത്ത കുറ്റങ്ങൾക്ക് തുടക്കത്തിൽ താക്കീതു മാത്രമാണ് നൽകാറുള്ളത്.

## സത്രം

സത്രം ഒരു വിശ്രമ കേന്ദ്രവും ഒപ്പം ഒരു ഊരിന്റെ അഭിമാനവു മാണ്. അഞ്ച് വയസ്സു മുതലുള്ള ആൺ കുട്ടികൾ, മുത്തച്ഛൻമാർ തുടങ്ങിയവർ, ഊരിലെ അവിവാഹിതരായ ചെറുപ്പക്കാർ മുതലാ യവർ ഇവിടെയാണ് രാത്രി ഉറങ്ങാൻ ഒത്തു ചേരുന്നത്. സമുദായ ത്തിന്റെ ചിട്ടകളും നിയമ വ്യവസ്ഥകളും തലമുറകൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നത് ഇവിടെ വച്ചാണ്. കുട്ടികളും 'ഇഴന്താരികൾ', അ വിവാഹിതരായ 'ഉറുമാൽകെട്ട്' എന്ന ചടങ്ങ് കഴിഞ്ഞുവരുമാണ് സത്രത്തിന്റെ നിയന്ത്രണത്തിലുള്ളവർ. സത്രത്തിലെ എല്ലാ കാ ര്യങ്ങളും ഇവർ നോക്കണം. അടുത്ത ഗ്രാമത്തിൽ നിന്നോ മറ്റോ ആരെങ്കിലും വന്നിട്ടുണ്ടെങ്കിൽ അവരെ പരിചരിക്കേണ്ടത് ഊരി ലെ ഇഴന്താരികളുടെ കർത്തവ്യമാണ്. സത്രത്തിൽ 'വിസാരണ' (വിചാരണ) എന്ന ഒരു നടപ്പു രീതിയുണ്ട്. ആഴ്ചയിലൊരിക്കൽ ഊരിലെ സത്രത്തിൽ വരുന്ന എല്ലാ കുട്ടികളെയും നിർത്തി ഒരാ ഴ്ച അവർക്ക് ഊരിലും സത്രത്തിലും ഏൽപ്പിച്ചിട്ടുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നും ഒരു വിധത്തിലുമുള്ള തെറ്റുകൾ ചെയ്തിട്ടി ല്ലെന്നും ഉറപ്പു വരുത്തും. തങ്ങളെ 'ഇഴന്താരികൾ' ഏല്പിക്കുന്ന കാര്യങ്ങൾ ചെയ്തിട്ടില്ലെങ്കിൽ ശിക്ഷയും ഉണ്ട്. ഊരിലെ ഉത്സവം, മരണാനന്തര ചടങ്ങുകൾ, മറ്റു ചടങ്ങുകൾ എന്നിവയ്ക്കെല്ലാം ഒരു

നേതൃത്വം നൽകുന്നത് കുട്ടികളും ഇഴന്താരികളുമാണ്.

'കാണി' ആണ് സമുദായത്തിന്റെ ഊരിലെ നേതാവ്. എല്ലാ ഊരുകൾക്കും ഒരു കാണി, അദ്ദേഹത്തിന്റെ കീഴിൽ 'തലൈവർ' അമ്പലത്തിലെ കാര്യങ്ങൾക്കും പൂജാദി കർമ്മങ്ങൾക്കും ഒരു 'പൂജാരി' എന്നിവർ സമുദായത്തിന്റെ ഉന്നത പദവി അലങ്കരിക്കുന്നവരാണ്.

ആരെങ്കിലും മരണപ്പെട്ടാലോ മറ്റോ വളരെ ഭയപ്പാടോടെ ആണ് ഈ മരണാനന്തര കർമ്മങ്ങൾ ചെയ്യുന്നത്. മന്ത്രവാദവും മറ്റും അറിയുന്നവരും പേടി അല്പം പോലും ഇല്ലാത്തവരും ഭൂതപ്രേതാദികളിൽ ഭയം ഇല്ലാത്തവരും ആണ് ഈ ചടങ്ങുകൾക്ക് മുൻപിൽ നിൽക്കാറുള്ളത്. അടക്കം കഴിഞ്ഞാൽ പിറ്റേന്ന് 'സാറ്റ്' എന്നു പറയുന്ന സമ്പ്രദായമാണ്. മരണപ്പെട്ടവരുടെ 'കാരണവൻമാർ' ആയിരിക്കും നേതൃത്വം നൽകുക. രാവിലെ ഒരു സാറ്റും വൈകീട്ട് ഗ്രാമത്തിലെ എല്ലാവർക്കും ഭക്ഷണം നൽകിയുമാണ് ഇത് നടത്തുക. 16 ദിവസം കഴിയുമ്പോൾ വീണ്ടും ഒരു സാറ്റ് കഴിയുന്നതോടെ ആത്മാവിനു ശാന്തി കിട്ടുമെന്ന് വിശ്വസിക്കപ്പെടുന്നു.

മുതുവാൻ സമുദായം തന്നെ പല വിഭാഗങ്ങളായും ഉപവിഭാഗമായും തരം തിരിക്കപ്പെട്ടിട്ടുണ്ട്. അത് നോക്കിയാണ് ബന്ധം, വിവാഹം മുതലായവ തെരഞ്ഞെടുക്കപ്പെടുന്നത്.ഇങ്ങനെ ആചാരാനുഷ്ഠനങ്ങൾ കൊണ്ട് സമ്പന്നമാണ് മുതാവാൻ സമുദായം. പല ആചാരാനുഷ്ഠാനങ്ങളുടെയും ചുവടു പിടിച്ചാണ് പല കലകളും രൂപപ്പെട്ടിട്ടുള്ളതും അവ നിലനിൽക്കുന്നതും.

## ആചാരങ്ങളുമായി ബന്ധമുള്ള കലകൾ

**1. ആശപാട്ട്**

'തണ്ണിയല', 'കൊണ്ടകെട്ട്' എന്നീ രണ്ടു ചടങ്ങുകൾ പെൺകുട്ടികൾക്ക് ഒരു പ്രായമെത്തിയാൽ ആഘോഷിക്കപ്പെടുന്നു. ഏകദേശം ജീവിതത്തിലെ ആദ്യത്തെ മാസമുറ അടുക്കുന്നു എന്ന പ്രായമെത്തിയാൽ മുടി കെട്ടി വയ്ക്കണം. അത് കഴിഞ്ഞാൽ സാരി ആയിരിക്കും പ്രധാന വേഷം. ആദ്യത്തെ മാസമുറയിലാണ് 'തണ്ണിയല'. അന്ന്മാതാപിതാക്കൾ ഗ്രാമത്തിന് വിരുന്നൂട്ടണം. ഈ ആഘോഷങ്ങൾക്കിടയ്ക്ക് പെൺകുട്ടികളുടെ സൗന്ദര്യ സ്വഭാവ സവിശേഷതകൾ വർണ്ണിച്ചുകൊണ്ട് പാടുന്ന പാട്ടുകളാണ് 'ആശ പാട്ടുകൾ' പണ്ടുകാലങ്ങളിൽ ഈ പാട്ടിന് മറുപടിയായി ഈ പെൺകുട്ടിയുടെ മുറ ചെറുക്കന്റെ തോഴൻമാരും പാടിയിരുന്നു.

**2. പൊങ്കൽ**

പൊങ്കൽ ഒരു ഉത്സവമാണ്. 7 ദിവസം നീണ്ടു നിൽക്കുന്ന ഉത്സവം. പല അനുഷ്ഠാന കലകളും പൊങ്കിന് ഉണ്ട്. 'താതന്മാർ'

(കോമാളികൾ) ആണ് മിക്കവാറും ഇവ നടത്താറുള്ളത്. ഇഷ്ടദേവകൾക്ക് ബലിയർപ്പിക്കലും അന്നദാനവും പലതരം നേർച്ചകളും ഇതിനിടയിൽ ഉണ്ട്. പൊങ്കലിന് ഇടയ്ക്ക് മാത്രം അവതരിപ്പിക്കുന്ന കലകളാണ് കാവടിയാട്ടം, കോയാട്ടം, മാനാട്ടം, മയിലാട്ടം, കളരിയാട്ടം എന്നിവ.

**3. കാവടിയാട്ടം**

കാവടി പ്രധാനമായും 'മുരുകൻ' എന്ന ഹൈന്ദവ ദൈവത്തിനു വേണ്ടിയാണ് എടുക്കാറുള്ളത്. കാവടി ചുമലിലേറ്റി അമ്പലത്തിലും, ഊരിലെ എല്ലാ വീടുകളിലും ഈ കാവടി എടുക്കുന്ന ആൾ ചെല്ലണം. മുരുകന്റെ പ്രതിരൂപമാണ് കാവടി ഏന്തിയിട്ടുള്ള ആൾ. അതിനാൽ വളരെ ഭയ ഭക്തിയോടെയാണ് കാവടിയാട്ടത്തെ സമീപിക്കുന്നത്.

**4. മാനാട്ടം**

മാനിന്റെ വേഷം കെട്ടി പൊങ്കലിന് വീടു വീടാന്തരം കളിക്കുന്ന ഒരു കലയാണിത്. മാനാട്ടത്തിന് അകമ്പടിയായി ഒരു പാപ്പാനും ഒരു വേട്ടക്കാരനും കാണും. മുതാവാൻമാരുടെ വേട്ടയിലുള്ള പ്രാഗത്ഭ്യം വിളിച്ചോതുകയാണ് മാനാട്ടം ചെയ്യുന്നത്. അവസാനം വേട്ടക്കാരൻ മാനിനെ കീഴ്പ്പെടുത്തുന്നതോടെ മാനാട്ടം അവസാനിക്കുന്നു.

**5. മയിലാട്ടം**

ഈറ്റകൊണ്ട് മെടഞ്ഞ് മയിലിന്റെ രൂപം ഉണ്ടാക്കിയാണ് മയിലാട്ടം കളിക്കുന്നത്. പൊങ്കലിനിടയിലെ എല്ലാ കലകളും ദൈവ പ്രീതിക്കുള്ളതോ ദൈവത്തിന്റെ പ്രതിരൂപമോ ആയാണ് അവതരിപ്പിക്കാറുള്ളത്. എല്ലാ വീടുകളും സന്ദർശിച്ചുകൊണ്ട് വീടുകളുടെ മുറ്റത്താണ് ഇത് അവതരിപ്പിക്കുന്നത്.

**6. കളരിയാട്ടം**

പൊങ്കലിന്റെ ഏറ്റവും ഒടുവിൽ അവതരിപ്പിക്കുന്ന പലതരം വേഷം കെട്ടിയുള്ളവരും കോമാളികളും മറ്റും കൂത്ത് രൂപത്തിൽ ചെണ്ട മേളത്തിന് നൃത്തം വയ്ക്കുന്നതോടെ പൊങ്കൽ അവസാനത്തിൽ എത്തുന്നു. ഒരാളുടെ പക്കലുള്ള പൊങ്കൽ ചിലവിനായി നീക്കി വച്ചിരുന്ന കാണിക്ക ഇവരുടെ നടുക്ക് ഇടണം. അതോടെ പൊങ്കൽ അവസാനിക്കുന്നു.

**7. കോയാട്ടം**

പൊങ്കലിന് താതന്മാർ എല്ലാവരും ദേഹം മുഴുവൻ കരി പുരട്ടി ഒരേ കയറാൽ പരസ്പരം ബന്ധിപ്പിച്ച് എല്ലാ വീടുകളും സന്ദർശിക്കുന്നതിനൊപ്പം നൃത്തം ചവിട്ടുന്നു. ഏറ്റവും മുമ്പിൽ കോഴിയെ ഒറ്റക്കടിയിലോ, പിടിയിലോ കൊല്ലാൻ ശേഷിയുള്ള ഒരു നേതാവ് ആയിരിക്കും. ഇദ്ദേഹം കോയിതാതൻ എന്ന് അറിയപ്പെടുന്നു. നേർ

ച്ചയായി കിട്ടുന്ന കോഴിയെ ഇദ്ദേഹം ഇങ്ങനെ ബലിയർപ്പിക്കണം. പൈസയായും കാണിക്ക അർപ്പിക്കാറുണ്ട്.

**8. കൂത്ത്**

കൂത്ത് ആണ് ഇപ്പോൾ നിലവിലുള്ള ഒരു കല. എപ്പോൾ വേണമെങ്കിലും കൂത്ത് അവതരിപ്പക്കാം, കൂത്തിൽ തന്നെ പലതരം വകഭേദങ്ങളുണ്ട്, മാനാട്ട്, കൊറങ്ങാട്ട്, കച്ചിയാട്ട് എന്നിവയാണവ. അതിനനുസരിച്ചുള്ള വാദ്യ ഉപകരണങ്ങൾ വേണമെന്ന് മാത്രം. പൊങ്കലിന് താതന്മാർ ആണ് ഇത് അവതരിപ്പിക്കുക. കൂടാതെ താല്പര്യമുള്ള ആർക്കും കൂത്തിൽ ചേരാവുന്നതാണ്.

## കലകളും ആചാരാനുഷ്ഠാനങ്ങളും നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും

പിന്തുടർച്ചക്കാരില്ലാതെ പോകുന്നു എന്നതാണ് മുതുവാന്മാരിലെ കലകളുടെയും അനുഷ്ഠാനങ്ങളുടെ ശിഥിലീകരണത്തിനു പ്രധാന കാരണം. പുതിയ തലമുറ ഇവ പരിശീലിക്കുന്നതിനോ നില നിർത്തുന്നതിനോ വലിയ പ്രാധാന്യം നൽകുന്നില്ല എന്നത് പ്രധാന പ്രശ്നമാണ്. ആധുനിക വിദ്യാഭ്യാസവും ഊരിൽ നിന്നല്ലാതെ ദൂരെ സ്ഥലങ്ങളിൽ വിദ്യാഭ്യാസത്തിനായി കുട്ടികൾ പോകേണ്ടി വരുന്നതും കലകളുടെ പിൻതുടർച്ചയെ ഖണ്ഡിക്കുന്നു. പുതുതലമുറ ചെറുപ്പത്തിൽ തന്നെ പുറത്തുള്ള സംസ്കാരത്തിന് കീഴിലാവുകയും സമുദായിക ആചാരനുഷ്ഠാനങ്ങളിൽ വിമുഖരാവുകയും ചെയ്യുന്നു.

യാന്ത്രികതയുടെ കടന്നുവരവാണ് മറ്റൊരു പ്രധാന കാരണം. ടെലിവിഷനും മൊബൈൽഫോൺ ഉപയോഗവും അനിയന്ത്രിതമായി മാനസികതലത്തെ കീഴ്പ്പെടുത്തിയിരിക്കുന്നു. ഗ്രാമങ്ങളിൽ കലകൾ പിൻതുടരുന്നതിന് പരിശീലന കേന്ദ്രങ്ങൾ ഇല്ലാത്തതും അതിനു വേണ്ട പരിശീലകരില്ലാത്തതും കലകളുടെയും മറ്റും ശിഥീലീകരണത്തിനു കാരണമാവുന്നു. കലകൾ അന്യംനിന്നു പോകുന്നതിനുള്ള ചില പ്രധാന കാരണങ്ങൾ ചുവടെ കൊടുക്കുന്നു.

- കലാകാരന്മാർക്ക് പ്രോത്സാഹനം നൽകാത്തതും അംഗീകാരം നൽകാത്തതും
- കലകൾ അഘോഷങ്ങൾക്കിടയിലോ മറ്റു സമയങ്ങളിലോ അവതരിപ്പിക്കാറില്ല.
- പാശ്ചാത്യമായ കളികളുടെ കടന്നുകയറ്റം, ക്രിക്കറ്റ്, ഫുട്ബോൾ തുടങ്ങിയവയോട് ചെറുപ്പക്കാർക്കുള്ള അമിതമായ താൽപര്യം
- അണുകുടുംബ വ്യവസ്ഥയിൽ സ്വന്തം കുടുംബത്തോടു മാത്രമുള്ള പ്രതിബന്ധത

- പാരമ്പര്യമായി കലകളെ ഏറ്റെടുക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള താൽപര്യക്കുറവ്
- പ്രചോദനക്കുറവ്, കലാകാരന്മാരുടെ പിൻതുടർച്ചയെ നിരുത്സാഹപ്പെടുത്തൽ
- കലകൾ അവതരിപ്പിക്കാനുള്ള വേദികളുടെ കുറവ്.
- പൊതുവേദികളിൽ കലകൾ അവതരിപ്പിക്കാൻ അവസരങ്ങൾ ലഭിക്കുന്നില്ല. മറ്റു മതങ്ങളുടെ കടന്നു കയറ്റം.

ആചാരാനുഷ്ഠാനങ്ങൾ അന്ധവിശ്വാസങ്ങളിലും സമയം കൊല്ലിയുമാണ് എന്ന ധാരണ മിക്കവാറും ചെറുപ്പക്കാരിൽ ഉണ്ടായിരിക്കുന്നു. കൂടാതെ അമ്പലങ്ങളുമായി ബന്ധപ്പെട്ട കലകൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും കൃത്യമായ വ്രതവും മറ്റും ആവശ്യമുള്ളതിനാൽ ഇവ നിയന്ത്രിച്ചു കൊണ്ടു പോകുന്നതിന് പുതിയ തലമുറ തയ്യാറാവുന്നില്ല. ഇവയെല്ലാം തന്നെ കാര്യകാരണങ്ങൾ ആകുമ്പോൾ അതിനെക്കുറിച്ചെല്ലാം അറിയാവുന്ന ഒരു പഴയ തലമുറ ഇതിനായി ഒന്നും തന്നെ ചെയ്യുന്നില്ല എന്ന മറ്റൊരു വലിയ കാരണം എല്ലാ കല-ആചാര അനുഷ്ഠാനങ്ങളും ഗോത്ര ജനതയിൽ നിന്ന് ഇല്ലാതാവുന്നതിന് കാരണമാവുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

1. ഓരോ ഗ്രാമങ്ങളിലും പരിശീലന കേന്ദ്രങ്ങളും പരിശീലകരെയും ഏർപ്പെടുത്തുക.
2. കലാകാരന്മാർക്ക് പ്രോത്സാഹനങ്ങൾ നൽകുക, അവരെ മികച്ച വേദികളിൽ അംഗീകരിക്കുക.
3. കലകൾ മറ്റ് അവതരണ വേദികളിൽ നടത്തുന്നതിന് അവസരം നൽകുക.
4. കലകളെ പിൻതുടരുന്നവർക്ക് അംഗീകാരവും സ്വീകാര്യതയും നൽകുക.
5. കലകളെ പ്രോത്സാഹിപ്പിക്കുന്നവരെയും ഗുരുനാഥന്മാരെയും അംഗീകരിക്കുക.
6. പുതിയ തലമുറയ്ക്ക് കല, ആചാരാനുഷ്ഠനങ്ങൾ തുടങ്ങിയവയിൽ താത്പര്യവും, അംഗീകരിക്കാനുള്ള മാനസിക നിലയും ഉണ്ടാക്കുക.
7. ചെറിയ കലാസമിതികൾ ഊരുകളിൽ ഉണ്ടാക്കുക, സാമ്പത്തിക, നിർദ്ദേശ സഹായ സഹകരണങ്ങൾ പൊതു ജനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അനുവദിക്കുക.

# 3

# ഊരാളികളുടെ പാട്ട്

***ഇന്ദു മേനോൻ***

ഗോത്രവർഗ്ഗഭാഷയുടെ തനത് സൗന്ദര്യത്തിൽ രൂപം കൊണ്ട വയും വാമൊഴിയായ് പാടി തലമുറ കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തവയാണു ഗോത്രവർഗ്ഗ പാട്ടുകൾ അഥവാ ഗോത്രവംശീയ സംഗീതം. ഓരോ ഗോത്രസമുദായങ്ങൾക്കും അവരവരുടെ സംസ്കാരത്തെ പ്രതിനിധീകരിക്കുന്ന പാട്ടുകൾ ഉണ്ട്. കർക്കശമായ വ്യാകരണ നിയമങ്ങളില്ലാതെ ലളിതമായ നാടൻ പേച്ചുകളും ശീലുകളും ഈണങ്ങളും ഇണക്കിച്ചേർത്താണ് ഇവ ഉണ്ടായിരിക്കുന്നത്. ഒരു പ്രത്യേക വ്യക്തിയോ ഒരു കൂട്ടായ്മയോ ചേർത്തു രചിച്ച ഈ പാട്ടുകളെല്ലാം കാലത്തിനും സമൂഹത്തിനുമനുസൃതമായ് ഇന്നും പരിണാമപ്പെട്ടു കൊണ്ടേയിരിക്കുന്നു. പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധം, ഗോത്രവംശജന്റെ ജീവിത സങ്കൽപ്പങ്ങൾ, നിത്യജീവിത ഗന്ധിയായ സംഭവങ്ങൾ, മിത്തുകൾ, കഥകൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ തൊഴിൽ ഇവയൊക്കെ പ്രമേയമായ് വരുന്നവയാണു ഇത്തരം പാട്ടുകൾ. മണ്ണും മനുഷ്യനുമായുള്ള ബന്ധം, ദൈവവും മനുഷ്യനുമായുള്ള ബന്ധം, സാമൂഹികാചാരങ്ങൾ അനാചാരങ്ങളോടുള്ള പ്രതിഷേധം. പരസ്പരസ്നേഹം, പക, ആഹ്ലാദം, ദുഃഖം തുടങ്ങി നിത്യജീവിതത്തിൽ മനുഷ്യരെ മുമ്പോട്ട് കൊണ്ടു പോകുന്ന എല്ലാ വ്യവഹാരങ്ങളും ഈ പാട്ടുകളിൽ കാണാം.

ഇടുക്കി ജില്ലയിലെ ഗോത്രവിഭാഗക്കാരായ ഊരാളികൾക്ക് സംഗീതമില്ലാതെ ജീവിതമില്ല. ജീവിതത്തിന്റെ ഓരോ സന്ദർഭങ്ങളിലും അവർ പാടുന്നു. ആടുന്നു. അവരുടെ സംസ്കാരം സംഗീതവുമായ് ഇഴുകിച്ചേർന്നതാണ്. ഒരു തരം സംഗീത സംസ്കാരമാണു ഇവർക്കിടയിലുള്ളതെന്നും പറയാം. ഇവർക്കിടയിൽ കൂത്ത് പാട്ടുകൾ, കല്ലക്കമ്പാട്ട, നെടുമ്പാട്ട്, വിത്തുകിളപ്പാട്ട്, കുത്ത്പാട്ട്/കുത്തിപ്പാട്ട് എന്നിങ്ങനെ വ്യത്യസ്ത ഇനം പാട്ടുകളുണ്ട്. ഈ ലേഖനം കൂത്തു പാട്ടുകളെക്കുറിച്ചുള്ളതാണ്.

കൂത്തെന്നാൽ ഊരാളിക്കൂത്ത്. ആട്ടവും പാട്ടും അഭിനയവും കൊട്ടും ചേർന്ന ഒന്നാന്തരമൊരു ഗോത്രനാടകമാണിത്. കണ്ണകി, കോവലൻ, മാതപെണ്ണ് എന്നിവരുടെ തൃകോണപ്രണയവും പക

യുമാണ് കൂത്തിന്റെ പ്രമേയം. ഈ കൂത്ത് കളിക്കുവാനുള്ള പാട്ടുകൾ അനവധിയുണ്ട്. സമൂഹത്തിന്റെ ഉത്ഭവം, സമുദായംഗങ്ങൾ നിത്യജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ, ജീവിത സന്ദർഭങ്ങൾ, സംഘർഷങ്ങൾ, ആഹ്ലാദങ്ങൾ, ആഘോഷങ്ങൾ, കഥകൾ ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾ, പുരാവൃത്തങ്ങൾ, സംഭവ കഥകൾ തുടങ്ങി നിരവധി സംഗതികൾ ഈ പാട്ടിനു വിഷയമാണ്. കൃഷിയുമായി ബന്ധപ്പെട്ട അവസരങ്ങളിലും ഉത്സവാഘോഷവേളകളിലും കൂത്തും പാട്ടും ഏറെ പ്രധാനമാണ്.

കൂത്തിൽ വ്യത്യസ്ത തരം പാട്ടുകൾ ഉണ്ട്. ദൈവത്തെ സ്തുതിച്ചു കൊണ്ടുള്ള പ്രാർത്ഥനയാണ് ഏതു പാട്ടിന്റെയും തുടക്കം. പ്രാർത്ഥനയോടൊപ്പംവന്ദനപ്പാട്ടുകൾ ഉണ്ടാകും.

**വന്ദനപ്പാട്ട്:** ദൈവത്തെയും കാരണവന്മാരെയും കൂത്താശാന്മാരെയും വന്ദിച്ചു കൊണ്ടുള്ള അഥവാ സ്തുതിച്ചു കൊണ്ടുള്ള പാട്ടുകളാണ് ഇതിൽ. കൂത്തിനെ നയിക്കുന്ന മത്താളക്കാരനെയും കൈത്താളക്കാരനെയും ജാലറക്കാരനെയുമെല്ലാം ഓർത്ത് കൊണ്ട് പാടുന്നു.

**കളിപ്പാട്ട്:** വെറുതെ തമാശക്കായും വിനോദത്തിനായും പാടുന്ന പാട്ടുകളാണിവ. കളിക്കുവാനും നേരം കൊല്ലുവാനും ആഹ്ലാദം പങ്കിടാനുമൊക്കെ പാടുന്നു. തങ്ങളുടെ നിരന്തര ജീവിതത്തിൽ നിത്യം നേരിടുന്ന വിഷയങ്ങളാണ് ഇവയുടെ പ്രധാനപ്രമേയം.

**നിർത്ത് പാട്ട്:** പേരു പോലെതന്നെ കൂത്ത് അവസാനിപ്പിക്കുമ്പോൾ/നിർത്തുമ്പോൾ പാടുന്ന പാട്ടുകളാണിവ. വള്ളോട്ടശകിയുടെയും ചക്കീകോതമാരുടെയും ശിഷ്യനായ് തീർന്ന കോവലൻ തന്റെ മികവിൽ മാതപ്പെണ്ണിനെ തോൽപ്പിക്കുന്നു. കൂത്തിൽ തോറ്റ പെണ്ണ് തന്റെ ആടയാഭരണങ്ങളും സമ്പത്തും കോവലനു നൽകുന്നു. മിക്ക നിർത്ത് പാട്ടിന്റെ അവസാനം ആട്ടക്കാർ തങ്ങളുടെ ആടയാഭരണങ്ങളും വീളിയും കെച്ചമണിയും മുടക്കുവളയുമെല്ലാം ഊരിക്കളയുന്നു.

**പൊലിപ്പാട്ട്:** കളിയെ പൊലിപ്പിക്കുന്നതിനുള്ള ചില കാര്യങ്ങൾ കളിക്കാർ ആട്ടത്തിനിടയിൽ ചെയ്യാറുണ്ട്. രാവെളുക്കുവോളമുള്ള ആട്ടവും പാട്ടും തുടരുമ്പോൾ ചിലപ്പോൾ വിരസമാവാം. ആളുകൾക്ക് ഉറക്കം വരാം, അവർക്ക് മുഷിയാം. ഇത്തരം സന്ദർഭങ്ങളിൽ ആട്ടത്തെ പൊലിപ്പിക്കാനായി പൊലിപ്പാട്ട് പാടുന്നു. പൊലിപ്പാട്ട് പാടുമ്പോൾ സഭാവാസികളിൽ നിന്നും സംഭാവന സ്വീകരിക്കലും പതിവുണ്ട്.

**തെന്നാരി:** സാധാരണപ്പാട്ടുകളിൽ ഉപയോഗിക്കുന്ന വായ്ത്താരികളെ ഊരാളികൾ തെന്നാരി എന്നാണ് വിളിക്കുന്നത്. മുഖ്യപാട്ടു

കാരൻ പല്ലവി പാടിക്കഴിഞ്ഞാൽ മറ്റുപകരണവാദകരും പാട്ടുകാരും ആട്ടക്കാരും അത് ഏറ്റുപാടുന്നു. അതിനുശേഷം ഒരു തെന്നാരിയുണ്ടാകും. നിരവധി തരത്തിലുള്ള തെന്നാരികളാൽ സമൃദ്ധമാണ് ഊരാളികളുടെ ആട്ടപ്പാട്ടുകൾ.

1) തന്നാനനാനെ താനെ നാനന്നനെ നാനെ, തന്നാനനാനെ താനെ നാനന്നനെ നാനെ
2) താലീലി ലീലീലി. താലീലി ലീലീലീ
3) തിന്തിനിത്തീം താനേ താനേ തനെ തിന്തിനെ തിന്തിനെ തിന്തിനിത്തീം താനേ താനേ തനെ തിന്തിനെ തിന്തിനെ
4) അല്ലിലാലോ അല്ലീലാലോ അല്ലീലാലോ അല്ലീലാലോ
5) തെരുകിണത്താ തെയ്യത്താ.തിത്തെരുകിണതാ തെയ്യത്താ
6) തിന്താരെ തിന്താരെ തക. തിന്താതെ തിന്താരെ തക
7) പുട്പുടോ പുട്പുടോ
8) കുക്കൂക്കിടി കൂക്കിടി. കുക്കുക്കുടി കുക്കുടി
9) താനതിന്തരാദിയോ. തന്നം പുകരാദിയോ
10) തിന്തിനത്തി താനെ താനെ. തനനാനാനേ നാനെ
11) നടി തന്നാനം തനതെ തനനെ നാനേ താനാനം താനെ
12) അല്ലിലം അല്ലിലം അല്ലിലാലെ. നടി താനാന നാന നാന നല്ലിലാലെ
13) നിന്തിനത്തിന്നാനേ നാനേ
14) ലേകി തന്നാനാനാ
15) കൂടോ കൂടോ
16) തന്നെനാനനേ താന നാനേ തനനേ താനന്നാനെ നാനെ നാനെ

## വാദ്യോപകരണങ്ങൾ

**കിന്നീരം:** തന്ത്രിയുപയോഗിക്കുന്ന വാദ്യരൂപമാണെങ്കിലും തന്ത്രിയിൽ കൊട്ടുന്നതിനാൽ ഇതൊരു കൊട്ടുവാദ്യവും കൂടിയാണ്. താളമിടാനാണ് സാധാരണയായി ഇതുപയോഗിക്കുന്നത്. ഗോത്ര വർഗ്ഗക്കാരുടെ പ്രധാന വാദ്യോപകരണങ്ങളിലൊന്നായ തണ്ടു വാദ്യങ്ങൾ (മുളവാദ്യങ്ങൾ) ക്ക് ഉദാഹരണമായ വാദ്യോപകരണമാണിത്.

ഈറ്റക്കണ്ണി (ഒരു അടവ് മുതൽ മറ്റൊരു അടവ് വരെ) ഉപയോഗിച്ചാണ് കിന്നീരം നിർമ്മിക്കുന്നത്. ഈറ്റയുടെ ഒരു വശത്തെ മേല്ത്തോൽ ചെത്തി ചീകിയെടുക്കുന്നു. (രണ്ട് അറ്റവും പ്രധാന ഈറ്റയിൽ നിന്നും ഇളകാതെയാണിത്). അതുകൊണ്ട് മൂന്നു തന്ത്രികൾ ഉണ്ടാക്കുന്നു. രണ്ട് കട്ടകൾ ഉപയോഗിച്ച് രണ്ട് അറ്റത്തും തന്ത്രികൾ

ഉയർത്തുന്നു. തന്ത്രി മുറുക്കാനായി മേൽവശത്ത് ഈറ്റക്കൊണ്ട് വട്ടക്കെട്ട് കെട്ടും. തൊളിലിടാൻ വേണ്ടി ആവനാഴിയിലേതുപോലെ കയറും ഉണ്ട്. ചെറിയ ഈറ്റചൂരൽ 2 എണ്ണം കൊണ്ടാണ് ഇതിൽ കെട്ടുന്നത്. തന്ത്രിയുടെ പ്രത്യേക സ്വരം കിട്ടാൻ കൊട്ടുന്നതോടെ ഉരച്ച് തട്ടുകയും പതിവുണ്ട്.

നിന്നും ഇരുന്നും ഇത് വായിക്കാം. കഴുത്തിലിട്ട് ഒരുകാൽ നീട്ടിവെച്ച് മറ്റേക്കാൽ മുട്ടുയർത്തി വെക്കുന്നു. ഉയർത്തിയ കാലിന്റെ തള്ളവിരലിൽ കയറിട്ട് വലിച്ചു പിടിക്കുന്ന. 8 വിധിം താളമാണ് പ്രധാനമായും ഇതുപയോഗിച്ച് കൊട്ടുന്നത്. എങ്കിലും ചിലപ്പോൾ ചില വ്യത്യസ്ത താളങ്ങളും പാട്ടിനനുസരിച്ച് കൊട്ടാറുണ്ട്.

**മൊത്താളം:** രൂപത്തിൽ മദ്ദളത്തെ അനുസ്മരിക്കുന്ന ഒരു സംഗീതോപകരണമാണിത്. കൂത്തിലെ സുപ്രധാനമായൊരു ചർമ്മവാദ്യം. മദ്ദളത്തെപ്പോലെ ഇരുതലക്കലും കൊട്ടി താളമിട്ടു കൊണ്ട് മത്താളക്കാരനാണ് കൂത്തിനെ നിയന്ത്രിക്കുന്നത് മത്താളം വായിക്കുന്നതിനോടൊപ്പം ഇദ്ദേഹം പാട്ടുപാടുകയും ചെയ്യും.

കമ്പളമരം കൊണ്ടാണ് മത്താളം നിർമ്മിക്കുക. അപൂർവ്വ അവസരങ്ങളിൽ പ്ലാവ്, ആഞ്ഞിലി തുടങ്ങിയ മരങ്ങളുടെ തായ്ത്തടികളും മത്താള നിർമ്മിതിക്ക് ഉപയോഗിക്കാറുണ്ട്. ഉളിക്കൊണ്ടും മറ്റുപണിയായുധങ്ങൾ കൊണ്ടും മരത്തിന്റെ ഉൾവശം കുത്തിച്ചെത്തിയെടുക്കുന്നു. മരത്തിന്റെ പുറം ഭാഗത്തിനു വിള്ളൽ വീഴ്ത്താതെ ശ്രദ്ധയോടെ വേണം ഇതു ചെയ്യാൻ.

കൂരൻ, മരപ്പട്ടി, ഉടുമ്പ്, പാറാൻ, മലയണ്ണാൻ തുടങ്ങിയ മൃഗങ്ങളുടെ തോൽ ഉണക്കി കൊട്ടുചർമ്മത്തിനുവേണ്ടി തയ്യാറാക്കുന്നു. ഇത് ഇരുവശത്തും വലിച്ചു കെട്ടുന്നു. വലന്തലയിലും ഇടന്തലയിലം രണ്ട് വ്യത്യസ്ത ജാതി തോലുകളാണ് ഉപയോഗിക്കുന്നത്. രണ്ട് വ്യത്യസ്ത തരം ശബ്ദങ്ങൾ ലഭിക്കാൻ ഇത് സഹായകമാകും. ഈറ്റ കൊണ്ട് തായ്ത്തടിയിൽ വിലങ്ങനെയും നെടുകെയും കെട്ടിമുറുക്കി ശബ്ദത്തെ നിയന്ത്രിക്കും.

മടിത്തട്ടിലോ കാൽത്തണ്ടയിലോ കയറ്റി വെച്ചാണ് മത്താളം വായിക്കുക. കയ്യുപയോഗിച്ചാണ് വായന. കോലുപയോഗിക്കുന്ന പതിവില്ല. വന്ദന സ്തുതിക്കു മുമ്പ് മത്താളത്തിൽ കേളികൊട്ടിത്തുടങ്ങും. ഇത് ആട്ടവും പാട്ടവും കൂത്തും തുടങ്ങുന്നു എന്നതിനുള്ള അറിയിപ്പാണ്. കാൽച്ചുവടിന്റെ വേഗത നിയന്ത്രിക്കുന്നതും മത്താളക്കാരനാണ്. പതിഞ്ഞതാളത്തിൽ തുടങ്ങുന്ന മത്താളക്കൊട്ട് മുറുകി ഒടുവിൽ നിർത്ത് പാട്ടോടെ പതുക്കെയാവുന്നു.

**കുഴൽ (ചീനിക്കുഴൽ):** മകുടിയാകൃതിയിലാണ് ഈ കുഴൽ. ഇതൊരു സുഷിരവാദ്യമാണ്. ഇതിൽ ഊതിയാണ് വായിക്കുക.

രണ്ടു കുഴലുണ്ട് ഇതിന്. ഈറ്റകൊണ്ടാണ് കുഴലുണ്ടാക്കുന്നത്. ബോളുപോലെയുള്ള ഭാഗം ഉണ്ടാക്കാൻ തേങ്ങയോ പുറങ്ങുകായ (ചുരങ്ങ)യോ ഉപയോഗിക്കുന്നു. തേങ്ങയുടെ ഉൾഭാഗം ചീച്ച് മാം സളമായത് പുറത്ത് കളയുന്നു. മുഴുചിരട്ടയിൽ ഈ കുഴൽ തിരുകി വായിക്കുന്നു. ചുരങ്ങയും ഇപ്രകാരം ഉള്ള് പൊള്ളയാക്കി ഉപ യോഗിക്കാം. ഈ ഉപകരണം നിർമ്മിക്കുവാനോ വായിക്കുവാനോ അറിയുന്നവർ ഇന്ന് ഊരാളികൾക്കിടയിൽ ഇല്ല എന്നു തന്നെ പറ യാം. അതിനാൽ പലപ്പോഴും ഇതില്ലാതെയാണ് കൂത്തവതരണം.

**കൈമണി:** ചാലറ (ജാല്റ): ചാലറയാണ് മറ്റൊരു പ്രധാനവാ ദ്യോപകരണം. കൈമണിയെന്നാണിത് അറിയപ്പെടുന്നത്. ഇരുമ്പു കൊണ്ടും ഓടുകൊണ്ടുമാണ് ഇത് ഉണ്ടാക്കുക.

**മണി:** ചെറിയമണികൾ കോർത്ത് മുളക്കഷണങ്ങൾ ഇടക്കിടെ ഇട്ട് വളപോലെയാക്കി പാട്ടുകാരും കൊട്ടുകാരും കയ്യിൽ ഇടുന്നു. കാൽ മണി (ചിലങ്കയുടെ) മണികൊണ്ട് നിർമ്മിക്കുന്നതിനാൽ ച വിട്ട് താളത്തിനൊപ്പം ലയിച്ചാണ് ഈ ശബ്ദം കേൾക്കുക.

പുതിയ കാലം ഊരാളിപ്പാട്ടുകളിൽ ഏറെയൊന്നും പരിവർത്ത നം വരുത്തിയിട്ടില്ല. കാലാകാലങ്ങളായി പാടിപ്പതിഞ്ഞ ചൊല്ലുകളെ ഒരുതരം ഗോത്ര വിശുദ്ധിയോടെയാണ് ഊരാളികൾ ഇന്നും സംര ക്ഷിച്ചു പോരുന്നത്. പ്രത്യേക ഈണവും താണസ്ഥായിയിലുള്ള ഗാനാലാപനശൈലിയും ആർക്കും പാടാൻ കഴിയുന്നത്ര ലളിതവു മാണ്. ഈ പാട്ടുകളെങ്കിലും അവയുടെ പ്രമേയവും അവ മുമ്പോട്ട് വെക്കുന്ന രാഷ്ട്രീയവും അത്രമേൽ ലളിതമല്ല. ഒരു സമൂഹത്തിന്റെ ജനതയുടെ മുഴുവൻ വേദനകളും ആഹ്ലാദങ്ങളും പ്രശ്നങ്ങളും പരിഭവങ്ങളും പ്രവർത്തികളും ജീവിതവും എന്തിനു അവരുടെ സാ മൂഹിക സാംസ്കാരിക തനിമയും ഉൾക്കൊള്ളുന്ന ഇത്തരം പാട്ടു കൾ വംശീയ സംഗീത ശാഖക്ക് മുതൽക്കൂട്ടെന്നതിൽ സംശയമില്ല.

## കളരിതെളിയ്ക്കൽ

തെക്കേ തെരുവിലും
തേരോടും വീഥിലും
മത്താളക്കാരനെ വെച്ചിരുന്തേ
എത്തിനെനേരം വച്ചിരുപ്പാനെ
ഏനന്തൻ ചെയ്വാരെങ്കിണവാ
അന്തി വട്ടാന്തിക്കും പാതിരാനേരത്തുക്കും
മത്താളക്കാരനെ വെച്ചിരുന്ത്
വടക്കേ തെരുവിലും
മകരാചമ്പൂമിക്കും

കൈത്താളക്കാരനെ വെച്ചിരുന്തേ
എത്തിനെനേരം വച്ചിരുപ്പാനെ
ഏനന്തൻ ചെയ് വാരെങ്കിണവാ

അന്തി വട്ടാന്തിക്കും പാതിരാനേരത്തുക്കും
കൈത്താളക്കാരനെ വെച്ചിരുന്ത്
കിഴക്കേ തെരുവിലും
കിളങ്ങാരപ്പൂട്ടീലുമിടത്താളക്കാരനെ
വെച്ചിരുന്തേ
എത്തിനെനേരം വച്ചിരുപ്പാനെ
ഏനന്തൻ ചെയ്വാരെങ്കിണവാ
അന്തി വട്ടാന്തിക്കും പാതിരാനേരത്തുക്കും
ഇടത്താളക്കാരനെ വെച്ചിരുന്ത്
കുഞ്ചിച്ചട്ടിക്കും പാനക്കും കുടത്തുക്കും
കുപ്പാകുശവനേം വെച്ചിരുന്ത്
എത്തിനെനേരം വച്ചിരുപ്പാനെ
ഏനന്തൻ ചെയ്വാരെങ്കിണവാ
അന്തി വട്ടാന്തിക്കും പാതിരാനേരത്തുക്കും
കുപ്പാകുശവനേം വെച്ചിരുന്ത്
കൊട്ടപ്പാക്കുക്കും കൊളുന്തില വെറ്റിലക്കും
കോമുട്ടി രാശനെ വെച്ചിരുന്ത്
എത്തിനെനേരം വച്ചിരുപ്പാനെ
ഏനന്തൻ ചെയ്വാരെങ്കിണവാ
അന്തി വട്ടാന്തിക്കും പാതിരാനേരത്തുക്കും
കോമുട്ടി രാശനെ വെച്ചിരുന്ത്

**സാരം:** കളരി തെളിക്കൽ നടത്തുമ്പോൾ പാടുന്ന പാട്ടാണിത്. കളരിയെന്നാൽ മുറ്റമെന്നും മന്ത്രക്കളമെന്നും അർത്ഥം. കൂത്ത് നടക്കുന്ന മാന്ത്രിക ഭുമിയെ ഉണർത്താൻ വേണ്ടിയുള്ളതാണ് ഈ മനോഹര ഗോത്രഗാനം. കളരിയുടെ നാലു പൂട്ടുകളിലായി നാല് പിന്നണിക്കാരെ വച്ചിരിക്കുന്നു. പൂട്ടെന്നാൽ മൂലെയാണു

തെക്കേ തെരുവിലും തേര് ഓടുന്ന വഴിയിലും കൂത്തിനും വേണ്ടി മത്താളക്കാരനെ വെച്ചിരിക്കുന്നു. സന്ധ്യ നേരത്തും പാതിരാനേരത്തുമെല്ലാം മത്താളക്കാരനെ കൂത്തിനായി വെച്ചിരിക്കുന്നു. എത്ര നേരം ഇങ്ങനെ വെച്ചുകൊണ്ടിരിക്കണം. എന്റെ ഭർത്താവെ (കണവനെ) ഞാനെന്താണ് ചെയ്യേണ്ടത്?

വടക്കെ തെരുവിലും മഹാരാജന്റെ ഭൂമിയിലും കൈത്താളക്കാരനെ വെച്ചിരിക്കുന്നു. കിളങ്ങാരക്കൂട് ഉണ്ടാക്കി ഇടത്താളക്കാരനെ

വച്ചിരിക്കുന്നു. ചട്ടിക്കും പാനക്കും കുടത്തിനും വേണ്ടി കുശവനെയും വച്ചിരിക്കുന്നു. കൊട്ട അടക്കക്കും ഇളയ വെറ്റിലക്കും വേണ്ടി കൊമുട്ടി രാശനെ വെച്ചിരിക്കുന്നു.

ഓരോരുത്തരെയും എത്രയോ അധികം നേരമായ് വച്ചിരിക്കുന്നു എന്നും സന്ധ്യക്കും പാതിരക്കും വച്ചിരിക്കുന്നു. ഇനിയെത്ര നേരം അവരെ ഇവിടെ പിടിച്ചു നിർത്തണം എന്റെ കണവാ എന്ന ചോദ്യം ആവർത്തിച്ചു ചോദിക്കുന്നു.

## റഫറൻസ്സ്


1) ചുമ്മാർ ചൂണ്ടൽ, 'കറുത്തകലകൾ', കേരള ഫോക്ക് ലോർ അക്കാദമി, 1991
2) സീലിയ തോമസ്സ് പി, 'കേരളത്തിലെ ആദിവാസി കലാപാരമ്പര്യം' കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011
3) AAD. Luis, "Tribes of Kerala, BASS, Delhi, 1962

# 4

# 'ജെരിരോ ജെരിരോ ജെരിര കുമ്പ' – കുറുമ്പരുടെ പാട്ടുകൾ, നൃത്തങ്ങൾ, രംഗാവതരണങ്ങൾ

*കെ.എസ് പ്രദീപ് കുമാർ*

കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ട, പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് അധിവസിക്കുന്ന ഒരു പ്രധാന ഗോത്ര ജനതയാണ് കുറുമ്പർ. 2011 ലെ കാനേഷുമാരി പ്രകാരം സംസ്ഥാനത്തിലെ കുറുമ്പരുടെ ജനസംഖ്യ 2586 ആണ്. ആയതിൽ 1302 പേർ പുരുഷന്മാരും 1284 പേർ സ്ത്രീകളുമാണ്. കേരളത്തിൽ അട്ടപ്പാടി മേഖലയിലെ 18 ഊരുകളിലായാണ് കുറുമ്പർ കൂടുതലായും താമസിക്കുന്നത്. അവയിൽ ഭൂരിഭാഗവും വനത്തിനുള്ളിലാണ്. പാരമ്പര്യമായി ഊരിലെ എല്ലാവരും ഒന്നിച്ച് ഒരിടത്താണ് താമസിക്കുന്നത്. എന്നാൽ, സമീപകാലങ്ങളിലായി ചില ഊരുകളിൽ അവരവരുടെ കൃഷിസ്ഥലത്തിനോട് ചേർന്ന് ഒറ്റയ്ക്ക് വീടുവെച്ച് താമസിക്കുന്നവരുമുണ്ട്. വനത്തിനുള്ളിൽ പണ്ടുമുതലെ പഞ്ചക്കാട് കൃഷി (പുനം കൃഷി) ചെയ്തു വരുന്നവരാണ് കുറുമ്പർ. കൃഷികാര്യങ്ങൾ നോക്കുന്നത് മണ്ണൂക്കാരനാണ്. മണ്ണൂക്കാരന് പുറമെ ഊരിലെ എല്ലാകാര്യങ്ങളും നോക്കുന്നതിന് മൂപ്പനും മൂപ്പനെയും മണ്ണൂക്കാരനെയും ഊരിലെ വിവരങ്ങൾ അറിയിക്കുന്നതിനും മറ്റുമായി കുറുതല, ഭണ്ഢാരി എന്നിവരും ഓരോ ഊരിലുമുണ്ട്. മൂപ്പനും മണ്ണൂക്കാരനും കുറുതല ഭണ്ഢാരിയും സാധാരണ ഗതിയിൽ വേറെ വേറെ കുരിമ്പ്കളിൽ (കുലം/ഇല്ലം) പെടുന്നവരായിരിക്കും. ഓരോ ഊരിലും രണ്ടിലധികം പ്രധാന കുരിമ്പ്കൾ പൊതുവിൽ കണ്ടുവരുന്നുണ്ട്.

കൃഷി, വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയുമായി ബന്ധപ്പെട്ടാണ് കുറുമ്പർ പാട്ടും നൃത്തവും അവതരിപ്പിക്കുന്നത്. തയ് (ജനുവരി) മാസത്തിൽ കാട്(കൃഷിസ്ഥലം) ഉണങ്ങുമ്പോൾ വെട്ടി പങ്കിനി (മാർച്ച്) മാസത്തിൽ തീയ്യിടും. മണ്ണൂക്കാരന്റെ കരദൈവ(പാരമ്പര്യ ദൈവം)ത്തിന്റെ പേയ്‌വീട്ടിൽ എല്ലാവരും കുമ്പിട്ട് തൊഴുതിട്ടാണ് കാടുവെട്ടുവാൻ പോകുന്നത്. കൃഷിസ്ഥലത്ത്

എത്തി അവിടെയുള്ള കരദൈവത്തെ തൊഴുത് മണ്ണൂക്കാരൻ ഒന്ന് രണ്ട് ചെടി മുറിക്കും. പിന്നീട് രണ്ട് ദിവസം കഴിഞ്ഞ് എല്ലാവരും അവരവരുടെ കാട് വെട്ടും. പരസ്പരം പറഞ്ഞാണ് തീയ്യിടുക. തീയിട്ട അന്ന് വൈകുന്നേരം എല്ലാവരുടെ വീട്ടിലും റായി (റാഗി), സാമെ (ചാമ), തിവാരി (തുവര) എന്നിവകൊണ്ട് 'കരിപുല ചോറ്' വയ്ക്കും. കരദൈവത്തിന് സമർപ്പിച്ച ശേഷമാണ് ചോറ് കഴിക്കുക.

## ജീവിത ചടങ്ങുകളും കലാവിഷ്ക്കാരങ്ങളും

### വിത്ത് വിതയ്ക്കൽ, നേർച്ചപാട്ട്

മൂപ്പൻ, മണ്ണൂക്കാരൻ, ഭണ്ഡാരി എല്ലാവരും കൂടി ആലോചിച്ചാണ് വിത്തിടുന്ന തീയ്യതി തീരുമാനിക്കുന്നത്. സാധാരണ ഗതിയിൽ ബുധൻകിളാമ (ബുധനാഴ്ച്ച)യിലാണ് വിത്തിടുക. വിത്തിടുന്ന തീയ്യതിക്ക് രണ്ട് ദിവസം മുൻമ്പ് വിതയ്ക്കുന്ന വിത്തെല്ലാം മണ്ണൂക്കാരന്റെ വീട്ടിൽ എത്തിക്കും. അന്ന് രാത്രി പേയ് വീട്ടിൽ കരദൈവത്തിന് പൂജയും ചെയ്യും, ദൈവത്തിന് ഏഴ്മാറ്റ് (ഏഴ് ഇലയിൽ) ഭക്ഷണം വയ്ക്കും. ചാഴി, പന്നി, ആന, എലി എന്നിവയിൽ നിന്നും കൃഷി സംരക്ഷിക്കുന്നതിനായി ദൈവത്തോട് പ്രാർത്ഥിക്കും. തുടർന്ന് എല്ലാവരും ചേർന്ന് പാട്ട് പാടും. രണ്ട് ദിവസത്തിനു ശേഷം മണ്ണൂക്കാരൻ വിത്ത് മന്ത്രിച്ച് കൊടുക്കും.

മണ്ണൂക്കാരനാണ് ആദ്യം വിത്ത് വിതയ്ക്കുക. അന്ന് മറ്റാരും വിതയ്ക്കില്ല. തൊട്ടടുത്ത ദിവസങ്ങളിൽ ഓരോരുത്തരും അവരവരുടെ കാട് പോയി വിതയ്ക്കും. മഴ കിട്ടിയ ഉടനെ ആദ്യം തിവാരിയാണ് വിതയ്ക്കുക. തുടർന്ന് റായി, സാമെ, കടുക്, കീരെ, അവരെ (അമര), സക്ക (മത്തൻ) എന്നിവയുടെ വിത്തുകൾ ഒന്നിച്ച് മിശ്രിതമാക്കി കൈകൊണ്ട് വിതറും. പഞ്ചക്കാട്ടിൽ വിത്ത് വിതയ്ക്കുമ്പോൾ വിളവ് കിട്ടുന്നതിന് വേണ്ടി നേർച്ചപ്പാട്ട് പാടാറുണ്ട്. വിത്ത് നല്ലപോലെ കിളിർത്ത് വിളവ് നൽകിയാൽ ഞാൻ വളർത്തുന്ന കോഴിയെ സ്വാമിക്ക് (ദൈവത്തിന്) കോയിലിക്ക് (അമ്പലത്തിലേക്ക്) നേർച്ച നൽകാം എന്ന് പറഞ്ഞുകൊണ്ടുള്ള, കടുകുമണ്ണ ഊരിലെ ആവേദകരിൽ നിന്നും ലഭിച്ച ഒരു പാട്ട് താഴെ കൊടുക്കുന്നു.

**1. തിവറെക്ക് റുണ്ണെപാട്ട് ഞാൻ വളർത്തിന സാവ...**
ലാലാലെ ലാലലാലെ ലാലലാലെ ലാലെ (2)
തിവറെക്ക് റുണ്ണെപാട്ട് ഞാൻ വളർത്തിന സാവ
ഞാൻ വളത്തിന സാവ വന്ത് സ്വാമി കൊയാല് വേല
ലാലാലെ ലാലലാലെ ലാലലാലെ ലാലെ

സാമെക്ക് റുണ്ണെപാട്ട് ഞാൻ വളർത്തിന സാവ
ഞാൻ വളത്തിന സാവ വന്ത് സ്വാമി കൊയാല് വേല
ലാലാലെ ലാലലാലെ ലാലലാലെ ലാലെ
സോളാക്ക് റുണ്ണെപാട്ട് ഞാൻ വളർത്തിന സാവ
ഞാൻ വളത്തിന സാവ വന്ത് സ്വാമി കൊയാല് വേല
ലാലാലെ ലാലലാലെ ലാലലാലെ ലാലെ
(തുവരയ്ക്ക് നല്ല വിളവ് കിട്ടിയാൽ ഞാൻ വളർത്തുന്ന
കോഴിയെ അമ്പലത്തിലേക്ക് നേർച്ച നൽകാം എന്നു സാരം)

ഈ വിധത്തിൽ പല ധാന്യങ്ങളുടെ പേര് പറഞ്ഞ് പാട്ട് നീണ്ട് പോകും.

പഞ്ചക്കാട്ടിൽ തയ്യാറാക്കിയ കളത്തിലാണ് ധാന്യങ്ങൾ മെതിക്കുക. വിളവ് വയ്ക്കുന്നതിന് പ്രത്യേക 'ആലെ' കൾ പഞ്ചക്കാട്ടിൽ തയ്യാറാക്കിയിട്ടുണ്ടാവും. തീയുടെ വെളിച്ചത്തിലും നിലാവെളിച്ചത്തിലുമായി സാമെ കതിരിൽ നിന്നും കാല് കൊണ്ട് ചവിട്ടി സാമെ മണികൾ വേർപ്പെടുത്തുമ്പോൾ സ്ത്രീകളുടെ പുരുഷന്മാരും പാടുന്ന ഒരു പാട്ട് ചുവടെ കൊടുക്കുന്നു.

**2. ജെരിരോ ജെരിരോ ജെരിര കുമ്പ...**

ജെരിരോ ജെരിരോ ജെരിര കുമ്പ[1]
ഔവന വനത്തിൽ ജെരിര കുമ്പ
ജെരിരോ ജെരിരോ ജെരിര കുമ്പ
അപ്പന വനത്തിൽ ജെരിര കുമ്പ
ജെരിരോ ജെരിരോ ജെരിര കുമ്പ
അണ്ണെ വനത്തിൽ ജെരിര കുമ്പ
ജെരിരോ ജെരിരോ ജെരിര കുമ്പ
തങ്കെ വനത്തിൽ ജെരിര കുമ്പ
ജെരിരോ ജെരിരോ ജെരിര കുമ്പ
അക്കെ വനത്തിൽ ജെരിര കുമ്പ
ജെരിരോ ജെരിരോ ജെരിര കുമ്പ
മാമിന്റെ വനത്തിൽ ജെരിര കുമ്പ
ജെരിരോ ജെരിരോ ജെരിര കുമ്പ

പല വനങ്ങളുടെ പേര് പറഞ്ഞ് പാട്ട് തുടർന്ന് പോകും. കുറുമ്പരും വനവും തമ്മിലുള്ള അടുപ്പമാണ് ഈ പാട്ടിലൂടെ പ്രകടമാവുക. ധാന്യം കതിരിൽ നിന്നും ചവിട്ടി വേർപെടുത്തുമ്പോൾ പാടുന്ന മറ്റൊരു പാട്ട്.

---

*1 വെള്ളമെടുക്കുന്ന കുടം*

**3. മെട്ടി മെട്ടി വിന്തസൊറെ മെത്താലടിവാ...**

മെട്ടി[2] മെട്ടി വിന്തസൊറെ മെത്താലടിവാ
സാമകളാക്ക് വിന്തസൊറെ മെത്താലടിവാ
മെട്ടി മെട്ടി വിന്തസൊറെ മെത്താലടിവാ
നെല്ല് കളാക്ക് വിന്തസൊറെ മെത്താലടിവാ
മെട്ടി മെട്ടി വിന്തസൊറെ മെത്താലടിവാ
പാണ്ടി[3] കളാക്ക് വിന്തസൊറെ മെത്താലടിവാ
മെട്ടി മെട്ടി വിന്തസൊറെ മെത്താലടിവാ

**വൈകുന്നേരങ്ങളിൽ പാടുന്ന ഒരു പാട്ട്**

കനികളെ ഓ വനികളെ അവ്വെക്ക്
ഏറ്ടൊ ഓ വനികനികളെ
ഏറാത്ത മക്കള്ക്ക് ഓ വനികളെ
തൂക്കി തൂക്കി ലെറ്റ്ടൊ ഓ വനികനികളെ
നൊക്കെ മണ്ണുക്ക് ഉഞ്ച്വെ ഓ വനികനികളെ
ഏറ് ഏറ് ദൈവമെ ഓ വനികനികളെ

മുൻ കാലങ്ങളിൽ മിക്ക വൈകുന്നേരങ്ങളിലും പകലത്തെ കൃഷി പണിയും മറ്റും കഴിഞ്ഞ് ഊരിന്റെ മുറ്റത്ത് സ്ത്രീകളും പുരുഷന്മാരും ഒന്നിച്ച് കൂടി പാട്ട്പാടി കളിക്കും. ആണും പെണ്ണും തമ്മിലുള്ള സ്നേഹം, വനം, കൃഷി, ആചാരങ്ങൾ തുടങ്ങി വിവിധ കാര്യങ്ങൾ പാട്ടിന്റെ ഉള്ളടക്കമായി വരും. കാളി എന്ന പെൺകുട്ടിയുടെ പ്രേമത്തെ പ്രമേയമാക്കിയിട്ടുള്ള, പല മരങ്ങളുടെ പേരും സവിശേഷതകളും പറഞ്ഞുകൊണ്ടുള്ള ഒരു പാട്ട് ചുവടെ കൊടുക്കുന്നു.

**4. അത്തിമരക്കണ്ടിയാല്യോ കാളിയെ...**

അത്തിമരക്കണ്ടിയാല്യോ കാളിയെ
അത്തികറെലണ്ടിച്ചോ കാളിയെ
ചക്കമരക്കണ്ടിയാല്യോ കാളിയെ
ചക്കകറെലണ്ടിച്ചോ കാളിയെ
മാങ്കെമരക്കണ്ടിയാല്യോ കാളിയെ
മാങ്കെകറെലണ്ടിച്ചോ കാളിയെ
നീറെ (ഞാവൽ) മരക്കണ്ടിയാല്യോ കാളിയെ
നീറെകറെലണ്ടിച്ചോ കാളിയെ
വേങ്കെമരക്കണ്ടിയാല്യോ കാളിയെ
വേങ്കെകറെലണ്ടിച്ചോ കാളിയെ ...

---

*2 ചവിട്ടുക*

*3 തിന*

പല മരങ്ങളുടെ പേരുകൾ ചേർത്ത് പാട്ട് അനന്തമായി നീണ്ട് പോകും.

**5. അത്തിമരനാലോ നാലുടാതെ ബാവ...**
ലാലെലാലെ ലാലെ ലാലെലാലെ ലാലെ (2)
അത്തിമരനാലോ നാലുടാതെ ബാവ
നാലുടാതെ ബാവ നെലികെടാതെ ലതികെ
ലാലെലാലെ ലാലെ ലാലെലാലെ ലാലെ (2)
സത്യമരനാലോ നാലുടാതെ ബാവ
നാലുടാതെ ബാവ നെലികെടാതെ ലതികെ
ലാലെലാലെ ലാലെ ലാലെലാലെ ലാലെ (2)
മാങ്കമരനാലോ നാലുടാതെ ബാവ
നാലുടാതെ ബാവ നെലികെടാതെ ലതികെ
ലാലെലാലെ ലാലെ ലാലെലാലെ ലാലെ (2)
വെജമരനാലോ നാലുടാതെ ബാവ
നാലുടാതെ ബാവ നെലികെടാതെ ലതികെ
ലാലെലാലെ ലാലെ ലാലെലാലെ ലാലെ (2)
വീട്ടിമരനാലോ നാലുടാതെ ബാവ
നാലുടാതെ ബാവ നെലികെടാതെ ലതികെ
ലാലെലാലെ ലാലെ ലാലെലാലെ ലാലെ (2)

**6. പിള്ളെവെറ പോകോ ലീങ്കേ ലീലോ...**
ലീലലീലോ ലീലലീലോ (2)
പിള്ളെവെറ പോകോ ലീങ്കേ ലീലോ
പൂവെറ പോകോ ലീങ്കേ ലീലോ
ലീലലീലോ ലീലലീലോ (2)
കൂക്കമള സ്വാമിയോ ലീങ്കേ ലീലോ
പാല്പൊങ്ക വെക്കൊ ലീങ്കേ ലീലോ
നെയ്പൊങ്ക വെക്കോ ലീങ്കേ ലീലോ
ലീലലീലോ ലീലലീലോ (2)
ആണ്ടവ മുടിയോ ലീങ്കേ ലീലോ
നൂറ്റൊരു വാണ ലീങ്കേ ലീലോ
നൂറ്റൊരു കായോ ലീങ്കേ ലീലോ
നൂറ്റൊരു വാണ ലീങ്കേ ലീലോ
ലീലലീലോ ലീലലീലോ (2)
മേരൊറു[4] കൊയാലോ ലീങ്കേ ലീലോ

---

*4 മുകളിൽ*

അടിയൊരു[5] കൊയാലോ ലീങ്കേ ലീലോ
അയ്യട്ടൊരു[6] കൊയാലോ ലീങ്കേ ലീലോ
ഇയ്യട്ടൊരു[7] കൊയാലോ ലീങ്കേ ലീലോ
ലീലലീലോ ലീലലീലോ (2)
പാല് പൊങ്ക വേകൊ ലീങ്കേ ലീലോ
പിള്ളെവെറ പോകൊ ലീങ്കേ ലീലോ
ലീലലീലോ ലീലലീലോ (2)
നീട്ടിയൊരു വാണ ലീങ്കേ ലീലോ
നീട്ടിയൊരു വെടി ലീങ്കേ ലീലോ
അടിതിലിമ്പി[8] പാത ലീങ്കേ ലീലോ
അടിയൊരു കൊയാലോ ലീങ്കേ ലീലോ
ലീലലീലോ ലീലലീലോ (2)
മേൽ തിലിമ്പി പാത ലീങ്കേ ലീലോ
മേലൊരു കൊയാലോ ലീങ്കേ ലീലോ
തൊണ്ണൂറു പണ്ടാറ് ലീങ്കേ ലീലോ
ലീലലീലോ ലീലലീലോ (2)
സളിര് മുള്ള് ലെടുത്താലോ ലമ്പ
കാരമുള്ള് ലെടുത്താലോ ലമ്പ
ജൂലിമുള്ള് ലെടുത്താലോ ലമ്പ
മുളിക്കീരൻമുള്ള് ലെടുത്താലോ ലമ്പ
ലീലലീലോ ലീലലീലോ (2)
തൊണ്ണൂറ് വീണിയാറോ[9] ലമ്പ
തൊണ്ണൂറ് ഭണ്ടാരോ ലമ്പ
കാളറ കാട് ലമ്പ
ലീലലീലോ ലീലലീലോ (2)
കാടി ലമ്പ വെട്ടിനേറൊ ലീങ്കേ
മുള്ള്ന കൊട്ടിനേറ് ലീലൊ
ലീലലീലോ ലീലലീലോ (2)

മുൻകാലങ്ങളിൽ ധാന്യങ്ങളും വനവിഭവങ്ങളും മറ്റും വാങ്ങുന്നതിന് പുറമെ നിന്ന് ഉദ്യോഗസ്ഥർ ഊരുകളിലേക്ക് വന്നിരുന്നു. അവരെക്കുറിച്ചും അവരുടെ വേഷ ഭൂഷകളെക്കുറിച്ചും പറഞ്ഞു കൊണ്ട് പാട്ട് പാടാറുണ്ട്.

---

5 *താഴെ*
6 *പുഴയുടെ അക്കരെ*
7 *പുഴയുടെ ഇപ്പുറം*
8 *താഴ്ന്ന*
9 *യുവതികൾ*

**7. അട്ടെപ്പാടി വങ്കൃതോട്ട[10] വാങ്ക്യ വന്താ തൊപ്പിക്കാരാ...**

ലാലെ ലാലെ ലാലെ ലാലെ (2)
അട്ടെപ്പാടി വങ്കൃതോട്ട വാങ്ക്യ വന്താ തൊപ്പിക്കാരാ
ലാലെ ലാലെ ലാലെ ലാലെ (2)
അട്ടെപ്പാടി റായതോട്ട വാങ്ക്യ വന്താ തൊപ്പിക്കാരാ
ലാലെ ലാലെ ലാലെ ലാലെ (2)
എന്ത് കെന്റ് വന്തതാ സാറെ
പടിയളക്ക്യാ വന്താണ സാറെ
അട്ടെപ്പാടി തിവരെകാട് വാങ്ക്യ വന്താ തൊപ്പിക്കാരാ
ലാലെ ലാലെ ലാലെ ലാലെ (2)
അട്ടെപ്പാടി റായികാട് വാങ്ക്യ വന്താ തൊപ്പിക്കാരാ
എന്ത് കെന്റ് വന്തതാ സാറെ
പടിയളക്ക്യാ വന്താണ സാറെ
ലാലെ ലാലെ ലാലെ ലാലെ (2)
അട്ടെപ്പാടി ബാങ്കെകാട്[11] വാങ്ക്യ വന്താ തൊപ്പിക്കാരാ
എന്ത് കെന്റ് വന്തതാ സാറെ
പടിയളക്ക്യാ വന്താണ സാറെ
ലാലെ ലാലെ ലാലെ ലാലെ (2)
താഴെക്കാട് റോഡിന പോകേനാ
ചൂണ്ടുപാറെ എന്ത്ക്ക് എന്ത്
ലാലെ ലാലെ ലാലെ ലാലെ (2)

സർവ്വേയ്ക്കും മറ്റുമായി വരുന്ന പുറമെനിന്നുള്ള ഉദ്യോഗസ്ഥരെ കളിയാക്കികൊണ്ട് കടുകുമണ്ണ ഊര്കാര് പാടുന്ന, കയ്യിലുള്ള റേഡിയോ ഉച്ചത്തിൽ വയ്ക്കണം വനത്തിലെ എല്ലാ ഇടങ്ങളും ശ്രദ്ധിച്ച് അളക്കണം തുടങ്ങിയ കാര്യങ്ങൾ ഉദ്യോഗസ്ഥനോട് പറയുന്ന തരത്തിലുള്ള ഒരു പാട്ട് ചുവടെ ചേർക്കുന്നു.

**8. കടുകുമണ്ണ ഊര് സാറെ...**

ലാലാലെ ലാലാലലെ ലാലാലെ ലാലെലലെ (2)
കടുകുമണ്ണ ഊര് സാറെ
കടുക്കള സക്ക സാറെ
ലാലാലെ ലാലാലലെ ലാലാലെ ലാലെലലെ (2)
കടുക്കള സക്കെ മുന്റെ
റേഡിയോവ് വെയ്ക്ക് സാറെ ആ..
റേഡിയോവ് വെയ്ക്ക് സാറെ

---

*10 ഉള്ളിതോട്ടം*
*11 വാഴതോട്ടം*

സ്പീക്കറാവ് വെയ്ക്ക് സാറെ
ലാലാലെ ലാലാലലെ ലാലാലെ ലാലെലലെ (2)
വളക്കണ്ടി സോലെ സാറെ
സോലെ നൊന്റ് നോട് സാറെ(2)
സർവ്വെ നൊന്റ് നോട് സാറെ (2)
ലാലാലെ ലാലാലലെ ലാലാലെ ലാലെലലെ (2)
താകല്ല് സോലെ സാറെ
സോലെ നൊന്റ് നോട് സാറെ (2)
സർവ്വെ നൊന്റ് നോട് സാറെ (2)
ലാലാലെ ലാലാലലെ ലാലാലെ ലാലെലലെ (2)
സറാകോലു മലെ സാറെ
സോലെ നൊന്റ് നോട് സാറെ (2)
സർവ്വെ നൊന്റ് നോട് സാറെ (2)
ലാലാലെ ലാലാലലെ ലാലാലെ ലാലെലലെ (2)

## വാദ്യോപകരണങ്ങൾ

കുഴല്, പറെ, ദവില്, ദമ്പട്ട, താള എന്നിവയാണ് പാട്ടിലും നൃത്തത്തിനും ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ. തണ്ട്, പീലി, ഗിരി, കൊടെ എന്നീ ഭാഗങ്ങളാണ് കുഴലിനുള്ളത്. പാലമരം കൊണ്ടാണ് കുഴൽ തണ്ട് നിർമ്മിക്കുന്നത്. വണ്ണമുള്ള പാലക്കമ്പ് വ്രതമെടുത്ത് രാവിലെ കുളിച്ചതിനു ശേഷം മുറിക്കും. ഈ കമ്പ് കുറച്ച് ഉണങ്ങിയ ശേഷം ചെറിയ കത്തികൊണ്ട് ചീകി ആകൃതിയാക്കും. തുടർന്ന് ചെറിയ കമ്പി പഴുപ്പിച്ച് നടുവിലൂടെയും ശബ്ദ നിയന്ത്രണത്തിന് വിരൽ ചലിപ്പിക്കുന്നതിനുള്ള ദ്വാരങ്ങളും ഉണ്ടാക്കും. മിനുസം കിട്ടുവാനായി വെളിച്ചെണ്ണ തണ്ടിൽ തേയ്ക്കും. പുഴയിൽ വളരുന്ന നാനപുല്ല് കൊണ്ടാണ് പീലി ഉണ്ടാക്കുന്നത്. പറെ, ദമ്പട്ട, ദവില്, താള എന്നിവ പുറമെ നിന്ന് വാങ്ങുകയാണ് ചെയ്യുക.

'മലാട്ട്' എന്നാണ് പൊതുവിൽ നൃത്തത്തിന് പറയുക. നടുവിൽ നിൽക്കുന്ന കുഴല്കാരന്റെയും കൊട്ടുകാരന്റെയും ചുറ്റിലുമായി വട്ടത്തിലാണ് നൃത്തം ചെയ്യുക. ആദ്യം ഒരു വട്ടത്തിലാകും പിന്നീട് ആളുകൾ കുടുന്നതിനനുസരിച്ച് വട്ടത്തിന്റെ എണ്ണം കൂടും.

## വിവാഹം

ഒരേ കുരിമ്പിലുള്ളവർ തമ്മിലുള്ള വിവാഹം അനുവദനീയമല്ല. മുൻകാലങ്ങളിൽ തായ് മാമന്റെ മക്കൾ (അമ്മയുടെ സഹോദരന്റെ മക്കൾ) തായ് മാമിയുടെ മക്കൾ (അച്ഛന്റെ സഹോദരിയുടെ മക്കൾ) തമ്മിലുള്ള വിവാഹത്തിനാണ് മുൻഗണന കൊടുത്തിരുന്നത്. ഒളിച്ചോടിയുള്ള വിവാഹങ്ങളും പാരമ്പര്യമായി അനുവദനീയമാണ്.

ഒളിച്ചോടുന്നവർ പിന്നീട് വീട്ടിൽ ചെന്ന് താമസിക്കും. പാരമ്പര്യ രീതി അനുസരിച്ച് വധുവിനെയും വരനെയും ചെറുപ്പത്തിലെ പറഞ്ഞുവയ്ക്കും. എന്നിരുന്നാലും വധുവിനെ ലഭിക്കുന്നതിന് ചെറുക്കൻ പെണ്ണിന്റെ വീട്ടിൽ താമസിച്ച് അവരുടെ പഞ്ചക്കാട് ജോലി, വിറക് ശേഖരണം തുടങ്ങിയ ജോലികൾ ചെയ്യണം. വെള്ളാമ (കൃഷി) അറിയുമൊ? പെണ്ണിനെ നോക്കുവാൻ കഴിവുണ്ടോ? എന്നൊക്കെ അറിയുന്നതിന് വേണ്ടിയാണ് ആ ഒരു രീതി. പെണ്ണിന്റെ വീട്ടിൽ താമസിച്ച് ജോലി ചെയ്താലും പെണ്ണിന്റെ വീട്ടുകാർക്ക് ബോധിച്ചാൽ മാത്രമെ വധുവിനെ ലഭിക്കുകയുള്ളൂ. ഒരു വർഷം വരെ പണിചെയ്തിട്ടും വധുവിനെ ലഭിക്കാത്ത സംഭവങ്ങളും ഊരിലുണ്ട്.

പരസ്പരം വീട്ടുകാർക്ക് ഇഷ്ടപ്പെട്ടാൽ മൂപ്പൻ, മണ്ണൂക്കാരൻ, ഭണ്ഡാരി, കുറുതല എന്നിവരും ചെറുക്കന്റെ അച്ഛനും മറ്റു പ്രധാനികളും വധുവിന്റെ വീട്ടിൽ പോയി തങ്ങും. ആൺസാക്ഷി, പെൺസാക്ഷി എന്നിങ്ങനെ വിവാഹം പറഞ്ഞുറപ്പിക്കുന്നതിനും വിവാഹാനന്തരം ദമ്പതിമാർ തമ്മിലുണ്ടാകുന്ന അസ്വാരസ്യങ്ങൾ പറഞ്ഞു തീർക്കുന്നതിനും മറ്റുമായി രണ്ട് കുരിമ്പ്കാരെ (കുലക്കാരെ) ചുമതലപ്പെടുത്തിയിട്ടുണ്ട്. വെളുങ്കിയാൾ കുരിമ്പ്ക്കാരാണ് ആൺ ജാതിക്കാര്. ആ കുരിമ്പിൽപ്പെട്ട ആൾ ആൺ സാക്ഷിയായി ചെറുക്കന്റെ കൂട്ടരുടെ കൂടെ ഉണ്ടാകും. മാരിയാൾ കുരിമ്പ്ക്കാരാണ് പെൺജാതിക്കാര്. ആ കുരിമ്പിൽപ്പെട്ടയാൾ വധുവിന്റെ വീട്ടിൽ പെൺസാക്ഷിയായി ഉണ്ടാവും. വരന്റെ കൂട്ടർ എത്തുമ്പോഴേക്ക് പെണ്ണിന്റെ വീട്ടിൽ പെൺസാക്ഷിയും മറ്റ് പ്രധാനികളും ഉണ്ടാകും. വരുന്നവർക്ക് വധുവിന്റെ വീട്ടിൽ ഭക്ഷണം ഉണ്ടാകും. രാത്രിയിൽ കൂത്ത് ഉണ്ടാകും.

## കൂത്ത്

ഹരിശ്ചന്ദ്രൻ കൂത്ത്, മധുരവീരൻ കൂത്ത്, വള്ളിക്കൂത്ത് തുടങ്ങിയവ കുറുമ്പരുടെ ഇടയിൽ നിലനിന്നിരുന്ന ചില കൂത്തുകളാണ്. പാട്ട്, അഭിനയം, നൃത്തം എല്ലാം ചേർന്ന ഒരു കലാവിഷ്ക്കാരമാണ് കൂത്ത്. ഓരോ കൂത്തിലും വേറെ വേറെ ഊരുകാർക്കാണ് പ്രാഗത്ഭ്യം. ആനവായ് ഊരുകാരുടേതാണ് വള്ളിക്കൂത്ത്. തടികുണ്ടുകാർ അവതരിപ്പിക്കുന്നത് മധുരവീരൻ കൂത്താണ്. കൂത്ത് അവതരിപ്പിക്കുവാൻ അറിയുന്നുവർ ഇന്ന് കുറവാണ്. തടികുണ്ടുകാരുടെ മധുരവീരൻ കൂത്ത് മാത്രമാണ് ഇന്ന് സജീവമായി നിലനിൽക്കുന്നത്. ആണുങ്ങൾ മാത്രമാണ് കൂത്തിൽ പങ്കെടുക്കുന്നത്. പെൺവേഷങ്ങൾ ഉണ്ടെങ്കിലും പുരുഷന്മാരാണ് അവയുടെ രംഗാവതരണവും നടത്തുന്നത്.

## മധുരവീരൻ കൂത്ത്

കാശി രാജാവിന്റെ മകൾ ബൊമ്മിയുടേത് ഉൾപ്പെടെ നാല് സ്ത്രീവേഷങ്ങൾ മധുരവീരൻ, രാജാവ്, മന്ത്രി, കോമാളി എന്നിങ്ങനെ നാല് പുരുഷവേഷങ്ങളുമാണ് മധുരവീരൻ കൂത്തിൽ ഉള്ളത്. കാശിരാജാവിന്റെ മകൾ ബൊമ്മിയും മധുരവീരനുമായി ഇഷ്ടത്തിലാവുന്നു. ബൊമ്മിയെ മധുരവീരൻ കാട്ടിലേക്ക് തട്ടികൊണ്ട് പോകുന്നു. അവിടെ ഏറ്മാടം കെട്ടി ഇരുവരും താമസമാക്കുന്നു. രാജാവും മധുരവീരനുമായി യുദ്ധം നടക്കുന്നു. തുടർന്ന് രാജാവിനെ മധുരവീരൻ വധിക്കുന്നു. രാജാവിന്റെ മൃതശരീര സംസ്ക്കാരം മധുരവീരൻ തന്നെ നടത്തുന്നു. രാജ്യം നന്നാവുന്നു. എന്നതാണ് മധുരവീരൻ കൂത്തിന്റെ ഇതിവൃത്തം. കൂത്തിലെ കഥാപാത്രങ്ങൾക്ക് അനുയോജ്യമായ വേഷവിധാനങ്ങൾ ധരിച്ചാണ് കൂത്ത് അവതരിപ്പിക്കുന്നത്. കാലിൽ ചിലങ്ക അണിയും പറെ, താള എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ.

## പച്ചചാവ്

ഊരുകളിൽ മരണം നടന്നാൽ എല്ലാബന്ധുക്കളെയും അറിയിക്കും. ഊരിലെ പൊതു സ്ഥലത്തുവെച്ചാണ് ചടങ്ങ് നടത്തുക. മൃതശരീരം കുറച്ചകലെ കൊണ്ടുപോയി കുളിപ്പിക്കും. നാല് ഭാഗത്തും ചെറിയ വാഴ നാട്ടി ഒരു വശം തുറന്ന വിധത്തിൽ മൃതശരീരത്തോട് ചേർന്ന് ഒരു കൂടാരം നിർമ്മിക്കും. തലഭാഗത്ത് വിളക്ക് കത്തിച്ചുവെയ്ക്കും. റാഗി അട, സാമെയും പരിപ്പും വേവിച്ച 'ഉക കഞ്ചി' എന്നിവയും മദ്യപാനി ആണെങ്കിൽ മദ്യം, ബീഡിവലിക്കുന്നയാളെങ്കിൽ ബീഡി എന്നിവയും തലഭാഗത്ത് വെയ്ക്കും. തുടർന്ന് കൂടാരത്തിനു ചുറ്റിലും വട്ടത്തിൽ സ്ത്രീകളും പുരുഷന്മാരും ചേർന്ന് മലാട്ട് (നൃത്തം) ചെയ്യും. മലാട്ട് ആദ്യം ഒരു വട്ടത്തിലാവും പിന്നീട് ആളുകൾ കൂടുമ്പോൾ വട്ടത്തിന്റെ വലുപ്പും കൂടും. മരിച്ചതിന് ഒരു ദിവസം കഴിഞ്ഞുള്ള വൈകുന്നേരമാണ് മൃതശരീരം 'സൂടാലെ' ലിൽ മറവ് ചെയ്യുക. അതുവരെ ചെറിയ ഇടവേളകൾ ഇട്ടുകൊണ്ട് നൃത്തം ഉണ്ടാകും. കുഴലിലൂടെയാണ് പാട്ട് വായിക്കുന്നത്. പഞ്ചക്കാടുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പാട്ടുകളാണ് വായിക്കുക. പറെ, ദവില്, ദമ്പട്ട, താള തുടങ്ങിയ വാദ്യങ്ങളും അകമ്പടി ഉണ്ടാകും. വാദ്യങ്ങളുടെ താളത്തിനനുസരിച്ച് വട്ടത്തിലും മുന്നോട്ടും പിന്നോട്ടുമായി കൈകൾ കോർത്തുപിടിച്ചോ ഈരണ്ടാളുകൾവീതം ഒന്നിച്ച് താളാത്മകമായി ചലിച്ചുകൊണ്ടോ ആണ് 'ആടുവാത്' (നൃത്തം) മുന്നേറുക.

## ചീര്

ചീര് കുറുമ്പരുടെ വളരെ പ്രധാന ഒരു അനുഷ്ഠാനമാണ്. മരണാനന്തര ചടങ്ങായാണ് ചെറിയ ഇടവേളകളിലും 30–40 വർഷങ്ങൾ കൂടുമ്പോൾ വലിയതോതിലും ചീര് നടത്താറുള്ളത്. എല്ലാ ഊരുകളിലുള്ളവരും ചീര് നടത്തുന്ന ഊരിലേക്ക് എത്തും. ചീരിന് മുന്നോടിയായി ചീര് നടത്തുന്ന ഊരിലെ പ്രധാന കുരിമ്പ്കാർ ഇത്ര ചാക്ക് അരി, മുളക്, എണ്ണ എന്നിങ്ങനെ നൽകണം എന്ന് നിശ്ചയിക്കും. മറ്റ് ഊരുകളിൽ നിന്നുമുള്ള പാട്ടിനാരുമായി ബന്ധപ്പെട്ടവർ, തായ് മാമ്മൻമാർ എന്നിവരും ഭക്ഷണ സാധനങ്ങൽ എത്തിക്കും. സാധാരണ മൂന്ന് ദിവസങ്ങളിലായാണ് ചീര് നടത്തുക. മൂന്ന് ദിവസവും എല്ലാവർക്കും ഭക്ഷണം ഉണ്ടാകും.

ചീരിന്റെ തലേ ദിവസം രാത്രി നാല് മുളം തൂണുകളിൽ മൂന്ന് തട്ടോടുകൂടിയ 'മൂന്ന് കോല് ഗുടികെട്ട്' നിർമ്മിക്കും. പിറ്റേന്ന് രാവിലെ 'സൊടലെ' പോയി ബന്ധുക്കൾ മുൻപ് മരിച്ച ആളുകളുടെ അസ്ഥികൾ ശേഖരിച്ച് ആല്ലെങ്കിൽ അതിനുപകരം വെള്ളി/ചെമ്പ് മോതിരം വെച്ച് 'പൊന്നെലമ്പ്' തയ്യാറാക്കും. പൊന്നെലമ്പ് ഗുടികെട്ടിന്റെ താഴത്തെ തട്ടായ 'അറപ്പ്' യിലാണ് വെയ്ക്കുക. തുടർന്ന് ഗുടികെട്ടിന് ചുറ്റിലും കുഴല് പാട്ടും കൊട്ടുമായി ആൺ പെൺ ഒന്നിച്ച് നൃത്തമാടും. ഒരു ചീര് പാട്ട് ചുവടെ കൊടുക്കുന്നു.

**9. കുളവാണ്ടി കുളവാണ്ടി...**
കുളവാണ്ടി കുളവാണ്ടി
റായികളാക്ക് ബിന്ദസോറെ
കുളവാണ്ടി കുളവാണ്ടി
സാമെകളാക്ക് ബിന്ദസോറെ
കുളവാണ്ടി കുളവാണ്ടി
തിവാരികളാക്ക് ബിന്ദസോറെ
കുളവാണ്ടി കുളവാണ്ടി
പാണ്ടികളാക്ക് ബിന്ദസോറെ
കുളവാണ്ടി കുളവാണ്ടി
അവരകളാക്ക് ബിന്ദസോറെ
കുളവാണ്ടി കുളവാണ്ടി

മേൽ പറഞ്ഞ രീതിയിൽ പലവിധ ധാന്യങ്ങളുടെ പേര് പറഞ്ഞ് പാട്ട് തുടർന്ന് പോകും. മൂന്നാം ദിവസം വൈകുന്നേരം 'പൊന്നെലമ്പ്', 'മതി'/ 'സൊടാലെ' (ചുടല) യിൽ കൊണ്ടുപോയി വയ്ക്കുന്നതോടുകൂടി ചീര് അവസാനിക്കും.

## മെയ്യലങ്കാര കല - 'നെറ്റികുത്തിയിരിക്കുവാത്'

സ്ത്രീകളുടെ നെറ്റിയിൽ ഒരിക്കലും മായാത്ത തരത്തിൽ രൂപങ്ങൾ വരയ്ക്കുന്ന ചടങ്ങാണ് 'നെറ്റികുത്തിയിരിക്കുവാത്'. 16 വയസ്സാവുമ്പോഴേക്കാണ് ഇത് നടത്തുക. 'മുഡുഗതൊണ്ടെ' യുടെ പരിപ്പ് എടുത്ത് അരച്ച് അത്തിമരത്തിന്റെ പാലിൽ കൂട്ടും. അവയോടൊപ്പം നാളികേരത്തിന്റെ തൊണ്ടെടുത്ത് ചുട്ട് അരച്ച കരി ചേർക്കും. മോതിരം കൊണ്ടോ, ചെറിയ കമ്പ് കൊണ്ടോ നെറ്റിയിൽ രൂപങ്ങളുടെ പാട് ആക്കും. തുടർന്ന് പാല് പാടിൽ പുരട്ടി സൂചികൊണ്ട് കുത്തും. സാധാരണ ഗതിയിൽ നെറ്റിയുടെ മുൻഭാഗത്ത് മോതിരം കൊണ്ട് വട്ടത്തിൽ രണ്ട് അടയാളങ്ങൾ ഇടും തുടർന്ന് കമ്പുകൊണ്ട് കുത്തനെ നീളം കുറഞ്ഞ അടയാളങ്ങൾ ഇടും. അവയിലാണ് സൂചികൊണ്ട് കുത്തുക. സമുദായത്തിലെ മുതിർന്ന സ്ത്രീകളുടെ അഭിപ്രായത്തിൽ പണ്ട് എല്ലാ വീണിയാറും (പെൺകുട്ടികളും) നെറ്റികുത്തുവാതിന് എത്തിയിരുന്നു. എന്നാൽ പുതുതലമുറ നെറ്റികുത്തിയിരിക്കുവാത് നടത്തുവാൻ താല്പര്യം കാണിക്കുന്നില്ല. എഴുപതിനോട് അടുപ്പിച്ച് പ്രായമുള്ള എല്ലാ സ്ത്രീകളുടെയും നെറ്റിയിൽ കറുപ്പ് കലർന്ന പച്ച നിറത്തിൽ മോതിര ആകൃതിയിലും മറ്റുമുള്ള രൂപങ്ങൾ കാണുവാൻ സാധിക്കും.

പഞ്ചക്കാട്ടിൽ ധാന്യങ്ങൾക്കൊപ്പം പൂക്കളും നടും. മുളകൊണ്ടുണ്ടാക്കിയ ചീർപ്പ് കൊണ്ട് തല ചീകി, ചീർപ്പ് മുടിക്കുള്ളിൽവെച്ച് മുടി മടക്കി വലത്ത് വശത്തേക്ക് കെട്ടി പൂക്കൾ മുടിയിൽ ചൂടി, 'റെമിച്ചി' (മൂക്കുത്തി), 'വെള്ളക്കല്ല്', 'തിമിനകല്ല്', 50 പൈസ, 25 പൈസ നാണയങ്ങൾ കൊണ്ടുണ്ടാക്കുന്ന 'പണകല്ല്', കഴുത്തിന് വട്ടത്തിൽ കെട്ടുന്ന 'തൊണ്ടക്കല്ല്' തുടങ്ങിയ 'സിങ്കിലി' (മാലകൾ) ധരിച്ചാണ് സ്ത്രീകൾ ഒരുങ്ങാറ്. ഇവയ്ക്കു പുറമെ കയ്യുടെ മുകൾ ഭാഗത്ത് ധരിക്കുന്ന 'തോള് വളെ', വെള്ളികൊണ്ടുണ്ടാക്കുന്ന 'നെളി' 'ജെറി' തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന വളകളും ധരിക്കാറുണ്ട്.

ഒരുങ്ങുന്നതുമായി ബന്ധപ്പെട്ട ഒരു പാട്ട് ചുവടെ ചേർക്കുന്നു.

**10. സിന്ന സിന്ന പൂവാവ സിന്നപൂമകാളെ ...**

ലാലെലാലെ ലാലെലാലെ ലലാലെ (2)
സിന്ന സിന്ന പൂവാവ സിന്നപൂമകാളെ
ഭാഡഡുക്ക് പൂവാവ സിന്ന പൂമകാളെ
മടിലമ്പകെട്ടാവ സിന്ന പൂമകാളെ
മുടിലമ്പസൂടാവ സിന്ന പൂമകാളെ
ലാലെലാലെ ലാലെലാലെ ലലാലെ (2)

മഞ്ചെടുക്ക് പൂവാവ സിന്ന പൂമകാളെ
കയ്യിരമ്പ പിടിയവ സിന്ന പൂമകാളെ
മുടിലമ്പ സൂടാവ സിന്ന പൂമകാളെ
സാല് വെച്ച് സൂടാവ സിന്ന പൂമകാളെ
ലാലെലാലെ ലാലെലാലെ ലലാലെ (2)

## വീടലങ്കാരകല- വീട്ക്ക് വണ്ണയ്ക്കുവാത്

'കുറിവെച്ച്' നോക്കിയാണ് വീട് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നത്. വീടിന്റെ വലുപ്പം നിശ്ചയിച്ച് മുളത്തൂണുകൾ കുഴിച്ചിടും. തുടർന്ന് മുള ഭിത്തിയുടെ ഉയരത്തിന്റെ അളവിൽ ചെറുതായി 'ചീവി' (ചെറിയ കഷണങ്ങളാക്കി) കുത്തനെ ചേർത്ത് നാട്ടി അവയുടെ ഇരുവശവും ചെളി തേച്ച് ഭിത്തിയുണ്ടാക്കും. ദർഭപുല്ലുകൊണ്ടാണ് വീട് മേയുക. ഒരിക്കൽ മേഞ്ഞാൽ മൂന്ന് കൊല്ലകാലത്തോളം ചോരാതെ നിൽക്കും. വീടിന്റെ ഭിത്തി ചന്തത്തിനും ഐശ്വര്യത്തിനുമായി സ്ത്രീകൾ കറുത്ത മണ്ണ്, ചെമ്മണ്ണ്, നിറവ് മണ്ണ് (വെളുത്ത മണ്ണ്) എന്നിവ ഉപയോഗിച്ച് ഭംഗിവരുത്തും. തുടർന്ന് തള്ളവിരലും ചെറുവിരലും ഒഴിവാക്കി മറ്റ് മൂന്നു വിരലുകൾ ഉപയോഗിച്ച് ഈന്ത് ഇലയുടെ ആകൃതിയിലും മറ്റും ചെറിയ രൂപങ്ങൾ വരയ്ക്കും. മുൻപ് ശിവരാത്രിക്കും മറ്റ് വിശേഷ ദിവസങ്ങളിലും വീട് 'വണ്ണയ്ക്കുവാത്'നടത്തും. ഇന്ന് അത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നവർ ഊരുകളിൽ കുറവാണ്.

## ഉപസംഹാരം

കുറുമ്പരുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ, വൈകുന്നേരങ്ങളിലെ ഒത്തുചേരലുകൾ, ജീവിത ചടങ്ങുകളുടെയും അനുഷ്ഠാനങ്ങളുടെയും ഭാഗമായുള്ള കൂട്ടായ്മകൾ ഇവയെല്ലാം വലിയൊരളവുവരെ നിലനിർത്തുന്നതും ആയാസരഹിതമാക്കുന്നതും വർണ്ണാഭമാക്കുന്നതും കൂട്ടായ്മയുടെ ഭാഗമാക്കുന്നതും പാട്ടുകളിലൂടെയും നൃത്തങ്ങളിലൂടെയുമാണ്. കുറച്ചാളുകൾ മാത്രം പങ്കെടുക്കുന്ന വൈകുന്നേരങ്ങളിലെ ഒത്തുകൂടൽ, ധാന്യം മെതിക്കൽ മുതലായ ദൈനംദിന പ്രവർത്തി വേദികളിലെ കലാവിഷ്ക്കാരം മുതൽ ചീര്, മരണം മുതലായ പല ഊരുകളിൽ നിന്നുള്ള കുറെയധികം ആളുകൾ പങ്കെടുന്ന കലാവിഷ്ക്കാരങ്ങളും കൂത്ത് പോലുള്ള കുറച്ചാളുകൾ മറ്റാളുകൾക്ക് ആസ്വദിക്കുവാനായി അവതരിപ്പിക്കുന്ന കലാഅവതരണങ്ങളും ചേർന്ന, ജീവിതത്തിന്റെ നാനാവിധ സന്ദർഭങ്ങളും ഉൾക്കൊള്ളുന്ന ഒരു വിശാല ഭൂമികയാണ് കുറുമ്പരുടെ കലാമേഖല.

## മുഖ്യ ആവേദകർ

കക്കിമൂപ്പൻ, ആനവായ്ഊര്, അഗളി, പാലക്കാട്
നഞ്ചൻ, ആനവായ്ഊര്, അഗളി, പാലക്കാട്

# 5

# അടിയരുടെ ജീവിതം കലകൾ

*വി നൈന*

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ പനമരം, ബാവലി, കാട്ടികുളം, തിരുനെല്ലി, തൃശ്ശിലേരി, തോൽപ്പെട്ടി, കാരമേട് തുടങ്ങിയ പ്രദേശങ്ങളിലാണ് അടിയാൻ സമുദായക്കാർ കൂടുതലായും അധിവസിച്ചു വരുന്നത്. തോൽപ്പെട്ടി, കാരമേട് എന്നീപ്രദേശങ്ങൾ വനാന്തർഭാഗങ്ങളിലാണ്. 'റാവുള്ളർ' എന്ന പേരിലും അടിയാന്മാർ അറിയപ്പെടുന്നുണ്ട്. മറ്റു വിഭാഗക്കാർ അടിച്ചേൽപ്പിച്ച'അടിമപ്പണി' ജീവിതവുമായി ബന്ധപ്പെട്ടാണ് അടിയാൻ എന്ന പേരു ലഭിച്ചത്. ഇപ്പോഴാകട്ടെ കർഷകതൊഴിലാളികളാണ് ഇവരിലധികവും. 2008 ലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാനസർവ്വെപ്രകാരം 11,221 ആണ് ആകെ ജനസംഖ്യ. ഇതിൽ 5389 പേർ പുരുഷൻമാരും 5832 പേർ സ്ത്രീകളുമാണ്. 2011 ലെ സെൻസസ് പ്രകാരം 11526 ആണ് ഇവരുടെ ജനസംഖ്യ (6,011 സ്ത്രീകൾ, 5,515 പുരുഷൻമാർ).

ഗദ്ദികയാണ് അടിയരുടെ അനുഷ്ഠാനകല. ഈ അനുഷ്ഠാന കലയെ ജനകീയമാക്കിയ പരേതനായ ശ്രീ.പി.കെ കാളൻ ഈ സമുദായത്തിന്റെ പ്രതിനിധിയായിരുന്നു. ഇദ്ദേഹം കേരള ഫോക് ലോർ അക്കാദമിയുടെ ചെയർമാനായും സേവനമനുഷ്ഠിച്ചിരുന്നു. അനുഷ്ഠാനത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്ന ഗദ്ദിക എന്ന കലാരൂപം മൂന്ന് തരത്തിൽ ഉണ്ട്. മാരിനീക്കൽ എന്നറിയപ്പെടുന്ന ഗദ്ദിക, രോഗം മാറ്റാനും, ദുരിതങ്ങൾ ശമിപ്പിക്കാനും, പ്രേതബാധ ഇല്ലാതാക്കാനുമെല്ലാം നടത്തുന്നു. രോഗം മാറിക്കഴിഞ്ഞാൽ നന്ദിസൂചകമായി ദേവീദേവൻമാർക്കായി പൂജഗദ്ദിക നടത്തുന്നു. നാടിന്റെ ഐശ്വര്യത്തിനായി ഓരോവീട്ടിലും ചെന്നുറഞ്ഞു നേർച്ചവാങ്ങി, രോഗത്തെ ആവാഹിച്ചെടുക്കുന്നതാണ്. നാട്ടുഗദ്ദിക. പുരുഷൻമാരാണു ഗദ്ദികയിൽ പങ്കെടുക്കുന്നത്. ശിവസ്തുതിയോടെ ഗദ്ദിക ആരംഭിക്കുമ്പോൾ സ്ത്രീവേഷധാരികളായ മറ്റു ഗദ്ദികക്കാർ വട്ടത്തിൽ ചുവടുവെയ്ക്കുന്നു. ചുവാനി, സിദ്ധപ്പൻ, മലക്കാരി എന്നീ അടിയദൈവങ്ങളെ പ്രകീർത്തിച്ചു നിരവധി വാഴ്ത്തുപാട്ടുകൾ പാടി ഗദ്ദികക്കാരൻ ഉറഞ്ഞുതുള്ളുന്നു. അട്ടഹസിക്കുന്നു. അടിയഭാഷയിലുള്ള പാട്ടുകൾക്കൊപ്പം തുടി, ചീനി എന്നിവ അകമ്പടിവാദ്യങ്ങ

ളൊരുക്കുന്നു. വസൂരിയുടെ ദേവതയായ മാരിയമ്മയുടെ വേഷമായ രക്തനിറപ്പട്ടും തിളങ്ങുന്ന ആഭരണങ്ങളും അണിയുന്നു.

പാരമ്പര്യമായി സമുദായത്തിൽപ്പെട്ടവർക്ക് രോഗം വരുമ്പോഴാണ് ഗദ്ദിക അവതരിപ്പിക്കുന്നത്. രോഗം ശമിക്കുമ്പോൾ സന്തോഷസൂചകമായി പൂജഗദ്ദിക നടത്തുന്നു. എന്നാൽ നാട്ടുഗദ്ദിക വർഷത്തിലൊരിക്കലാണ് നടത്തുന്നത്. കൊട്ടിയൂർ അമ്പലത്തിലെ ഉത്സവം കഴിഞ്ഞ് വരുന്ന ചൊവ്വാഴ്ചയാണ് നാട്ടുഗദ്ദിക ആരംഭിക്കുന്നത്. കൊടും കുളം മാരിയമ്മൻ കാവിൽ നിന്നാണ് നാട്ടുഗദ്ദിക ആരംഭിക്കുന്നത്. എല്ലാ സമുദായക്കാരുടെയും വീട്ടിൽ പോയി രോഗത്തെ ആവാഹിച്ചെടുത്ത് നാടിന് ശാന്തി ലഭിക്കാൻ വേണ്ടിയാണ് നാട്ടുഗദ്ദിക നടത്തുന്നത്

ഗദ്ദിക ആരംഭിച്ചതിനു പിന്നിൽ ഒരു ഐതിഹ്യം പറയപ്പെടുന്നു. ആര്യൻ, ബാണിയൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന ദേവൻമാർ ദേവലോകത്ത് ഇരിക്കുകയാണ്. ദേവൻമാരെ സേവിക്കുന്നതിന് മനുഷ്യനെ മണ്ണ് ഉപയോഗിച്ച് സൃഷ്ടിക്കാൻ അവർ രണ്ടുപേരും കൂടി തീരുമാനിച്ചു അങ്ങനെ ചിതൽ പുറ്റ് കൊണ്ട് മനുഷ്യനെ സൃഷ്ടിച്ച് ജീവൻ കൊടുത്തു. എന്നാലും അവർ മിണ്ടുകയോ നടക്കുകയോ ചെയ്തില്ല. ദേവൻമാർക്ക് ആകെ വിഷമമായി അപ്പോൾ അവരുടെ അമ്മമാർ പറഞ്ഞു. നിങ്ങൾ വടക്കോട്ടു നടക്കുമ്പോൾ ഉത്തരം കണ്ടെത്തും. അങ്ങനെ ദേവൻമാർ രണ്ടുപേരും വടക്കോട്ട് നടക്കാൻ തുടങ്ങി. കുറച്ചു നടന്നു തുടങ്ങിയപ്പോൾ ചളിയുള്ള സ്ഥലത്ത് എത്തിചേരുകയും രണ്ടുപേരും ചളിയിൽ വീണുപോവുകയും ചെയ്തു. അപ്പോൾ അതുവഴി നടന്നുപോയ മാളി (ദേവി) അവരോട് കാര്യം തിരക്കി ദേവൻമാർ ദേവിയോട് മടിച്ചുമടിച്ചാണെങ്കിലും കാര്യം പറഞ്ഞു. അപ്പോൾ ദേവി അവരോട് ഇപ്രകാരം പറഞ്ഞു. നിങ്ങൾ സൃഷ്ടിച്ച മനുഷ്യൻമാർക്ക് ഞാൻ ജീവൻ കൊടുക്കാം പകരം ഞാൻ കയ്യിൽ കിട്ടുന്നവരെയെല്ലാം ഭക്ഷിക്കും ദേവൻമാർ ഇത് സമ്മതിച്ചു.

ദേവൻമാർ ഉപയോഗിക്കുന്ന മേൽമുണ്ട് വാങ്ങി ദേവി കുളിക്കാൻ പോയി കുളികഴിഞ്ഞ് ദേവി ഭീകരരൂപിയായാണ് തിരികെ വന്നത്. ആയിരം കാലുകൾ ആയിരം നാക്കുകൾ കൊടുങ്കാറ്റിന്റെ വേഗത, ഇടിയുടെ ശബ്ദം ഇതൊക്കെയായിരുന്നു ആ രൂപത്തിന്റെ പ്രത്യേകത. ഇതുകണ്ട് ആളുകൾ പേടിച്ച് അമ്മേ എന്ന് വിളിച്ച് ഓടാൻ തുടങ്ങി കയ്യിൽ കിട്ടിയവരെയെല്ലാം ദേവി ഭക്ഷിച്ചു. രണ്ട് പേരെ ഒഴിച്ച് ബാക്കിയെല്ലാവരെയും ഭക്ഷിച്ചു. ഇതുകണ്ട് ബാണിയൻ ആര്യനോട് പറഞ്ഞു. നിങ്ങൾ എങ്ങനെയെങ്കിലും ദേവിയുടെ വേഗത കുറയ്ക്കണം ഞാൻ ഇവരെ ഒളിപ്പിക്കാൻ ശ്രമിക്കട്ടെ. അ

തിനുശേഷം ബാണിയൻ, പാക്കം എന്ന സ്ഥലത്ത് പോയി കുടിൽ കെട്ടി പാക്കത്തപ്പന്റെ കോട്ടയിൽ പോയി ഒളിച്ചു. പക്ഷെ അവിടെയും ദേവി എത്തി. കോട്ടയ്ക്കുള്ളിലേക്ക് ഓടികയറിയ ദേവിയോട് പാക്കത്തപ്പൻ കാര്യം അന്വേഷിച്ചു. ദേവി ഇതുവരെയുള്ള കാര്യങ്ങളെല്ലാം പാക്കത്തപ്പനോട് പറഞ്ഞു എല്ലാം കേട്ടശേഷം പാക്കത്തപ്പൻ ദേവിയോട് വരിക്കപ്ലാവിന്റെ ചുവട്ടിൽ പോയി ഇരിക്കാൻ പറഞ്ഞു. ഞാൻ കുളികഴിഞ്ഞ് അങ്ങോട്ടു വരാം. ഇത് സമ്മതിച്ച ദേവി വരിക്കപ്പാവിന്റെ ചുവട്ടിൽ പോയിരുന്നു. പാക്കത്തപ്പൻ കുളിക്കാൻ പോയി. അതിനുശേഷം വെറ്റിലയും അടയ്ക്കയും ചുണ്ണാമ്പും ചേർത്ത് മുറുക്കാൻ തുടങ്ങി. പാക്കത്തപ്പൻ മുറിക്കിയതിന് അനുസ്മരിച്ചാണ് അടിയ സമുദായക്കാർ ഇപ്പോഴും മുറുക്കുന്നതെന്ന് പറയപ്പെടുന്നു.

വരിക്കപ്ലാവിന്റെ ചുവട്ടിൽ പോയി പാക്കത്തപ്പനെ കാത്തിരുന്ന മാളി(ദേവി) ഇപ്രകാരം ചിന്തിക്കാൻ തുടങ്ങി. എന്ത് കുളി, എന്താ ഇത്രയും വൈകുന്നത്, ഞാൻ എന്ത് തിന്നും ഇങ്ങനെ ചിന്തിച്ച്, ചിന്തിച്ച് സമയം പോയതറിയാതെ ദേവി പ്ലാവിന്റെ ചുവട്ടിൽ ഇരുന്നു സാവധാനം ദേവിയുടെ കോപമെല്ലാം ശമിച്ച് ശാന്തശീലയായി. ദേവി ശാന്തശീലയായി കഴിഞ്ഞശേഷം പാക്കത്തപ്പൻ ദേവിയുടെ മുന്നിലെത്തി ഇപ്രകാരം ചോദിച്ചു. ഈ രണ്ടുപേരെ കൂടി തിന്നാൽ നാളെ നീ എന്തു തിന്നും. ഇതുകേട്ടപ്പോൾ ദേവിക്ക് മറുപടിയൊന്നും പറയാനുണ്ടായിരുന്നില്ല. പാക്കത്തപ്പൻ ദേവിയോട് ഇങ്ങനെ പറഞ്ഞു. ഇവർ നാളെ മുതൽ നിനക്കുള്ള ഭക്ഷണം മുടങ്ങാതെ തരും. ഇന്നുമുതൽ നീ ഭീകരരൂപം കാണിക്കാൻ പാടില്ല. പകരം അരണ, ചുണ്ടെലി, എന്നിവയുടെ രൂപത്തിൽ കരിയിലയുടെ അടിയിൽ ഒളിച്ചിരുന്ന് ശബ്ദമുണ്ടാക്കുകയും ആളുകളുടെ കാലിനടിയിലൂടെ ഓടിഒളിക്കുകയും വേണം. ഇങ്ങനെ ചെയ്യുമ്പോൾ മനുഷ്യൻ പേടിക്കുകയും അവർക്ക് രോഗം വരികയും ചെയ്യും. രോഗം ശമിപ്പിക്കുന്നതിനായി മനുഷ്യർ നിനക്ക് പൂജകളും മറ്റും നൽകും അങ്ങനെ നിന്റെ വിശപ്പ് ഇല്ലാതാകുകയും നീ സന്തോഷവതിയാവുകയും ചെയ്യും. അങ്ങനെയാണ് ഇന്നും രോഗം ശമിപ്പിക്കാനായി ഗദ്ദിക നടത്തുന്നത്. ഇതാണ് ഗദ്ദികയെ സംബന്ധിച്ചുള്ള ഐതിഹ്യം.

ഗദ്ദിക നടത്തുമ്പോൾ ആദ്യം മാളിക്ക് (ദേവിക്ക്) പൂജ നൽകിയ ശേഷം മാത്രമേ ബാക്കിയുള്ള ചടങ്ങുകൾ ചെയ്യൂ. ശിവനെ (ശ്വാനു) സ്തുതിക്കും. പാക്കത്തപ്പനെയാണ് ശ്വാനു എന്ന് വിളിക്കുന്നത്. നാട്ടുഗദ്ദിക അവതരിപ്പിക്കുമ്പോൾ മാരിയമ്മയെകുറിച്ചും പാട്ടുകൾ പാടും മാരിയമ്മൻ കോവിലിന് പടിഞ്ഞാറോട്ടാണ് ദർശനം. ഇതിനൊരു കാരണം ഉണ്ട്. കൊട്ടിയൂരിൽ വെച്ച് ദക്ഷൻ

നടത്തിയ യാഗം മുടക്കുന്നതിനായി ശിവൻ തൃശ്ശിലേരിയിൽ വന്ന് പടിഞ്ഞാറോട്ട് നോക്കിയിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. ഇവിടെയിരുന്നാണ് യാഗം മുടക്കുന്നതിനായി ഭൂതഗണങ്ങളെ സൃഷ്ടിച്ചത്. ഭൂതഗണങ്ങൾ കൊട്ടിയൂരിൽ വെച്ച് നടന്നയാഗം മുടക്കിയശേഷം തൃശ്ശിലേരിയിൽ എത്തി അവിടെയും നാശ നഷ്ടങ്ങൾ വരുത്താൻ തുടങ്ങി. മാരിയമ്മ ഭൂതഗണങ്ങളെ ആവാഹിച്ച് പിടിച്ച് ഒരിടത്തിരുത്തി. ആതുകൊണ്ടാണ് കൊട്ടിയൂർ ഉത്സവം കഴിഞ്ഞ് മാരിയമ്മയെ പൂജിക്കുന്നതും നാട്ടുഗദ്ദിക നടത്തുന്നതും. ഗദ്ദിക നടത്തുന്നതിനായി വേഷം കെട്ടികഴിഞ്ഞാൽ ഉറങ്ങാൻ പാടില്ല. കാരണം ആവാഹിച്ച് പിടിക്കുന്ന ഭൂതഗണങ്ങളെ ഗുടിയിലാണ് വെയ്ക്കുന്നത്. ഈ ഗുടി തലയിൽ വെച്ച് ഗദ്ദികക്കാരൻ നടക്കുന്നു എന്നാണ് വിശ്വാസം. ഇത് തറയിൽ വെച്ച് ശേഷം ഉറങ്ങിയാൽ ഭൂതങ്ങൾ ഇറങ്ങിപോകും എന്ന് വിശ്വസിക്കുന്നു. ഇപ്പോൾ മാറി മാറികുറച്ചു പേർ വീതം ഉറങ്ങാതെ ഇരിക്കുന്നു.

പുരുഷൻമാരാണ് സ്ത്രീവേഷം കെട്ടി ഗദ്ദിക അവതരിപ്പിക്കുന്നത്. ആഭരണങ്ങൾ അണിഞ്ഞ് കയ്യിൽ ചൂരൽ വടിയുമായിട്ടാണ് ഇത് അവതരിപ്പിക്കുന്നത്. ചമയവുമായി ബന്ധപ്പെട്ട സമീപകാലത്ത് മാറ്റങ്ങൾ വന്നിട്ടുണ്ട്. മേക്കപ്പ് കൂടുതൽ ഇടുന്നു, കളർപൗഡർ ഉപയോഗിക്കുന്നു, കുങ്കുമം തൊടുന്നു. തുടി, ചീനി, തുടങ്ങിയ വാദ്യോപകരണങ്ങൾ ആണ് ഉപയോഗിക്കുന്നത്. കാലിൽ ചിലങ്കകെട്ടുന്നു. വാദ്യോപകരണവുമായി ബന്ധപ്പെട്ട് സമീപകാലത്ത് ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. തുടി, ചീനി മുതലായവ നിർമ്മിക്കുന്നതിന് പ്ലാവ്, കുമിൾ തുടങ്ങിയവയുടെ തടിയാണ് ഉപയോഗിക്കുന്നത്. മുൻകാലങ്ങളിൽ കുരങ്ങിന്റെ തോൽ തുടി ഉണ്ടാക്കുന്നതിന് ഉപയോഗിച്ചിരുന്നുവെങ്കിലും ഇപ്പോൾ ആടിന്റെ തോലാണ് ഉപയോഗിക്കുന്നത്. ചീനി (കുഴൽ) വായിക്കാൻ അറിയാവുന്നവരുടെ എണ്ണവും സമീപകാലത്തായി കുറഞ്ഞുവരുന്നു. പുതിയ തലമുറ ചീനി വായിക്കുന്നിന് ശ്രമിക്കാറില്ല. ഇവരെ ഇത് പഠിപ്പിക്കുന്നതിന് പരിശീലനം നൽകാറുണ്ട്.

ഗദ്ദിക അവതരിപ്പിക്കുന്നതിന്റെ ഭാഗമായി ഏഴ് ദിവസം നോമ്പ് എടുക്കുന്നു. ഭക്ഷണസാധനങ്ങൾ എല്ലാം കഴിക്കാം. എന്നാൽ ലൈംഗിക ബന്ധം പാടില്ല. വിനോദത്തിന്റെ ഭാഗമായി ഗദ്ദിക അവതരിപ്പിക്കാറില്ല. കുട്ടികൾ ഗദ്ദിക അവതരിപ്പിക്കാറില്ല. 15 വയസ്സുകഴിഞ്ഞാൽ നാട്ടുഗദ്ദിക അവതരിപ്പിക്കാം

പൊതു സമൂഹത്തിനുമുൻപിൽ വേദിയിൽ അവതരിപ്പിക്കുമ്പോൾ ഈ അനുഷ്ഠാനകലാരൂപത്തിന് പല മാറ്റങ്ങളും സംഭവിക്കുന്നു. വേദിയിൽ അവതരിപ്പിക്കുമ്പോൾ ഇളകി തുള്ളുകയോ,

കല്പനകൾ പുറപ്പെടുവിക്കുകയോ ചെയ്യുന്നില്ല. നോമ്പ് എടുക്കാറില്ല, പാടുന്ന പാട്ടുകളുടെ നീളം കുറവായിരിക്കും. ഇതു കൂടാതെ അവതരിപ്പിക്കുന്ന സമയക്രമമനുസരിച്ച് എല്ലാത്തിലും മാറ്റങ്ങൾ ഉണ്ടാകുന്നു.മുൻകാലത്ത് ഗദ്ദിക നടത്തുന്നതോടൊപ്പം രോഗ ശമനത്തിനായി പച്ചമരുന്നും നൽകിയിരുന്നു.

## ജീവിതാനുഷ്ഠാന ചടങ്ങുകൾ

സമൂഹത്തിലെ വിവാഹിതരായ സ്ത്രീകൾ ഗർഭിണിയാണെന്ന് അറിയുമ്പോൾ ഏഴാം മാസം പെണ്ണിന്റെ വീട്ടുകാർ കൂട്ടികൊണ്ടു പോവുന്നു. 8-മാസത്തിൽ പേയാട്ട് (ഗർഭാന്തര ചടങ്ങ്) നടത്തുന്നു. കണ്ണേറ് തട്ടാതെ ഇരിക്കുന്നതിന്, കുഞ്ഞിനും അമ്മയ്ക്കും പൂജാദി കർമ്മങ്ങൾ നടത്തി തല ഉഴിഞ്ഞു ചാമുണ്ടേശ്വരിക്ക് സമർപ്പിക്കുന്നു. ഭൂതപ്രേതപിശാചുക്കൾ ഗർഭിണിയെ മോഹിക്കുന്നതുനിമിത്തം പല രോഗങ്ങളും വരുന്നു. അവ വരാതിരിക്കുന്നതിനാണ് പേയ് ആട്ട് നടത്തുന്നത്. പാട്ടും നൃത്തവും ഈ ചടങ്ങിനോട് അനുബന്ധിച്ച് നടത്തുന്നു. ഈ ചടങ്ങ് തീരുന്നതുവരെ കളം വരച്ച് ഗർഭിണിയെ അതിൽ ഇരുത്തുന്നു. ദേവീദേവൻമാരുടെ പേര് ചൊല്ലി വിളിക്കുന്നു. ഇവർ വന്ന് സ്ത്രീയെ ബാധിച്ചിരിക്കുന്നു ബാധയെ അകറ്റുന്നു എന്നാണ് വിശ്വാസം ഇതിന് വ്രതാനുഷ്ഠാനങ്ങൾ ഒന്നും തന്നെയില്ല. രാത്രിയിലാണ് ഈ ചടങ്ങ് നടത്തുന്നത്. ഏകദേശം രണ്ട് മണിക്കൂറോളം ചടങ്ങ് നീണ്ടുനിൽക്കുന്നു.

പഴയകാലത്ത് ഗർഭിണികൾ പ്രസവിക്കുന്ന ദിവസംവരെയും പാടത്തും പറമ്പത്തും പണിയെടുക്കുന്നു. വീട്ടിൽ വെച്ച് തന്നെയാണ് പ്രസവം നടന്നിരുന്നത്. എന്നാൽ ഇന്ന് ആശുപത്രിയിലാണ് പ്രസവം. പ്രസവിച്ചു കഴിഞ്ഞാൽ ഏഴ് ദിവസം വരെ പപ്പായ കഴിക്കാൻ പാടില്ല. ഇളം വാഴയ്ക്ക, മുതിര എന്നിവ കുരുമുളക് ചേർത്ത് കറിവെച്ച് കൊടുക്കുന്നു. കഞ്ഞികുടിക്കാൻ പാടില്ല. ചോറ് കഴിക്കണം. പച്ചവെള്ളം കുടിക്കാനോ, കുളിക്കാനോ പാടില്ല.

പ്രസവത്തോട് അടുപ്പിച്ച് യുവതി സ്വന്തം വീട്ടിലേക്ക് പോകും. സ്വന്തം വീട്ടിലേക്ക് പോകുന്നതുമായി ബന്ധപ്പെട്ട് പഴയകാലത്ത് പാരമ്പര്യ ചടങ്ങുകൾ ഒന്നും തന്നെയില്ല. അനുഷ്ഠാന കല അവതരിപ്പിക്കാറില്ല. പ്രസവത്തോട് അടുപ്പിച്ച് ബന്ധുക്കൾ ഗർഭിണിയെ കാണാൻ വരുന്ന ചടങ്ങില്ല. എന്നാൽ ഇന്ന് മറ്റു സമുദായക്കാരെ വിവാഹം കഴിക്കുന്നതുമൂലം ചില ചടങ്ങുകൾ പൊതുസമൂഹത്തിലുള്ളവർ ചെയ്യുന്നതുപോലെ ചെയ്യാറുണ്ട്. പ്രസവിച്ച ഉടനെ പ്രസവം നടന്നു എന്നും ആൺകുട്ടിയാണ്/പെൺകുട്ടിയാണ് എന്നറിയിക്കുന്നതിന് ചില അടയാളങ്ങൾ നൽകാറുണ്ട്. ജനിച്ചത്

ആൺകുട്ടിയാണെങ്കിൽ അമ്പും വില്ലും ഉണ്ടാക്കി പുറത്തു തൂക്കി യിടും പെൺകുട്ടിയാണെങ്കിൽ ചെറിയ ഒരു തൊട്ടിൽ ഉണ്ടാക്കി ഇടുന്നു. ജനനവുമായി ബന്ധപ്പെട്ട് ഏഴ് ദിവസം പുല ആചരിക്കു ന്നു. പുല വീട്ടുന്നതിന്റെ അന്നേ ദിവസം വീട് ചാണകം കൊണ്ട് മെഴുകി വൃത്തിയാക്കുന്നു. അമ്മയെയും കുഞ്ഞിനെയും കുളിപ്പിച്ചു പുറത്തിറക്കും. കോളനിയിലെ പ്രായമായ മൂപ്പത്തിയെകൊണ്ട് മൺ ചട്ടിയിലെ കരിയെടുത്ത് കുട്ടിയുടെ കവിളത്ത് തൊട്ടുകൊടുക്കും. പുരികം വരച്ച്, ഇടത്തെ നെറ്റിയിൽ പൊട്ട് തൊട്ട് കൊടുക്കും. കയ്യിലും കാലിലും കറുത്ത ചരട് കെട്ടികൊടുക്കും. പുതിയ വ സ്ത്രം ധരിപ്പിക്കും. ഈ അവസരത്തിൽ അനുഷ്ഠാനകലയുടെ അവതരണം ഇല്ല.

നവജാത ശിശുവിന്റെ അരയിൽ ചരട് കെട്ടുന്നത് 28-ാം ദിവസ മാണ്. കുട്ടിയുടെ മാതാപിതാക്കളുടെ വീട്ടിൽ നിന്ന് വേണ്ടപ്പെട്ട ബന്ധുക്കളെയെല്ലാം അറിയിച്ച് ഈ ചടങ്ങ് നടത്തുന്നു. വന്നുകൂടു ന്നവർക്ക് സദ്യനൽകുന്നു. ഈ ദിവസവും അനുഷ്ഠാനകലയുടെ അവതരണം ഇല്ല.

കുട്ടി ജനിച്ച് 6-ാം മാസത്തിലാണ് പേരിടൽ ചടങ്ങ് നടത്തുന്നത്. ഏതെങ്കിലും അമ്പലത്തിൽ വെച്ചോ, വീട്ടിൽ വെച്ചോ ഈ ചടങ്ങ് നടത്തുന്നു. കുട്ടിയുടെ മുടി മുറിക്കുന്നതുമായി ബന്ധപ്പെട്ട ചടങ്ങു കൾ ഒന്നും തന്നെയില്ല. മുൻകാലങ്ങളിൽ 2/3 വയസ്സ് കഴിഞ്ഞാണ് കാത് കുത്തുന്നത്. മുമ്പ് ആൺകുട്ടികളും കാത് കുത്തികടുക്കൻ ഇട്ടിരുന്നു. ഇപ്പോൾ പെൺകുട്ടികൾ മാത്രമെ കാത് കുത്താറുള്ളൂ.

പെൺകുട്ടികൾ ഋതുമതിയാവുന്നതുമായി ബന്ധപ്പെട്ട ചടങ്ങിന് നിറഞ്ഞ കല്ല്യാണം (മഞ്ഞളുനീര്) എന്നാണ് അടിയ സമുദായക്കാർ ക്കിടയിൽ പറയുന്നത്. ഒരു പെൺകുട്ടി ഋതുമതിയായാൽ എട്ട് ദിവസം വ്രതം അനുഷ്ഠിക്കണം. പെൺകുട്ടിയെ വീട്ടിൽ നിന്ന് മാറ്റിപ്പാർപ്പിക്കാറില്ല. പുറത്തിറങ്ങാതെ ഇരിക്കണം. മറ്റ് ആൺകുട്ടി കളെയോ മുതിർന്ന പുരുഷൻമാരെയോ കാണുവാനോ സംസാരി ക്കുവാനോ പാടുള്ളതല്ല. എട്ടാം ദിവസം ഋതുമതിയായ പെൺകു ട്ടിയുടെ ചെമ്മത്തിൽപെട്ട (കുടുംബത്തിൽപെട്ട) മുതിർന്ന സ്ത്രീ, കുളിക്കാനുള്ള ചൂടുവെള്ളം, പച്ചമഞ്ഞൾ അരച്ച് ഒരു വാഴയില യിൽ പൊതിഞ്ഞ് കൊണ്ടുവരുന്നു. അതിനുശേഷം ഋതുമതിയായ പെൺകുട്ടിയുടെ ചുറ്റും പെൺകുട്ടികളും മുതിർന്ന സ്ത്രീകളും ചേർന്ന് നിന്ന് തിരികത്തിച്ച് നാല് ചുറ്റിനും എറിഞ്ഞിട്ട് കുട്ടിയുടെ മുഖത്ത് മഞ്ഞൾതേച്ച് ഓരോരുത്തരായി കഴുകി കൊടുക്കുന്നു. അതിനുശേഷം കുടുംബത്തിൽപെട്ടവർ പെൺകുട്ടിയെ കുളിപ്പിച്ച് പുതിയ ചേല(സാരി) ഉടുപ്പിച്ച് പെണ്ണിനെ മണ്ണിൽ ചവിട്ടിക്കാതെ

ഒരു തുണി നീളത്തിൽ വിരിച്ച് അതിൽ ചവിട്ടി വീട്ടിനകത്തേക്ക് കയറ്റി ഒരുക്കി നിർത്തുന്നു. ഈ ചടങ്ങുകൾ പുലർച്ചെ അഞ്ച് മണിക്ക് തുടങ്ങുന്നു. ഇപ്പോഴും ഈ ചടങ്ങ് നടത്തുന്നു.

പാരമ്പര്യമായി മുൻകാലങ്ങളിൽ പെൺകുട്ടികൾ ഋതുമതി ആയികഴിഞ്ഞ് ഒരാഴ്ചക്കുശേഷം വിവാഹം നടത്താറുണ്ട്. ഇപ്പോൾ 18 വയസ്സ് കഴിഞ്ഞ ശേഷമാണ് വിവാഹം നടത്തുന്നത്. ആൺകുട്ടികളുടെ വിവാഹപ്രായം ഇപ്പോൾ 21 വയസ്സ് ആണ്. മൂത്ത പെൺകുട്ടികളുടെ വിവാഹത്തിനുമുൻപ് ഇളയപെൺകുട്ടികളുടെ വിവാഹം നടത്താറില്ല. ഒളിച്ചോടിയുള്ള വിവാഹങ്ങൾ സങ്കേതങ്ങളിൽ നടക്കാറുണ്ട്. അത്തരം വിവാഹം കഴിഞ്ഞാൽ കുറച്ചുകാലം മൂപ്പൻമാരുടെ മുമ്പിൽ കാണാൻ പാടില്ല. തപ്പ്കൊട്ടി അങ്ങനെയുള്ള ദമ്പതികളെ കുടിയിലേക്ക് വരാൻ അനുവദിക്കും. പഴയകാലത്ത് വളതപ്പ് കൊട്ടുന്നു. ഇപ്പോൾ 1500 രൂപ തപ്പ് കൊട്ടുന്നു. വള എത്രയാണെന്നും ആർക്കൊക്കെ കൊടുക്കണം എന്നു മൂപ്പൻ പറയും അച്ഛൻ, അമ്മ, അച്ഛന്റെ അച്ഛൻ, നാട്ടുമൂപ്പൻ തുടങ്ങിയവർക്ക് തപ്പായി കെട്ടുന്ന വളനൽകുന്നു. ഊരുമൂപ്പൻ ഇരുവീട്ടുകാരോടും കാര്യങ്ങൾ സംസാരിച്ച് ചെറുക്കന്റെ വീട്ടിൽ വെച്ച് ചെറിയ ഒരു വിവാഹ ചടങ്ങു നടത്തിയശേഷം, ചെറുക്കന്റെ അമ്മ പെൺകുട്ടിക്ക് നിലവിളക്ക് കൊടുത്ത് വലത് കാൽ വെച്ച് വീട്ടിൽ കയറ്റുന്നു.

പരമ്പരാഗതമായി മൂപ്പൻമാരോട് പറഞ്ഞ ശേഷമാണ് വിവാഹം ആലോചിക്കുന്നതും നടത്തുന്നതും. ചെറുക്കന്റെ വീട്ടുകാരാണ് വിവാഹത്തിന് മുൻകൈ എടുക്കുന്നത്. ചെറുക്കന്റെ ചേച്ചിമാരും അമ്മായിമാരും മാമൻമാരുമാണ് വിവാഹ ആലോചനയുമായി പോകുന്നത്. എന്നാൽ ഇന്ന് ചെറുക്കന്റെ വീട്ടുകാർ എല്ലാവരും പോകാറുണ്ട്. വധുവിനെ/വരനെ കണ്ടെത്തുന്നതിന് മുറച്ചെറുക്കൻ/മുറപ്പെണ്ണ് എന്നിവർക്ക് മുൻഗണന നൽകാറുണ്ട്. പക്ഷെ നിർബന്ധമില്ല. കൂടുതലായും മറ്റു ചെമ്മത്തിൽ (കുടുംബത്തിൽ) നിന്നുമാണ് വിവാഹം കഴിക്കാറുള്ളത്. വധുവിനെ/വരനെ തീരുമാനിച്ചുകഴിഞ്ഞാൽ പെണ്ണുകാണൽ ചടങ്ങ് ആദ്യം നടത്തപ്പെടുന്നു. അതുകഴിഞ്ഞ് പെണ്ണിനെ ഇഷ്ടപ്പെട്ടാൽ ഇരുവീട്ടുകാരും ചേർന്ന് മോതിരം വാങ്ങിച്ച് പെണ്ണിന്റെ വീട്ടിൽ വെച്ച് മോതിരം മാറുന്നു. ഈ ദിവസം കുടുംബത്തിലെ മൂപ്പൻ അവർക്ക് പ്രത്യേക വാക്ക് കൊടുക്കുന്നു. ഇന്നുമുതൽ പെൺകുട്ടിയോ ചെറുക്കനോ ബന്ധം വേണ്ടെന്ന് വെച്ച് പോകില്ല എന്ന ഉറപ്പ് എല്ലാവരും കേൾക്കെ ഉറക്കെ അറിയിക്കുന്നു.

വിവാഹത്തിന്റെ തലേദിവസം പെണ്ണിന്റെ വീട്ടിൽ വെച്ച് ഇരുവീട്ടുകാരും ചേർന്ന് കുടുംബത്തിലെ മൂപ്പൻമാർ തമ്മിൽ കാര്യ

ങ്ങൾ ഉറപ്പിക്കുന്നു. മുപ്പൻമാർക്ക് ചെറുക്കന്റെ ചെമ്മത്തിലെ മൂപ്പൻ ദക്ഷിണ നൽകുന്നു. ബന്ധുക്കൾക്ക് എല്ലാവർക്കും പെണ്ണിന്റെ വീട്ടുകാർ ഭക്ഷണം നൽകും വെറ്റില, അടയ്ക്ക എന്നിവ ചേർത്ത് മുറുക്കാനും നൽകും. മുറുക്കി കഴിഞ്ഞ് വധുവിനെയും വരനെയും കുളിപ്പിക്കും കുളി കഴിഞ്ഞ് മണ്ണിൽ ചവിട്ടാൻ പാടില്ല. മുണ്ട് വിരിച്ച് അതിലൂടെ നടത്തി രണ്ടുപേരെയും വീട്ടിനുള്ളിൽ കൊണ്ടുപോയി പായിൽ ഇരുത്തുന്നു വധുവിനെ ഒരുക്കിയാണ് ഇരുത്തുന്നത്. അതിനുശേഷം തുടികൊട്ടി മൂപ്പൻമാർ ഇവരെ മുന്നിലിരുത്തി പാട്ട് പാടുന്നു. വിവാഹത്തിന്റെ അന്ന് പന്തലത്തിൽ ഉരലും ഉലക്കയും വെച്ചിട്ടുണ്ടായിരിക്കും. അരിമാവ്കൊണ്ട് മുഖത്ത് എഴുതി ചുമാട്ട (തിരികെ) കെട്ടി മൊന്തയിൽ വെള്ളം തലിയൽ വെച്ച് ഉലക്കകൊണ്ട് ഉരലിൽ നെല്ലുകുത്തുന്നു. ഏഴ് പ്രാവശ്യം ഉരലിനെ വലംവെച്ച് നെല്ല് കുത്തണം. അതിനുശേഷം മടിയിൽ അരിയും വെറ്റിലയും അടയ്ക്കയും ഊരുമൂപ്പന് കൊണ്ടുപോയി കൊടുത്ത് എല്ലാവരുടെയും കാല് തൊട്ട് വന്ദിച്ച് അകത്തേക്ക് പോകും.

ഇപ്പോൾ പെണ്ണിന്റെ വീട്ടിൽ വെച്ചോ അമ്പലത്തിൽ വെച്ചോ താലിചാർത്തി ഭക്ഷണശേഷം പെണ്ണിന്റെ അച്ഛനെയും അമ്മയുടെയും വേണ്ടപ്പെട്ട ആൾക്കാരുടെയും കാൽതൊട്ട് വന്ദിച്ച് പെണ്ണിന്റെ അമ്മാവൻ ചെറുക്കന്റെ കയ്യിൽ പിടിച്ച് കൊടുത്ത് പെണ്ണിനെ വീട്ടിൽ ഇന്ന് ഇറക്കി കൊടുക്കുന്നു. ശേഷം തുടി കൊട്ടി ചീനിയും വിളിച്ച് ആൺകുട്ടികൾ മുമ്പിൽ കളിച്ചുകൊണ്ടുപോകുന്നു. ചെരാത് വെച്ച് ആൺകുട്ടിയുടെ അമ്മ പെൺകുട്ടിയുടെ കൈപിടിച്ച് അകത്തുകയറ്റുന്നു. പെൺകുട്ടിയുടെ വീട്ടിൽ വരുന്ന എല്ലാവരും വരന്റെ വീട്ടിലും പോകുന്നു.

നാണയം വെച്ച താലികൊണ്ടാണ് പെൺകുട്ടിയുടെ കഴുത്തിൽ കെട്ടുന്നത്. മുമ്പ് ഒരു വർഷം ആൺകുട്ടി പെൺകുട്ടിയുടെ വീട്ടിൽ അവിടത്തെ വീട്ടുകാര്യങ്ങൾ നോക്കിനിൽക്കണം. വിറക് ഉൾപ്പെടെയുള്ള സാധനങ്ങൾ എത്തിച്ചു കൊടുക്കണം. ഈ സമയം പെൺകുട്ടിയുടെ വീട്ടുകാർക്ക് ഇഷ്ടപ്പെട്ടില്ലെങ്കിൽ വിവാഹം വേണ്ടന്ന് വെയ്ക്കും. മുൻകാലങ്ങളിൽ വരൻ നാല് പറ നെല്ല് ഒറ്റയ്ക്ക് എടുത്ത് തലയിൽ വെച്ച് പറയുന്ന സ്ഥലത്ത് കൊണ്ട് വെയ്ക്കണം. വിവാഹസമയത്തും പിച്ചളവള നൽകുമായിരുന്നു. ഇപ്പോൾ രൂപയാണ് നൽകുന്നത്. കൂടാതെ സ്വർണ്ണവും നൽകുന്നു.

അടിയ സമുദായത്തിൽ മരണവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നത് മൂപ്പൻമാരാണ്. കരിമി വന്നാണ് ശവശരീരം കുളിപ്പിക്കുന്നത്. മഞ്ഞളും എണ്ണയും ഉപയോഗിച്ച് 'കുളിപ്പിക്കട്ടെ' എന്ന് ചോദിച്ച ശേഷമാണ് കുളിപ്പിക്കുന്നത്. പുരുഷൻമാരുടെ താടി

വടിയ്ക്കുന്നു. സ്ത്രീയാണെങ്കിൽ ജീവിച്ചിരുന്നപ്പോൾ എന്തെല്ലാം ആഭരണങ്ങൾ ധരിച്ചിരുന്നോ അതെല്ലാം ശവം കുളിപ്പിച്ച ശേഷം ധരിപ്പിക്കുന്നു. ശ്മശാനത്തിലേക്ക് കൊണ്ടുപോകുന്ന സമയത്തേക്ക് പേരിടുന്ന ചടങ്ങ് നടത്തുന്നു. കുടുംബത്തിന്റെ പേര്, അച്ഛന്റെ അച്ചന്റെ പേര്, അമ്മയുടെ അച്ഛന്റെ പേര്, ഇവയിൽ ഏതെങ്കിലും ഒന്ന് വിളിക്കുന്നു. പേരിടൽ കഴിഞ്ഞ് മുളകൊണ്ട് ഉണ്ടാക്കിയ മഞ്ചലിൽ കിടത്തി മൂന്ന് കെട്ടുകെട്ടി വെള്ളത്തുണി പുതച്ച് പട്ട് ഇടുന്നു. ഈ സമയത്ത് ചൂറ(പൈസ) എറിയുന്ന ചടങ്ങ് നടത്തുന്നു. ഇങ്ങനെ ലഭിക്കുന്ന പൈസ കരിമിക്ക് അവകാശപ്പെട്ടതാണ്. ഇതിനുശേഷം ബന്ധുക്കളായ സ്ത്രീകൾ വന്ന് മുളകൊണ്ടുള്ള കുംഭം ഉണ്ടാക്കി അതിൽ വെള്ളം കൊണ്ടുവന്ന് ചെറിയ വിരൽ ആ വെള്ളത്തിൽ മുക്കി മൃതശരീരത്തിന്റെ വായിൽ തെറിപ്പിക്കുന്നു. ശേഷം കരിമിയും കൂട്ടരും മൃതശരീരം തോളിലേറ്റി ശ്മശാനത്തിലേക്ക് തിരിക്കുന്നു. ഇതിനുമുമ്പ് കുറച്ചാളുകൾ ശ്മശാനത്തിൽ പോയി കുഴി എടുത്തിട്ടുണ്ടാകും. കാരണവൻമാരുടെ അനുമതി വാങ്ങി ശ്മശാനത്തിൽ കയറുന്നു. തെക്ക് വടക്ക് ദിശയിൽ കിഴക്ക് ഭാഗത്തായി ഗുഹയുണ്ടാക്കി ശവശരീരം വെക്കുന്നു ഇത് പുറത്തേക്ക് കാണാൻ പാടില്ല. മഞ്ചലിലെ വടിയും ചപ്പും മറ്റും വെച്ച് ഗുഹ അടക്കുന്നു അതിനുശേഷം ആണ് മണ്ണ് ഇടുന്നത്. മണ്ണ് ദേഹത്ത് നേരിട്ട് സ്പർശിക്കാൻ പാടില്ല.

ശവം മറവുചെയ്ത ശേഷം മറ്റൊരു സ്ഥലത്ത് പോയിരുന്ന് കരിമിയുടെയും കൂട്ടാളികളുടെയും കൂലി തീർക്കുന്നു. കുടുംബക്കാർ ചേർന്നിരുന്ന് കാശിട്ട് കരിമിക്കും കൂട്ടർക്കും വീതിച്ചു നൽകുന്നു. മരിച്ച ആളുമായിട്ടുള്ള എല്ലാ ബാധ്യതകളും ഇതോടെ തീർക്കുന്നു. മരണവുമായി ബന്ധപ്പെട്ട പുല സാധാരണ 13 മുതൽ 16 ദിവസം വരെയാണ്. ഊരിലെ ഒരാൾ മരിച്ച് കഴിഞ്ഞാൽ എല്ലാവർക്കും പുലയാണ്.

മരിച്ച 13-ാം ദിവസമാണ് പുല മാറ്റുന്നതിനുള്ള ചടങ്ങുകൾ നടക്കുന്നത്. എന്നാൽ ഇതിനുമുൻപ് ഏഴാം ദിവസം ഒരു ചെറിയ പുല കഴിക്കും അതിൽ മത്സ്യമാംസങ്ങൾ, വാഴക്ക, ചേന, ചേമ്പ്, കുമ്പളങ്ങ, മത്തങ്ങ എന്നിവ പുലവീട്ടിൽ ഉണ്ടാക്കുകയും മൂപ്പൻ അത് വീട്ടുകാർക്ക് നൽകി അവരുടെ വ്രതം അവസാനിക്കുകയും ചെയ്യുന്നു. ഏഴു ദിവസം ഇതൊന്നും കഴിക്കാൻ പാടുള്ളതല്ല. പതിമൂന്നാം ദിവസം നടത്തുന്ന ചടങ്ങിന് പതിമൂന്റു എന്ന് അറിയപ്പെടുന്നു. പതിമൂന്നാം ദിവസം പുലമാറ്റുന്ന ചടങ്ങുകൾ ചെയ്യുന്നതിന് കരിമി വന്നാണ് ഭക്ഷണം ഉണ്ടാക്കുന്നത്. കോഴി ഇറച്ചി വെക്കുന്നു. ഭക്ഷണം ഉണ്ടാക്കുമ്പോൾ സംസാരിക്കാൻ പാടില്ല. ഉപ്പുനോ

ക്കാൻ പാടില്ല. ശ്മശാനത്തിലേക്ക് തയ്യാറാക്കിയ ഭക്ഷണവുമായി കരിമിയും കൂട്ടരും പോകുന്നു. ഭദ്രകാളിക്ക് നൽകാനായി അപ്പം, മലർ എന്നിവയും കൊണ്ടുപോവുന്നു. മരിച്ച ആൾക്കും, കാരണവൻമാർക്കും, ചോറ്, കറികൾ എന്നിവ വിളമ്പിവെക്കുന്നു. ബാക്കി ചോറ് കരിമികൾ അവിടെ ഇരുന്ന് ഭക്ഷിക്കുന്നു. മരിച്ച ആളുടെ ആത്മാവിനെ ആവാഹിച്ച് കരിമിയെ ഏൽപ്പിക്കുന്നു. ഓട്ടിന്റെ തളികയിൽ, വെള്ളമുണ്ട്, സാരി, നാല് ഒറ്റ രൂപ നാണയം (നാല് വള) എന്നിവയോടൊപ്പം ആത്മാവിനെ തുണിയിൽ കെട്ടിവെയ്ക്കും. അതിനുശേഷം ഈ തളികയും എടുത്ത് വീട്ടിലേക്ക് പോകുന്നു. വീട്ടിൽ തുടികൊട്ടും പാട്ടുമുണ്ടാവും. കരിമിയുടെ കൂലി പുലനടത്തുന്ന ആൾ കൊടുക്കണം. വർഷത്തിലൊരിക്കൽ ഇങ്ങനെ പുലനടത്താറുണ്ട്.

മാരിയമ്മ, കാളപ്പൻ, പാക്കത്തപ്പൻ, ചമയപ്പൻ, മുദ്ദപ്പൻ, സിദ്ദപ്പൻ, ഭഗവതി തുടങ്ങിയ ദൈവങ്ങളെയാണ് പരമ്പരാഗതമായി സമുദായാംഗങ്ങൾ ആരാധിക്കുന്നത്. വിവാഹം, കാർഷിക ജോലികൾ ദൈവികമായ ചടങ്ങുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള കളികൾക്കും/നൃത്തങ്ങൾക്കും വ്യത്യാസമുണ്ട്. വെള്ളാട്ട്. തിറ എന്നിവയാണ് മറ്റു ദൈവീകമായ ആരാധനകൾ. കുടുംബത്തിലെ മൂപ്പന്റെ വീട്ടിൽ വെച്ചാണ് കൊല്ലത്തിലൊരിക്കൽ തിറ നടക്കുന്നത്. ദേവീദേവൻമാരുടെ വേഷം കെട്ടിയാണ് കളിക്കുന്നത്. ഒരു ദിവസം മുഴുവൻ കളിക്കുന്നു. മലക്കാരി, മുത്തപ്പൻ എന്നീ തിറ നടത്തുമ്പോൾ ഒരാളുടെ തലയിൽ വട്ടം കെട്ടി കാതോലയിട്ട് കളിക്കുന്നു. തിറ കെട്ടുന്ന ആൾ തലേ ദിവസം ഭക്ഷണം കഴിക്കില്ല. അവിൽ, പഴം എന്നിവ മാത്രമേ കഴിക്കാറുള്ളു. നെറ്റിപ്പട്ടം കെട്ടി പാട്ടുപാടി നൃത്തം ചെയ്യുന്നതിനെയാണ് വെള്ളാട്ട് എന്നു പറയുന്നത്. തിറയ്ക്കും വെള്ളാട്ടിനും ഒരേ പാട്ടാണ് പാടുന്നത്. നാട്ടുഗദ്ദിക അവതരിപ്പിക്കുമ്പോൾ മറ്റൊരു പാട്ടാണ് പാടുന്നത്. കല്യാണത്തിന് സോപാനപാട്ട്, പുലനടത്തുമ്പോൾ പാടുന്ന പാട്ട് വേറെയാണ്. കൃഷിയിറക്കുന്ന സമയത്ത് കമ്പളനൃത്തം (കമ്പളനാട്ടി)നടത്തുന്നു. ഇതിൽ മാത്രമാണ് അടിയ സമുദായത്തിലെ സ്ത്രീകൾ പങ്കെടുക്കുന്നത്. ഈ നൃത്തം ഇപ്പോൾ വേദികളിലും അവതരിപ്പിക്കുന്നുണ്ട്. ഇതിന് മൂപ്പൻമാരാണ് പാട്ടുപാടുന്നത്. ഒരാൾ മരണപ്പെട്ടാൽ ഒരു വർഷം കഴിഞ്ഞ് നടത്തുന്ന ചടങ്ങാണ് കൂട്ടം

## ആവേദകൻ

കരിയൻ, കൈതവല്ലി സങ്കേതം, തൃശ്ശിലേരി പി.ഒ, മാന്തവാടി

# 6

# മലവേട്ടുവരുടെ മംഗലംകളി, മരമൂടൻ/ കൂന്തൻകളി

*എസ്. ദീപ*

പ്രകൃതിയിലെ നൈസർഗിക ശബ്ദവിശേഷങ്ങളും ചലനതാളവും തന്നെയാണ് ഗോത്രകലകളിൽ നമുക്ക് കാണാൻ സാധിക്കുന്നത്. അതിന്റെ ഭാഗമായി ആരാധനയോടും വിവാഹം, ജനനം തുടങ്ങിയ സാമൂഹിക ചടങ്ങുകളോടും, കൃഷി, നായാട്ട് തുടങ്ങിയ തൊഴിലിനോടനുബന്ധിച്ചും കലകൾ ഉണ്ടായി.

അധ്വാനനിരതവും ക്ലേശപൂർണ്ണവുമായ പകലിനുശേഷം ലഭിക്കുന്ന രാത്രി സമയങ്ങളിൽ കഠിന ശ്രമത്തിലൂടെ നേടിയെടുക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾക്കു മുമ്പിൽ അവർ മതിമറന്നാടുന്നു. അതു എത്ര മണിക്കൂർ കഴിഞ്ഞാലും തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ ആദ്യകാലങ്ങളിൽ ഈ നൃത്തങ്ങൾ എല്ലാം തന്നെ കൂട്ടം ചേരലിന്റെ അല്ലെങ്കിൽ ഒത്തു ചേരലിന്റെ കൂട്ടായ്മയുടെ ആഘോഷം മാത്രമായിരുന്നു.

## ചമയം

ആദ്യകാലത്ത് സ്ത്രീകൾ പത്താം നമ്പർ തോർത്തും, പാളതൊപ്പിയും, കുരുവയും, കുഞ്ചാട്ടം കെട്ടുകയും, കാതിൽ തോടയും, കൈയ്യിൽ തണ്ടയും, കഴുത്തിൽ ചേലയും വിരലിൽ ഇരുമ്പുമോതിരവും ധരിച്ചിരുന്നു. ഇതിനു പുറമെ മൂക്കുത്തി, കണ്ണിന് മെയ്യ്, കാലിന് തണ്ടയുമാണ് പാരമ്പര്യമായി ഉപയോഗിച്ചിരുന്നത്. സ്ത്രീകൾ മുണ്ട് മുട്ടിനു താഴെ വരെ മാത്രമാണ് ഉടുത്തിരുന്നത്.

പുരുഷന്മാരുടെ വേഷം പത്താം നമ്പർ തോർത്തും പുറകിൽ തൊടങ്ങും കത്തിയും, കൂമ്പൻ തൊപ്പിയും, ഒരു കാതിൽ കമ്മൽ, കയ്യിൽ വലിയ ഒരു വള, നെറ്റിയിൽ കുറി, കൈയ്യിൽ ഉറുക്ക്, അരയിൽ മുറുക്കാൻ പൊതി എന്നിവയായിരുന്നു. എന്നാൽ പാരമ്പര്യമായി ഉപയോഗിച്ചിരുന്നതും സമീപകാലത്തെ ചമയങ്ങളും തമ്മിൽ വളരെയധികം വ്യത്യാസം വന്നിട്ടുണ്ട്. വസ്ത്രധാരണ രീതിയും പരമ്പരാഗത ആഭരണങ്ങൾ ഉപയോഗിക്കുന്നതിലും മാറ്റങ്ങൾ കാണാൻ സാധിക്കും.

## വാദ്യോപകരണങ്ങൾ

മലവേട്ടുവ സമുദായക്കാർ തങ്ങളുടെ തനതു കളിയായ മംഗലംകളി, മരകടൻ/ കൂന്തൻകളി എന്നിവയിൽ തുടിയാണ് പ്രധാന വാദ്യോപകരണമായി ഉപയോഗിക്കുന്നത്. പെരും തുടി, കൺതുടി എന്നീ രണ്ട് തുടികളാണ് ഉപയോഗിക്കുന്നത്. തുടി നിർമ്മിക്കുന്നത് പ്ലാവിന്റെ തൊലി, കുമിദ് എന്നിവ ഉപയോഗിച്ചാണ്. പാന്തം വലിച്ചു കെട്ടുമ്പോഴാണ് സ്വരധ്വനികൾ പുറത്തുവരുകയും അതിന്റെ താളത്തിനൊത്ത് നൃത്തം വച്ച് തുടരുകയുമാണ് ചെയ്യുന്നത്. മരത്തടികൊണ്ട് നിർമ്മിക്കുന്ന തുടിയിൽ വൃക്ഷങ്ങളുടെ തോലും ഉപയോഗിക്കുന്നു. ഒരു തുടിയുടെ മരം നിർമ്മിക്കുന്നതിന് ഏഴ് ദിവസമാണ് എടുക്കുന്നത്. എട്ടാം ദിവസം തുടി പൂട്ടി ഗുരിക്കൻമാർക്ക് കർമ്മാദികാര്യങ്ങൾ ചെയ്തതിനുശേഷം തുടി ഉപയോഗിക്കാറുള്ളൂ. വാദ്യോപകരണവുമായി ബന്ധപ്പെട്ട് സമീപകാലത്ത് മാറ്റം വന്നിട്ടില്ല. എന്നാൽ തുടിയുടെ മരത്തിന്റെ ചുറ്റളവ്, അകലം കണക്ക്, കയർ എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുണ്ട്.

## മംഗലംകളി

മലവേട്ടുവ സമുദായക്കാർ കല്ല്യാണം, തെയ്യ കോലങ്ങളോടെ തറവാട് അംഗങ്ങൾ കൂടിചേരുന്ന സമയങ്ങൾ, ശിവരാത്രി, ആണ്ടുപിറവി എന്നീ അവസരങ്ങളിൽ തങ്ങളുടെ തനതു നൃത്തരൂപമായ മംഗലംകളി അവതരിപ്പിക്കാറുണ്ട്. മംഗലംകളിയുമായി ബന്ധപ്പെട്ട് ചില ആചാരങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കളിയുമായി ബന്ധപ്പെട്ട് പോകുമ്പോൾ ഗുരുകാരണവന്മാർക്ക് കള്ള്, മീന് വയ്ക്കലും തെയ്യത്തിന് അവൽ, പൊരി എന്നീ സാധനങ്ങൾ കൊണ്ട് വെച്ച് മുതിർക്കലും ഉണ്ടായിരിക്കും. പൂർവ്വികർ ചെയ്തു കാണിക്കുന്ന ചടങ്ങുകൾ ഇപ്പോഴും തുടർന്നു പോകുന്നു. മംഗലംകളി എന്നതിൽ തന്നെ മംഗലവുമായി ബന്ധപ്പെട്ട് കളിക്കുന്ന കളിയാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും.

മംഗലംകളി അവതരിപ്പിക്കുമ്പോൾ പെല, വാലായ്മ, ആർത്തവരായ പെൺകുട്ടികൾ തുടങ്ങിയ അശുദ്ധ സമയങ്ങളിൽ ഉള്ളവർ മംഗലം കളിയിൽ പങ്കെടുക്കാറില്ല. മംഗലംകളി ഇപ്പോൾ അനുഷ്ഠാനപരമായും വിനോദത്തിന്റെ ഭാഗമായും കളിക്കാറുണ്ട്. അനുഷ്ഠാനപരമായ ചടങ്ങുകളോടെയാണ് മംഗലംകളി മംഗലത്തിനായി കളിക്കുന്നത്. വിനോദത്തിന്റെ ഭാഗമായി കളിയ്ക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാറില്ല. മംഗലംകളി, മരമൂടൻ കളി എന്നിവ പതിയുടെ മുമ്പിൽ അനുഷ്ഠിക്കുന്ന കലയാണ്. അനുഷ്ഠാന കലകൾ നടത്തുന്ന മൂപ്പനും മറ്റുള്ളവരും മാംസാഹാരം കഴിക്കാൻ പാടില്ല.

മംഗലംകളിയുമായി ബന്ധപ്പെട്ട പുരുഷൻമാർ തുടികൊട്ടി ചുവട് വെയ്ക്കും കൂടെ സ്ത്രീകൾ കളിക്കും.

മംഗലംകളി മൂന്ന് സന്ദർഭങ്ങളിൽ ആണ് കുടികളിൽ കളിക്കുന്നത്. അതിൽ ഒന്നാമതായി വിവാഹത്തിനാണ്. വിവാഹതലേന്ന് തുടങ്ങി പിറ്റേ ദിവസം വിവാഹസമയം വരെ ഈ കളി തുടരുന്നു. മലവേട്ടുവർ വിവാഹത്തെ സൂചിപ്പിക്കാൻ തൊരാവ്, മംഗിലം എന്നീ ഗോത്ര പദങ്ങളാണ് ഉപയോഗിച്ചിരുന്നത്. മംഗിലം എന്ന പദത്തിൽ നിന്നാണ് മംഗലംകളിയുടെ ഉത്ഭവം. മംഗലംകളി പാട്ടുകൾ ഏതെങ്കിലും വിത്ത്, പുരാവൃത്തം എന്നിവയുമായി ബന്ധപ്പെട്ടതായിരിക്കും. കൂടാതെ പ്രകൃതിയെ കുറിച്ചുള്ള സങ്കൽപം, തങ്ങളുടെ ജീവിതത്തിലെ കഷ്ടപ്പാടുകൾ, ദുരിതങ്ങൾ തുടങ്ങിയവയും ഉപമകളിലൂടെയും ബിംബങ്ങളിലൂടെയും പാട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

പണ്ട് കാലത്ത് അടിയാൻമാർക്ക് അതായത് മലവേട്ടുവർക്ക് സ്ഥലങ്ങളൊന്നും തന്നെയില്ല. ജന്മി പറയുന്ന കാര്യങ്ങൾ ചെയ്യുകയും അവരുടെ അടിമയായി ജീവിക്കുകയുമാണ് അന്നവർ ചെയ്തിരുന്നത്. ഈ വിഷമങ്ങൾ മാറുവാൻ അവ നേരിട്ട് ജന്മിയെ ധരിപ്പിക്കുന്നതിൽ ഭയമുള്ളതിനാലും പാടി കേൾപ്പിക്കുകയും ചെയ്തു. പിന്നീട് അവർ കല്ല്യാണം തെയ്യം തുടങ്ങിയ പല നാളുകളിലും ഈ കലകൾ അവതരിപ്പിക്കുകയും അത് കല്ല്യാണ നാളുകളിൽ ചെയ്യുന്നതുകൊണ്ടും മംഗലംകളി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.

മംഗലംകളി രണ്ടാമതായി നടത്തുന്നത് രാജാവ് കിരാൻ പദവി നൽകുന്ന സമയത്ത് മംഗലംകളി അവതരിപ്പിക്കാറുണ്ട്. ജന്മിമാരുടെ വീടുകൾ സന്ദർശിക്കുകയും കോവിലങ്ങളിൽ മംഗലംകളി അവതരിപ്പിച്ചും രാജാവിനെ വർണ്ണിച്ചുകൊണ്ട് നിരവധി മംഗലംകളി പാട്ടുകൾ പാടുകയും ചെയ്യുന്നു. ഇതിനു പുറമെ ഭൂമി വന്ദനം, ആചാരപ്പാട്ട് തുടങ്ങിയവയും പാടാറുണ്ട്. മൂന്നാമതായി മംഗലംകളി നടത്തുന്നത് പതികളിൽ തെയ്യം കെട്ടുന്ന 'കൊടിയക്കളി' പുറത്ത് നിന്ന് ആനയിച്ചു വരുന്ന സമയത്താണ്. മലവേട്ടുവ ഭാഷയിൽ കല്ല്യാണം ത്വരാവ് എന്നാണ് അറിയപ്പെടുന്നത്.

പെൺകുട്ടികൾ ഋതുമതിയാകുന്നതുമായി ബന്ധപ്പെട്ട പാരമ്പര ചടങ്ങിനെ തെരണ്ട് മങ്കിലം എന്ന പേരിലറിയപ്പെടുന്നു. പെച്ചാം പുളിയുടെ ഇല പറിച്ച് കറി വെയ്ക്കുകയും തടുപ്പയിൽ ഇലവെച്ച് ചോറ് വിളമ്പി പെൺകുട്ടികളെയെല്ലാം വട്ടത്തിലിരുത്തി ഋതുമതിയായ പെൺകുട്ടി ഓരോ ഉരുളയാക്കി മറ്റ് പെൺകുട്ടികൾക്ക് കൊടുക്കുകയും ചെയ്യും. തടുപ്പയിലെ ചോറ് എല്ലാപേരും കൂടി കഴിക്കുന്ന രീതിയാണ് ഇവർക്കുള്ളത്. ഈ അവസരത്തിലും മം

ഗലംകളി നടത്താറുണ്ട്.

## കല്ല്യാണം

മലവേട്ടുവ സമുദായക്കാർ തങ്ങളുടെ വിവാഹത്തിന് മുമ്പേ ചില ആചാരങ്ങൾ അനുഷ്ഠിച്ചുവരുന്നുണ്ട്. വിവാഹ ആലോചനയുമായി ബന്ധപ്പെട്ട് കാരണവൻമാരും മച്ചിനിയൻമാരുമാണ് പോകുന്നത്. വിവാഹ തലേ ദിവസത്തെ രാത്രി ഗുരുകാരണവൻമാർക്ക് വെറ്റിലയും ഒരു അടക്കയും കൊടുക്കുന്നു. 101 രൂപ 3 പറ നെല്ല് എന്നിവയും തറവാട് കാരണവൻമാർക്ക് ഒരു മുറി പുടവയും കൊടുക്കും. കല്ല്യാണം പെണ്ണിന്റെ ഗോത്രത്തിന്റെ പതിയിൽ വെച്ചായിരിക്കും. അതായത് പെണ്ണിന്റെ തറവാട്ടിൽ ചെറുക്കൻ കാണം കൊണ്ടുവരണം.

മംഗലവുമായി ബന്ധപ്പെട്ട ഒരു ആചാരമാണ് പന്തൽ ഇടൽ - പതിയുടെ മുമ്പിൽ ഒൻപത് തൂണുകൾ കൊണ്ട് പന്തൽ നിർമ്മിക്കുന്നു. നെടുതൂണ് മൂപ്പൻ കുഴിച്ചിടുന്നു. രണ്ട് തൂൺ ചങ്ങാതി കുഴിച്ചിടുന്നു. മേൽക്കൂര തടിച്ചലിന്റെ ഇല കിഴക്കോട്ട് വെച്ച് പന്തലിടുന്നു. നെടും തൂണിന്റെ മുമ്പിൽ വെറ്റില 5 എണ്ണം ഒന്നേകാൽ കിലോ അരി, അടക്ക അഞ്ച് ഒന്നേകാൽ അണ വെച്ച് ഗുരുകാരണവൻമാരെ പൂജിച്ച് തുടി ഓതി എടുത്ത് കോല് വെച്ച് വണങ്ങൽ ചടങ്ങ് തുടങ്ങുന്നു. ഭൂമി വന്ദനം കഴിയാനാകുമ്പോൾ പെണ്ണിനെ കൊണ്ടുവരും തുടർന്ന് മൂപ്പത്തി മുമ്പിൽ തടുപ്പയിൽ അരി തലയിൽ വെച്ച് മൂന്ന് പ്രാവശ്യം പ്രദക്ഷിണം ചെയ്യുന്നു. പെണ്ണിന്റെ തലയിൽ വെള്ളമൊഴിച്ച് ചമയക്കാർ ഒരുക്കും.

പെണ്ണിന്റെ പതിയുടെ മുമ്പിൽ ചെക്കന്റെ മൂപ്പൻമാരെ സന്തോഷത്തോടെ വരവേൽക്കുന്നു. പിറ്റേ ദിവസം അന്തിതിരി കത്തിക്കും വരെ മംഗലം കളി കളിക്കുന്നു. അതേ ദിവസം തെയ്യം കെട്ടിയാടി പെണ്ണിനും ചെറുക്കനും അനുഗ്രഹം നൽകുന്നു. കുടുംബതെയ്യത്തിന്റെ അനുഗ്രഹം വാങ്ങി മംഗലം കളിയുമായി വരന്റെ ഗൃഹത്തിൽ പോകുന്നു. വിവാഹവുമായി ബന്ധപ്പെട്ട പാട്ടുകൾ നിരവധിയാണ്.

*"ഇന്നു നീ പോയാ മകളേ ഇനിയെപ്പം വരുമേ*
*ഇന്നു ഞാൻ പോയാ പിന്നേ കുത്തുന്ന*
*നെല്ലിന്റെ അടിപോമ വരുമേ"*

വധൂവരൻമാരെ അരി ഇട്ട് വാഴിക്കുന്നു. വരന്റെ വീട്ടിൽ കയറുന്ന പെണ്ണിന്റെ കയ്യിൽ ചെറാക്കത്തി കൊടുത്ത് വരന്റെ കയ്യിൽ വൈക്കലക്കത്തി നൽകി തിരി കത്തിച്ച് വീടിനുള്ളിലേക്ക് കൂട്ടി കൊണ്ടുപോകുന്നു.

മലവേട്ടുവ സമുദായക്കാർ തങ്ങളുടെ പരമ്പരാഗതമായി ആച

രിക്കുന്ന ദൈവങ്ങൾ കരിചാമുണ്ഡി, കാപ്പാളത്തി, കുറത്തി, കുളിയൻ, ബീരൻതെയ്യം, പഞ്ചുരുളി, കല്ലുരുട്ടി, പനിയൻതെയ്യം, രക്തചാമുണ്ഡി എന്നിവയാണ്. വർഷത്തിലൊരിക്കൽ കെട്ടിയാടുകയും ചെയ്യുന്നു. ദൈവീകമായി തെയ്യക്കോലങ്ങൾ കെട്ടിയാടിക്കുകയും കർമ്മാധികാര്യങ്ങളിൽ കോഴിയറവ് ചെയ്യുകയും ചെയ്യുന്നു. ദൈവികാരാധനയുമായി ബന്ധപ്പെട്ട് നിരവധി പാട്ടുകൾ മലവേട്ടുവർക്ക് ഉണ്ട്. ബലിപ്പാട്ട്, വളിയുപ്പാട്ട് എന്നിവ അവയിൽ ചിലതാണ്. ആരാധനയ്ക്കായി തുടി, പിഞ്ഞാണം, ഇടംതല, കൈത്താളം തുടങ്ങിയ വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നു.

## മംഗലംകളിപ്പാട്ടുകൾ

നിരവധി പാട്ടുകൾ പാടിയാണ് മംഗലംകളി നടത്തുന്നത്.ഓരോ പാട്ടിനും അതിന്റേതായ അർത്ഥങ്ങൾ ഉണ്ട്. തുടിയെക്കുറിച്ചുള്ള പാട്ടുകൾ, മംഗലത്തെക്കുറിച്ചുള്ള പാട്ടുകൾ, കാട്ടുമൃഗങ്ങളെക്കുറിച്ചുള്ള പാട്ടുകൾ, കല്ല്യാണ പന്തലിനെക്കുറിച്ചുള്ള പാട്ടുകൾ, ഗുരുകാരണവൻമാരെ കുറിച്ചുള്ള പാട്ടുകൾ, ജന്മിമാരെക്കുറിച്ചുള്ള പാട്ടുകൾ, ആദിപാട്ട്, ഭൂമി വന്ദനം, പന്തൽപാട്ട്, ചുരുളിപാട്ട്, ചാളപാട്ട്, കോടൻപാട്ട്, നമ്മ നമ്മ നാരായണ, ഒന്നാം മട്ടൽ എന്നിവ അവയിൽ ചിലതാണ്.

**1. ഭൂമിവന്ദനം**

പൂമിയേ, പൂമിയേ പൂമി ആത്തവരെ
പൂമിക്കിട്ടൊരാധാരം എന്തെല്ലാം ...
പൂമികിട്ടൊരാധാരം ചൊല്ലെടാ ചങ്ങാതി (2)
പൂമിക്കിട്ടൊരാരം പൂമി പുക്കിള്
പൂമിക്കിട്ടൊരാധാരം പൂമി പുക്കിള്
പൂമി പൂക്കിളിനാധാരവും ചൊല്ലടോ ചങ്ങാതി
പൂമി പുക്കിളിനാധാരം കല്ലതെരിക
പൂമി പുക്കിളിനാധാരം കല്ലതെരിക
കല്ലതെരികകാധാരവും എന്തെല്ലാം തോന്നും (2)
കല്ലതെരികകാധാരവും കപ്പനിതോന്നും
കല്ലതെരികകാധാരവും കപ്പനിതോന്നും
കപ്പണിക്കാധാരവും എന്തെല്ലാം തോന്നും
കപ്പണിക്കാധാരവും എന്തെല്ലാം തോന്നും
കപ്പണിക്കാധാരവും തെളിഞ്ഞ നീറ്റല്ലേ (2)
തെളിഞ്ഞ നീറ്റിനാധാരവും ചൊല്ലുടോ ചങ്ങാതി
തെളിഞ്ഞ നീറ്റിനാധാരവും ചെല്ലുടോ ചങ്ങാതി

തെളിഞ്ഞ നീറ്റാനാധാരം ഇരുമ്പുകോൾ മോതിരം
തെളിഞ്ഞ നീറ്റിനാധാരം ഇരുമ്പുകോൾ മോതിരം
ഇരുമ്പുകോൾ മോതിരത്തിനാധാരം എന്തെല്ലാം തോന്നും?
ഇരുമ്പുകോൾ മോതിരത്തിനാധാരം എന്തെല്ലാം തോന്നും?
ഓടക്കൊലിനാധാരം ചൊല്ലിടോ ചങ്ങാതി
ഓടക്കൊലിനാധാരം ചൊല്ലിടോ ചങ്ങാതി
ഓടക്കൊലിനാധാരം കോടിമുണ്ടല്ലോ
ഓടക്കൊലിനാധാരം കോടിമുണ്ടല്ലോ
പൂമിയേ പൂമിയേ പൂവി ആത്തവരെ
പൂമിയേ പൂമിയേ പൂമി ആത്തവരെ

**2. പന്തൽപ്പാട്ട്**

ആരിട്ട പന്തല് തളിപന്തേ പന്തേ
ആരിട്ട പന്തല് തളിപന്തല് (2)
ഞാനുമെന്റാളുകളും മുത്തച്ഛൻമാരും ഇടുവിച്ചേ
വന്നേ പന്തോ (2)
തിരുവാനും മാറി പന്തി മറിവാനും മാറിപന്തേ (2)
ഞാനുന്റാലാളുകളും കൊട്ടിപ്പാടി തിര്ഞ്ഞ്
കുളിച്ച് തിരിഞ്ഞ് മറിഞ്ഞ് വരുമ്പം
പന്തലൊരു ഭാഗം ഇടം തരണംതെ
തെയ് ഇടം തരണംതെ, തെ തെയ്
ആ പന്തലി കളിപ്പാൻ വാവേ (2)
കുഞ്ഞി മണവാട്ടി പണ്ണേ
പന്തലി കളിപ്പാൻ വരുവാനു
ടുക്കുവാനുടുതുണി മില്ല (2)
ലുടുക്കുവാനുടുതുണി ഇല്ലെങ്കി പെണ്ണേ
കടമ്പായി പ്പാ തരുവേൻ
എന്നാലും വാ പെണ്ണേ കുഞ്ഞി മണിവാടിപെണ്ണേ
പന്തലികളിപ്പാൻ വരുവാൻ
മേക്കൊരു കുപ്പായവും മില്ല(2)
മേക്കൊരു കുപ്പായ മില്ലേല് പെണ്ണേ
ലുടുക്കുവാനുടുതുണി ഇല്ലെങ്കിപെണ്ണ
കടമ്പായി പ്പാ തരുവേൻ (2)
എന്നാലും വാ പെണ്ണേ കുഞ്ഞി മണവാട്ടിപ്പെണ്ണേ
കടമ്പായിപ്പാ തരുവേൻ
എന്നാലും വാ പെണ്ണേ കുഞ്ഞി മണവാട്ടി പ്പെണ്ണേ
പന്തലിൽ കളിപ്പാൻ വാവാ കുഞ്ഞി മണവാട്ടിപ്പെണ്ണേ

പന്തലിൻ കളിപ്പാൻ വരുവേൻ കവുത്തില് മാലയുമില്ല
കവുത്തിമാല താലില്ലെങ്കിലും പെണ്ണെ
കടമ്പായിപ്പാതരുവേൻ
എന്നാലും വാ പെണ്ണെ കുഞ്ഞി മണവാട്ടി പ്പെണ്ണെ
പന്തലിൽ കളിപ്പാൻ വാവേ കുഞ്ഞിമണ വാട്ടിപ്പെണ്ണേ
പന്തലിൽ കളിപ്പാവരുവേൻ
കൈ ക്കൊരു ഇടന്തയുമില്ലേ
എന്നാലും വാ പെണ്ണെ പന്തലികളിപ്പാൻ
കൈക്കൊരു തണ്ടുവമില്ലെങ്കിലും പെണ്ണേ
കടമ്പായിപ്പോ തരുപ്പേൻ
എന്നാലും വാ പെണ്ണെ കുഞ്ഞിമണവാട്ടിപ്പെണ്ണേ

**3. പന്തൽപാട്ട്**
ഒന്നാമട്ടം പൂപറിച്ച് പൂവും ചൂടി പൂക്കളത്തിൽ വന്ന് നിന്ന മകളും
രണ്ടാം മട്ടം പൂപറിച്ച് പന്തലിൽ പൂവുചൂടി
പൂവുടലാടോ മണിയെ പൂവുടലാടോ......
മൂന്നാംമട്ടം പൂപറിച്ച് പന്തലിൽ പൂവുചൂടി
പൂവുടലാടോ മണിയെ പൂവുടലാടോ......
നാലാം മട്ടം പൂപറിച്ച് പന്തലിൽ പൂവും ചൂടി
പൂവുടലാടോ മണിയെ പൂവുടലാടോ.....
അഞ്ചാം മട്ടം പൂപറിച്ച് പന്തലിൽ പൂവും ചൂടി
പൂവുടലാടോ മണിയെ പൂവുടലാടോ........
ആറാംമട്ടം പൂപറിച്ച് പന്തലിൽ പൂവും ചൂടി
പൂവുടലാടോ മണിയെ പൂവുടലാടോ......
ഏഴാം മട്ടം പൂപറിച്ച് പന്തലിൽ പൂവും ചൂടി
പ്പൂവുടലാടോ മണിയെ പൂവുടലാടോ.....
ആറിട പന്തല് തന്ന പന്തല് കൂട്ടത്തിൽ
കാരണവന്മാരിടിയിച്ച പന്തൽ
അതുപോരാ അതുപോരാ തണൽപോരാ പന്തൽ
കൂട്ടത്തിൽ മച്ചിണന്മാര് ഇടിവിച്ച പന്തൽ
അതുമതി തണൽ അതുമതി തണൽ മതി പന്തൽ
ഞാനുഎകാളുകളും കൊട്ടികളിച്ച് തിരിഞ്ഞ് വരുമ്പോൾ
പന്തലൊരുഭാഗം ഇടം തരണേ.......
വാമകളെ വാമകളെ വാമകളെ നീരാടുവാന്
പേരുചൊല്ലി നാളും ചൊല്ലി പൊരുത്തം കട്ടിന്
എന്നാലും വാമകളെ നീരാടുവാൻ
എന്നാലും വാമകളെ നീരാടുവാൻ

കൂട്ടത്തിൽ കാരുണമാരെ ശങ്ക ഉണ്ട്
പേരുചൊല്ലി നാളുചൊല്ലി പൊരുത്തംകട്ടിന്
കൂട്ടത്തിലെ തറവാട്ടിലെ ശങ്ക ഉണ്ട്.
പന്തപൊലിഞ്ഞ പൊലികളൊ എന്തലോ പന്ത
പൊലിഞ്ഞ പൊയികളൊ എന്തല്ലോ കൊണ്ടുവന്നോ
കുത്തുപറനെല്ല് കൊട്ട് വന്നോ
പന്തപൊലിഞ്ഞ മകളോ എന്തലോ പന്തലോ കൊണ്ടുവന്നോ
അരക്ക് ഒരു അരമണി കൊണ്ടുവന്നേ
പന്തപൊലിഞ്ഞ പൊലികളൊ എന്തലോ കൊണ്ടുവന്നോ
കൈക്കൊരു തണ്ട കൊണ്ടുവന്നോ.....
പന്തപൊലിഞ്ഞ പൊലികളോ എന്തല്ലോ കൊണ്ടുവന്നോ
കൈക്കൊരു മോതിരം കൊണ്ടു വന്നോ....
പന്തപൊലിഞ്ഞ പൊലികളോ എന്തല്ലോ കൊണ്ടുവന്നോ
ഉടുക്കാൻ ഉടുതുണി കൊണ്ടു വന്നോ ?
പന്തപൊലിത്ത പൊലുമകളോ എന്തല്ലോ കൊണ്ടുവന്നോ........

**4. തത്തമ്മ പാട്ട്**

തത്തമ്മ തത്തമ്മയോ തത്തമ്മയോ മാണിക്യ തത്തപ്പെണ്ണേ
എന്നുടെ മാരാനും അങ്ങു കടപ്പുറത്ത്
വേലപണിയ്ക്കായി പോയതിനപ്പുറം
തത്തമ്മ തത്തമ്മയോ തത്തമ്മയോ മാണിക്യ തത്തപ്പെണ്ണേ
എന്നുടെ മാരൻ പോയതിനപ്പുറം
നല്ലൊരു മാരനെ ഞാൻ കണ്ടതില്ല
എന്നുടെ മാരൻ പോയതിനപ്പുറം
നല്ലൊരു കഞ്ഞി ഞാൻ കുടിച്ചതില്ല
തത്തമ്മ തത്തമ്മയോ തത്തമ്മയോ മാണിക്യ തത്തപ്പെണ്ണേ
എന്നുടെ മാരൻ പോയതിനപ്പുറം
നല്ലൊരു മുറുക്കാൻ തുമ്മ തിന്നതുമില്ല
തത്തമ്മ തത്തമ്മയോ തത്തമ്മയോ മാണിക്യ തത്തപ്പെണ്ണേ

**5. ആദിപാട്ട്**

ആദിയിലെ അന്തപ്പൊരുളും ഒന്നിമില്ലേ കാലം
ഇരിയപെറ്റ ഇരുമനുചൻ ഇല്ലാതെ കാലം
നാക്കാലി പെറ്റ് നാക്കാലി മൃഗവും ഇല്ലാതെ കാലെ
ഓമ്പോലും ഓടിയ പാമ്പും ഇല്ലാതെ കാലം
പറപച്ചി പഞ്ചമൃഗവും ഇല്ലാതെ കാലം
ഇരുവാൻ കിളി പറപ്പാനെ ഇല്ലാതെ കാലം

കിഴക്കുദിക്കി സൂര്യഭഗവാൻ ഇല്ലാതെ കാലം
അത്തമിക്കും ആദിത്യനും ഇല്ലാതെ കാലം
നാലുദിക്കും നക്ഷത്രതികളും ഇല്ലാതെ കാലം
തെക്കുദിക്കും ചെ ന്തിന്ത്രനും ഇല്ലാതെ കാലം
വടക്കുദിക്കും വാലന്ത്രനും ഇല്ലാതെ കാലം
ഇരുട്ടുകെട്ടി മാമായപ്പെട്ടിരിക്കുന്ന കാലം
ഒപ്പവും വെള്ളം ഓടുവം പാമ്പും ഇല്ലാതെ കാലം
കരയും കുന്നും തേങ്കുവും മയിലും ഇല്ലാതെ കാലം
ഇരുകാല് കൊണ്ട് ഇരുകാല് മൂപൻ ഇല്ലാതെ കാലം
എന്തുരൂപായി, ഏതുരൂപായി ഇരുന്നൊരെന്റോദി
ഇരുട്ടുകെട്ടി മാമയപ്പെട്ട ഇരുന്നൊരന്റാദി
എന്തുരൂപായി, ഏതുരൂപായി ഇരുപ്പതുണ്ടോ പൂമി
പഞ്ചപജി പലനിറമ്മായി ഇരിപ്പുതുണ്ടാദി
പഞ്ചപാഗ്ഗി പലനിറമായി ഇരിപ്പതുണ്ടേ പൂമി
ആകാശവും പുമിയോടൊത്തു ഒന്നുമില്ലെ കാലം
തെക്കുനിന്ന് വടക്കുദിക്കും മാവൂർ തേൻ കാറ്റ്
മാവൂർ കാറ്റും വയ്യേ വന്നേ രണ്ടിളം പച്ചി
അജകിളിയും പഞ്ചാകിളിയും രണ്ടിളം കിളിയും
അങ്ങനെ കിളികൾ രണ്ടും തൂവിൽ പാടി കളിക്കിന്നേ
അജപച്ചി രമിക്കല് തട്ടി പഞ്ച പച്ചിക്ക് പെനയും
മുട്ടയ്ക്ക് തേങ്ങണ് പച്ചി പഞ്ച പച്ചിയെ താനെ
എവിടാണിരിക്കല് നമ്മടെ പഞ്ചമുട്ട വെയ്ക്കാൻ
കാലെറുപ്പാനൊരു നീരും നിലവും മില്ലേ
വയ്ക്കുവെനെങ്കില് മരവും മട്ടലുമില്ല
അപ്പപ്പറയുന്ന് പച്ചി പഞ്ചപച്ചി താനും
എവിടാണിരിക്കല് നമ്മടെ പഞ്ചമുട്ട വയ്ക്കാൻ
അജപച്ചീടെ മുല്ല പറിച്ച് കൂടും പണിതീർത്ത്
ഒന്നാനാം തിങ്കള് പച്ചി ഒന്ന് മുട്ട വയ്ക്കുന്ന്
രണ്ടാനാം തിങ്കള് പച്ചി രണ്ട് മുട്ട വെയ്ക്കണ്
മുട്ടയും വച്ച് പച്ചിയെ കാപ്പിപൊതുങ്ങുന്നു.
കാപ്പി പൊതുങ്ങീറ പച്ചിക്ക് പൈദാഹം പാരെ
അപ്പം പറയുന്ന് പച്ചി പഞ്ചപച്ചിയെ താനും
എവിടാന്ന് എടുത്തനി ചെല്ല് കിളി ചെല്ലിപ്പഴവും
അറുകടലും മറ്റു കടലിന്റെ ഏഴാം കടലിന്റെ മേലേ
കേയ്ന് പയത്തീന് പോലും പഞ്ചപച്ചിതാനും
അപ്പം പറയുന്നത് പച്ചി അജപ്പച്ചി താനും
ഇപ്പം പയത്തിനു പോയിട്ടെപ്പം വരുവാൻ

ഇന്നാപയം കിട്ടിയില്ലെങ്കില് മൂന്നു കയിയുമ്പം വരുമേൻ
അപ്പോഴും കേക്കുന്ന പച്ചിക്ക് രാജാവു തന്നെ
അജപച്ചി പറക്ണ് പോലും പഞ്ചപച്ചിയെ താനും
പഞ്ചപച്ചിയുടെ മുട്ടകളൊക്ക വീണുടഞ്ഞുപോയേ
കീഴ്മുഴി പോയൊരു നിലവും മേലോകവുമായി
നീരായി വീണതൊക്കെ നീരും നിലവുമായി
ഇരിയപെറ്റ ഇരു മനുചുനം ഉണ്ടായി കാലം
ഇരിയ പെറ്റഇരു മനുച്ചനും ഉണ്ടായി വന്നിലവേ
നാക്കപുളച്ച നാക്കാലിമൃഗവും ഉണ്ടായി വന്നിലവേ
ഓമ്പേലും ഒടിയ പാമ്പും ഉണ്ടായി വന്നു
പരപ്പാൻ ഇരുപാറ്റയും ഉണ്ടായി വന്നിലേ
കിഴക്കുദിക്കും സൂര്യഭഗവാൻ ഉണ്ടായി വന്നിലേ
അസ്ക്ക് മലയിൽ അദിദ്യഭകവാൻ ഉണ്ടായി വന്നീലെ
അയ്യാപൊലികയിൽ എടുത്തു ഞാൻ പാട്ട്.

ആദിപ്പാട്ടിൽ പ്രപഞ്ചത്തിന്റെ ഉത്പത്തി സസ്യ ജന്തുജാലങ്ങൾ, മനുഷ്യർ തുടങ്ങിയവയുടെ ഉല്പത്തിയാണ് പുരാവൃത്തം.

**6. കോടാ കോടാ[12] മേലാഞ്ചേരി കോടാ**

കോടാ കോടാ മേലാഞ്ചേരി കോടാ
കോടാ കോടാ ഏലാമ്പി കോടാ
ചുണ്ടിനൊടു ചുണ്ടിനൊടു ചുണ്ടുതാളം
വെച്ചെന്റെ കോടൻ
മുട്ടിനൊരും മുട്ടിനെന്റെ മുട്ടുതാള വെച്ചെന്റെ കോടൻ
കോടാ കോടാ ഏലാമ്പി കോടാ
അരയ്ക്കൊരു അറതാളം വെച്ചെന്റെ കോടാ
മാരിനോ മറുതാളം വെച്ചെന്റെ കോടൻ
കോടാ കോടാ ഏലാമ്പി കോടാ
ഏടാമ്പി കാട് പൊടിയാടും കോടാ
മുഴുമ്പിനാ മുഴുതങ്കം വെച്ചെന്റെ കോടൻ
കോടാ കോടാ ഏലാമ്പി കോടാ
നെറ്റിക്കൊരു നെറ്റിതാളം വെച്ചെന്റെ കോടാ
കോടാ കോടാ കോടാ ഏലമ്പി കോടാ
(കുരങ്ങനെ കളിപ്പിച്ചുകൊണ്ട് പാടുന്ന പാട്ടാണിത്)

**7. പുരുളി, പുരുളി ഏലോലൊചുരുളി**

പുരുളി, പുരുളി ഏലോലൊചുരുളി

---

*12 കൊരങ്ങ്*

കോലുമ്മേ കോപ്പുരുളി (2)
ഉണ്ണി കൊത്തി കൊത്തി പുരുള
ഏഴ് തുള തുളച്ച് (2)
ഏഴ് തുള തുളച്ച് പുരുളി
മുട്ടയും വെക്കുന്നല്ലോ (2)
എ... ഒന്നാന തിങ്കള് കഴിയുമ്പോളും
പുരുളി ഒന്ന് മുട്ട വെച്ച്
രണ്ടാന തിങ്കള് കയ്യിമ്പോള് പുരുളി
രണ്ടു മുട്ട ഇട്ട്
മൂന്നാന തിങ്കള് കയ്യിമ്പോള് പുരുളി
മൂന്ന് മുട്ട വെച്ച്
അഞ്ചാന തങ്കള് കയ്യിമ്പോള്
അഞ്ച് മുട്ട വച്ച് പുരുളി
ഒമ്പതാന തിങ്കള് കയ്യിമ്പോള്
ഒമ്പത് മുട്ട വെച്ച് പുരുളി
പത്തനാം തിങ്കള് കയ്യിമ്പോള്
പത്ത് മുട്ട വച്ച് പുരുളി (2)
കാപ്പി പതുങ്ങുന്നല്ലോ പുരുളി
കോലുമ്മേ കോപ്പുരുളി (2)
മുട്ടയും വയ്ക്കുന്നല്ലോ പുരുളി കുരവക്ക്
ഒന്നാന തിങ്കള് കയ്യുമ്പോളക്ക് ഒന്ന് മുട്ടടച്ച്
എന്തെല്ലാം കൊണ്ടുവന്ന് വരുവേൻ
പന്ത പൊലിഞ്ഞ പൊലിക്കാണം
ടുക്കുവാനു തുണികൊണ്ടുവന്നേ
പന്തപൊലിഞ്ഞ പൊലിക്കാണേ അത്
എന്തേല്ലാം കൊണ്ടുവന്നേ മരുമേൻ
പന്ത പൊലിഞ്ഞ പൊലിക്കാണം
എന്തെല്ലാം കൊണ്ടുവന്നു മരുമേൻ
പന്തപൊലിഞ്ഞ പൊലികാണം
കയിക്കോല് തണ്ടവൻ കൊണ്ടുവന്നേ
പന്തപൊലിഞ്ഞ പൊലിക്കാണമത്
എന്തെല്ലാം കൊണ്ടുവന്നേ മരുമേൻ
പന്തപൊലിഞ്ഞ പൊലിക്കാണം
കവുത്തില് മാലവൻ കൊണ്ടുവന്നേ
പന്ത്രപൊലിഞ്ഞ പൊലിക്കാണമത്
എന്തെല്ലാം കൊണ്ടുവന്നേ മരുമേൻ
പന്തപൊലിഞ്ഞ പൊലികാണം

മുടികുത്ത് മുള്ളവന് കൊണ്ടുവന്നേ (2)

## മരമൂടൻ കളി/ മരവീടൻ/ കൂന്തൻ കളി

മലവേട്ടുവ സമുദായക്കാരുടെ തനതു കലാരൂപമാണ് മരമൂടൻ കളി അഥവാ കൂന്തൻ കളി. മലവേട്ടുവൻ പുരുഷൻമാരാണ് കൂന്തൻ കളി കളിക്കുന്നത്. എല്ലാ വർഷവും തുലാം പത്തിന് ശഷമാണ് കൂന്തൻ കളി കളിക്കുന്നത്. കൂന്തൻ കളിയുടെ പിന്നിൽ ഐതിഹ്യ ങ്ങൾ പലതാണ്. അതിൽ ഒരെണ്ണം ഇതാണ് രണ്ട് ഏട്ടൻ അനിയൻ സഹോദരൻമാരാണ് എലുമ്പനും കൊലുമ്പനും. ഇതിൽ നെല്ല് മോഷ്ടിച്ചതിന് കൊലുമ്പനെ ജന്മി കുണ്ടത്തിൽ[13] കെട്ടി ക്രൂരമായി മർദ്ദിച്ചു. കണ്ണും ചുഴിഞ്ഞെടുത്തു. അയാൾ മരിച്ചു. മരിച്ച് മൂന്നാം ദിവസം തെളിയിക്കൽ ചടങ്ങ് നടക്കുന്ന സമയത്ത് ആരാണോ മരിച്ചത് ആ മരിച്ചുപോയ ആളിന്റെ ആത്മാവ് മറ്റൊരാളുടെ ദേഹ ത്തിൽ പ്രവേശിക്കുകയും മരിച്ചതിന്റെ കാരണങ്ങൾ പറയുകയും ചെയ്യുന്നു. അതിൽ തന്റെ അനുജനോട് എല്ലാ മാസവും തുലാം 10-ാം തീയ്യതിയും തന്റെ രൂപം കെട്ടി എല്ലാ ജന്മിമാരുടെ വീട്ടിൽ നിന്നും ധാന്യങ്ങൾ ഭിക്ഷ യാചിച്ച് എനിക്ക് നിവേദിച്ചതിനു ശേ ഷം നിങ്ങൾ വീതിച്ചെടുക്കണമെന്നും പറയുന്നു.

തുടി വാദ്യോപകരണമാണ് മരമൂടൻ കളിക്കായി ഉപയോഗി ക്കുന്നത്. വെണ്ണ്, ആൾ, കണ്ണിചൂരൽ ഉതിരം എന്നിവ കൊണ്ടാണ് തുടി ഉണ്ടാക്കുന്നത്. പാണലിന്റെ ഇലയാണ് ഉപയോഗിക്കുന്നത്. എല്ലാ വർഷവും തുലാം 10 നാണ് മരമൂടൻ കെട്ടിയാടുന്നത്. മര മൂടൻ കെട്ടുന്നയാൾ മുഖം മൂടി ഉപയോഗിക്കാറുണ്ട്. പാള എന്നും ഇത് അറിയപ്പെടുന്നു. ഇത് മരം കൊണ്ട് കൊത്തിയതായിരിക്കും. മരമൂടന്റെ കയ്യിൽ ഒരു വടി ഉണ്ടാവും ഒരു കയ്യിൽ തെച്ചിതോല് ഉണ്ടായിരിക്കും തെച്ചി ഒരു മരമാണ്.

**8. കുന്തൻ കളിപ്പാട്ട്**

കൂന്ത കൂന്താ കൂന്താ ചീരാടി
കുന്ത ലേലേല കൂന്ത ലേലേലാ.....
കുന്തന്റെ കുത്തിക്ക് എന്തെല്ലാം മണി
നേടിയമ്പോലും ചീരാടിക്കുന്ത
ലേലേലേ കൂന്ത ലേലേലാ....
കുന്തന്റെ കുന്തിക്ക് തിരുക്കണ്ണി
പൊൻകണ്ണി നേടിയമ്പോലും
ചീരാടിക്കുന്ത ലേലേലകൂന്ത ലേലേലാ

---

*13 കറ്റ മെതിക്കുന്ന കാളകളെ കെട്ടുന്ന വലിയ തടി.*

കൂന്ത കൂന്താ കൂന്ത ലേലേലാ....
കൂന്ത കൂന്താ കുന്ത ലേലേലാ.....
കൂത്തന്റെ കുഞ്ഞിക്ക് തിരുമുട്ടും
പൊൻമുട്ടും നേടിയമ്പോലും
ചീരാടികുന്ത ലേലേല കൂന്ത ലേലേലേ....
കുന്ത കുന്തിക്ക ചീരാടികുന്ത ലേലേലാ...
കൂന്ത ലേലേലാ...കൂന്ത ലേലേലാ...
കുന്തന്റെ കുഞ്ഞിക്ക് തിരുമുയ്പ്പാ
പൊൻമുയ്പും നേടിയമ്പോഴും
ചിരാടികൂന്ത ലേലേലാ കൂന്തലേലേലാ
കുന്ത കുന്താക്ക ചീരാടിക്കുന്ത
ലേലേലേ കൂന്തലേലേലലാ...
കൂന്തന്റെ കുഞ്ഞിക്ക് തിരുക്കണ്ണും
പൊൻകണ്ണും നോടിയമ്പോലും
ചീരാടിക്കുന്ത ലേലേ കൂന്ത ലേലേലാ
കൂന്ന കൂന്തക്കുന്ന ചീരാടിക്കൂന്ത ലേലേലാ കൂന്ത പ്രലേലം
കുന്തന്റെ കുഞ്ഞിക്ക് തിരുനെറ്റി
പൊൻ നെറ്റി നേടിയമ്പോഴും
ചിരിടിക്കൂന്ത ലേലേല ക്കൂന്ത ലേലേലാ....

മലവേട്ടുവ സമുദായക്കാർ മംഗലം കളിക്കു പുറമെ തുമ്പി തുള്ളൽ തെയ്യം കെട്ടൽ എന്നിവ ചെയ്യാറുണ്ട്. തുമ്പിതുള്ളൽ നടത്തുന്നത് സ്ത്രീകൾ മാത്രമാണ്. കളികളുമായി ബന്ധപ്പെട്ട് അവതരിപ്പിക്കുമ്പോൾ ഗുരുകാരണവൻമാർക്ക് കള്ള് മീന് വെയ്ക്കലും തെയ്യത്തിന് അവൽ പൊരി എന്നീ സാധനങ്ങൾ കൊണ്ട് വെച്ച് ഉണ്ടായിരിക്കുന്നു. മലവേട്ടുവ സമുദായക്കാർ മംഗലംകളി കുന്തൻ കളി എന്നിവ വേദിയിൽ അവതരിപ്പിക്കാറുണ്ട്. ഓരോ കളിക്കും അതുമായി ബന്ധപ്പെട്ട വസ്ത്രങ്ങളും ആഭരണങ്ങളും ആണ് ഉപയോഗിക്കുന്നത്. കൂന്തൻ കളിയുടെ മുഖചമയത്തിന് മാറ്റം സംഭവിച്ചിട്ടുണ്ട്.

## ആവേദകർ

1. എസ്. ഉമേഷ്, മുടന്തൻപാറ, വെള്ളരിക്കുണ്ട്
2. പി.കെ രാമചന്ദ്രൻ, മുടന്തൻപാറ, വെള്ളരിക്കുണ്ട്
3. ഗോപാലൻ സി, ചുള്ളിക്കര, കാസറഗോഡ്

# 7

# മേലക്കുടിയരുടെ കലകൾ

*എസ്. ദീപ*

കാസർഗോഡ് ജില്ലയിലെ ഒരു പ്രധാന ഗോത്ര വിഭാഗമാണ് കുടിയ/മേലക്കുടി. മലക്കുടിയ എന്ന പേരിലും അറിയപ്പെടാറുണ്ട്. തുളുവാണ് ഇവരുടെ പ്രധാന സംസാരഭാഷ. കാസർഗോഡ് ജില്ലയിലും കർണ്ണാടകയിലും താമസിക്കുന്ന മലക്കുടിയ സമുദായക്കാർക്ക് കർണ്ണാടകയിലെ ആദിവാസി വർഗ്ഗവുമായി ജീവിത സാഹചര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും വളരെയധികം സാമ്യം ഉണ്ട്. വേട്ടയാടൽ പ്രധാന ജീവനോപാധിയായിരുന്ന മലക്കുടിയ വിഭാഗക്കാർ ഇപ്പോൾ കൃഷിയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ജനസംഖ്യാ വളർച്ചാനിരക്ക് വളരെ പിന്നിലുള്ള ഗോത്രവർഗ്ഗ സമൂഹമാണ് മലക്കുടിയ. 2011 ലെ സെൻസസ് പ്രകാരം 785 ആണ് മൊത്തം ജനസംഖ്യ. ഇതിൽ 403 പുരുഷന്മാരും 382 സ്ത്രീകളുമാണ് ഉള്ളത്. മേലക്കുടി വിഭാഗക്കാർ വീടിനെ 'പാടി' എന്നാണ് വിളിക്കുന്നത്.

മലക്കുടി, മലയക്കുടി, മലൈക്കുടി, മലഗുഡിയ എന്നിങ്ങനെ പല പേരുകളിൽ ഇവർ അറിയപ്പെടുന്നു. തേഴ്സ്റ്റണിന്റെ അഭിപ്രായത്തിൽ കുടിയയും മലക്കുടിയയും ഒന്നാണ്. 'കുടിയ' എന്ന പദം വന്നത് ഉയരത്തിൽ നിന്നുമാണ്. അതിനാൽ 'മലക്കുടിയ' യുടെ അർത്ഥം ഉയരത്തിൽ നിന്നും വന്നവർ അഥവാ മലയിൽനിന്നും മുകളിൽ നിന്നും വന്നവർ എന്നാണ്. ശിവപാർവ്വതിയുടെ മക്കളാണ് കുടിയ വിഭാഗക്കാരുടെ പൂർവ്വികർ എന്നതാണ് വിശ്വാസം. മറ്റൊരു കഥയിൽ പാണ്ഡവരുമായി ഇവരുടെ പൂർവ്വികർക്കുള്ള ബന്ധം പറയുന്നുണ്ട്. ഇവരുടെ പൂർവ്വികർ ഗോദാവരിയിൽ നിന്നും പശ്ചിമഘട്ടത്തിലേക്കു കുടിയേറിപാർത്തവരാണെന്ന് വിശ്വസിക്കുന്നു.

പുരുഷന്മാർ മുണ്ട്, ബനിയൻ, ഷർട്ട്, തലയിൽ കെട്ട് തുടങ്ങിയവയും സ്ത്രീകൾ സാരിയും ബ്ലൗസും ധരിക്കുന്നു. സ്ത്രീകൾ സാരി ഇടതു ചുമലിൽ കെട്ടുന്ന രീതിയാണുള്ളത്. കൂടാതെ കമ്മൽ, വള, മോതിരം തുടങ്ങിയ ആഭരണങ്ങളും ധരിക്കുന്നു.

കുടിയ സമുദായത്തിൽ പല ബരി (കുലം)ങ്ങളുണ്ട്. ബരിയുടെ തലവനെ ഗുരിക്കാര എന്ന് പറയുന്നു. ആചാരാനുഷ്ഠാനങ്ങളിൽ

ഇദ്ദേഹം പങ്കെടുക്കാറുണ്ട്. ഗുരിക്കാര പാരമ്പര്യമായി തുടരുന്ന സ്ഥാനമാണ്. ഇവരുടെ ഇടയിൽ പ്രധാനമായും രണ്ടു ഉപ വിഭാഗ ങ്ങളാണുള്ളത്. ഊർമലൈ (ഊർകുടിയ) ഇവരെ പൂമലൈ കുടി യ എന്നും വിളിക്കാറുണ്ട്. മറ്റൊന്ന് തേൻമല കുടിയ എന്നുമാണ്. അഡിക കുടിയ എന്നൊരു വിഭാഗം കൂടിയുണ്ട്. ഈ വിഭാഗങ്ങൾ പല കുലങ്ങളായി പിരിഞ്ഞിരിക്കുന്നു. കിഴങ്ങ്, ചോളം, ഇലക്കറി കൾ തുടങ്ങിയവ മുൻകാലങ്ങളിൽ പച്ചയ്ക്ക് കഴിച്ചിരുന്നു. മുൻപ് രണ്ട് നേരം മാത്രമായിരുന്നു ഭക്ഷണം കഴിച്ചിരുന്നത്.

കേരളത്തിലെ ഭൂരിഭാഗം ഗോത്രവർഗ്ഗക്കാർക്കിടയിലും കണ്ടു വരുന്ന നൃത്തരൂപമാണ് നായാട്ടു നൃത്തം. കൃഷിയും നായാട്ടും നിത്യജീവനോപാധിയായി സ്വീകരിക്കുന്നവരിൽ നായാട്ടു നൃത്ത ങ്ങൾ കാണാൻ സാധിക്കും. ആയോധന നൃത്തങ്ങളുടെ ഉപവിഭാ ഗമാണ് നായാട്ടു നൃത്തം. യുദ്ധനൃത്തം, അമ്പും വില്ലുമെടുത്തുള്ള നൃത്തം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

മലക്കുടിയ സമുദായത്തിന്റെ നായാട്ടു നൃത്തം ഇതിൽ എടു ത്തു പറയാവുന്നതാണ്. എന്നാൽ ഇന്ന് കാടും കാട്ടുമൃഗങ്ങളും കുറഞ്ഞതിനാലും കാർഷിക സംസ്കാരം ഊർജിതമായതിനാലും നായാട്ടിനുള്ള പ്രാധാന്യം കുറഞ്ഞുപോയി. ഇപ്പോൾ ഈ നൃത്ത ങ്ങൾ എല്ലാം വിശേഷാവസരത്തിൽ മാത്രം കളിയ്ക്കുന്നതായി മാറി. മലക്കുടിയർ വേട്ടനൃത്തം കളിയ്ക്കുന്നത് തങ്ങളുടെ ദൈവങ്ങളെ പ്രീതിപ്പെടുത്തുന്നതിനുകൂടിയാണ്. നായാടി കിട്ടുന്ന മൃഗങ്ങളെ സന്തോഷത്തോടെ എല്ലാവർക്കും പകർന്നു നൽകുന്ന രീതിയാണ് മലക്കുടിയർക്കുള്ളത്. നൃത്തത്തിൽ മാൻ, കൂരൻ, കാട്ടുപന്നി, കരടി തുടങ്ങിയ മൃഗങ്ങളെയാണ് അവതരിപ്പിക്കുന്നത്. വേട്ടനൃത്തത്തിനും അകമ്പടിയായി വാദ്യക്കാർ നിൽക്കുന്നു. നായാട്ടിനുപോകുന്നവർ മൃഗത്തെ പിടിക്കുന്നതും താളമേളത്തിനൊത്തു മൃഗം ഓടാനും ചാ ടാനും ശ്രമിക്കുന്നതും വളരെ ഭംഗിയായാണ് 'ബേട്ട' നൃത്തത്തിൽ മലക്കുടിയർ അവതരിപ്പിക്കുന്നത്. ഏകദേശം 30 മിനിറ്റു സമയമാ ണ് ഈ നൃത്തത്തിന് എടുക്കാറുള്ളത്. ഇത്തരം നൃത്തങ്ങൾ വേ ദിയിൽ അവതരിപ്പിക്കുന്ന രീതിയിൽ ചിട്ടപ്പെടുത്തി ചെയ്യാറുണ്ട്.

മുഖംമൂടിയുണ്ടാക്കുന്നത് ഏതു മൃഗത്തിന്റെ വേഷമാണോ കെട്ടുന്നത് ആ മൃഗത്തിന്റെ മുഖം കട്ടികടലാസിൽ വെട്ടിയാണ്. അതിൽ ചുണ്ണാമ്പുകൊണ്ടും കരികൊണ്ടും കണ്ണും മൂക്കുമൊക്കെ വരയ്ക്കുന്നു. വേട്ടനൃത്തത്തിൽ ഉപയോഗിക്കുന്ന ആയുധങ്ങൾ അ സ്ത്രം, വില്ല്, വടി എന്നിവയാണ്. മുളകൊണ്ടുള്ള ആയുധങ്ങളാണ് ഉപയോഗിക്കുന്നത്. ആദ്യകാലങ്ങളിൽ നായാട്ടുനൃത്തങ്ങൾ അനു ഷ്ഠാനമായി മാത്രമാണ് അവതരിപ്പിക്കുന്നത്. എന്നാൽ ഇത്തരം

അനുഷ്ഠാനങ്ങൾ വേദിയിൽ അവതരിപ്പിക്കുമ്പോൾ കാണാൻ കഴിയുന്നില്ല.[14]

മലക്കുടിയ സമുദായക്കാരുടെ ഒരു പ്രധാന ജീവനോപാധിയാണ് ബോഡെ തേരുണെ – അഥവാ വേട്ടയാടൽ. പണ്ട് കാലം മുതൽക്കുതന്നെ മലക്കുടിയ വിഭാഗക്കാർ വേട്ടയാടുകയും മൃഗങ്ങളെ പരിപാലിക്കുകയും ചെയ്യുമായിരുന്നു. തങ്ങളുടെ മല ദൈവമായ ചാമുണ്ഡി ദേവിയെ ആരാധിച്ചു കൊണ്ടാണ് വേട്ടയാടുന്നതിനായി തയ്യാറെടുക്കുന്നത്. അതിനായി 7,8 ദിവസം കാട്ടിനുള്ളിൽ താമസിക്കും. മൃഗങ്ങളെ വേട്ടയാടുന്നതിനനുസരിച്ച് 15 ദിവസം കാട്ടിനുള്ളിൽ താമസിക്കും. കൂട്ടം കൂടിയാണ് വേട്ടയാടുന്നതിന് പോകുന്നത്. വേട്ടയാടൽ മുഖ്യ ജീവനോപാധിയാണ്. ആണുങ്ങൾ മാത്രമാണ് കാട്ടിൽ വേട്ടയാടുന്നതിനായി പോകുന്നത്. മലക്കുടിയ വിഭാഗക്കാർ വേട്ടയ്ക്കു പോകുന്നത് പ്രധാനമായും ഫെബ്രുവരി മാസത്തിൽ ആണ്. തുളു ഭാഷയിൽ ഇത് മായ്തുളു എന്നാണ് അറിയപ്പെടുന്നത്. വേട്ടയാടലിനു പോകുന്നതിനായി 'കെഡ്ഡസ' എന്ന ആഘോഷം കുംഭമാസത്തിലെ നാല് നാളുകളിലായാണ് നടത്തുന്നത്. വേട്ടയാടലിനിടയിൽ തങ്ങൾക്കിടയിലെ അനുഭവങ്ങൾ പാട്ടിലൂടെയും നൃത്തത്തിലൂടെയും മലക്കുടിയ വിഭാഗക്കാർ അവതരിപ്പിക്കാറുണ്ട്.

മലക്കുടിയർ തികച്ചും ആചാരാനുഷ്ഠാനങ്ങളിലൂടെയും വിശ്വാസത്തോടുമാണ് ഏതു കാര്യവും ചെയ്യുന്നത്. മലക്കുടിയരുടെ ദൈവമായ മലചാമുണ്ഡിയെ സ്തുതിച്ചുകൊണ്ടാണ് ഏതുകാര്യവും തുടങ്ങുന്നത്. ദൈവാരാധനയിൽ ഭൂതാരാധന കേരളത്തിൽ നിലവിൽ ഇല്ല എന്നാൽ കർണ്ണാടകക്കാർക്കിടയിൽ ഇന്ന് ഭൂതാരാധന നിലനിൽക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ മലക്കുടിയ വിഭാഗക്കാർ മേയ് ഒൻപത് ചാമുണ്ഡി ഉത്സവമായി ആചരിക്കുന്നു. 'പങ്കുതിക്കളു' എന്നാണ് ഇത് അറിയപ്പെടുന്നത്.

കൃഷിയുമായി ബന്ധപ്പെട്ട് നിരവധി ആഘോഷങ്ങൾ മലക്കുടിയക്കാർ നടത്താറുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് 'ഓബെല'. 'ഓബെല' എന്ന തുളുവാക്കിന്റെ അർത്ഥം കൃഷി എന്നാണ്. ഒരു വർഷത്തിൽ മൂന്ന് പ്രാവശ്യമാണ് നെല്ല് കൃഷി ചെയ്യുന്നത്. 'ഏനലി', 'സുഖി', 'കൊളക്കെ' എന്നീ മാസങ്ങളിലാണ് കൃഷി ചെയ്യുന്നത്. കൃഷിയാണ് മലക്കുടിയ സമുദായക്കാരുടെ പ്രധാന ഉപജീവന മാർഗ്ഗം. നെല്ല്, റാഗി, ചോളം, കിഴങ്ങ്, ചേമ്പ്, സ്വർണ്ണഗെഡെ അഥവാ ചേന എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. കൃഷിയ്ക്ക് വിത്ത് വിതയ്ക്കുമ്പോഴും നടുമ്പോഴും എല്ലാം പ്രത്യേ

*14 കൂടുതലറിയുവാൻ ചുമ്മാർ ചൂണ്ടൽ, 'കറുത്ത കലകൾ' കാണുക*

ക പാട്ടുകളും നൃത്തങ്ങളും ഉണ്ട്. കൃഷി ചെയ്യുന്നതിനനുസരിച്ച് ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറിതാമസിക്കുന്ന രീതിയാണ് മലക്കുടിയർക്കുള്ളത്.

ഓബെല നൃത്തം പ്രധാനമായും ജോലിഭാരം കുറയ്ക്കുന്നതിനും, വളരെ ആയാസരഹിതമായി ജോലി ചെയ്തുതീർക്കുന്നതിനും സഹായിക്കുന്നു. ഓബെല നൃത്തം എത്ര മണിക്കൂർ വേണമെങ്കിലും ഊരുകളിൽ കളിയ്ക്കുന്നതാണ്. ഇതിൽ പുരുഷൻമാരും സ്ത്രീകളും കളിയ്ക്കാറുണ്ട്. ആളുകൾ കൂടുന്നതിനനുസരിച്ച് കളി കൂടുതൽ ഭംഗിയാകുന്നു. കൃഷിയുമായി ബന്ധപ്പെട്ടുള്ള എല്ലാ ചടങ്ങുകൾക്കും ഓബെല എന്ന നൃത്തം കളിയ്ക്കാറുണ്ട്.

ഇതിനായി പ്രത്യേക വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട്. കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച മലക്കുടിയ വിഭാഗക്കാർ കൂട്ടംകൂടിയാണ് വനവിഭവ ശേഖരണത്തിനായി പോകുന്നത്. മലചാമുണ്ഡിയെ സ്തുതിച്ചുകൊണ്ടാണ് വനവിഭവ ശേഖരണത്തിനായി പോകുന്നത്. കിഴങ്ങ് വർഗ്ഗങ്ങൾ ശേഖരിക്കുന്നതിനും പ്രത്യേക കഴിവുള്ളവരാണ് മലക്കുടിയർ. തങ്ങൾ ശേഖരിച്ച ഭക്ഷണ സാധനങ്ങൾ എല്ലാവർക്കും തുല്യമായി വീതിച്ചു കുടികളിൽ പോകുന്ന രീതിയാണ് ഉള്ളത്. കൃഷിയ്ക്കു പുറമെ കല്ല്യാണം, ജനനം എന്നീ അവസരങ്ങളിലും മലക്കുടിയ വിഭാഗങ്ങൾ 'ഓബെല' എന്ന നൃത്തം കളിയ്ക്കാറുണ്ട്.

മലക്കുടിയ വിഭാഗക്കാർ ഇപ്പോഴും പൂതാരാധനയിൽ തികഞ്ഞ വിശ്വാസമുള്ളവരാണ്. മലദൈവമായ ചാമുണ്ഡിദേവിയെയാണ് അവർ ആരാധിക്കുന്നത്. തങ്ങളുടെ ജീവിതരീതി അതിന്റേതായ തനിമ നിലനിർത്തി ആചാരങ്ങളും അനുഷ്ഠാനങ്ങളും കാത്തുസൂക്ഷിക്കുന്നവരാണ് മലക്കുടിയ വിഭാഗക്കാർ. മലക്കുടിയ വിഭാഗങ്ങൾ തങ്ങളുടെ ഗോത്രത്തിന്റെ ഉത്ഭവം പ്രധാനമായും 16 ഗോത്രത്തിൽ നിന്നാണ് എന്നാണ് വിശ്വസിക്കുന്നത്. ഇതിൽ ഏഴ് ഗോത്രങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ബഗ്ഗേരി ബാര്, ബർത്തേരി ബാര് തുടങ്ങിയവ അതിൽ ചിലതാണ്. ഇപ്പോൾ ഏഴ് ഗോത്രത്തിൽ നിന്നുള്ള കുടുംബക്കാർ എല്ലാ ചടങ്ങുകളിലും പങ്കെടുക്കാറുണ്ട്. ഇതിൽ ഒരേ ഗോത്രങ്ങൾ തമ്മിലുള്ള വിവാഹം നടത്താറില്ല. ഒരേ രക്തബന്ധം എന്നതാണ് വിശ്വാസം.

വിവാഹം വരന്റെ വീട്ടിൽ നിന്നാണ് നടക്കുന്നത്. വളരെ ചെറുപ്പത്തിൽ തന്നെ വിവാഹം ചെയ്ത് കൊടുക്കുന്ന രീതി മുൻപ് ഉണ്ടായിരുന്നു. വ്യത്യസ്ത ഗോത്രങ്ങൾ തമ്മിലാണ് വിവാഹം നടക്കാറുള്ളത്. മൂത്തപെൺകുട്ടികളുടെ വിവാഹത്തിനുശേഷം മാത്രമേ ഇളയ കുട്ടികളുടെ വിവാഹം നടക്കുകയുള്ളൂ. മറ്റ് സ

മുദായക്കാരുമായി വിവാഹം നടത്തിയാൽ പിന്നെ കുടിയിലേക്ക് വരാൻ പാരമ്പര്യ രീതി അനുവദിക്കാറില്ല. അങ്ങനെ വിവാഹം കഴിക്കുന്നവരെ സമുദായത്തിൽ നിന്ന് പുറത്താക്കുകയാണ് ചെയ്യുന്നത്. രക്ഷിതാക്കൾ തമ്മിൽ നോക്കി നടത്തുന്ന കല്ല്യാണം, വിധവാ വിവാഹം എന്നിവ നിലനിൽക്കുന്നുണ്ട്. ഭാര്യ മരിച്ചാൽ ഭർത്താവിനും ഭർത്താവ് മരിച്ചാൽ ഭാര്യയ്ക്കും പുനർവിവാഹം അനുവദനീയമാണ്. ഒരു വിവാഹം നടക്കുന്നതിന് ചെക്കന്റെ വീട്ടുകാരാണ് മുൻകൈ എടുക്കുന്നത്. ചെറുക്കന്റെ കാരണവന്മാരായ മുത്തപ്പൻ, അച്ഛൻ, അമ്മാവൻ എന്നിവർ പോയി പെണ്ണിനെ കാണുന്നു. വിവാഹം തീരുമാനിച്ചാൽ ഉടൻ തന്നെ വെറ്റില, അടയ്ക്ക വച്ച് വിവാഹതിയ്യതി തീരുമാനിക്കുന്നു. ആണിന്റെ വീട്ടിൽ വച്ചാണ് നിശ്ചയം നടത്താറുള്ളത്. വിവാഹ ദിവസം മുത്തശ്ശിമാർ ചേർന്ന് പെണ്ണിനെക്കുറിച്ച് 'സോപാന പാട്ട്' പാടുന്ന പതിവുണ്ട്. കല്ല്യാണ ദിവസം മലക്കുടിയരുടെ തനത് നൃത്തങ്ങളും കളിയ്ക്കാറുണ്ട്.'തോലണമൂത്ത' എന്നാണ് കല്യാണ ചടങ്ങ് അറിയപ്പെടുന്നത്. പാല മരത്തിന്റെ കമ്പ്, മാവിന്റെ ചപ്പ് എല്ലാമെടുത്ത് അലങ്കരിക്കുന്നു. കുളിച്ച് ചടങ്ങുകൾ കഴിഞ്ഞ് വരുന്ന പുരുഷന്റെ കൈയ്യിൽ അമ്മ കൈമണി കെട്ടികൊടുക്കുന്ന ചടങ്ങ് ഉണ്ട്. വധുവിനെ അണിയിക്കുന്നതിനുള്ള പൊന്ന്, കരിമണി, തുണി ഇവയെല്ലാം പുരുഷന്മാർ കൊണ്ടുവരണം. 'ഉക്കിലൊ' എന്ന പേരിലുള്ള വെള്ളിയിൽ തീർത്ത ഒരു ലോഹം കാലിൽ അണിയിക്കും. ഈ കല്യാണ ചടങ്ങുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

കുട്ടികളുടെ ജനനവുമായി ബന്ധപ്പെട്ടും മലക്കുടിയ വിഭാഗക്കാർ പ്രത്യേകമായി ചടങ്ങുകൾ അനുഷ്ഠിച്ചു വരുന്നുണ്ട്. കുട്ടി ജനിച്ച് 7 ദിവസം കഴിയുമ്പോൾ തന്നെ മടിവാള സമുദായക്കാർ അതായത് മണ്ണാൻ സമുദായക്കാർ തുണി അലക്കി വൃത്തിയാക്കി കഴിയുമ്പോൾ പുല മാറുന്ന രീതിയാണ് ഇവർക്കുള്ളത്. മരണാനന്തര ചടങ്ങുകൾക്കു ശേഷവും സമാന രീതിയിലുള്ള പുലമാറ്റുന്ന ചടങ്ങ് നിലനിൽക്കുന്നുണ്ട്. കുട്ടിയുടെ ജനനവും, മരണവുമായി ബന്ധപ്പെട്ട് 16 ദിവസത്തെ 'പുല' ഉണ്ടാകാറുണ്ട്. കുട്ടിയുടെ നൂല്കെട്ട് ചടങ്ങിന് അജി (മുത്തശ്ശി) യാണ് പേരു വിളിയ്ക്കുന്നത്.

ദൈവികമായ ചടങ്ങുകൾക്ക് വളരെയധികം പ്രാധാന്യം ഇന്നും നിലനിൽക്കുന്ന ഒരു ഗോത്രവർഗ്ഗ വിഭാഗമാണ് മലക്കുടിയ. ഇതിൽ പ്രധാനപ്പെട്ട ഒരു ചടങ്ങാണ് 'മതിമൽ മതിമൈ' ഇത് മരണാനന്തര ചടങ്ങുമായി ബന്ധപ്പെട്ടാണ് നടത്തുന്നത്. ഈ ചടങ്ങിൽ 16 ഗോത്രങ്ങളിൽപ്പെട്ട തലവന്മാരും പങ്കെടുക്കാറുണ്ട്. മരണവുമായി ബന്ധപ്പെട്ട ചടങ്ങ്'സൂക്തക' എന്ന പേരിലാണ് അറിയപ്പെടുന്നത്.

മരണം നടന്നു കഴിഞ്ഞാൽ ദഹിപ്പിക്കുന്ന രീതിയാണ് മലക്കുടിയർക്കുള്ളത്. മരണാനന്തര ചടങ്ങുകൾ മറ്റ് ഗോത്രത്തിൽ നിന്നുള്ള ആളുകളാണ് ചെയ്യുന്നത്. ദൈവികമായി നടത്തുന്ന എല്ലാ ചടങ്ങുകളും 'കളുരുടി' എന്നാണ് അറിയപ്പെടുന്നത്.മേലെക്കുടി സമുദായക്കാരുടെ ചില പാട്ടുകൾ ചുവടെ കൊടുക്കുന്നു.

**1. സന്തിപാട്ധന (സന്തിപാട്ട്)**

ഓ.... ഡനാന ഡെനാന ഡെനാന നനായേ...(2)
മായിത പുണ്ണമെ മായിട്ട് മത്ത്ണ്ട്
സുഖിത പുണ്ണമെ മായിട്ട് മത്തണ്ട്
ആട്ടിത പുണ്ണമെ ബത്തിക്കളഞ്ചെ ഉള്ളയ....
ഓ ഡനാന ...
ഉള്ളായി ഉള്ളേറൊ ഇതെനെ ഇച്ചിമതിമാള്
ഉള്ളായി ഉള്ളേറൊ ഒഞ്ചി ബെഞ്ചിട്
നിന്ദേത കൊടുത്തുടു ഉള്ളെറുന്ത് പൺപേര് ഇച്ചെമതിമാള്
ഓ ഡനാന ...
ഉള്ളയനെ വെണ്ണിലയെ വെണ്ണിലെ
ഉള്ളനയ കുസേല്ല് ഉണ്ടുവുന്തു ഇച്ചെമതിമാള്
ഗിണ്ടേട് നീദപത്തി ഇച്ചെമതിമാള്
ഓ ഡനാന ...
ദർക്കനെ ലക്കവേറ് ഉള്ളനയ ഇച്ചെമതിമാള്
മായിത പുണമെ മായിട് ബത്ത്ണ്ട്
ആട്ടിത പുണമെ ഇത്തികളഞ്ച് ഉള്ളാലേ
ഓ ഡനാന ...
ദാനെ, ബേലെ ബെൻ പന്ത് കെണ്ടേറ് ബാകുടാട
ശങ്കാതെ മങ്കനെ കണ്ട തപ്പു വെള്ളായ
ഡിന്നാട ഡബാഡി അങ്കരാറാറ ബകുഡഡ
കൈകഞ്ചി ബുഡോന്തു ചോന്നെകെ ബാകോടെ
ഓ ഡനാന ...
മായിത പുണ്ണമെ മായിട്ട് മത്ത്ണ്ട്
സുഖിന പുണ്ണമെ മായിട്ട് മത്തണ്ട്
ആടിത പുണ്ണമെ ബത്തികളഞ്ചെ ഉള്ളയ
ഓ ഡനാന ...

ഒരു മാസത്തിലെ വിശേഷ ദിവസങ്ങളെ കുറിച്ചാണ് മേൽ പ്രസ്താവിച്ച പാട്ടിൽ പറയുന്നത്. മലക്കുടിയർ തുളു ഭാഷയിൽ തങ്ങളുടെ വിശേഷദിവസങ്ങളെക്കുറിച്ച് പാടുന്ന പാട്ടാണത്.

**2. ബോണ്ടെ തേരുണെ പത്ര (നായാട്ടു പാട്ട്)**

ഓ ഡനാന ഡനാന ഡനാന
ഓ ഡനാന ഡനാന ഡനാന കാരിയ ദേശിങ്കെ
ബൊളിയ ദേശിങ്കെ പന്തി ചുതരുത
കാർത്തികൊത്ത ഭൂത്തഗുളു
മായിതങ്കളു പോപ്പുന നാൾ ദിനത്തെ കെട്ടസത
ബോണ്ടെട് സുരുത്തബോണ്ടെ ഭൂത്തൊകൊത്ത
കാട്ട് കട്ടലെ വരയെറുകെ
ഭൂകൊത ഒഞ്ചിറണ്ട് മൂഞ്ചി ദിനത്ത ബോണ്ടെ
ജനമാനിശ്ന്ത് കട്ടപ്പനെ കൊറിയറ്കെ
ഓ ഡനാന...
ഓനാനനങ്ക് മൂഞ്ചിദിനൊത്തെ കെട്ടസത ബോണ്ടെ
ദേരോട് പണ്ടെത് സീമെത ഗുരിക്കതെ പണ്ടെകെ
ഓ ഡനാന...
ബൊമെ മല്ല ബോണ്ടെ ധായെ മലെനാട് തീട് കാറ്
ഭിരു പതരി ബില്ലവാണ ഈഡുകാരെ
ബൊമെ മല്ല ബെണ്ടെ ധൂയെ മലനാട് നീട്കാറ്
ഓ ഡനാന...

മലക്കുടിയർ എല്ലാ വിശേഷ ദിവസങ്ങളിലും ദൈവചാമുണ്ഡി യെ സ്തുതിച്ചുകൊണ്ടാണ് പാടുന്ന ഒരു പാട്ട് ചുവടെ കൊടുക്കുന്നു.

**3. ചെന്നേന് ഗൊബ്ബ്വേറ് ഡെൻനാന ബ്രഹ്മാൾ**

ചെന്നേന് ഗൊബ്ബ്വേറ് ഡെൻനാന ബ്രഹ്മാൾ
ബലജേവു മാമിഗിള നന ഗൊബ്ബുനക
ജേഞ്ചാട്ടം ഗൊബ്ബുനക ബള്ളാൾ ഒഞ്ചി ഇർള് പൊർത്താണ്ട്
സോത്ത്ത് നന സോൾനക സോത്തെന്ത് ഗിറേത്തേറ്
അംഗൻനദ സറോനേ ആപ്പുണ്ടോ ബളജേവു മാനികര
നീറ്ക് കൊറപ്പാണ്ട ബളപ്പന്തേര് ബ്രഹ്മാൾ ബള്ളാള്യ
മാത്തൊടെ തപ്പദേറ് ആഞ്ചോവേ മണീന്ന് ബീഗിപ്പാദ്
പണ്ടെറ് ബളെജേവു നന നീരാ കൊണ്ട്രെ പോത്തേര്
ആട്ടൊാടേ തപ്പാവേര് ബള്ളാള് മണീന്ന് ബിഗിപാദേറ്
നീരേനാ കൊണ്ടോടാണ്ട ബത്തേര് ബ്ലജേവു മാണിഗാനോ
മനക്ക് തുണഗാള ബള്ളാൾ ആട്ടോടേ തപ്പാവേര്
മണീന് തോള്ത്തത് ബള്ളാൾ ബാളനാക
കണ്ടാ നീ ഒടള്നേ കണ്ടോതാ അട്ടോനെയേ
ചെന്നേ ഗൊബ്ബാറാ ബളെന്ത് പണ്ടെറ് ബളജേവു മാനിഗ് ആറാ
കണ്ടതെത്തോന്തു പോത്തേറ് ബ്രഹ്മ്മാൾ ബള്ളാൾ
കഞ്ചിള പെത്ത കട്ടോടു ബരിയാരേ ബ്രഹ്മ്മാൾ ബള്ളാൾ

ബളജേവു മാനിഗാന്ത് നനബേലേന് മാത്ത് ബള
കണ്ടാ നീ നെരിയെറിന്ത് മാനിഗാരാ കോപ്പോടു കുള്ളറാവന്തേ
മാമിന് നെരിയെറിന്ത് നന ബേലേന് മാത്ത് ജേറ്.

മുൻകാലങ്ങളിലെ സാമൂഹിക സാഹചര്യങ്ങൾ ഇന്ന് വളരെയധികം മാറിയിട്ടുണ്ടെങ്കിലും ഇപ്പോഴും വലിയൊരളവുവരെ സമുദായത്തിന്റെ അനുഷ്ഠാനങ്ങളും കലകളും പിന്തുടരുവാൻ താല്പര്യ കാണിക്കുന്നവരാണ് മേലെക്കുടിയർ.

## ആവേദകർ

1. ബാബു കുടിയ, കൊജപ്പെ, മഞ്ചേശ്വരം, കാസറഗോഡ്
2. മാധവ കുടിയ, കൊജപ്പെ, മഞ്ചേശ്വരം, കാസറഗോഡ്
3. വീരപ്പ കുടിയ, കൊജപ്പെ, മഞ്ചേശ്വരം, കാസറഗോഡ്

# 8

# കാണിക്കാരുടെ ചാറ്റ്, ചോനൻകളി

*എം.എസ് അനീഷ്*

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കല്ലാർ, കോട്ടൂർ, വിതുര തുടങ്ങിയ വനപ്രദേശങ്ങളിലാണ് കാണിക്കാർ അധികവും നിവസിക്കുന്നത്. കേരളത്തിനോട് അതിർത്തി പങ്കിടുന്ന തമിഴ്നാടിന്റെ തിരുനെൽവേലി ജില്ലയിലും കാണിക്കാർ കാണപ്പെടുന്നു. പാണ്ഡിരാജാവിനാൽ നാടു കടത്തപ്പെട്ടപ്പോൾ തിരുവിതാംകൂറിന്റെ വന പ്രദേശങ്ങളിൽ അഭയം പ്രാപിച്ചവരാണ് കാണിക്കാർ എന്നൊരു വിശ്വാസം ഇവരുടെ ഇടയിൽ ഉണ്ട്. പ്രോട്ടോ ആസ്ട്രലോയ്ഡ് വിഭാഗത്തിലാണ് കാണിക്കാരെ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻകാലങ്ങളിൽ മലഅരയൻ എന്നപേരിലും കാണിക്കാർ അറിയപ്പെട്ടിരുന്നു. എന്നിരുന്നാലും തൊടുപുഴ ഭാഗത്തു കാണപ്പെടുന്ന മലഅരയ സമുദായത്തിൽ നിന്നും ഇവർ തികച്ചും വ്യത്യസ്തരാണ്. 2011 ലെ സെൻസസ് പ്രകാരം കാണിക്കാരുടെ ജനസംഖ്യ 21,251ആണ്.

വളരെ വ്യത്യസ്തമായ ആചാര അനുഷ്ഠാനങ്ങൾ വച്ചുപുലർത്തുന്നവരാണ് കാണിക്കാർ. പൊതുവെ അന്യകുലവിവാഹം (exogamy) ആണ് കാണിക്കാർ നടത്താറുള്ളത്. മുൻകാലങ്ങളിൽ അമ്മാവന്റെ മകൾ 'മുറപ്പെണ്ണിനെ' യാണ് വിവാഹം കഴിച്ചിരുന്നത്. സ്ത്രീധന സമ്പ്രദായം മുൻകാലങ്ങളിൽ ഇവരുടെ ഇടയിൽ ഇല്ലായിരുന്നു. സമീപ കാലത്തുള്ള വിവാഹങ്ങളിൽ സ്ത്രീധനം സമ്പ്രദായം കടന്നുകൂടിയിട്ടുണ്ട്. അതുപോലെ ആചാര അനുഷ്ഠാനങ്ങളിലും മാറ്റംവന്നിട്ടുണ്ട്. മുഖ്യധാര സമൂഹത്തിന്റെ പല ആചാരരീതികളും ഇന്നുകാണിക്കാർ അനുകരിച്ചു കാണുന്നുണ്ട്. മുൻകാലങ്ങളിൽ പ്രസവത്തിനു ശേഷം 10 ദിവസത്തെ അശുദ്ധിയാണ് സ്ത്രീകൾക്ക് കൽപ്പിച്ചിരുന്നത്. ഇപ്പോൾ 28 ദിവസം ആണ്. അതുപോലെ ആറ് മാസംവരെ കുഞ്ഞിന് അശുദ്ധി കൽപ്പിച്ചിട്ടുണ്ട്. മരണത്തിനുശേഷം 16 ദിവസത്തെ അശുദ്ധിയാണ് കൽപ്പിച്ചിട്ടുള്ളത്.

കാണിക്കാരുടെ ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നത് മുട്ടികാണി (മൂപ്പൻ) ആണ്. കാണിക്കാരുടെ എല്ലാ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണ് ചാറ്റ്. ചാറ്റ് പാട്ടിലൂടെയാണ്

മിക്കവാറും എല്ലാ അനുഷ്ഠാനങ്ങളും നടത്തപ്പെടുന്നത്. കാണിക്കാരുടെ വീടിനെ 'കാണിക്കുടി' 'പെര' എന്നീ പേരുകളിൽ പറയാറുണ്ട്. തമിഴ്കലർന്ന മലയാളം ആണ് കാണിക്കാരുടെ ഭാഷ. കേരളത്തിലെ മറ്റുഗോത്ര സമൂഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസവും, വികസനവും കൂടുതൽ കൈവരിച്ചിട്ടുള്ളവരാണ് കാണിക്കാർ. വളരെ ഫലപ്രദമായ ചികിത്സവിധികളും പാരമ്പര്യ വൈദ്യവും കാണിക്കാർക്കുണ്ട്.

## ചാറ്റ് പാട്ട്

കാണിക്കാരുടെ എല്ലാത്തരം ആചാരങ്ങളുടെയും ഭാഗമായിട്ടുള്ളതാണ് ചാറ്റുപാട്ട്. തലമുറകളായി പകർന്നുവരുന്ന ഒരുമഹത്തായ വാമൊഴിസാഹിത്യമാണ് ചാറ്റുപാട്ട്. കാണിക്കാരുടെ ആരാധന, ചികിത്സ, ഉത്സവം എന്നിവക്കെല്ലാം ചാറ്റു പാട്ട് നടത്താറുണ്ട്. ഓരോ അവസരത്തിലും പാടുന്ന ചാറ്റുപാട്ട് ഓരോരോ പേരിലാണ് അറിയപ്പെടുന്നത്. ആപത്ത് തിർക്കാൻ 'പിണിചാറ്റ്', കുടുംബദോഷം അകറ്റാൻ 'കരിംകാളിചാറ്റ്', ആയുർദോഷം അകറ്റാൻ 'മണ്ണെയ്ത്ത്ചാറ്റ്', മരിച്ചു പോയവരുടെശാപങ്ങൾ അകറ്റാൻ 'മരണംചാറ്റ്', ഉത്സവസമയത്ത് അമ്പലങ്ങളിൽ ദൈവങ്ങളെ ആവാഹിക്കുവാൻ 'കൊടുതിചാറ്റ്', കുഞ്ഞിന്റെയും അമ്മയുടേയും ആരോഗ്യത്തിന് വേണ്ടി 'പേറ്റ്ചാറ്റ്' എന്നിവ അവയിൽ ചിലതാണ്.

ചാറ്റ് പാട്ടിന് നേതൃത്വം നൽകുന്ന ആളിനെ പ്ലാത്തി എന്നാണ് വിളിക്കുക. സ്ത്രീകളും പുരുഷന്മാരും ചാറ്റ് പാട്ട് പാടാറുണ്ട്. ചാറ്റ് പാട്ട് തുടങ്ങി കഴിഞ്ഞാൽ ഇടക്ക്വച്ച് നിർത്താൻ പാടുള്ളതല്ല. അമ്പലങ്ങളിൽ ദേവീദേവന്മാരെ ഉണർത്താൻ വേണ്ടി നടത്തുന്ന ചാറ്റിന് ഏഴ് ദിവസത്തെ വ്രതാനുഷ്ഠാനം നിർബന്ധമാണ്. പാടുന്നവരുടെ ദേഹത്തിലേക്ക് ദൈവികശക്തി ആവാഹിക്കപ്പെടുന്നു എന്നാണ് ഐതിഹ്യം. പല ചാറ്റുപാട്ടുകളിലും ദേവീദേവന്മാരുടെ കഥകളും കാണിക്കാരുടെ ചരിത്രവും ആണ് പ്രതിപാതിക്കപ്പെടുന്നത്.

മരണാനന്തര ചടങ്ങുകൾക്ക് പച്ചതെങ്ങോല പന്തലിൽവച്ചാണ് ചാറ്റ്പാട്ട് നടത്തുന്നത്. എന്നാൽ അമ്പലങ്ങളിൽ 'കൊടുതി' അഥവാ ഉത്സവത്തോട് അനുബന്ധിച്ചും നടത്തുമ്പോൾ കുരുത്തോല പന്തലിൽ വച്ചാണ് നടത്തുന്നത്. കൊടുതിചാറ്റു നടത്തുമ്പോൾ വരികൾക്കും താളത്തിനും വ്യത്യാസം ഉണ്ട്. മരണാനന്തര ചടങ്ങുമായി ബന്ധപ്പെട്ടവർ നടത്തുമ്പോൾ മരണപ്പെട്ടുപോയ വ്യക്തിയുടെ ആത്മാവുമായി ആശയ വിനിമയം ചാറ്റിലുടെ നടത്തുവാൻ കഴിയുമെന്നാണ് വിശ്വാസം. കാണിക്കാരുടെ ഉത്സവങ്ങൾക്ക് മാത്രമല്ല, മുഖ്യധാര സമൂഹത്തിന്റെ ചില അമ്പലങ്ങളിലും (തെക്കൻ തിരുവി

താംകൂർ പ്രദേശത്ത്) ചാറ്റ് പാട്ട് നടത്താറുണ്ട്. കാണിക്കാർതന്നെയാണ് അവിടെയും ചാറ്റ് പാട്ട് നടത്താൻ എത്താറുള്ളത്. 'കൊക്കര' ആണ്ചാറ്റു പാട്ടിനു ഉപയോഗിക്കുന്ന പ്രധാന വാദ്യം. കൂടാതെ പുത്തുവലി, മുറം എന്നിവയും ഉപയോഗിക്കുന്നു.

## ചോനൻകളി

ചോനൻ ഉറുമ്പിനെ (ചുവന്ന ഉറുമ്പ്) ആസ്പദമാക്കിയുള്ള പാട്ടും നൃത്തവും ചേർന്നുള്ള കലാരൂപമാണ് ചോനൻകളി. ഓണം, വിഷു, കല്യാണം, ഉൽസവം (കൊടുതി) തുടങ്ങിയഅവസരങ്ങളിലാണ് ഈ കലാരൂപം അവതരിപ്പിക്കുന്നത്. മുൻകാലങ്ങളിൽ സ്ത്രീകളും പുരുഷന്മാരും കുട്ടികളും ഇതിൽ പങ്കെടുക്കുന്നു. സമീപകാലത്താണ് ഈ കലാരൂപം വേദിയിൽ അവതരിപ്പിച്ചു തുടങ്ങിയത്. വേദിയിൽ അവതരിപ്പിക്കുമ്പോൾ സ്ത്രീകൾ മാത്രമാണ് നൃത്തത്തിൽ പങ്കെടുക്കുന്നത്. വേദിയിൽ അവതരിപ്പിക്കുമ്പോൾ ആദ്യം പാടുന്ന ആൾ നൃത്തം ചെയ്യാറില്ല. പരമ്പരാഗതമായ വേഷവിധാനകളൊന്നും ചോനൻ കളിക്കു ഇല്ല. എന്നാൽ വേദിയിൽ അവതരിപ്പിക്കപ്പെടുമ്പോൾ കാവിമുണ്ട്, ബ്ലൗസ്, തോർത്ത്, പഴയമാലകൾ എന്നിവയാണ് ധരിക്കുന്നത്. പ്രത്യേക വ്രതാനുഷ്ഠാനങ്ങളൊന്നും ഈ കലാരൂപത്തിനില്ല. സ്ത്രീകൾ രജസ്വല ആയിരിക്കുമ്പോൾ ഇതിൽ പങ്കെടുക്കാറില്ല.

നന്തുനി, മുളംചെണ്ട, കൈമണി എന്നിവയാണ് വാദ്യങ്ങൾ. ചോനൻ ഉറുമ്പിനെ സംബന്ധിക്കുന്ന പാട്ടുകളാണ് പാടാറുള്ളത്. പാട്ടുപാടി ചോനൻ ഉറുമ്പിനെ ശരീരത്തിലേക്ക് ക്ഷണിക്കുകയാണ് ഈ കലാരൂപത്തിന്റെ സങ്കൽപം. ചോനൻ ഉറുമ്പ് ശരീരത്തിൽ പ്രവേശിച്ചാൽ അനുഗ്രഹം ലഭിച്ചതായാണ് വിശ്വാസം. അങ്ങനെ സംഭവിച്ചാൽ കുടുംബത്തിന് ഐശ്വര്യം, വന്യ ജീവികളിൽ നിന്നുള്ള സംരക്ഷണം എന്നിവ പ്രാപ്തമാക്കും എന്ന് കാണിക്കാർ വിശ്വസിക്കുന്നു. ചോനൻ ഉറുമ്പിനെ സ്തുതിക്കുകയും, വാഴ്ത്തുകയുംചെയ്യുന്ന വാമൊഴി സാഹിത്യമാണ് ഈ കലാരൂപത്തിന്റെ ആധാരം. കാണിക്കാർ തലമുറകളായി കൈമാറിവരുന്നതാണ് ഈ കലാരൂപം. പാട്ടുകളിൽ ചില പ്രാദേശിക വ്യത്യാസങ്ങളുണ്ട്. കല്ലാർ പ്രദേശത്തുള്ള കലാകാരൻമാർ പാടുന്ന പാട്ടുകളിൽ നിന്ന് ചെറിയ വ്യത്യസ്തമായ വരികളാണ്കോട്ടൂർ ഭാഗത്തുള്ള കലാകാരൻമാർക്കുള്ളത്.

ഈ കലാരൂപം വിശേഷ ദിവസങ്ങളിൽ അവതരിപ്പിക്കപ്പെടുന്നു. ഇതിനു പുറമെ കാണിക്കാരുടെ പാരമ്പര്യചടങ്ങുകൾ, ആചാരങ്ങൾ എന്നിവയുമായിട്ടൊന്നും ഇതിനു ബന്ധമില്ല. കല്ലാറിലെ പുനർജനി കലാസമിതിയാണ് പ്രധാനമായിട്ടും ഈ കലാരൂപം വേദിയിൽ

അവതരിപ്പിക്കാറുള്ളത്. വേദിയിൽ അവതരിപ്പിക്കുമ്പോൾ 30മുതൽ 45 മിനിറ്റ്‌വരെ സമയത്തിനുള്ളിലായി വരികൾ നിജപ്പെടുത്തിയാണ് അവതരിപ്പിക്കാറുള്ളത്. അധികം അവസരങ്ങളൊന്നും ലഭ്യമാകാത്ത ഒരുകലാരൂപം ആയതിനാൽ കാലാന്തരത്തിൽ പിൻമുറക്കാരില്ലാതെ അന്യം നിന്നുപോകാൻ സാധ്യതയുള്ള ഒരു കലാരൂപം ആണ് ചോനൻകളി. ഈ കലാരൂപത്തെക്കുറിച്ച് കാര്യമാത്ര പ്രസക്തമായ ഗവേഷണങ്ങളൊന്നും മുൻകാലങ്ങളിൽ നടന്നിട്ടില്ല.

## സഹായക ഗ്രന്ഥങ്ങൾ


ലൂയിസ്, എ എ ഡി. 1957, 'ട്രൈബ്സ് ഓഫ് കേരള'

തേഴ്റ്റൺ, എഡ്ഗാർ. 1909. 'കാറ്റ്സ് ആൻര് ട്രൈബ്സ് ഓഫ് സതേൺ ഇന്ത്യ'

വിശ്വനാഥൻനായർ, എൻ. 2008. 'ട്രൈബൽ ഹെൽത്ത് ആന്റ് മെഡിസിൻ ഇൻ കേരള'

# 9

# നാളിവെക്കൽ, കളിയാട്ടം: അരനാടരുടെ അനുഷ്ഠാന കലകൾ

***കെ. ജാഫർ***

മലപ്പുറം ജില്ലയിൽ അധിവസിക്കുന്ന ഒരു ഗോത്ര സമൂഹമാണ് അരനാടൻ. പ്രധാനമായും നിലമ്പൂർ താലൂക്കിൽ വഴിക്കടവ്, പുതിരപ്പാടം, ഒരിലവെട്ടം, ചോക്കാട്, മൂത്തേടം, തീക്കടി, കാളികാവിലെ അരക്കാകൂറ്, കരുളായിയിലെ മൈലംപ്പാറ, കൊഴുപ്പാറ തുടങ്ങിയ സ്ഥലങ്ങളിലാണ് സങ്കേതങ്ങളുള്ളത്. അംഗസംഖ്യയിൽ വളരെ കുറവുള്ള ഈ ഗോത്രവർഗ്ഗക്കാരെ ഏറനാടൻ എന്നും വിളിക്കാറുണ്ട്. വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചുമാണ് ഇവർ ഉപജീവനമാർഗ്ഗം കണ്ടെത്തിയിരിക്കുന്നത്. ഇപ്പോൾ കുറഞ്ഞ ജനസംഖ്യാ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു ഗോത്ര വിഭാഗമാണ് അരനാടൻ. 2011 സെൻസസ് പ്രകാരം 283 ആണ് ഇവരുടെ ആകെ ജനസംഖ്യ. ഇതിൽ 129 പേർ പുരുഷന്മാരും 154 പേർ സ്ത്രീകളുമാണ്.

അരനാടൻ സമുദായത്തിന്റെ ആദികാല അനുഷ്ഠാന കലാരൂപമാണ് നാളിവെക്കൽ, കളിയാട്ടം തുടങ്ങിയവ. ഈ കലാരൂപങ്ങൾ അനുഷ്ഠാനത്തിന്റെ ഭാഗമായിട്ടാണ് അവതരിപ്പിക്കാറ്. ദൈവ പ്രീതിക്ക് വേണ്ടിയാണ് കളിയാട്ടം കളിക്കുന്നത്. ചെണ്ടക്കൊട്ട്, കുഴൽ വിളി എന്നിവ ഇതിന്റെ ഭാഗമായി നടക്കാറുണ്ട്. മരിച്ചുപോയ ആത്മാവിനെ തിരിച്ച് വിളിപ്പിക്കാൻ വേണ്ടിയാണ് നാളിവെക്കൽ നടത്താറുള്ളത്. പാട്ടും നൃത്തവും കുടിയ കലാരൂപമാണ് കളിയാട്ടം. ഊരിലെ കല്യാണവും മരണവുമായി ബന്ധപ്പെട്ടും ഈ കലാരൂപം സംഘടിപ്പിക്കാറുണ്ട്. പാരമ്പര്യമായി തലമുറകളായി കളിച്ച് വരുന്ന കളിയാട്ടം പുതുതലമുറയിൽ ആരും കളിക്കാറില്ല. പണ്ട് കാലത്ത് അരിക്ഷാമം ഉണ്ടായപ്പോൾ അരി ലഭിക്കാൻ വേണ്ടി ഓരോ വീട്ടിലും കയറി ഇറങ്ങി കളിയാട്ടം കളിച്ചിരുന്നു. പാടൻ പാട്ടുകൾ ആണ് ഈ കലാരൂപത്തിന്റെ ഭാഗമായി പാടാറുള്ളത്. സ്ത്രീകൾ വലിയ തുണി, കല്ല്മാല, രണ്ട് തുണികൾ, പരുക്കമുണ്ട് മുതലായവ പണ്ട് കാലത്ത് ചമയങ്ങളായി ഉപയോഗിച്ചിരുന്നു. എന്നാൽ

ഇപ്പോൾ സ്ത്രീകൾ ഉപയോഗിക്കുന്നത് സാരി, മുടിപാൻ, സൽവാർ, മാക്സി, കമ്മൽ, ചെവികുത്ത് എന്നിവയാണ്. പുരുഷന്മാർ ഒരു തുണി മാത്രമാണ് ഉപയോഗിക്കാറുള്ളത്. 'കോണകം' (കെച്ചണം) പരുക്കമുണ്ട് എന്നിവ മൂൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നു. ചമയവുമായി ബന്ധപ്പെട്ട് ഇപ്പോൾ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. സ്ത്രീകളും പുരുഷന്മാരും പരിഷ്കൃത വസ്ത്രങ്ങൾ ധരിക്കുന്നു.

കളിയാട്ടത്തിൽ പാരമ്പര്യമായി ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ ആണ് കൂയൽ/തള്ള (കുഴൽ) എന്നിവ. ഇതിന് കൈയുടെ നീളം ഉണ്ടാകും. ഇത് ഉണ്ടാക്കുന്നത് മരച്ചീനിയുടെ മരം കൊണ്ടാണ്. ഇതിന്റെ ഭാഗമായി ചെണ്ട കൊട്ട് ഉണ്ടാകും. വാദ്യോപകരണവുമായി ബന്ധപ്പെട്ട് സമീപകാലത്ത് മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇപ്പോൾ കളിയാട്ടം ആരും കളിക്കാറില്ല.

കളിയാട്ടം അവതരിപ്പിക്കുന്നതിന്റെ ഭാഗമായി 7 ദിവസം നോമ്പ് എടുക്കും. രാത്രി സമയത്ത് മാത്രമേ ഭക്ഷണം കഴിക്കൂ. പകൽ സമയങ്ങളിൽ വെള്ളം മാത്രം കുടിക്കും. അരനാടൻ സമുദായാഗങ്ങൾക്കിടയിൽ കളിയാട്ടം വിനോദത്തിന്റെ ഭാഗമായും അവതരിപ്പിക്കാറുണ്ട്. ആദ്യ കാലങ്ങളിൽ ഓണം, വിഷു സമയങ്ങളിൽ സ്ത്രീകളും പുരുഷന്മാരും കളിയാട്ടം കളിക്കാറുണ്ട്. സ്ത്രീകളും പുരുഷന്മാരും ഒരുമിച്ച് കളിയ്ക്കുന്ന രീതി നിലവിൽ ഇല്ല. രണ്ട് വിഭാഗവും വ്യത്യസ്തമായിട്ടാണ് കളിക്കുന്നത്. സ്ത്രീകൾ ചുരുങ്ങിയത് പത്ത് പേരുണ്ടെങ്കിൽ കളിക്കും. വീടിന്റെ മുറ്റത്ത് ആണുങ്ങളും പെണ്ണുങ്ങളും വ്യത്യസ്ത ഭാഗത്ത് നിന്നാണ് കളിക്കുന്നത്. കളിയാട്ടത്തിന്റെ ചരിത്രത്തെ കുറിച്ച് ഇവർക്ക് വ്യക്തമായ ധാരണയില്ല. നന്നായി കളിക്കാൻ അറിയുന്ന കുട്ടികൾ മാത്രമേ കളിയാട്ടത്തിൽ പങ്കെടുക്കാറുള്ളൂ. വേദികളിൽ സമുദായത്തിന്റെ കലാരൂപങ്ങൾ അവതരിപ്പിക്കാറില്ല.

മരണാനന്തര ചടങ്ങുമായി ബന്ധപ്പെട്ടാണ് നാളിവെക്കൽ അരനാടൻ സമുദായാംഗങ്ങൾക്കിടയിൽ നടക്കുന്നത്. അസുഖം വന്നാലും നാളിവെക്കൽ നടത്താറുണ്ട്. നാളിവെക്കലിന്റെ ഉത്ഭവത്തെക്കുറിച്ച് ഇവർക്ക് വ്യക്തമായ ധാരണയില്ല. നാളിവെക്കലുമായി ബന്ധപ്പെട്ട ആചാരങ്ങൾ/ഐതിഹ്യങ്ങൾ എന്നിവയെ കുറിച്ച് ഈ തലമുറയിലെ ആർക്കും അറിയില്ല. 'രാമേരാപ്പൻ' എന്ന പാട്ട് പാടിയിട്ടാണ് ഈ കലാപൂരം തുടങ്ങുന്നത്. കലാരൂപത്തിൽ സ്ത്രീകൾ ഉപയോഗിക്കുന്നത് മുണ്ടും, ബ്ലൗസുമാണ്. പുരുഷന്മാർ മുണ്ട്, ചുവന്നപട്ട് എന്നിവ ധരിക്കും. ഇപ്പോൾ നാളിവെക്കൽ ചടങ്ങ് വളരെ കുറവാണ്. കലാരൂപത്തിൽ പാരമ്പര്യമായി ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ ആണ് കുടമണി, ചിലമ്പ് എന്നിവ. കുടമണി കഴുത്തിൽകെ

ട്ടും. ഈ കലാരൂപം വിനോദത്തിന്റെ ഭാഗമായി കളിക്കാറില്ല. കലാ അവതരണത്തിൽ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ച് കളിക്കുന്ന പതിവുണ്ട്. അമ്പലത്തിൽ കോമരം തുള്ളുന്നതിന്റെ മാതൃകയിലാണ് ഇത് കളിക്കുന്നത്. നാളിവെപ്പ് എന്ന പേരിലും ഇത് അറിയപ്പെടുന്നു. കുട്ടികൾ കലാവതരണത്തിൽ ഇപ്പോൾ പങ്കെടുക്കാറില്ല. വേദിയിൽ അവതരിപ്പിക്കുന്ന രീതിയിൽ നാളിവെപ്പ് ഇപ്പോൾ ഇല്ല. ഇത് പ്രധാനമായും നടത്തുന്നത് മരണാനന്തര ചടങ്ങുകളിലും പെൺകുട്ടികൾ ഋതുമതി ആകുമ്പോഴുമാണ്.

## പാരമ്പര്യ ചടങ്ങുകൾ

അരനാടൻ സമുദായത്തിലെ വിവാഹിതയായ സ്ത്രീ ഗർഭിണിയാണെന്ന് അറിയുമ്പോൾ പണ്ട് കാലത്ത് പുഴയിൽ കൊണ്ട് പോയി കുളിപ്പിക്കുക പതിവായിരുന്നു. എന്നിട്ട് ദമ്പതിമാർക്ക് ചോറ് കൊടുക്കും. ഗർഭിണിയെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി അവരെ പ്രത്യേക മുറിയിൽ കിടത്തുന്നു. അമ്മയ്ക്കും കുഞ്ഞിനും പ്രത്യേകം ഭക്ഷണം ഉണ്ടാക്കി കൊടുക്കും. ഈ സമയത്ത് സ്ത്രീകളെ അടുക്കളയിൽ പ്രവേശിപ്പിക്കാറില്ല. പ്രസവിച്ച് 9-ാം ദിവസം കഴിഞ്ഞാൽ മാത്രമേ അടുക്കളയിൽ കയറ്റുകയുള്ളൂ. പ്രസവത്തോടനുബന്ധിച്ച് യുവതി സാധാരണമായി ഭർത്താവിന്റെ വീട്ടിലാണ് താമസിക്കുന്നത്. ചില സന്ദർഭങ്ങളിൽ സ്വന്തം വീട്ടിൽ താമസിക്കും. പഴയ കാലത്ത് ശർക്കര കലക്കിയ വാറ്റ് വെള്ളം ആണിനും പെണ്ണിനും കൊടുക്കുന്ന പതിവ് ഉണ്ടായിരുന്നു. പ്രസവത്തോടപ്പിച്ച് ബന്ധുക്കൾ ഗർഭിണിയെ കാണുവാൻ വരുന്ന ആചാരം ഉണ്ട്. 9-ാം മാസത്തിലോ 10-ാം മാസത്തിലോ ആണ് ഗർഭിണിയെ കാണാൻ സാധാരണ പോകുന്നത്. പ്രസവിച്ച ഉടനെ പ്രസവം നടന്നു എന്നും ആൺ കുട്ടിയാണ്/പെൺകുട്ടിയാണ് എന്നറിക്കുന്നതിനുമായി പ്രത്യേക അടയാളങ്ങൾ ഒന്നും നൽകാറില്ല. പ്രസവിച്ച് 40 കഴിയും വരെ ഒത്താച്ചി (പ്രസവിച്ച സ്ത്രീയെ നോക്കുന്നയാൾ) വീട്ടിൽ നിൽക്കും.

ജനനവുമായി ബന്ധപ്പെട്ട് സാധാരണ 7 ദിവസം മുതൽ 90 ദിവസം വരെ പുല ആചരിക്കാറുണ്ട്. പുല വിടുന്നതിന്റെ ഭാഗമായി വീട്ടിൽ പ്രത്യേകം ഭക്ഷണം വെയ്ക്കും. നവജാത ശിശുവിന്റെ അരയിൽ ചരട്/അരഞ്ഞാണം കെട്ടുന്ന ചടങ്ങ് ഇവർക്കിടയിൽ ഉണ്ട്. ആൺകുട്ടികൾക്ക് മാല കെട്ട്, പെൺകുട്ടിയെങ്കിൽ ചെവിക്കുത്ത് എന്നിങ്ങനെയാണ് പറയുന്നത്. ജനിച്ച് കഴിഞ്ഞാൽ സാധാരണ 27 നോ 40 നോ ആണ് പേരിടുന്നത്. അമ്പലത്തിൽ കൊണ്ട് പോയി പേര് ഇടും. സാധാരണ 90 ദിവസം കഴിഞ്ഞിട്ടാണ് കുട്ടിയുടെ

മുടി മുറിക്കുന്നത്. ജനിച്ച് 7 നോ 8 നോ മുടി കളയുന്ന പതിവും ഇവർക്കിടയിൽ ഉണ്ട്. കാത് കുത്തുന്നത് മൂന്നാം മാസം ആണ്. കുട്ടി 'കവിളാൻ' തുടങ്ങിയാൽ കാത് കുത്തും.

പെൺകുട്ടികൾ ഋതുമതി ആവുന്നതുമായി ബന്ധപ്പെട്ട് പാരമ്പര്യ ചടങ്ങുകൾ ഇവർക്കിടയിൽ ഉണ്ട്. 7 ദിവസം മറയിൽ ഇരിക്കും. ആണുങ്ങളെ കാണാൻ സമ്മതിക്കാറില്ല. കുട്ടിയെ ചോലയിലോ, പുഴയിലോ പോയി കുളിപ്പിക്കും. ചിലമ്പ് അരയിൽ കെട്ടി പുതിയ വസ്ത്രം, വള, കമ്മൽ എന്നിവ അണിയിക്കും. ഇപ്പോഴും ഇത്തരം ചടങ്ങുകൾ നടത്തുന്നുണ്ട്. പാരമ്പര്യമായി 14,15 വയസ്സിൽ പെൺകുട്ടികളുടെ വിവാഹം സങ്കേതങ്ങളിൽ വെച്ച് നടത്തിയിരുന്നു. ആൺകുട്ടികൾക്ക് 20 വയസ്സ് പൂർത്തിയായാൽ സാധാരണ കല്യാണം നടത്തും. പാരമ്പര്യമായി ആണിന്റെ വീട്ടുകാർ ആണ് വിവാഹത്തിന് മുൻകൈ എടുക്കുന്നത്. ആണ്ണിന്റെ അച്ഛൻ ആണ് വിവാഹ ആലോചനയുമായി പോകുന്നത്.

വിവാഹ ദിവസം വീട്ടിൽ ഊണ് ഉണ്ടാകും. പഴയ കാലത്ത് 'നാടൻ വാറ്റ്' ഉണ്ടായിരുന്നു. പാരമ്പര്യ കലയുടെ അവതരണം ഇപ്പോൾ ഇല്ല. താലി പൂജയ്ക്ക് വെയ്ക്കും, വെറ്റിലയും പാക്കും കൊടുക്കും. അമ്മായി പട (വസ്ത്രം) നൽകും. വിവാഹം കഴിഞ്ഞാൽ നിലവിളക്ക് കൊടുക്കുന്ന ചടങ്ങ് ഇവർക്കിടയിൽ ഉണ്ട്. വീട്ടിലേക്ക് വലത് കാൽ വെച്ചാണ് കയറുക. തുടർന്ന് അമ്മ പെണ്ണിന്റെ കൈ പിടിക്കും. പഴയ കാലത്ത് പെണ്ണിന്റെ അച്ഛൻ പെണ്ണിനു 50 രൂപ കൊടുക്കണം. ഇപ്പോൾ തുകയിൽ മാറ്റം വന്നിട്ടുണ്ട്.

മരണവുമായി ബന്ധപ്പെട്ട് ചടങ്ങുകൾ ഇവർക്കിടയിൽ ഉണ്ട്. കുഴി വെട്ടി മറവ് ചെയ്യും. ഊര് മൂപ്പൻ അല്ലെങ്കിൽ ആട്ടാളൻ കർമ്മങ്ങൾക്ക് നേതൃത്വം നൽകും. മറവ് ചെയ്യുമ്പോൾ കളിയാട്ടം പണ്ട് കാലത്ത് ഉണ്ടായിരുന്നു. 7-ാം ദിവസം അടിയന്തിരം നടത്തും. ചോറും കറിയും വെച്ചിട്ട് നാളി വെയക്കും. മരണവുമായി ബന്ധപ്പെട്ട് 7 ദിവസമാണ് പുല ആചരിക്കുന്നത്. പുല മാറുന്നതിന്റെ ഭാഗമായി സദ്യ ഉണ്ടാക്കും. സാമ്പാർ, ചോറ് തുടങ്ങിയ വെച്ച് മരിച്ചുപോയ ആത്മാവിന് വേണ്ടി നാളി വെയ്ക്കും.

പരമ്പരാഗതമായി സമുദായാംഗങ്ങൾ ആരാധിക്കുന്നത് തമ്പ്രാട്ടി, ആന രൂപം, ആൾ രൂപം കൊടമണി, മാലച്ചി, കൊടുകൊട്ടപ്പൻ, ചെറിയ ചിരുമക്കൾ തുടങ്ങിയ ദൈവങ്ങളെയാണ്. വാൾതെയ്യം, മലദൈവം എന്നിവയും ഇവരുടെ ആരാധന ദൈവങ്ങൾ ആണ്. നാളികേരം, മുറുക്കാൻ തുടങ്ങിയവ ദൈവിക ചടങ്ങുമായി ബന്ധപ്പെട്ട് കഴിക്കും. ബിസ്ക്കറ്റ്, ബീഡി തുടങ്ങിയവ ദൈവത്തിന് വേണ്ടി വെയ്ക്കും. നാളികേര വെള്ളം ദൈവ പ്രീതിക്കായി നൽകും. ദൈവ

ആരാധനയുമായി ബന്ധപ്പെട്ട് പ്രത്യേക ഉത്സവങ്ങൾ/ആഘോഷങ്ങൾ എന്നിവ ഇവർക്കിടയിൽ ഇല്ല. ദൈവാരാധനയുമായി ബന്ധപ്പെട്ട് തെയ്യം കെട്ടി കളിക്കും. ഇപ്പോൾ ദൈവ വിശ്വാസവുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. ദൈവത്തിന് വെള്ളം കൊടുക്കുന്ന ചടങ്ങ് ഇപ്പോൾ ഇല്ല. ദൈവിക ആരാധനയുമായി ബന്ധപ്പെട്ട് നാളി വെയ്ക്കുമ്പോൾ ഉള്ള പാട്ട് മാത്രമാണുള്ളത്. ചിലമ്പ്, കൊടമണി എന്നിവ മുറത്തിൽ ഇട്ട് കിലുക്കുകയും ചെയ്യും.

## ആവേദകർ

1. വിനീത, ചോക്കാട് സങ്കേതം, നിലമ്പൂർ
2. കൊല്ലൻ, കൊട്ടുപാറ സങ്കേതം, നിലമ്പൂർ
3. നീലി, ചോക്കാട് സങ്കേതം, നിലമ്പൂർ

# 10

# കുറിച്ച്യൻ ഗോത്ര ജനതയുടെ ആചാരാനുഷ്ഠാനങ്ങളും കലകളും

*വി. നൈന*

കേരളത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി, തിരുനെല്ലി, കുഞ്ഞോം, പേരിയ എന്നിവിടങ്ങളിലും കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളുടെ ചില ഭാഗങ്ങളിലും അധിവസിക്കുന്ന ഒരു ഗോത്രവിഭാഗമാണ് കുറിച്ച്യൻ. മറ്റു ഗോത്രസമുദായങ്ങളെ അപേക്ഷിച്ച് സാമൂഹികമായി കുറച്ചുകൂടി ഉയർന്നുനിൽക്കുന്ന കൂട്ടരാണ് ഇവർ. മറ്റ് സമുദായങ്ങളുമായി അയിത്തം തുടർന്നിരുന്ന സമ്പ്രദായം ഇവർക്കിടയിലുണ്ടായിരുന്നു. ഭൂരിഭാഗം കുറിച്യരും കൃഷിക്കാരാണ്. ഇവരിൽ പലർക്കും സ്വന്തമായി കൃഷിഭൂമിയുണ്ട്. ഇന്നും കൃഷി തന്നെയാണ് ഇവരുടെ മുഖ്യജീവനോപാധി. 2011 സെൻസസ് പ്രകാരം 35171 പേർ (17,643 പുരുഷൻമാർ, 17,528 സ്ത്രീകൾ) ഈ വിഭാഗത്തിൽ അംഗങ്ങളായിട്ടുണ്ട്. ബ്രിട്ടീഷ്കാർക്കെതിരായി പഴശ്ശി രാജാവിനോടൊപ്പം യുദ്ധം ചെയ്തു വീരമൃത്യു വരിച്ച തലയ്ക്കൽ ചന്തുകുറിച്ച്യൻ സമുദായംഗമാണ്.

പാരമ്പര്യമായി തിറയുത്സവ സമയത്ത് അമ്പലത്തിൽ പുലിപ്പാട്ട് നടത്താറുണ്ട്. അമ്പലത്തിൽ തിറകെട്ടി മലയൻ ആണ് കളിക്കുന്നത്. ഈ സമയത്ത് കുറിച്ച്യൻ സമുദായത്തിൽപ്പെട്ടവർ പുലിപ്പാട്ട് നടത്തുന്നു. ചെണ്ടകൊട്ടിയാണ് പുലിപ്പാട്ട് അവതരിപ്പിക്കുന്നത്. പശു, പശുക്കിടാവ്, പുലി, വേട്ടക്കാരൻ തുടങ്ങിയവരാണ് ഇതിലെ കഥാപാത്രങ്ങൾ. പുലി കിടാവിനെ ആക്രമിക്കാൻ വരുന്നതും കിടാവിന് വേണ്ടനിർദ്ദേശങ്ങൾ പശു നൽകുന്നതുമാണ് പുലിപ്പാട്ടിലെ ഉള്ളടക്കം. ഒടുവിൽ വേട്ടക്കാരൻ പുലിയെ വെടിവെയ്ക്കുന്നതിലൂടെ പുലിപ്പാട്ട് അവസാനിക്കുന്നു. പുരുഷൻമാർ മാത്രമാണ് ഇതിൽ പങ്കെടുക്കുന്നത്. കലാരൂപം അവതരിപ്പിക്കുമ്പോൾ വലിയ ചമയങ്ങൾ ഒന്നും തന്നെ ഉപയോഗിക്കുന്നില്ല. സാധാരണപോലെ ഒരു വെള്ളമുണ്ട് ഉടുത്തശേഷം അതിനുമേലെ പട്ട് ഉടുക്കുന്നു. വാദ്യോപകരണമായി ചെണ്ട മാത്രമാണ് ഉപയോഗിക്കുന്നത്.

**1. പുലിപ്പാട്ട്**

കാളകമല മേലെ കാളക പുലി
ഒറുവെള്ളം തേടിയിറങ്ങി
ഒന്നാം മലകേറി
രണ്ടാം മലകേറി നോക്കുമ്പോൾ കണ്ടല്ലോ
മൂന്നാം മലയുടെ താഴ്‌വരയിൽ അതാ
കോത ലെച്ചിപയ്യും കന്നും മേയണേല്ലോ
ഇതുകണ്ട് പുലിയല്ലോ
ഇടം കൈകുത്തി വലംകൈകൊണ്ടഅട് ആശയും കാട്ടി
പോരുന്നുണ്ട് കാളകപുലി
ഇതുകണ്ടല്ലോ കോതലെച്ചി
നാലാം മലകേറി
അഞ്ചാം മലയിറങ്ങി
ഇതുകണ്ട് പുലിയല്ലേ
ഇടംകൈ വലം കൈകൊണ്ട് ആശയും കാട്ടി
പോരുന്നുണ്ട് കാളകപുലി
അപ്പോഴല്ലോ കാലിക്കാരൻ
കൈക്കോളൻ ചെക്കൻ
ചക്ക കൈതച്ചക്കവെട്ടി ഉരുട്ടുന്നു.
ഇതുകണ്ടല്ലോ പുലി --
ആറാം മലകേറി വഴിമാറി
ഏഴാം മലയിലെത്തി
അപ്പോൾ കണ്ടുകോത, ലെച്ചി പയ്യും കന്നും
ഏഴാം മലയിൽ
ഉടനെ പുലിയല്ലോ, ചിന്തിച്ചു
അമ്മയെ പിടിച്ചാൻ കുഞ്ഞിന് വിഷമമാകും
കുഞ്ഞിനെ പിടിച്ചാൽ അമ്മയ്ക്ക് വിഷമാകും
ഈ വക ചിന്ത ആയതിനാൽ
കൂട്ടത്തിൽ മേധാവി
കുട്ടനെ പിടിച്ചല്ലോ പുലി
ഇത് കണ്ട് കൈക്കോളാൻ ചെക്കൻ
മൂപ്പനെ വിവരം അറിയിച്ചല്ലോ
അപ്പോൾ വന്നു നായാട്ടു വീരൻ
പുലിയെ കൊന്നു വീരൻ

ഇതുകണ്ട് സന്തോഷിച്ച്
കുട്ടനെയും കൂട്ടി തിരിച്ചല്ലോ കോതാലെച്ചി പയ്യ്[15]

സമുദായത്തിലെ വിവാഹിതരായ സ്ത്രീകൾ ഗർഭിണിയാണെന്ന് അറിയുമ്പോൾ പ്രത്യേകചടങ്ങുകൾ ഒന്നും തന്നെ നടത്താറില്ല. പെൺകുട്ടിയുടെ മാതാപിതാക്കൾ പലഹാരം കൊടുക്കുന്നു. അനുഷ്ഠാനകലയുടെ അവതരണങ്ങൾ ഒന്നും തന്നെ നടത്താറില്ല. ഗർഭിണിയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിനായി പച്ചമരുന്നുകൾ തയ്യാറാക്കി നൽകാറുണ്ട്. പ്രസവം വീട്ടിൽ വെച്ച് മുതിർന്ന സ്ത്രീകളാണ് എടുക്കാറുള്ളത്. എന്നാൽ ഇപ്പോൾ പ്രസവം എടുക്കുന്ന സ്ത്രീകൾ ഇല്ല. ഇപ്പോൾ ഗർഭിണിയാണെന്ന് അറിയുമ്പോൾ തന്നെ ആശുപത്രിയിലെ ചികിത്സയാണ് ചെയ്യുന്നത്. മുൻകാലങ്ങളിൽ ഗർഭിണിയായ യുവതി ഭർത്താവിന്റെ വീട്ടിൽ തന്നെയാണ് നിൽക്കാറുള്ളത്. എന്നാൽ ഇപ്പോൾ 7 മാസം കഴിഞ്ഞാൽ സ്വന്തം വീട്ടിലേക്ക് കൊണ്ടുപോകും. മുൻകാലങ്ങളിൽ പ്രസവത്തോടടുപ്പിച്ച് ബന്ധുക്കൾ ഗർഭിണിയെ കാണുവാൻ വരുന്ന ആചാരം ഇല്ലായിരുന്നു. എന്നാൽ ഇപ്പോൾ ഉണ്ട്.

പ്രസവം നടന്നു എന്നും ആൺകുട്ടിയാണ്/പെൺകുട്ടിയാണ് എന്നറിയിക്കുന്നതിനുമായി പ്രത്യേക അടയാളങ്ങൾ നൽകാറില്ല. പ്രസവിച്ച ഉടനെ കുട്ടിയെ ഞെട്ടിപ്പിക്കുന്നതിന് വേണ്ടി കിണ്ണത്തിൽ അടിച്ച് ശബ്ദം ഉണ്ടാക്കുന്നു.

ജനനവുമായി ബന്ധപ്പെട്ട 28 ദിവസമാണ് പുല ആചരിക്കുന്നത്. ഈ ദിവസം പ്രസവത്തിനായി പ്രത്യേകമായി തയ്യാറാക്കിയ മുറിയിൽ കഴിയണം. പുരുഷൻമാർക്ക് ഈ മുറിയിൽ പ്രവേശനമില്ല. ജനിച്ചത് ആൺകുട്ടിയാണങ്കിൽ 3–ാം ദിവസവും പെൺകുട്ടിയാണെങ്കിൽ 5–ാം ദിവസവും പേറ്റുകുളി നടത്തുന്നു. കുളി കഴിഞ്ഞ് വരുമ്പോൾ കുരുമുളക് കഞ്ഞി ഉണ്ടാക്കി കൊടുക്കും. ഇഞ്ചി, വെളുത്തുള്ളി, മഞ്ഞൾ, ജീരകം, കുരുമുളക്, എന്നിവ ചേർത്താണ് ഈ കഞ്ഞി ഉണ്ടാക്കുന്നത്. ഈ ചടങ്ങ് ഇപ്പോഴും നടത്താറുണ്ട്. കുഞ്ഞ് ജനിച്ച് 28–ാം ദിവസമാണ് നൂൽ കെട്ടുന്നത്. ഇതിന് പ്രത്യേക അനുഷ്ഠാന ചടങ്ങുകളോ കലാരൂപങ്ങളുടെ അവതരണമോ നടത്താറില്ല. 10–ാം മാസം കഴിഞ്ഞാണ് കുട്ടിക്ക് പേരിടുന്നതും ചോറുകൊടുക്കുന്നതും തറവാട്ടിലെ കാരണവനാണ് കുഞ്ഞിന് ചോറ് കൊടുക്കുന്നത്. ഇപ്പോൾ 6 മാസം കഴിഞ്ഞാൽ പേരിടലും

---

15 *അവലംബം : ഗോത്രതാളം, വെറ്റ് കോസ് വയനാട് പാരിസ്ഥിതിക ആദിവാസി ടൂറിസം സഹകരണസമിതി, സുൽത്താൻ ബത്തേരി. പേജ് 21, 22*

ചോറ് കൊടുക്കലും നടത്തുന്നു. ഇപ്പോൾ അമ്പലത്തിൽ കൊണ്ടുപോയിട്ടാണ് ഇത്തരം ചടങ്ങുകൾ നടത്തുന്നത്. അതുപോലെ തന്നെ 10 മാസം കഴിഞ്ഞാണ് കുട്ടിയുടെ മുറി മുറിക്കുന്നത്. മൂത്ത കാരണവരാണ് ഈ ചടങ്ങു നടത്തുന്നത്. തറവാട്ടിലെ വിശേഷ ദിവസങ്ങളിലും കുഞ്ഞിന് ചോറ് കൊടുക്കലും മുടി മുറിക്കലും നടത്താറുണ്ട്.

മുൻ കാലങ്ങളിൽ പെൺകുട്ടികൾക്ക് വയസ്സറിയുന്ന (പ്രായ പൂർത്തിയാവുന്ന) സമയത്താണ് കാത് കുത്ത് കല്യാണം നടത്തുന്നത്. കാത്കുത്ത് കല്യാണദിവസം അവിൽ, ഭക്ഷണം എന്നിവ എല്ലാവർക്കും നൽകുന്നു. അവർ തിരിച്ച് കുട്ടിക്ക് കാശ് മുണ്ടിൽ ഇട്ടുകൊടുക്കുന്നു. ഇത് ചേർത്ത് കമ്മൽ വാങ്ങുന്നു. മുൻപ് ആൺകുട്ടികൾക്കും രണ്ട് കാതും കുത്തി കമ്മലിടുമായിരുന്നു. ഇപ്പോൾ ഫാഷനായി ചില ആൺകുട്ടികൾ പുറത്തുപോയി ഒരു കാത് കുത്തി കമ്മൽ ധരിക്കാറുണ്ട്.

പെൺകുട്ടികൾ 'ഋതുമതി' യാവുന്നതുമായി ബന്ധപ്പെട്ട പാരമ്പര്യചടങ്ങുകൾ ഇപ്പോഴും ചെയ്യാറുണ്ട്. പെൺകുട്ടികൾ ഋതുമതിയാവുമ്പോൾ താമസിപ്പിക്കുന്ന മുറിയെ 'ഒരക്കോട്' എന്നാണ് വിളിക്കുന്നത്. ഒരു തുണിയും മൂടി പെൺകുട്ടി അവിടെ ഒളിച്ചിരിക്കും. മുൻകാലങ്ങളിൽ 15 മുതൽ 23 ദിവസം വരെ പെൺകുട്ടി ഈ മുറിയിൽ തന്നെ ഇരിക്കണം. ഇപ്പോൾ അത് ഏഴ് ദിവസമായി കുറഞ്ഞിട്ടുണ്ട്. തറവാട്ടിൽ അറിയിച്ച് മൂന്നു ദിവസം കഴിയുമ്പോഴാണ് തെരണ്ടുകുളി നടത്തുന്നത്. ഈ ദിവസം പെൺകുട്ടിയെ മററ് നാല് മുതിർന്ന സ്ത്രീകളും (അമ്മ, വല്ല്യമ്മ തുടങ്ങിയ കുട്ടിയുടെ അടുത്ത ബന്ധുക്കൾ) കൂടി എണ്ണ തേച്ച് കുളിപ്പിച്ച് കൊണ്ടുവരും പടിയിൽ നിറുത്തി പുണ്യാഹം (ഇളനീർ) ശരീരത്തിൽ കുടയുന്നു. ശേഷം അരിമാവ് ഉപയോഗിച്ച് കുറി ഇടുന്നു. ഇപ്പോൾ ചന്ദനം തൊടുവിക്കാറുണ്ട്. പുതിയവസ്ത്രം ധരിപ്പിച്ച്, തോർത്ത് മുണ്ട് ഉടുപ്പിച്ച ശേഷം മേൽമുണ്ട് ധരിപ്പിച്ച് വീട്ടിലേക്ക് കയറ്റുന്നു. പടിഞ്ഞാറ്റിൽ കോലയിൽ അരി നെല്ല്, നിലവിളക്ക് എന്നിവ ഒരുക്കി വെച്ചിട്ടുണ്ടാവും. ഇതിനെ 5 പ്രാവശ്യം വലം വെക്കുന്നു. പെൺകുട്ടിയും കൂടെ വന്ന സ്ത്രീകളും 5 പ്രാവശ്യം വലം വെയ്ക്കാറുണ്ട്. അതിനുശേഷം പെൺകുട്ടിയെ വിളക്കിന് അഭിമുഖമായി നിർത്തി നാലുപേരും അരിതൊട്ട് കുട്ടിയുടെ നെറുകയിൽ വെച്ച് ആശിർവദിക്കുന്നു ഏഴ് പെറ്റ് ഒരു കരിത്തിനെയും (കരുത്തനായ കുട്ടിയെയും) പ്രസവിക്കൂ എന്ന് ആശിർവദിക്കുന്നു. വീട്ടിലുള്ള അരി ഉപയോഗിച്ച് ഉണ്ടാക്കുന്ന ചക്കര ചോറാണ് ആദ്യം കുട്ടിക്ക് കൊടുക്കുന്നത്. ഇറച്ചി മീൻ, എന്നിവ ഉൾപ്പെടെയുള്ള സദ്യ എല്ലാർ

ക്കും നൽകുന്നു. മുൻകാലങ്ങളിൽ ഈ ചടങ്ങ് കഴിഞ്ഞ ശേഷം 'ഇല്ലോരം പള്ളിക്കാർ' (കുട്ടിയുടെ ബന്ധുക്കൾ) വെറ്റിലയും അടയ്ക്കയും വെച്ച് അവരുടെ തറവാട്ടിലേക്ക് കൂട്ടി കൊണ്ടുപോകും. പഠിക്കുന്ന കുട്ടികളാണെങ്കിൽ 2 ദിവസം കഴിഞ്ഞ് തിരികെ കൊണ്ടുവരും. ഇപ്പോൾ സമ്മാനമായി കുട്ടിക്ക് സ്വർണ്ണാഭരണങ്ങളും വസ്ത്രങ്ങളും ഈ ദിവസം നൽകാറുണ്ട്.

പാരമ്പര്യമായി പെൺകുട്ടികളുടെ തെരണ്ടുകല്യാണം കഴിഞ്ഞ് പിറ്റേവർഷം വിവാഹം നടത്തും. ഇപ്പോൾ അത് 18 വയസ്സായതിന് ശേഷമെ നടത്താറുള്ളൂ. ആൺകുട്ടികളുടെ വിവാഹപ്രായം മുമ്പ് അങ്ങനെ നിശ്ചയിച്ചിട്ടാല്ലായിരുന്നു. പണിയെടുക്കാനും, ഏരുകൂട്ടാനും പ്രാപ്തിയാകുമ്പോൾ വിവാഹം കഴിപ്പിക്കുമായിരുന്നു. ഇപ്പോഴത്തെ ആൺകുട്ടികളുടെ വിവാഹപ്രായം 21/23 വയസ്സാണ്. മൂത്ത പെൺകുട്ടികളുടെ വിവാഹത്തിനുമുമ്പ് ഇളയപെൺകുട്ടികളുടെ വിവാഹം ചില അവസരങ്ങളിൽ നടത്താറുണ്ടായിരുന്നു.

ഒളിച്ചോടിയുള്ള വിവാഹങ്ങൾ സങ്കേതങ്ങളിൽ നടക്കാറുണ്ട്. അങ്ങനെയുള്ള ദമ്പതികളെ പിന്നീട് കുടിയിലേക്ക് വരുവാൻ പാരമ്പര്യമായി അനുവദിക്കാറില്ല. മറ്റുള്ള സമുദായക്കാരെ വിവാഹം കഴിച്ചാൽ തറവാട്ടിൽ കയറ്റാറില്ല. തറവാടുമായി യാതൊരു സഹകരണവും ഉണ്ടാവാറില്ല. കുട്ടിയുടെ മാതാപിതാക്കൾ മാത്രം ചിലപ്പോൾ അംഗീകരിച്ചെന്നിരിക്കും. പാരമ്പര്യമായി നടക്കുന്ന വിവാഹങ്ങൾക്ക് കാരണവൻമാരാണ് മുൻകൈ എടുക്കുന്നത്. കാരണവൻമാർ തന്നെയാണ് പെൺകുട്ടിയെ കണ്ടുപിടിക്കുന്നത്. വിവാഹസമയത്താണ് ചെറുക്കനും പെണ്ണും പരസ്പരം കാണുന്നത്. മുറചെറുക്കൻ/മുറപ്പെണ്ണ് എന്നതിന് വിവാഹത്തിന് പ്രത്യേക പരിഗണന നൽകാറുണ്ട്. അതായത് അച്ഛന്റെ പെങ്ങളുടെ മകൻ/മകൾ, അമ്മയുടെ സഹോദരന്റെ മകൻ/മകൾ

വധുവിനെ/വരനെ തീരുമാനിച്ചുകഴിഞ്ഞാൽ വിവാഹചടങ്ങിന് മുമ്പായി ചടങ്ങുകൾ ഒന്നും തന്നെ നടത്താറില്ല. ഇപ്പോൾ ഇതിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. വിവാഹചടങ്ങിനോട് അനുബന്ധിച്ച് കലാരൂപങ്ങളുടെ അവതരണമോ കളികളോ ഒന്നും തന്നെ നടത്തുന്നില്ല. ഇരുവീട്ടുകാരുടെയും കാരണവൻമാർ ചേർന്ന് തീയതി തീരുമാനിക്കുകയും പെണ്ണിന്റെ വീട്ടിൽ പോയി ഭക്ഷണവും കഴിച്ച് വൈകുന്നേരം വിളക്കുവെയ്ക്കുന്ന സമയത്ത് വധുവുമായി തിരിച്ചുപോകുന്നു. വിവാഹസമയത്ത് പെൺകുട്ടി ഒരു മുണ്ട് ഉടുക്കുന്നു. മറ്റൊരു മുണ്ട് മേലിക്കെട്ട് കെട്ടുന്നു. മൂന്നാമത്തെ മുണ്ട് ഉപയോഗിച്ച് തലവഴി പുതയ്ക്കുന്നു. നിലവിളക്കുവെച്ച് വെറ്റില, അടയ്ക്ക, എന്നിവ ചേർത്ത് മുതിർന്നവർക്ക് വധു ദക്ഷിണ നൽകുന്നു. തറവാട്ടിൽ വെച്ചാണ്

എല്ലാ വിവാഹങ്ങളും നടത്താറുള്ളത്. മുൻപ് താലികെട്ട് ചടങ്ങ് നടത്താറില്ല. എന്നാൽ ഇപ്പോൾ പൊതുസമൂഹത്തിലേതുപോലെ മോതിരം മാറൽ, താലികെട്ട്, ഹാരം ചാർത്തൽ തുടങ്ങിയ എല്ലാ ചടങ്ങുകളും വിവാഹത്തിനു ചെയ്യാറുണ്ട്. വിവാഹത്തിനുശേഷം 8–ാം പക്കം വിരുന്നിന് പോകും. ചെറുക്കന്റെ അളിയനും ബന്ധുക്കളും ചേർന്നാണ് വിരുന്നിന് പോകുന്നത്. പിറ്റേദിവസമെ തിരിച്ചു പോകാൻ പാടുള്ളു. വിരുന്നിനു വരുമ്പോൾ ചെക്കൻ പാട്ടു പാടണം എന്നുള്ളത് നിർബന്ധമാണ്.

മരണവുമായി ബന്ധപ്പെട്ടുള്ള ചടങ്ങുകൾക്കും പാരമ്പര്യകല അവതരിപ്പിക്കാറില്ല. ചങ്ങാതി (മൂന്നാമൻ) എന്നു വിളിക്കുന്ന ആളാണ് മരണവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നത്. അച്ഛൻ മരിച്ചാൽ അമ്മയും മക്കളും മൃതശരീരത്തെ മൂന്ന് പ്രാവശ്യം വലം വെക്കുന്നു. മൃതശരീരത്തെ മുണ്ടും ഷർട്ടും ധരിപ്പിച്ച ശേഷം ശരീരം കുടുംബക്കാരെ (തറവാട്ടുകാരെ) ഏൽപ്പിക്കുന്നു. ചങ്ങാതി പകർന്നു നൽകുന്ന എണ്ണ കാലിൽ നിന്നും തലവരെ ഒഴിപ്പിക്കുന്നു. ശേഷം ചങ്ങാതി ഇല്ലിയിൽ (മുള) വെള്ളം എടുത്ത് മകൻ/മറ്റുഅവകാശികൾക്ക് നൽകുന്നു. അവർ ഈ വെള്ളം പാനിയിൽ (പാത്രം) വാങ്ങി കാലിൽ നിന്ന് മുകളിലേക്ക് വെള്ളം ഒഴിച്ച് തലക്കൽ വന്ന് ഈ പാത്രം പൊട്ടിക്കുന്നു. ബലിത്തട്ടിൽ വെച്ചാണ് ഈ ചടങ്ങുകൾ ചെയ്യുന്നത്. ഇല്ലികൊണ്ട് ഉണ്ടാക്കുന്ന ചവരയിൽ കിടത്തിയശേഷം മറ്റുള്ളവർ എല്ലാവരും ശവശരീരത്തിൽ മുണ്ട് മൂടുന്നു. അമ്പ്/കത്തി ശരീരത്തോട് ചേർത്തു വെക്കുന്നു. എല്ലാവരും ചേർന്ന് മാറിമാറി ശവശരീരം എടുത്ത് ശവപറമ്പിൽ എത്തിക്കുന്നു. മൂന്ന് പ്രാവശ്യം വലംവെച്ചശേഷം തല തെക്കോട്ട് വരത്തക്കവിധത്തിൽ ശവം കുഴിയിൽ വെക്കുന്നു. ആചാരപരമായി പുറക്കോട്ട് തിരിഞ്ഞ് നിന്ന് മണ്ണ് ഇടുന്നു. അഞ്ചോ, ഏഴോ ആളുകൾ കയ്യിൽ വെള്ളം ഒഴിച്ച് കഴുകുന്നു. അവസാനം ചങ്ങാതിയും വെള്ളം ഒഴിക്കുന്നു. ഈ ഏഴുപേരും മൂന്ന് പ്രാവശ്യം അരി ചാർത്തികൊണ്ട് ചുടലയ്ക്കു ചുറ്റും നടന്ന് തലയ്ക്കൽ കൊണ്ടുവെയ്ക്കും അതിനുശേഷം കാൽക്കൽ വന്ന് 'വാചാലം' ചൊല്ലി ('നീ നിന്റെ കാര്യം നോക്കിക്കോ' എന്ന് പറഞ്ഞ്) പിരിയുന്നു.

ചടങ്ങിൽ പങ്കെടുത്ത എല്ലാവരും കുളികഴിഞ്ഞ് വന്ന് വീട്ടിൽ ചാണകവെള്ളം തളിച്ച ശേഷം കട്ടൻ കാപ്പി കുടിക്കുന്നു. ശേഷം ചോറ് വെയ്ക്കുന്നു. വറുത്തിടാതെ ഒറ്റക്കറിയും ചമ്മന്തിയുമാണ് ഉണ്ടാക്കുന്നത്. മൂന്നാം ദിവസം പാട്ട് പാടുന്നു. ഒരാൾ പാടി കൊടുക്കുന്നു മറ്റുള്ളവർ അത് ഏറ്റ് പാടുന്നു. മരണവുമായി ബന്ധപ്പെട്ട പുല 16 ദിവസമാണ്. ആ ദിവസം ചങ്ങാതി രണ്ട് ഓട്ടുപാത്രത്തിൽ

എണ്ണ ഒഴിച്ച് വെച്ച് (പുരുഷൻമാർക്കും സ്ത്രീകൾക്കും വെവ്വേറെ) ആ എണ്ണ തേച്ച് എല്ലാവരും മുങ്ങികുളിക്കും. ശേഷം പുണ്യാഹം (ഇളനീർ) എല്ലാവർക്കും തളിച്ചുകൊടുക്കുന്നു. ഇറച്ചി, മീൻ, എന്നിവ ഉൾപ്പെട്ട സദ്യ ഒരുക്കി എല്ലാവർക്കും നൽകുന്നു. ഈ ദിവസമാണ് മരിച്ച വ്യക്തി നല്ലതാണോ, ചീത്തയോണോ എന്നറിയാൻ നാണയം ഇടുന്നു. മൂന്നുപ്രാവശ്യം സ്തംഭം വന്നാൽ നല്ല വ്യക്തിയാണ്. ഈ ചടങ്ങിനെ നല്ല വ്യക്തിയാണെങ്കിൽ 'എടുത്തുകുളി' എന്നും മോശം വ്യക്തിയാണെങ്കിൽ 'തട്ടിക്കുളി' എന്നും പറയാം. മരിച്ചത് നല്ല വ്യക്തിയാണെന്ന് തെളിഞ്ഞാൽ ഇവരെ 'നെഗൽ', 'മുനി', 'മുത്തശ്ശി' എന്നിങ്ങനെ കണക്കാക്കുന്നു.

പാരമ്പര്യമായി സമുദായാംഗങ്ങൾ ആരാധിക്കുന്നത് വടക്കത്തിയമ്മ, മലക്കാരി, പുള്ള്യാളൻ, മുത്തപ്പൻ, നെഗൽ (മരിച്ചവരുടെ ആത്മാക്കൾ) കരിമ്പിൽ ഭഗവതി, കുട്ടിച്ചാത്തൻ, ഭഗവതി, തമ്പിരാട്ടി(ദേവി) തുടങ്ങിയവരെയാണ്. മകരം തുടങ്ങി കുംഭം വരെയാണ് തിറകെട്ടുന്നത്. സാധാരണ മുത്തപ്പന്റെ തിറകെട്ടുമ്പോഴാണ് നരിപ്പാട്ട് പാടുന്നത്. തെയ്യക്കോലം കെട്ടുന്നത് പുറമെയുള്ള സമുദായക്കാരാണ്, അതായത് മലയൻമാരും, മുണ്ടോറ്റൻമാരും. സാധാരണ ഓരോ തറവാട്ടുകാരും തീരുമാനിച്ചാണ് തിറ നടത്തുന്നത്. തറവാട്ടിലെ എന്തെങ്കിലും അസൗകര്യം നിമിത്തം തിറ നടത്താൻ കഴിയാതെ വന്നാൽ തേങ്ങ, പഴം, അവിൽ, പച്ചരി എന്നിവ വെച്ച് 'കോള്' കൊടുക്കുന്നു.

തിറയുൽസവം നടക്കുന്നിടത്താണ് പുലിപ്പാട്ട് നടത്തുന്നത്. അതുപോലെ ഇല്ലിയിൽ കള്ളുനിറച്ച് ആ കുംഭം തിറനടക്കുന്ന സ്ഥലത്തായി കൊണ്ടുവെയ്ക്കും. അതിനുശേഷം ചെണ്ടകൊട്ടി തുളസിത്തറയ്ക്കു ചുറ്റും നിന്നു പാടുന്നു

കാർഷികജോലികൾ ആരംഭിക്കുന്നതിനു മുമ്പും ദൈവത്തെ കണ്ട് അനുമതി വാങ്ങുന്നു. പഞ്ചാംഗം നോക്കി തീയ്യതി തീരുമാനിച്ചാണ് വിത്ത് വിതയ്ക്കുന്നത്. നിലവിളക്കും നിറനാഴിയും വെച്ച് കാരണവർ പ്രായശ്ചിത്തം പറഞ്ഞ ശേഷം മാത്രമേ വിത്തെറിയുകയുള്ളു. തറവാട്ടിലെ പ്രധാനകാരണവരാണ് ഇതൊക്കെ ചെയ്യുന്നത്. വിളവെടുക്കുന്ന സമയത്തും ഇതുപോലെതന്നെയാണ്. എല്ലാ ചടങ്ങുകളും തറവാട്ടുമുറ്റത്തു വെച്ചാണ് ചെയ്യുന്നത്. വിളവെടുപ്പ് തീരുന്ന ദിവസം സന്ധ്യാസമയത്ത് ഗുളികന് കൊടുക്കുന്നു. തിരിയെല്ലാം കത്തിച്ച് അരി വെച്ച് പൂജ നടത്തിയ ശേഷമാണ് ഗുളികനെ വീട്ടിലേക്ക് കയറ്റുന്നത്. പാരമ്പര്യമായ കലാരൂപങ്ങളുടെ അവതരണങ്ങൾ ഒന്നും തന്നെ ഇതുമായി ബന്ധപ്പെട്ട് നടക്കുന്നില്ല.

## ആവേദകർ

1. സുരേഷ്. പി.എ, പാലോട്ട് മിറ്റം,  പോരൂർ. പി.ഒ. വയനാട്
2. കുഞ്ഞിരാമൻ കെ.കെ , ഒണ്ടയങ്ങാടി, വയനാട്

# 11

# പളിയ ഗോത്ര ജനതയുടെ ജീവിതവും അനുഷ്ഠാന കലകളും

*വി. നൈന*

ഇടുക്കി ജില്ലയുടെ കിഴക്കുഭാഗങ്ങളിൽ പ്രത്യേകിച്ച് കുമിളി പ്രദേശത്തെ ചക്കുപ്പള്ളം, ആനക്കര, പുളിയൻ, മലയിലും, തേക്കടി റേഞ്ചിലും, പീരുമേട്, ഉടുമ്പൻചോല എന്നിവിടങ്ങളിലുമാണ് പളിയൻ ഗോത്ര ജനത താമസിക്കുന്നത്. 2002 –ലെ ഭരണഘടനാ ഭേദഗതി നിലവിൽ വരും വരെ പളിയൻ, പള്ളിയാർ, പളിയൻ എന്നിവരെ മൂന്നു വ്യത്യസ്ത ഗോത്രവിഭാഗമായാണ് കണക്കാക്കിയിരുന്നത്. അതിനാൽ 2001 സെൻസസിൽ ഇവർ മൂന്ന് വിഭാഗങ്ങളായി കാണപ്പെട്ടിരുന്നു. 2011 ലെ സെൻസസ് അനുസരിച്ച് പളിയരുടെ ആകെ ജനസംഖ്യ 1,464 ആണ്. ഇതിൽ 736 പേർ പുരുഷന്മാരും 728 പേർ സ്ത്രീകളുമാണ്. പുനം കൃഷി, വേട്ടയാടൽ, മീൻ പിടുത്തം, വനവിഭവശേഖരണം എന്നിവയായിരുന്നു ആദ്യകാലത്തെ ജീവനോപാധി. ഇന്നാകട്ടെ ഭൂരിപക്ഷം പേരും തേയില പ്ലാന്റേഷൻ തൊഴിലാളികളാണ്.

പളിയ സമുദായത്തിന്റെ കലാരൂപം പളിയ നൃത്തം എന്നാണ് അറിയപ്പെടുന്നത്. പ്രസ്തുത കലാരൂപം അനുഷ്ഠാനത്തിന്റെ ഭാഗമായിട്ടാണ് അവതരിപ്പിക്കുന്നത്. വിളവെടുപ്പ് കഴിഞ്ഞശേഷം പളിയരുടെ കുലദൈവമായ എളാത്ത് പളിച്ചിയമ്മയെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി മൂപ്പന്റെ മുമ്പിൽ പാടി നൃത്തം ചെയ്യുന്നു. പ്രസ്തുത നൃത്തം ആട്ടം എന്ന പേരിലും അറിയപ്പെട്ടിരുന്നു. കൂടുതൽ ചമയങ്ങൾ ഉള്ള കലാനിർവ്വഹണമാണ് പളിയരുടെ ആട്ടം. കുടിമൂപ്പന്റെ നേതൃത്വത്തിൽ എല്ലാ പരമ്പരാഗത സങ്കേതങ്ങളിലും ഈ നൃത്തങ്ങൾ നടത്താറുണ്ട്. സ്ത്രീ – പുരുഷന്മാർ വൃത്താകൃതിയിൽ ഇടകലർന്ന് ചുവടുവെയ്ക്കുന്നു. വാദ്യത്തിനൊപ്പം പാട്ടിന്റെ കൂടി താളത്തിന് അനുസരിച്ചാണ് ആട്ടം നടത്തുന്നത്. കൂത്തിനിറങ്ങുന്നവർ തനിച്ചും പരസ്പരവും കൈകൾ കൂട്ടിയിടിക്കും. നർത്തകരിൽ ഒരാൾ തന്നെയാണ് മുൻപാട്ട് പാടി കൊടുക്കുന്നത്. ചിലപ്പോഴത് വാദ്യക്കാരിൽ ഒരാളാവാം. മറ്റുള്ളവരെല്ലാം ഏറ്റുപാടി

നൃത്തം ചവിട്ടുന്നു. മലമുടികളെയും മരങ്ങളെയും മൃഗങ്ങളെയും കാട്ടിലെ ജീവിതത്തെയും കുറിച്ചുള്ള പാട്ടുകളാണ് ആട്ടത്തിനു വേണ്ടി കൂടുതലായും ഉപയോഗിക്കുന്നത്.

ഉത്സവസമയത്തും വിളവെടുപ്പിന്റെ സമയത്തും ഈ കലാരൂപം അവതരിപ്പിക്കുന്നു. കലാരൂപത്തിൽ കോമാളിപ്പാട്ട്, മുല്ലപ്പെരിയാറിനെ കുറിച്ചുള്ള പാട്ട്, നെല്ല്കുത്ത് പാട്ട്, ആരാധനാനൃത്തം എന്നിവ അവതരിപ്പിക്കാറുണ്ട്. പാരമ്പര്യമായി സ്ത്രീകൾ ഇഞ്ച, തൂവൽ, തണ്ട, മുള കൊണ്ടുള്ള കമ്മൽ, വള, മാല, മുരുക്ക് കൊണ്ടുള്ള ആഭരണങ്ങൾ എന്നിവയും, പുരുഷന്മാർ ഇഞ്ചകൊണ്ടുള്ള തൊപ്പി, തൂവൽ, മുരുക്ക് കൊണ്ടുള്ള ആഭരണങ്ങൾ എന്നിവയും ഉപയോഗിക്കുന്നു. ചമയവുമായി ബന്ധപ്പെട്ട് സമീപകാലത്ത് വലിയ മാറ്റങ്ങൾ വന്നിട്ടില്ല. കലാരൂപത്തിൽ പാരമ്പര്യമായി ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ ഉറുമി, നകര, ചട്ടിതാളം, മുളവാദ്യം, ജബ, ജൽറ, കിലുക്കം/ചിലങ്ക എന്നിവയാണ്. വാദ്യോപകരണവുമായി ബന്ധപ്പെട്ടും സമീപകാലത്ത് മാറ്റം ഉണ്ടായിട്ടില്ല. കലാരൂപം അവതരിപ്പിക്കുന്നതിന്റെ ഭാഗമായി വ്രതാനുഷ്ഠാനങ്ങൾ ഒന്നും തന്നെയില്ല. കലാരൂപത്തിന്റെ അവതരണത്തിൽ നെല്ല്കുത്ത് നൃത്തം, കോമാളി നൃത്തം, ആരാധനാനൃത്തം, എന്നിങ്ങനെ മൂന്ന് തരം നൃത്തരൂപങ്ങൾ അവതരിപ്പിക്കുന്നു. വിളവെടുപ്പ് സമയത്ത് ഏളാത്ത് പളിച്ചിയമ്മയെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടിയും അടുത്ത വിളവ് നന്നായി ലഭിക്കുന്നതിനുവേണ്ടിയുമാണ് നെല്ല് കുത്ത് നൃത്തം അവതരിപ്പിക്കുന്നത്. വിവാഹം കഴിക്കുന്ന നവദമ്പതിമാരെ കളിയാക്കി പാടി നൃത്തം ചെയ്യുന്നതാണ് കോമാളി നൃത്തം. മലമുടികളെയും, മരങ്ങളെയും, മൃഗങ്ങളെയും, മഴയെയും, കാട്ടിലെ ജീവിതത്തെയും കുറിച്ചുള്ള പാട്ടുകളാണ് ആരാധനാനൃത്തത്തിൽ ഉപയോഗിക്കുന്നത്.

സമുദായത്തിലെ സ്ത്രീകൾ ഗർഭിണിയാണെന്ന് അറിയുമ്പോൾ ഏഴാം മാസത്തിലാണ് ചടങ്ങുകൾ നടത്തുന്നത്. അനുഷ്ഠാന കലയുടെ അവതരണം ആ സമയത്ത് നടത്താറില്ല. മുൻകാലങ്ങളിൽ റാഗിപ്പൊടി, ഗോതമ്പ് പൊടി എന്നിവ ഉപയോഗിച്ച് അട, കുറുക്ക്, എന്നിവ ഉണ്ടാക്കി കൊടുക്കാറുണ്ട്. ഗർഭിണിയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിന് മുൻകാലങ്ങളിൽ പാരമ്പര്യ വൈദ്യന്മാരുടെ സഹായത്തോടെ പച്ചമരുന്നുകൾ നൽകുമായിരുന്നു. ഗർഭത്തിന്റെ ആദ്യമാസങ്ങളിലും, മൂന്നാം മാസത്തിൽ അമ്മയുടെയും കുഞ്ഞിന്റെയും സംരക്ഷണത്തിനായും 5 –ാം മാസത്തിൽ കഷായം, പ്രസവ സമയം അടുക്കുമ്പോൾ നൽകുന്ന മരുന്ന് തുടങ്ങി വിവിധ ഘട്ടങ്ങളിലായി വിവിധതരം പച്ചില മരു

ന്നുകൾ നൽകുമായിരുന്നു. എന്നാൽ ഇന്ന് ഗർഭിണിയാണെന്ന് അറിയുമ്പോൾ മുതൽ ആശുപത്രിയിൽ പോയിട്ടുള്ള ചികിത്സയും മരുന്നുകളുമാണ് ഉപയോഗിക്കുന്നത്. പിതാമഹൻമാരുടെ മരണം നിമിത്തം പച്ചമരുന്നുകളുടെ അറിവില്ലായ്മയും, പുതിയ തലമുറ യുടെ താത്പ്പര്യക്കുറവും കാരണം പാരമ്പര്യ ചികിത്സാവിധികൾ ഉപയോഗിക്കാറില്ല.

പ്രസവത്തോടടുപ്പിച്ച് യുവതി സ്വന്തം വീട്ടിലേക്ക് പോകാറുണ്ട്. ഏഴാം മാസത്തിൽ പെൺകുട്ടിയുടെ ബന്ധുക്കൾ വന്ന് കൂട്ടിക്കൊ ണ്ട് പോകും. പെൺകുട്ടിയുടെ ബന്ധുക്കൾ വന്ന് സദ്യ ഒരുക്കുന്നു. ശർക്കരചോറ്, നാരങ്ങാ ചോറ്, പുളിച്ചോറ്, തേങ്ങാച്ചോറ്, തക്കാ ളിചോറ്, തൈര് ചോറ് തുടങ്ങി വിവിധതരം ചോറ് ഉണ്ടാക്കുന്നു. കൂടാതെ വിവിധതരം പലഹാരങ്ങളും കൊണ്ടുപോയി കൊടുക്കും. ദൈവത്തിന് വിളക്കുവെച്ച് പ്രാർത്ഥിച്ച് പെൺകുട്ടിയെ ചന്ദനം, ഭസ്മം എന്നിവ അണിയിക്കും. ഊരുമൂപ്പനും മറ്റ് മുതിർന്നവരും ഈ ചടങ്ങിൽ പങ്കെടുക്കും. ഈ അവസരത്തിൽ അനുഷ്ഠാന കലകൾ അവതരിപ്പിക്കാറില്ല. പൊതുസമൂഹത്തിലുള്ളതുപോലെ ബന്ധുക്കൾ ഗർഭിണിയെ കാണാൻ വരുന്ന ആചാരം ഉണ്ട്. മുൻ കാലങ്ങളിൽ വനത്തിൽ നിന്ന് ലഭിക്കുന്ന പഴങ്ങൾ, കിഴങ്ങുകൾ എന്നിവ പെൺകുട്ടിയെ കാണാൻ വരുന്ന ബന്ധുക്കൾ കൊണ്ടുവ രും. എന്നാൽ ഇപ്പോൾ കടയിൽ നിന്ന് വാങ്ങുന്ന പലഹാരങ്ങൾ കൊണ്ട് വന്ന് കൊടുക്കും.

പ്രസവിച്ച ഉടനെ പ്രസവം നടന്നു എന്നും, ആൺകുട്ടിയാണ് / പെൺകുട്ടിയാണ് എന്നറിയിക്കുന്നതിനുമായി പ്രത്യേക അടയാ ളങ്ങൾ നൽകാറില്ല. ആൺകുട്ടിയാണെങ്കിൽ കൊമ്പനാണെന്നും പെൺകുട്ടിയാണെങ്കിൽ പിടിയാണെന്നും പറയും. ജനനവുമായി ബന്ധപ്പെട്ട് മൂന്ന് മാസം (90 ദിവസം) പുല ആചരിക്കാറുണ്ട്. 30-ാം ദിവസം തൊട്ടിൽശാസ്ത്രം എന്ന വിധിപ്രകാരം തൊട്ടിൽകെട്ടി കുഞ്ഞിനെ തൊട്ടിലിൽ കിടത്തി പാട്ട് പാടി ആട്ടി ഉറക്കും. കു ഞ്ഞിന്റെ ബന്ധുക്കളുടെ അവകാശമാണ് 'തൊട്ടിലിടുക' എന്ന ഈ ചടങ്ങ്. 28 -ാം ദിവസം അമ്മാവന്റെ മടിയിൽ ഇരുത്തി അരിഞ്ഞാ ണം അണിയിക്കും. 'തൊട്ടിലിടുക' എന്ന ചടങ്ങ് നടത്തുന്ന ദിവ സം (30-ാം ദിവസം) തന്നെയാണ് കുഞ്ഞിന്റെ പേരിടൽ ചടങ്ങും നടത്തുന്നത്. ചെറുക്കന്റെ വീട്ടുകാർ പേര് തീരുമാനിച്ച് കുഞ്ഞിന്റെ പിതാവ് പേരുവിളിക്കൽ ചടങ്ങ് നടത്തും. ഒരു വർഷം കഴിഞ്ഞ് ഉത്സവത്തോടനുബന്ധിച്ച് കുട്ടിയുടെ മുടി മുറിക്കും. അമ്മാവന്റെ മടിയിൽ ഇരുത്തിയാണ് മുടി മുറിക്കുന്നത്. മുടി എടുക്കുന്ന ദി വസത്തിൽ തന്നെ പെൺകുട്ടികൾക്ക് കാത് കുത്തുമായിരുന്നു.

ആൺകുട്ടികൾക്ക് മുമ്പ് കാതുകുത്തുമായിരുന്നു. എന്നാൽ ഇന്ന് ആൺകുട്ടികൾക്ക് കാത് കുത്താറില്ല.

മേൽപ്പറഞ്ഞ അവസരങ്ങളിൽ ഒന്നും തന്നെ അനുഷ്ഠാന കലകളുടെ അവതരണം നടത്താറില്ല. കാരണം പുല ഉള്ള ചടങ്ങുകളിൽ അനുഷ്ഠാന കല അവതരിപ്പിക്കാറില്ല.

പെൺകുട്ടികൾ ഋതുമതിയാവുന്നതുമായി ബന്ധപ്പെട്ട് പാരമ്പര്യ ചടങ്ങുകൾ നടത്താറുണ്ട്. പെൺകുട്ടി ഋതുമതിയായി എന്നറിഞ്ഞാൽ പെൺകുട്ടിയെ ഒരു മുറിയിലാക്കി കതകടയ്ക്കും. ആൺകുട്ടികൾ കാണാൻ പാടില്ല. പെണ്ണിന്റെ മുറചെറുക്കൻ അമ്പും വില്ലുമായി പുറത്തു നിൽക്കും. മുത്തശ്ശിമാർ പെൺകുട്ടിക്ക് കൂട്ടിനിരിക്കും. ഏഴു ദിവസം കഴിഞ്ഞ് മഞ്ഞവെള്ളം, കരിവെള്ളം, ചാണകവെള്ളം, ഗോമൂത്രം എന്നിവ തളിച്ച് അകത്തേക്ക് പ്രവേശിപ്പിക്കും. ആ ദിവസം പൊങ്കാല ഇടും. അത് പെൺകുട്ടി മാത്രമേ കഴിക്കാൻ പാടുള്ളൂ. ഊരിലെ എല്ലാവരെയും ക്ഷണിച്ച് സദ്യ നടത്തും. മുൻകാലങ്ങളിൽ ഈ അവസരത്തിൽ തന്നെ കല്ല്യാണം നിശ്ചയിക്കുമായിരുന്നു. എന്നാൽ ഇന്ന് വിവാഹ നിശ്ചയം ഒഴികെയുള്ള ചടങ്ങുകൾ എല്ലാം നടത്തുന്നു.

പാരമ്പര്യമായി പെൺകുട്ടികളുടെ വിവാഹപ്രായം 15/16 ഉം ആൺകുട്ടികളുടേത് 18/19 ഉം ആയിരുന്നു. എന്നാൽ ഇപ്പോൾ ഇത് 20 ഉം 23 ഉം ആയി മാറിയിട്ടുണ്ട്. മൂത്ത പെൺകുട്ടികളുടെ വിവാഹത്തിനുമുമ്പ് ഇളയ പെൺകുട്ടികളുടെ വിവാഹം നടത്താറില്ല. ഒളിച്ചോടിയുള്ള വിവാഹങ്ങൾ സങ്കേതങ്ങളിൽ നടക്കാറില്ല. അഥവാ അങ്ങനെ നടക്കുകയാണെങ്കിൽ അത്തരം ദമ്പതികളെ പിന്നീട് കുടിയിലേക്ക് വരുവാൻ പാരമ്പര്യമായി അനുവദിക്കാറില്ല. സാധാരണ കുടിയിൽ നടത്തുന്ന പാരമ്പര്യ വിവാഹങ്ങൾക്ക് ഊരുമൂപ്പന്റെ സാന്നിധ്യത്തിൽ രണ്ടു വീട്ടുകാരും മുൻകൈ എടുത്താണ് വിവാഹം നടത്തുന്നത്. ചെറുക്കന്റെ മാതാപിതാക്കളും അമ്മാവനുമാണ് വിവാഹ ആലോചനയുമായി പോകുന്നത്. വധുവിനെ / വരനെ കണ്ടെത്തുന്നതിന് മുറചെറുക്കൻ / മുറപ്പെണ്ണ് എന്നിവർക്ക് പ്രത്യേക മുൻഗണന നൽകാറുണ്ട്. മുറചെറുക്കൻ /മുറപ്പെണ്ണ് എന്നിവരുമായി പണ്ട് നിശ്ചയിച്ചിരുന്ന വിവാഹം നടത്താറുണ്ട്.

വധുവിനെ / വരനെ തീരുമാനിച്ചു കഴിഞ്ഞാൽ വിവാഹ ചടങ്ങിനു മുൻപായി പെണ്ണുകാണൽ ചടങ്ങ്, നിശ്ചയം എന്നിവ നടത്താറുണ്ട്. ഊരുമൂപ്പന്റെ സാന്നിദ്ധ്യത്തിൽ വധുവിന്റെ വീട്ടിൽ വച്ച് തീയതി തീരുമാനിക്കുന്നു. വിവാഹം നിശ്ചയിച്ചു കഴിഞ്ഞാൽ പെണ്ണും ചെറുക്കനും സംസാരിക്കാൻ പാടില്ല. ചെറുക്കന്റെ കഴിവും ശേഷിയും തെളിയിക്കുന്നതിന് കാട്ടിൽ കൊണ്ടുപോയി തേൻ എടുപ്പിക്കുക

മുതലായ കാര്യങ്ങൾ നടത്താറുണ്ട്. വിവാഹ തലേദിവസം മൂപ്പന്റെ അനുമതിയോടുകൂടി ആഴി കൂട്ടി അതിനു ചുറ്റും നിന്ന് പരമ്പരാഗത നൃത്തരൂപം അവതരിപ്പിക്കാറുണ്ട്. കൂത്ത് നടത്തി ആടി പാടി സന്തോഷം അറിയിക്കും.

വിവാഹ ദിവസവും പാരമ്പര്യ കലാരൂപങ്ങൾ അവതരിപ്പിക്കും. വിവാഹ സമയത്ത് അഗ്നിയെ സാക്ഷിയാക്കി തിരിയ കല്ലിൽ (റാഗി പൊടിക്കുവാൻ ഉപയോഗിക്കുന്ന കല്ല്) വധുവിന്റെ കാല് വെച്ച് ചെറുക്കൻ വിരലിൽ മിഞ്ചി അണിയിക്കും. വിവാഹം പരമ്പരാഗത രീതിയിൽ തന്നെ നടത്തും. പുടവ കൊടുക്കും, മഞ്ഞച്ചരടിൽ താലി കെട്ടും, എല്ലാവർക്കും സദ്യ നൽകും. വിവാഹവുമായി ബന്ധപ്പെട്ട് പെൺകുട്ടിയെയും ചെറുക്കനെയും കളിയാക്കിക്കൊണ്ട് കല്ല്യാണ പാട്ട് പാടാറുണ്ട്.

മരണവുമായി ബന്ധപ്പെട്ടുള്ള ചടങ്ങുകൾ ഊരുമൂപ്പന്റെ സാന്നിധ്യത്തിലാണ് നടത്തുന്നത്. ഊരുമൂപ്പൻ, തണ്ടക്കാരൻ, തലയാണി എന്നിവരാണ് ഈ ചടങ്ങുകൾ നടത്തുന്നത്. ഊരുമൂപ്പൻ, തണ്ടക്കാരൻ, തലയാണി എന്നിവരാണ് ഈ ചടങ്ങുകൾ നടത്തുന്നത്. മുൻകാലങ്ങളിൽ ഭർത്താവ് മരിച്ചാൽ ഭാര്യ വെള്ള വസ്ത്രം ധരിച്ച് ആഭരണങ്ങൾ ഒഴിവാക്കി ഇരിക്കണം. മരണം വരെ അങ്ങനെ തന്നെ കഴിയണം. ഇപ്പോൾ മരിച്ച ദിവസം മാത്രമേ ഇങ്ങനെ ചെയ്യാറുള്ളൂ. ശവശരീരം കുഴിച്ചിടുകയാണ് പതിവ്. മരിച്ച വീട്ടിൽ മൂന്ന് ദിവസത്തേക്ക് ചാവുവീട് കാക്കുക എന്ന ആചാരം ഉണ്ട്. ഈ ദിവസങ്ങളിൽ ഭക്ഷണ പദാർത്ഥങ്ങൾ ഒന്നും ആ വീട്ടിൽ വെച്ച് ഉണ്ടാക്കാറില്ല. മരണവുമായി ബന്ധപ്പെട്ട പുല തീരുന്നത് ഒരു വർഷം കഴിഞ്ഞാണ്. എന്നാൽ ഇന്ന് അത് 30 ദിവസമായി ചുരുങ്ങിയിട്ടുണ്ട്. ഒരു വർഷം തികയുമ്പോൾ പൂജയോട് അനുബന്ധിച്ച് ചടങ്ങുകൾ എല്ലാം ചെയ്യുന്നു. മരിച്ച വ്യക്തിക്ക് ഇഷ്ടപ്പെട്ട ആഹാര പദാർത്ഥങ്ങൾ വെച്ച് വിളമ്പി വെയ്ക്കുന്നു. കുഴിമാടത്ത് തിരി കത്തിച്ചു വെയ്ക്കുന്നു. ഇതോടെ മരിച്ച വ്യക്തിയുമായുള്ള ബന്ധങ്ങൾ അവസാനിക്കുന്നു. പിന്നീട് ആ വ്യക്തിക്കുവേണ്ടി കർമ്മങ്ങൾ ഒന്നും തന്നെ ചെയ്യാറില്ല.

എളാത്ത് പളിച്ചി, കറുപ്പുസ്വാമി, മാരിയമ്മ തുടങ്ങിയ ദൈവ സങ്കൽപ്പങ്ങളെയാണ് പളിയ സമുദായക്കാർ ആരാധിക്കുന്നത്. ഏഴു നദികൾ സംഗമിക്കുന്ന സ്ഥലത്തു നിന്നാണ് എളാത്തു പളിച്ചിയുടെ രൂപം ഉണ്ടായതെന്ന് വിശ്വസിക്കപ്പെടുന്നു. അതിനാൽ ഏഴ് നദികൾ സംഗമിക്കുന്ന സ്ഥലത്തുനിന്ന് ജലം ശേഖരിച്ച് ഈ ജലം ഉപയോഗിച്ച് ദേവതകളെ അഭിഷേകം ചെയ്യുന്നു. ദൈവികമായ ആരാധനകളിലും, ചടങ്ങുകളിലും പാരമ്പര്യ കലാരൂപങ്ങളുടെ അ

വതരണം ഉണ്ടായിരിക്കും. കാട്ടുകിഴങ്ങുകൾ ചുട്ട് അട ഉണ്ടാക്കി പളിച്ചിയമ്മയ്ക്ക് നിവേദിക്കാറുണ്ട്. പാരമ്പര്യ കലാരൂപങ്ങളുടെ അവതരണത്തിലൂടെ തന്നെ ഉറഞ്ഞുതുള്ളി വരും, വരായ്കകളെ ക്കുറിച്ച് കുറി ചൊല്ലുന്നത് (പ്രവചിക്കുന്നത്) പതിവാണ്. കുറി ചൊല്ലുന്നതിനനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യാറുണ്ട്.

വിളവെടുപ്പ് കാലങ്ങളിൽ പൊങ്കാല സമർപ്പിച്ച് ദേവപ്രീതിക്കായി ആരാധനാനൃത്തങ്ങൾ ചെയ്ത് ഉത്സവങ്ങൾ നടത്തുന്നത് പതിവാണ്. ഇപ്പോൾ വിഷു അടുപ്പിച്ചാണ് അമ്പലത്തിൽ ഉത്സവം നടത്തുന്നത്. ഉത്സവകാലഘട്ടങ്ങലിൽ സ്ത്രീ – പുരുഷഭേദമന്യേ കാപ്പുകെട്ടി വ്രതങ്ങൾ എടുക്കണം എന്നത് നിർബന്ധമാണ്. ദൂരെ സ്ഥലങ്ങ ളിൽ യാത്ര പോകുന്നതോ, മറ്റിടങ്ങളിൽ അന്തി ഉറങ്ങുന്നതോ ഒന്നും ഈ സമയങ്ങളിൽ പാടില്ല എന്ന് ഊരുമൂപ്പൻ നിഷ്കർഷി ക്കാറുണ്ട്. വനത്തിനുള്ളിൽ എളാത്ത് പളിച്ചിയമ്മയുടെ മൂലക്ഷേ ത്രം ഉണ്ട്. ഉത്സവസമയത്ത് 26 കിലോ മീറ്റർ വനത്തിലൂടെ നടന്ന് ഈ ക്ഷേത്രത്തിൽ പോയി അവിടുത്തെ കൽവരിതോടിൽ നിന്നും ജലം കുടത്തിൽ നിറച്ച് ചെണ്ടമേളം, താലപ്പൊലി എന്നിവയുടെ അകമ്പടിയോടൊപ്പം ഊരിനടുത്തുള്ള മാരിയമ്മൻ ക്ഷേത്രത്തിൽ കൊണ്ടുവന്ന് പളിച്ചിയമ്മയെ അഭിഷേകം ചെയ്യുന്നു. സ്ത്രീകൾ എല്ലാവരും പുതിയ മൺകലങ്ങളിൽ പൊങ്കാല സമർപ്പിക്കുന്നു. രാത്രി പാരമ്പര്യ കലാരൂപങ്ങളുടെ അവതരണവും നടത്താറുണ്ട്. ദൈവിക ആരാധനയുമായി ബന്ധപ്പെട്ടാണ് ആരാധനാനൃത്തം കളി ക്കുന്നത്. എളാത്ത് പളിച്ചിയമ്മയെ ധ്യാനിച്ച് പാടാറുണ്ട്. നൃത്തം, പാട്ട്, കൂത്ത് എന്നിവ എല്ലാം ഇതിൽപ്പെടുന്നു. ഇന്നും ഇത്തരം കലാരൂപങ്ങൾ അവതരിപ്പിച്ച് ദേവപ്രീതി നടത്തി വരുന്നു. ആരാധ നക്ക് മാത്രമായി ഉപയോഗിക്കുന്ന സവിശേഷ വാദ്യോപകരണങ്ങൾ ഉറുമി, ഉടുക്ക് മുതലായവയാണ്. പളിയ നൃത്തവുമായി ബന്ധപ്പെട്ട ചില പാട്ടുകൾ ചുവടെ കൊടുക്കുന്നു.

**1. കോമാളിപ്പാട്ട്**

തന്നാനേ താനേ നാനേ താനേ നാനേ തന്നാനേ
താനേ നാനേ തന്നാനേ (2)
പൂവുകൾ വിക്കുതടാ ഏസണ്ടാല കങ്കാണി....
ഏസണ്ടാല കങ്കാണി(2)
നമ്മപോകും ദേസത്തിലേ.....
നമ്മപോകും ദേസത്തിലെ ഏസണ്ടാല കങ്കാണി
ഏസണ്ടാല കങ്കാണി

(തന്നാനേ)

മൊട്ടമണ്ടടി ടൗടിക്ക നീ വെയ്ക്ക മാട്ടടി ടൗടിക്ക (2)
വാടീ വാടീ പിന്നാലെ ഓടി പോവാം മേനാട് (2)
(തന്നാനേ)
പലഹാരം വിക്കുതടാ ഏസണ്ടാല കങ്കാണി
ഏസണ്ടാല കങ്കാണി(2)
നമ്മപോകും ദേസത്തിലേ.....
നമ്മപോകും ദേസത്തിലെ ഏസണ്ടാല കങ്കാണി
ഏസണ്ടാല കങ്കാണി........
(തന്നാനേ)
പല്ലില്ലാതടീ ടൗടിക്ക നീ മെല്ലമാട്ടടീ ടൗടിക്ക (2)
വാടി വാടി പിന്നാലെ ഓടിപോവോം മേനാട് (2)
(തന്നാനേ)
സേലകൾ വിക്കുതടാ ഏസണ്ടാല കങ്കാണി.....
ഏസണ്ടാല കങ്കാണി(2)
നമ്മപോകും ദേസത്തിലേ.....
നമ്മപോകും ദേസത്തിലെ ഏസണ്ടാല കങ്കാണി.....
ഏസണ്ടാല കങ്കാണി
(തന്നാനേ)
ഒററ്റി പോച്ചടി ടൗടിക്ക നീ ഉടുത്ത മാട്ടടീ ടൗടിക്ക (2)
വാടി വാടി പിന്നാലെ പോവോം മേനാട് (2)
(തന്നാനേ)
തണ്ടകൾ വിക്കുതടാ ഏസണ്ടാല കങ്കാണി....
ഏസണ്ടാല കങ്കാണി(2)
നമ്മപോകും ദേസത്തിലേ....
നമ്മപോകും ദേസത്തിലെ ഏസണ്ടാല കങ്കാണി
ഏസണ്ടാല കങ്കാണി
(തന്നാനേ)
നൊണ്ടി കാലടി ടൗടിക്ക നീ നൊണ്ട മാട്ടടീ ടൗടിക്ക (2)
വാടീ വാടീ പിന്നാലെ ഓടി പേവോം മേനാട് (2)
(തന്നാനേ)

**2. മുല്ലപ്പെരിയാർ പാട്ട്**
തന്നാനേ താനേ നന്നേ തന തനനേ
നാനേ നാനേ നന്നേ (2)
ഊറുക്ക് മേർക്ക് തെക്കേ അന്ത ദേവീകുളം മേർക്കേ (2)
(തന്നാനേ)
ആനവേട്ടയ്ക്ക് പോണ തൊറെ ആത്ത നല്ല അളവെടുത്ത്

അതുക്ക് മേലെ തന്തീ പോട്ട്.... തന്തീ വഴി
വറുകിറാനേ ലോകം തൊറെ
(തന്നാനേ)
കുമളിയിലെ മൂങ്കിവെട്ടി കുറുവനൂത്ത് പാലകെട്ടി
പാലത്ത്ക്ക് മേലെ നിൻട്ര് പന്തടിക്കും ലോകം തൊറ
(തന്നാനേ)
പിക്ക്യാസ് രണ്ടായിരം നല്ല പെറമ്പ് കൂടെ മൂവായിരം
പൊയ്യിൻട്ര് പൊണ്ണവകേ പോയി പാറ് നടുസുറങ്കം
(തന്നാനേ)
നിത്തോം നിത്തോം നെല്ല് ചോറ്
നെയ്മണക്കും മീൻ ചാറ് (2)
(തന്നാനേ)
മറിച്ചാലും മറിപടലേ നല്ല മകറാസേ മുല്ലതണ്ണി (2)
(തന്നാനേ)
മലയെല്ലാം നടുങ്കുതടി മാനറാസി ഓടുതടി.....
ഇടിപോലെ വെട്ടുതടീ ഇറുലോകവും നടുങ്കുതടീ
(തന്നാനേ)
മലയെല്ലാം മുറുകുതടീ മാമലയും ജൊളിക്കുതടീ
ഊറെല്ലാം ജൊളിക്കുതടീ ഉടുത്തപട്ട് സേലയടി
ലോകം തൊറെ പോട്ടസുജം ഉലകമെങ്കും പേറുമാച്ച്
(തന്നാനേ)

**3. ആരാധന നൃത്തം**

വരേറാറ..... വരേറാറ..... വരേറാറ.... വാരായ്
വരേമേലെ വിളയാടും തിമികേലം വാരായ്
(വാരേറാറ)
തിരൈമാല, തിരൈമാല, തിരൈമാലൈ വാറായ്
തിരൈ പോലെ മലയ് പൂടും മഴൈമേഘം വാറായ്
(വാരേറാറ)
മഴൈമേഘം മഴൈമേഘം പുകിലാകി വാറായ്
പൂമലയിൽ കുടികൊള്ളും പുണ്യയറേ വാറായ്
(വരേറാറ)
പുലിവാഴും, പുലിവാഴും പൂതർകളെ വാറായ്
പൂതർകളും നാതർകളും കാത്തരുളും കാനകമേ വാറായ്
(വാരേറാറ)
ഏവർപ്പിള്ളി സൂന്യയമേ അകട്രികടവേ വാറായ്
വന്തവറും നിട്രവറും വാഴ്ത്തിടവേ വാറായ്

ഏഴ് നദിയിൽ തവന്ത് വറും താരകമേ വാറായ്
ഏഴ് നദിയിൽ മുത്തെടുക്കും സിറുമലരേ വാറായ് (3)
(വാരേറാറ)
അന്തകമ്മാക്കര ഓരത്തിലെ എന്നാത്താ
എന കട്ടിക്കമൈ പോറതെന്ന ചിന്നത്താ (1)
സുമലാതിന്ന് പേസിനാക്ക എന്നാത്താ (1)
ഈ സൊത്തളിഞ്ച് ഊ പൊത്ത് സ്വത്തളിഞ്ച്
പോയിടുമാ സിന്നാത്താ
ഉന്നെ മട്ടും മറക്ക എന്നാൽ മുടിയലെ(1)
അന്ത പച്ചക്കളറ് മട്ടും എന്ന മയക്ക്ത്
തണ്ടാട്ടി പോട്ടവളെ അല്ലിലേ ലേലോ
താനാ വളന്തവളെ തില്ലാലെ ലേലോ (1)
അഞ്ചൂറ് സംസാരി എങ്ക അപ്പനില്ലെ
അറുപ്പുകോട്ട സേലൈക്കാരി എങ്ക അമ്മാളില്ലെ
(തണ്ടാട്ടി)
വെള്ളി സുന്ദരം വേട സുന്ദരം വെള്ളിക്കമ്പി
വെള്ളികമ്പി സേലക്കാരി എങ്ക അക്കാളില്ലെ
ഇന്തവിൽ തരിപ്പ് കാറപ്പയ്യൻ എങ്ക അണ്ണനില്ലെ
(തണ്ടാട്ടി)
തൊത്താനെ തോള് തോള് തൊത്താനെ തോള് (1)
ചുക്കാ ചുക്കാ കല്ലടിയ്യെ സുബ്രമണ്യൻ കല്ലടിയെ (1)
കാസ്ക്ക് രണ്ടടിയെ കറണത്ത്ക്ക് മൂണടിയേ (4)
തണ്ടാട്ടി പോട്ടവളെ അല്ലിലേലേലോ
താനാ വളന്തവളെ തില്ലാലെ ലേലോ (1)

## ആവേദകർ

1. അരുവി, പളിയക്കുടി, കുമിളി, ഇടുക്കി
2. സരോജ സുകുമാരൻ, പളിയക്കുടി, കുമിളി, ഇടുക്കി
3. സന്തോഷ്, പളിയക്കുടി, കുമിളി, ഇടുക്കി

# 12

# കാടരുടെ അനുഷ്ഠാന കലകൾ, സാമൂഹിക, സാംസ്ക്കാരിക സവിശേഷതകൾ

***കെ. ജാഫർ***

കൊച്ചിയിലെ കാടർ എന്നറിയപ്പെട്ടിരുന്ന ഈ വിഭാഗക്കാർ പ്രധാനമായും അധിവസിച്ച് വരുന്നത് പാലക്കാട്, തൃശ്ശൂർ ജില്ല കളിലാണ്. പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി, പറമ്പിക്കുളം ഡാം സൈറ്റ്, എർത്ത് ഡാം, തേക്കടി, കൽച്ചാടി, ചെറുനീലി, ത ളിയക്കല്ല് എന്നിവിടങ്ങളിലും തൃശ്ശൂരിലെ മലക്കപ്പാറ, ഷോളയാർ, ആനക്കയം, വാച്ചുമരം, പെരിങ്ങൽകുത്ത്, പൊകലപ്പാറ, വാഴച്ചാൽ, ആനപന്തം എന്നിവിടങ്ങളിലുമാണ് ഇവർ പ്രധാനമായും താമസി ക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം ഇവരുടെ ജനസംഖ്യ 2949 ആണ്. ഇവരിൽ 1454 പുരുഷന്മാരും 1495 സ്ത്രീകളുമാണ്. തടി യേതര വനവിഭവ ശേഖരണത്തിലൂടെയാണ് ഇവരിൽ ഭൂരിഭാഗവും ഉപജീവനം കണ്ടെത്തുന്നത്. കാടർ വിഭാഗം പ്രത്യേക ദുർബല ഗോത്രവിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

കാടർ സമുദായത്തിന്റെ അനുഷ്ഠാന കലാരൂപമാണ് കാടർ ആട്ടം. ഈ കലാരൂപം അനുഷ്ഠാനത്തിന്റെ ഭാഗമായായിട്ടാണ് അവതരിപ്പിക്കുന്നത്. കല്യാണം, മരണാനന്തര ചടങ്ങ് (പതിനാ റാം അടിയന്തിരം), വയസ്സറിയൽ ചടങ്ങ് തുടങ്ങിയ സമയത്താണ് ഇത് അവതരിപ്പിക്കാറുള്ളത്. കാടർ ആട്ടം നൃത്തവും പാട്ടും കുടി കലർന്നതാണ്. കാടർ ആട്ടത്തിന്റെ ഉത്ഭവം അവരുടെ സമുദായത്തി ന്റെ ഉത്ഭവത്തോടൊപ്പം തന്നെ പഴക്കമുണ്ട്. ആട്ടത്തിന്റെ ചരിത്രം ദൈവാരാധനയെയും മലദേവതകളെയും ആരാധിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. കലാരൂപത്തിന്റെ പാട്ടുകൾ പ്രധാനമായും കുഴലിലൂടെയാണ് അവതരിപ്പിക്കുന്നത്. കമ്മൽ (മരം), വള, പൊ ട്ട്, മുത്തുണി തുടങ്ങിയവയാണ് കലാരൂപത്തിൽ പാരമ്പര്യമായി സ്ത്രീകൾ ഉപയോഗിക്കുന്ന ചമയങ്ങൾ. പുരുഷന്മാർക്ക് പ്രത്യേക ചമയങ്ങൾ ഇല്ല. ചമയവുമായി ബന്ധപ്പെട്ട സമീപകാലത്ത് ചില മാറ്റങ്ങൾ വന്നിട്ടുണ്ട്.

കലാരൂപത്തിൽ പാരമ്പര്യമായി ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ ആണ് ചെണ്ട, ഉറുമ്മി, കരുമ്പ് തുടങ്ങിയവ. സമീപകാലത്ത് വലിയ മാറ്റങ്ങൾ വാദ്യോപകരണവുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഇപ്പോൾ കടകളിൽ തവിൽ പോലെയുള്ള വാദ്യോപകരണങ്ങൾ വാങ്ങുന്നു. കരിമ്പ് (കുഴൽ) സ്വന്തമായി ഉണ്ടാക്കുന്നു. വാദ്യോപകരണങ്ങൾ വായിക്കുന്നതിനായി പുതിയ തലമുറയ്ക്ക് പരിശീലനം ഒന്നും തന്നെ ലഭിക്കുന്നില്ല. കലാരൂപം അവതരിപ്പിക്കുന്നതിന്റെ ഭാഗമായി വ്രതാനുഷ്ഠാനങ്ങൾ ഒന്നും തന്നെ ഇല്ല. കലാരൂപം വിനോദത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്ന പതിവ് ഉണ്ട്. ഓണവും വിഷുവുമൊക്കെയായി ബന്ധപ്പെട്ട് കലാരൂപം അവതരിപ്പിക്കാറുണ്ട്. കലാവതരണത്തിൽ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ച് കളിയ്ക്കാറുണ്ട്. കല്യാണ സമയത്തും മരണവുമായി ബന്ധപ്പെട്ട് ഇരുകൂട്ടരും കളിക്കാറുണ്ട്.

സ്ത്രീകൾക്ക് മാത്രമായി ഉള്ള കളികളാണ് കുമ്മി, പന്നികളി. സാരി അരയ്ക്കൊപ്പം കെട്ടി ഒരു തോർത്തുമായിട്ടാണ് സ്ത്രീകൾ കളിക്കാറ്. പ്രത്യേകിച്ച് കുഴലിലൂടെയാണ് ഈ കളികളുടെ അവതരണം. കുട്ടികളും കലാവതരണത്തിൽ പങ്കെടുക്കാറുണ്ട്. പ്രത്യേകിച്ച് കുട്ടികൾക്ക് മാത്രമായി അവതരണമില്ല.

## പാരമ്പര്യ ചടങ്ങുകൾ

സമുദായത്തിലെ സ്ത്രീകൾ ഗർഭിണിയാണെന്ന് അറിയുമ്പോൾ പ്രത്യേക ചടങ്ങ്/അനുഷ്ഠാന കല എന്നിവ സാധാരണയായി കാടർ സമുദായത്തിലുള്ളവർക്കില്ല. ഗർഭിണിയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി പരമ്പരാഗതമായി കാട്ടുകിഴങ്ങുകളും, പഴങ്ങളും നൽകുമായിരുന്നു. കഞ്ഞി, ചോറ് മുതലായവും നൽകുന്നു. മത്സ്യങ്ങളും നൽകി വരുന്നു. ഇപ്പോൾ പയർ, അമൃത പൊടി മുതലായവ നൽകും ആദികാലങ്ങളിൽ പ്രസവം വീട്ടിൽ തന്നെയായിരുന്നു നടന്നിരുന്നത്.. പ്രസവം ഈ കാലത്ത് കൂടുതലും നടക്കുന്നത് ആശുപത്രിയിലാണ്. പ്രസവത്തോടനുബന്ധിച്ച് യുവതി സ്വന്തം വീട്ടിലേക്ക് പോകും. സ്വന്തം വീട്ടലേക്ക് കൊണ്ട് പോകുന്നതുമായി ബന്ധപ്പെട്ട് പാരമ്പര്യമായി ചായ, കാപ്പി, ചോറ് മുതലായവ കൊടുക്കും. നിലവിളക്ക് കത്തിച്ച് വെയ്ക്കും. തട്ടിൽ പഴവും, തേനും, തേങ്ങയും പൂജയ്ക്കു വെയ്ക്കും.

പ്രസവത്തോടനുബന്ധിച്ച് ഗർഭിണിയെ കാണുന്ന ആചാരം ഉണ്ട്. പഴങ്ങളും മറ്റു പലഹാരങ്ങളും കൊണ്ട് മൂന്നാം മാസം തൊട്ട് ഒരോ മാസവും കാണാൻ വരുന്ന ആചാരം ഉണ്ട്. പ്രസവിച്ച ഉടനെ പ്രസവം നടന്നു എന്നു ആൺകുട്ടിയാണോ/പെൺകുട്ടിയാണോ

എന്നറിക്കുന്നതിനായി പ്രത്യേക അടയാളങ്ങൾ ഒന്നും തന്നെ ഇല്ല. പ്രസവ മുറിയിലേക്ക് ആണുങ്ങളെ അടുപ്പിക്കാറില്ല. ഏഴാം ദിവസം മാത്രമേ ആണുങ്ങൾക്ക് കുഞ്ഞിനെ കാണുവാൻ സാധിക്കയുള്ളൂ. ജനനവുമായി ബന്ധപ്പെട്ട് ഏഴ് ദിവസം പുല ആചരിക്കാറുണ്ട്. പുല വിടുന്നതിന്റെ ഭാഗമായി അമ്മയെ കുളിപ്പിച്ചേ വീട്ടിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. പ്രസവത്തിനു വേണ്ടി പ്രത്യേകം തയ്യാറാക്കിയ മുറിയിലാണ് അമ്മയെയും കുട്ടിയെയും കിടത്തുക.

നവജാത ശിശുവിനെ അരഞ്ഞാണം കെട്ടുന്ന ചടങ്ങ് ഉണ്ട്. പ്രസവിച്ച 28-ാം ദിവസമോ അതിന് ശേഷമോ ആണ് അരഞ്ഞാണം കെട്ടുന്നത്. വെള്ളിയാഭരണമോ സ്വർണാഭരണമോ കെട്ടും. ജനിച്ച് ഒരു വയസ്സ് കഴിഞ്ഞിട്ടാണ് കുട്ടിക്ക് പേരിടുന്നത്. വീട്ടിൽ അന്ന് പ്രത്യേക സദ്യയുണ്ടാക്കും. മൂന്ന് വയസ്സ് കഴിഞ്ഞിട്ടാണ് മുടിമുറിക്കുന്നത്. ഇതിന്റെ ഭാഗമായി സദ്യ കൊടുക്കും. പേര് വിളിക്കുന്ന അന്നേ ദിവസം തന്നെയാണ് ചിലപ്പോൾ മുടി മുറിക്കുന്നത്. കുട്ടിയുടെ കാത് കുത്തുന്നത് ഏകദേശം 6 മാസം കഴിഞ്ഞിട്ടാണ്. കാര മരത്തിന്റെ മുള്ള് കൊണ്ടാണ് കാത് കുത്തുന്നത്. ചില ആൺ കുട്ടികളും കാത് കുത്തും. സാധാരണയായി പെൺ കുട്ടികൾക്ക് മാത്രമേ കാതിൽ കുത്തുകയൊള്ളൂ. പെൺകുട്ടി ഋതുമതിയാകുന്നതുമായി ബന്ധപ്പെട്ട് വീട്ടിൽ പ്രത്യേക കുടിൽ കുത്തി പെൺകുട്ടിയെ അതിൽ താമസിപ്പിക്കും. ഈ കാലങ്ങളിലും ഇത് തുടർന്ന് പോരുന്നുണ്ട്. കുടിൽ കുത്തിയ വീട്ടിൽ നൃത്തം കളിക്കും. ഊരിലെ എല്ലാ വീട്ടിൽ നിന്നും ഭക്ഷണം കൊണ്ട് വരും.

പുതിയ തലമുറയിൽ ഇത്തരം ആചാരങ്ങൾ കുറവാണ്. പാരമ്പര്യമായി പെൺകുട്ടികളുടെ വിവാഹങ്ങൾ സങ്കേതങ്ങളിൽ നടത്തുന്നത് 16-ാം വയസ്സിലാണ്. ആൺകുട്ടികളുടെ കല്യാണം നടത്തുന്നത് 20-21 വയസ്സിലാണ്. മൂത്ത പെൺകുട്ടികളുടെ വിവാഹത്തിന് മുൻപ് ഇളയ പെൺ കുട്ടികളുടെ വിവാഹം സാധാരണ നടത്താറില്ല. ഒളിച്ചോടിയുള്ള വിവാഹങ്ങളും സങ്കേതങ്ങളിൽ കുറവാണ്. അങ്ങനെയുള്ള ദമ്പതികളെ പിന്നീട് കുടിയിലേക്ക് വരുവാൻ പാരമ്പര്യമായി അനുവദിക്കാറുണ്ട്. സാധാരണ സമ്മതമില്ലാതെ വിവാഹമാണെങ്കിൽ പിണക്കം കഴിഞ്ഞതിന് ശേഷം വീട്ടിൽ പ്രവേശിപ്പിക്കും. വിവാഹത്തിന് ചെറുക്കന്റെ വീട്ടുകാരാണ് മുൻകൈയെടുക്കുന്നത്. വിവാഹ ആലോചനയുമായി പോകുന്നത് അച്ഛനും, അമ്മയും കുടുംബത്തിലെ മുതിർന്ന കാരണവരുമാണ്. വധുവിനെ/വരനെ കണ്ടെത്തുന്നതിന് പ്രത്യേക മുൻഗണന ഒന്നും ഇല്ല. ചിലർ മുറപ്പെണ്ണിനെ തെരഞ്ഞെടുക്കും. വിവാഹത്തിന്റെ തലേ ദിവസം അല്ലെങ്കിൽ കല്യാണത്തോടനുബന്ധിച്ച് പന്തൽ ഇടുന്നതി

ന്റെ ഭാഗമായി പ്രത്യേക ചടങ്ങ് ഉണ്ട്. മുഹൂർത്ത കാൽ കെട്ടുന്ന ചടങ്ങ് എന്നാണ് ഇത് അറിയപ്പെടുന്നത്. ഇത് കെട്ടുന്ന ആൾക്ക് 1001, 501,101 തുടങ്ങിയ തുകകൾ നൽകും.

വിവാഹ ദിവസം പാട്ടുവെച്ചും മറ്റും എല്ലാവരും ആഘോഷിക്കും. വിവാഹത്തിന്റെ മുഹൂർത്ത സമയത്താണ് താലികെട്ട് ചടങ്ങ് നടത്തുന്നത്. വിവാഹം കഴിഞ്ഞ് മൂന്ന് നാൾക്ക് ശേഷം വധുവിനെ തിരികെ വീട്ടിലേക്ക് കൊണ്ട് വരും. ചെണ്ടകൊട്ടിയും, പാട്ടു വെച്ചും നൃത്തം കളിക്കും. തൊട്ടടുത്ത ഊരിലുള്ളവരെ ക്ഷണിക്കും. വിവാഹവുമായി ബന്ധപ്പെട്ട് കല്യാണപാട്ടുകൾ പാടും. പുതിയ തലമുറയിലുള്ളവർക്ക് ഈ പാട്ട് അറിയില്ല. താലികെട്ടുന്ന സമയത്തും പാട്ട് പാടാറുണ്ട്.

മൃതശരീരം ആറടി ആഴത്തിൽ കുഴിവെട്ടി അതിൽ അടക്കും. അരി, വെറ്റില എന്നിവ മുറത്തിൽ ഇടും. അരി മൃതശരീരത്തിന് മുകളിൽ വിതറും. മരണവുമായി ബന്ധപ്പെട്ട് ആട്ടും കൊട്ടും ഉണ്ട്.മരണവുമായി ബന്ധപ്പെട്ട പ്രധാന ചടങ്ങാണ് 16–ാം അടിയന്തരം. വീട്ടിൽ സദ്യ ഉണ്ടാക്കും.

മരണവുമായി ബന്ധപ്പെട്ട് 16 ദിവസമാണ് പുല ആചരിക്കുന്നത്. പുരുഷനാണ് മരിക്കുന്നതെങ്കിൽ പട്ടിന്റെ ഒരു കഷ്ണം മുറിച്ചെടുക്കും. താലി മുറിച്ച് മാറ്റുന്ന ചടങ്ങ് മരണ ദിവസം തന്നെ ഉണ്ടാകും. അടിയന്തിരത്തിന് പ്രത്യേക സദ്യ ഉണ്ടാകും. ഇതിനു വേണ്ടി പ്രത്യേക കളം ഒരുക്കും. കുടുംബാംഗങ്ങളും ഊരിലുള്ള മറ്റ് നിവാസികളും ഇതിൽ പങ്കെടുക്കും.

മലദൈവങ്ങളെയും ആറ്റുവച്ചേരി അമ്മയെയുമാണ് ആരാധിക്കുന്നത്. ഭദ്രകാളിയെയും ആരാധിക്കുന്നുണ്ട്. ദൈവികമായ ആരാധനയുമായി ബന്ധപ്പെട്ട പൂജ ഉണ്ടാകും. ദൈവാരാധനയുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ ഉണ്ടാകും. വർഷാവർഷമുള്ള ഭദ്രകാളി പൂജ ഉണ്ടാകും.

ദൈവവിശ്വാസം, ചടങ്ങുകൾ എന്നിവയുമായി ബന്ധപ്പെട്ട സമീപ കാലത്ത് സമുദായക്കാർക്കിടയിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഈ കാലഘട്ടത്തിൽ പൂജയും മറ്റും ചിലവ് ഏറിയതിനാൽ ആണ് മാറ്റങ്ങൾ വരുവാനുള്ള പ്രധാന കാരണം. ദൈവിക ആരാധനയുമായി ബന്ധപ്പെട്ട് വെളിച്ചപ്പാട് പ്രത്യക്ഷപ്പെടുന്നത് ഇവർക്കിടിയിൽ ഉണ്ട്. ആരാധനയ്ക്ക് മാത്രമായി ഉപയോഗിക്കുന്നതിന് സവിശേഷ വാദ്യോപകരണങ്ങൾ ഉണ്ട്. ദൈവം പ്രത്യക്ഷപ്പെടുകയാണെങ്കിൽ മാത്രമേ വെളിച്ചപ്പാട് ഉറയുകയുള്ളൂ. ചെണ്ട, കുഴൽ, കരിമ്പ്, ഉറുമി എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ.

## അവേദകർ

1. ഗംഗാധരൻ, കുരിയാർകുറ്റി, പറമ്പിക്കുളം
2. വിജേഷ് കെ.എൻ, കുരിയാർകുറ്റി, പറമ്പിക്കുളം
3. ഗോപാലകൃഷ്ണൻ, കുരിയാർകുറ്റി, പറമ്പിക്കുളം

# 13

# ഇരുളരുടെ നൃത്തം, കമ്പളം, കരടിയാട്ടം, പാരമ്പര്യ അനുഷ്ഠാനങ്ങൾ

*ആർ. വി രജനി*

പാലക്കാട് ജില്ലയിലെ അയ്യപ്പൻപൊട്ട, കരിത്താലിവട്ടം, കൊല്ല കുന്ന്, മൂപ്പൻചോല, പൂഴിക്കുന്ന്, ചാവിടിപാറ, ഇടശ്ശേരി, നടുപ്പതി, പാറപ്പെട്ടി തുടങ്ങിയവിടങ്ങളിലും അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലും അധിവസിച്ചുവരുന്ന ഒരു ഗോത്രവിഭാഗമാണ് ഇരുളർ. ഊരിലെ പാരമ്പര്യ നിയമങ്ങൾ നടപ്പാക്കുന്നതിൽ ഈ സമുദായം ഏറെ ശ്രദ്ധചെലുത്തിയിരുന്നു. 2011 ലെ സെൻസസ് പ്രകാരം 23721 അംഗസംഖ്യയുള്ള ഇരുള വിഭാഗക്കാർ സംഖ്യാബലം കൊണ്ട് മുമ്പിൽ നിൽക്കുന്ന ഗോത്രവർഗ്ഗക്കാരാണ്. 11,766 പേർ പുരുഷന്മാരും 11,955 പേർ സ്ത്രീകളുമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരാണ് ഇരുളർ. 10,204 പേർ മാത്രമാണ് സാക്ഷരരായിട്ടുള്ളത്. മുൻകാലങ്ങളിൽ കൃഷിക്കാരായിരുന്ന ഇരുളസമുദായക്കാർ ഭൂമി അന്യാധീനപ്പെട്ടതോടെ നാമമാത്ര തൊഴിലാളികളോ കൃഷിത്തൊഴിലാളികളോ ആയി മാറി.

ഇരുള സമുദായത്തിന്റെ കലാരൂപം ഇരുളനൃത്തം എന്നാണറിയപ്പെടുന്നത്. മലക്കുടിയിലെ വേനൽക്കാല രാത്രിയിലാണ് ഇരുളനൃത്തം അവതരിപ്പിക്കുന്നത്. സ്ത്രീകളും പുരുഷന്മാരും കുട്ടികളും വൃദ്ധരും ഉൾപ്പെടെ നൂറുകണക്കിനാളുകൾ ഇതിൽ പങ്കെടുക്കും ഓരോ കുടിവെയ്പിലെയും വംശത്തലവന്റെ സാന്നിദ്ധ്യത്തിൽ വൃത്താകൃതിയിലാണ് ആട്ടത്തിന്റെ രംഗാവതരണം നടക്കുക. നൃത്തത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായാലുടൻ വാദ്യസംഘം കളത്തിലെത്തും 'മൺപൊറയ്, ദവിൽ, കുഴൽ, ഇലത്താളം തുടങ്ങിയ സംഗീതോപകരണങ്ങളുമായാണ് ഇവരുടെ വരവ്. കളത്തിന്റെ മധ്യത്തിൽ നിൽക്കുന്ന വാദ്യക്കാർ താളംമുഴക്കി തുടങ്ങുമ്പോൾ കാണികൾക്കിടയിലൂടെ നർത്തകരും അവതരണത്തറയിലെത്തുന്നു. കൂത്തിൽ പങ്കെടുക്കുന്ന സ്ത്രീകൾക്ക് മാറിനു മുകളിൽ കയറ്റിക്കുത്തിയ ഒറ്റമുണ്ടാണ് വേഷമെങ്കിൽ പുരുഷന്മാർ സാധാരണ വേഷമാണ് ധരിക്കുക. വൃത്താകൃതിയിൽ ഇടകലർന്നു നിന്നാണ്

സ്ത്രീ പുരുഷന്മാർ ചുവടുവെയ്ക്കുന്നത്. പുരുഷന്മാരുടെ കാലിൽ ചിലങ്കകളുണ്ട്. വൃത്തത്തിന് നടുവിൽ വാദ്യക്കാർക്ക് പുറംതിരിഞ്ഞു നിന്ന് ആട്ടക്കാർ നൃത്തം തുടങ്ങുന്നു. മൺപൊറയുടെയും കുഴലിന്റെയും ശബ്ദം ഉയരുന്നതോടെ കൂത്തു നടത്തുന്നവർ പാട്ടുപാടി കൈകളുയർത്തി അരങ്ങുണർത്തുകയായി. മുന്നോട്ടും പിന്നോട്ടും വശങ്ങളിലേക്കും ചുവടുവെച്ചും വൃത്താകൃതിയിൽ ചലിച്ചും നർത്തകർ സ്വയം കറങ്ങിയുമാണ് ഇരുളനൃത്തത്തിന്റെ രംഗാവതരണം. എല്ലാവരും ഒരേ ശബ്ദത്തിലും താളത്തിലുമാണ് ആട്ടത്തിനാവശ്യമായ വംശീയ ഗാനങ്ങൾ പാടുന്നത്. ഇടയ്ക്കിടെ അത്യുച്ചത്തിൽ ചൂളംവിളിയും കൂക്കുവിളിയും ഉയരും. തുടർന്നങ്ങോട്ട് നേരം പുലരുവോളം പ്രാചീനമായ ഗോത്ര സൗന്ദര്യത്തിന്റെ അസാധാരണമായ ശരീര ചലനങ്ങൾ പ്രകടമാകുന്നു.

മല്ലീശ്വരൻ മുടിയെയും പുഴകളെയും പൂക്കളെയും കുറിച്ചുള്ള പാട്ടുകൾ മുതൽ അട്ടപ്പാടിയിലെ നിത്യ ജീവിതത്തിന്റെ സൂക്ഷ്മ ചലനങ്ങൾ വിശദീകരിക്കുന്ന ഗാനങ്ങൾ വരെ ആഹ്ലാദകലയുടെ നിർവ്വഹണത്തിനായി ഇരുളർ ഉപയോഗിക്കാറുണ്ട്. വാദ്യക്കാർ കാട്ടുനാരോ മറ്റുചരടുകളോ ഉപയോഗിച്ച് സംഗീതോപകരണത്തെ സ്വന്തം ശരീരവുമായി ബന്ധിപ്പിക്കുന്നു. കളത്തിലെ തുടർ ചലനങ്ങൾ അതിവേഗതയിലുള്ള ശരീരതാളമായി രൂപാന്തരപ്പെട്ട ശേഷം ആട്ടവും പാട്ടും നിലയ്ക്കും. ഇതോടെ വൃത്താകൃതി ശിഥിലമാവുകയും ആട്ടക്കാർ കളം വിടുകയും ചെയ്യുമെങ്കിലും വാദ്യതാളം അവസാനിക്കുന്നില്ല. പിന്നെയും കുറച്ചു സമയം കൂടി മൺപൊറൈയുടെയും തകിലിന്റെയും കുഴലിന്റെയും ഇലത്താളത്തിന്റെയും ഉച്ചസ്ഥായിയിലുള്ള ശബ്ദം മലഞ്ചെരിവുകളിൽ മുഴങ്ങും.

കാർഷികലയാണ് ഇരുളരുടെ 'കമ്പളം'. പുനംകൃഷിയുടെ കാലത്ത് കാടുവെട്ടി തീയിട്ട മണ്ണിൽ നിശ്ചിത ദിവസം കുടിയിലുള്ളവർ നിരന്നു നിൽക്കും. തുമ്പ പിടിച്ചു നിൽക്കുന്നവരുടെ പിന്നിൽ പാട്ടുകാരും അതുകഴിഞ്ഞാൽ വാദ്യക്കാരും കോമാളിയും പാട്ടിനും വാദ്യത്തിനുമൊപ്പം ഒരേ താളത്തിലാണ് എല്ലാവരും വെട്ടിക്കയറുക. ആരുടെയെങ്കിലും താളം തെറ്റുന്നുവെന്ന് കണ്ടാൽ – പണിമോശമാകുന്നുവെന്ന് കണ്ടാൽ വികൃത വേഷങ്ങളണിഞ്ഞ കോമാളി അയാളെ പരിഹസിച്ചുകൊണ്ട് ഓടിയെത്തും. പൂണ്ടൻകിളയിലെ അതേ ദൗത്യം തന്നെയാണ് ഇവിടെയും. ഈ ഹാസ്യകഥാപാത്രത്തിന് പരിചിതമായൊരു ചുറ്റുവട്ടത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ ആട്ടക്കളം (കൃഷിയിടം) മുഴുവനും നിറഞ്ഞാടുന്ന കഥാപാത്രമാണ് കോമാളി. വംശീയ സംഗീതത്തിന്റെയും വാദ്യങ്ങളുടെയും പ്രകൃതി താളത്തിനൊപ്പം ഊർജ്ജസ്വലമായ മണ്ണിളക്കൽ കഴിഞ്ഞാൽ പിന്നെ

മഴ പെയ്യുന്നതുവരെ ഊരിൽ വിശ്രമ ദിനങ്ങളാണ്. മഴ പെയ്തു മണ്ണു കുതിർന്നാൽ വിത്തെറിയലിന്റെ അനുഷ്ഠാന ചടങ്ങുകൾ ആരംഭിക്കും. മറ്റു കാർഷികകലകളെപ്പോലെ തന്നെ അദ്ധ്വാനഭാരത്തിന്റെ ഏറ്റക്കുറിച്ചിലനു സരിച്ച് കമ്പളത്തിലും സ്ത്രീ പുരുഷന്മാരും കുട്ടികളും പങ്കെടുക്കുന്നു.

കമ്പളത്തിന്റെ തുടക്കമെന്നോ സമാപ്തിയെ വിശേഷിപ്പിക്കാവുന്ന 'വിത്തെറിയൽ' എന്നൊരു അനുഷ്ഠാനകർമ്മവും അട്ടപ്പാടി താഴ്വരയിലെ ഇരുളർക്കിടയിൽ നിലനിൽക്കുന്നുണ്ട്. ശിവരാത്രി ദിവസം മല്ലീശ്വരൻ കോവിലിലെ ഉത്സവത്തിനിടയിലാണ് ഇത് നടക്കുക. അന്ന് താഴ്വരയിലെ എല്ലാ ഗോത്രവർഗങ്ങളുടെയും (ഇരുളർ, കുറുമ്പർ, മുഡുഗർ) പരമ്പരാഗതകലകൾ കോവിലിനരികിൽ അവതരിപ്പിക്കപ്പെടും. തനതു വാദ്യോപകരണങ്ങളുടെയും ഗാനങ്ങളുടെയും ഉയർച്ചയ്ക്കൊപ്പം ആട്ടം മുറുകുന്നതിനിടെ ചാമ, കടല, മുളക്, റാഗി തുടങ്ങിയവയുടെയെല്ലാം വിത്തുകൾ ആൾക്കൂട്ടത്തിനിടയിലേക്ക് വാരിയെറിയും ദേവപ്രീതിക്കായുള്ള ആട്ടം അവസാനിച്ചശേഷം ജനത്തിരക്കിനിടയിൽ നിന്നും വിത്തുകൾ വീണ്ടും ശേഖരിക്കുന്നു. പിറ്റേവർഷം വിതയ്ക്കാനുള്ള വിത്തുകൾക്കൊപ്പം ഇവ ഇടകലർത്തി സൂക്ഷിച്ചാൽ സമൃദ്ധമായ വിളവ് ലഭിക്കുമെന്നാണ് താഴ്വരയുടെ വിശ്വാസം പോയ വർഷം മെച്ചപ്പെട്ട വിളവ് ലഭിച്ചതിനുള്ള നന്ദി പ്രകടനമെന്നുകൂടി ഈയൊരു അനുഷ്ഠാനങ്ങളെ വിശേഷിപ്പിക്കാം.

ആഹ്ലാദനൃത്തമായ ഇരുളരുടെ ആട്ടത്തിന്റെ ചിലഘട്ടങ്ങളിലും അനുഷ്ഠാനാംശങ്ങൾ ദർശിക്കാൻ കഴിയും. ഇവരുടെ ജീവിത സന്ദേശങ്ങളിൽ സ്ത്രീ പുരുഷന്മാർ ഇടകലർന്നു നിന്ന് വൃത്താകൃതിയിൽ, രാത്രികാലത്താണ് ആട്ടത്തിന്റെ അവതരണം. വാദ്യക്കാർ വർത്തുളാകൃതിയ്ക്കുള്ളിലാണ്. വിനായകൻ, മുരുകൻ, കാളി, ശിവൻ തുടങ്ങിയവരെക്കുറിച്ചുള്ള പാട്ടുകൾ പാടി നൃത്തം ചവിട്ടുമ്പോഴാണ് ആട്ടത്തിന് അനുഷ്ഠാനചാരുത കൈവരുന്നത്. നാടിന്റെയും കുലത്തിന്റെയും നന്മയ്ക്കും ദൈവാനുഗ്രഹം ഉണ്ടാകുന്നതിനുമുള്ള അർത്ഥതയോടെ തുടങ്ങുന്ന ആട്ടം പിന്നീടൊരു ആഹ്ലാദ നൃത്തമായി രൂപാന്തരപ്പെടുന്നു.

അട്ടപ്പാടി താഴ്വരയിലെ എല്ലാ ഇരുളക്കുടികളിലും വർഷംതോറും അവതരിപ്പിക്കുന്ന നായാട്ടു നൃത്തമാണ് 'ഏലേലം കരടി' അഥവാ കരടിയാട്ടം. രാത്രി തീകൂട്ടി അതിനു ചുറ്റും വട്ടത്തിൽ നിന്നുകൊണ്ട് സ്ത്രീ പുരുഷൻമാർ ഒരുമിച്ചു ചെയ്യുന്ന നൃത്തമാണിത്. വട്ടം ചുറ്റിക്കൊണ്ട് പാട്ടിനൊപ്പിച്ച് ചുവടു വെയക്കുകയാണ് ചെയ്യുന്നത്. കരടികളി, കരടിനൃത്തം എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു.

'മൺപൊറയ്', ദവിൽ, കുഴൽ, ദപ്പട തുടങ്ങിയ വാദ്യങ്ങളാണ് ഇതിന്റെ രംഗാവതരണത്തിനായി ഉപയോഗിക്കുന്നത്. വർത്തുളാകൃതിയിൽ ഒന്നിടവിട്ട് നിൽക്കുന്ന സ്ത്രീ പുരുഷന്മാർക്ക് നടുവിലാണ് വാദ്യക്കാരുടെ സ്ഥാനം. മുൻപെല്ലാം വൃത്താകാരത്തിന്റെ കേന്ദ്രസ്ഥാനത്ത് തീക്കുണ്ഠവും വാദ്യക്കാരുടെ സ്ഥാനം പുറത്തുമായിരുന്നു. കരടിവേഷം കെട്ടിയ ആളും ആട്ടക്കാർക്കൊപ്പമുണ്ടാകും. ഒരു കമ്പിളി പുതച്ചാണ് ഇയാൾ കരടിവേഷം ധരിക്കുക. മുഖത്ത് പൊയ്മുഖം വച്ചു കെട്ടും. വാദ്യതോളം മുറുകുമ്പോൾ നായാട്ടു പാട്ടുകൾ തുടങ്ങുന്നതോടെയാണ് ശരിയായ ഏലേലം കരടി ആരംഭിക്കുന്നത് കരടിവേഷം കെട്ടിയ നർത്തകന്റെ ശരീര ചലനങ്ങൾ കാട്ടുകരടിയുടേതിന് സമാനമാകുന്നു. ഇടയ്ക്കിടെ വൃത്തതിന്റെ ഉള്ളിലേക്കും പുറത്തേക്കും മുരൾച്ചയോടെ ചാടും. നാലുകാലിലും രണ്ടുകാലിലും നടന്നും തറയിൽ കിടന്നുരുണ്ടും തീക്ഷണമായ ഭാവങ്ങളോടെ ഇയാൾ അക്ഷരാർത്ഥത്തിൽ ഒരു കരടിയായ് മാറുന്നു. ഇതിൽ ഏലേലകരടി എന്ന പാട്ടാണ് ഏറ്റവും പ്രധാനപ്പെട്ടത്. വിളവെടുപ്പ് സന്ദർഭത്തിലാണ് ഇപ്രകാരമുള്ള ആഹ്ലാദനൃത്തങ്ങൾ കൂടുതലായും ആവിഷ്കരിക്കുന്നത്.

ചുരുക്കമായി പകലും ഈ നൃത്തം ചെയ്യാറുണ്ട്. കരടിനായാട്ടിന്റെ കഥകളാണ് പാട്ടിൽ പ്രതിപാദിക്കുന്നത്. പഴയകാലത്ത് കാട്ടിൽ താമസിക്കുമ്പോൾ ദുഷ്ടമൃഗങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗം ഈ വിനോദത്തിലൂടെ ഇളം തലമുറയ്ക്ക് കൈമാറനുള്ള ഒരു അവസരം കൂടിയാണ് ഈ വിനോദം.

മരണവുമായി ബന്ധപ്പെട്ടുള്ള ചടങ്ങിന് ഗുരുവനാണ് നേതൃത്വം നൽകുന്നത്. ഊരുമൂപ്പൻ അദ്ധ്യക്ഷത വഹിക്കും. മൂന്നുപേർ ഒരു പുരുഷനും (ഗുരുവൻ) രണ്ടു സ്ത്രീകളുമാണ് (ഗുരുവത്തികൾ) ചടങ്ങ് നടത്തുന്നത്. മരണചടങ്ങിന് 'സപ്പരം'കെട്ടുന്നു. അതിൽ വാഴയിലയിൽ മരിച്ചയാളെ കിടത്തും. ഊരു നിവാസികൾ ചുറ്റും കൂടി നിന്ന് കരയും. അതിനുശേഷം മരിച്ചയാൾ സന്തോഷത്തോടെ ഈ ലോകത്തു നിന്നും പോകുന്നതിനുവേണ്ടി മൃതദേഹത്തിനു ചുറ്റു നിന്നും പാട്ടുപാടി നൃത്തം ചെയ്യുന്നു. ഇതിനെ 'ആട്ടംപാട്ട് ' എന്നും പറയുന്നു. അമ്പിളയാട്ടം, പെൺട്രികൊകൽ (ആട്ടം) കുമ്മിയാട്ടം, ഡില്ലിയാട്ടം പിന്നെ മന്ത്രി പിരിയക്കൽ മന്ത്രികുടി, ഇതിൽ ബന്ധം പിരിയിക്കൽ ചടങ്ങുമുണ്ടാകും. കൂടാതെ പട്ടികജാതി വിഭാഗങ്ങളുടെ കലാരൂപങ്ങളുമുണ്ടാകും. മരണത്തോടനുബന്ധിച്ച് കളിക്കുന്ന നൃത്തത്തിന് മറ്റു സന്ദർഭങ്ങളിലുള്ള നൃത്തത്തിൽ നിന്നും വ്യത്യാസം ഉണ്ട്. മരണവുമായി ബന്ധപ്പെട്ട ചടങ്ങിൽ ഗുരുവൻ മൃതദേഹത്തെ 'ഗുരുക്കളെ' എന്നെ രക്ഷിക്കണേ എന്നു പറഞ്ഞ്

തൊട്ടുതൊഴും അതിനുശേഷം മൃതദേഹത്തെ അടക്കം ചെയ്യും. ആ സ്ഥലത്തെ 'കൊപ്പ്' എന്നു പറയും അടക്കിയതിനുശേഷം അരുവിയിൽ പോയി കുളിച്ചതിനുശേഷം വീട്ടിൽ വരുമ്പോൾ തീയ് വീട്ടു മുറ്റത്തുകൊണ്ടു വെച്ചിട്ടുണ്ടാകും അതിൽ കാൽ ഉഴിഞ്ഞ് വീട്ടിലേക്കു കയറും.

മല്ലീശ്വരൻ, കാരമട രങ്കനാഥൻ, പാലമലൈപെരുമാൾ, കുരുന്തമല വേലായുധ ദണ്ഡപാണി, മേട്ടുപ്പാളയം, വനഭദ്രകാളിയമ്മൻ, കാരയൂർ വനഭദ്രകാളിയമ്മൻ, മരുതമല, വെള്ളിങ്കിരി മല ആണ്ടവൻ (ഈ ക്ഷേത്രത്തെ തെൻകൈലാസം എന്നു വിളിക്കുന്നു) എന്നിവയാണ് പ്രധാന ആരാധന മൂർത്തികൾ. മാരിയമ്മൻ, ഭദ്രകാളിയമ്മ പോലുള്ള പെൺ ദൈവങ്ങൾക്ക് 'കരകമെടുക്കൽ' കാരമടരങ്കനാഥസ്വാമിയ്ക്ക് 'സേവയെടുക്കൽ' മുരുകൻ, ശിവൻ തുടങ്ങിയവരെ ആരാധിക്കാനായി 'കാവടിയെടുക്കൽ' പതിവാണ്. അതുപോലെ ദൈവാരാധനയുമായി ബന്ധപ്പെട്ട് വർഷം തോറും ഉത്സവങ്ങൾ ശിവരാത്രി ഉത്സവം (മല്ലീശ്വര ക്ഷേത്രം), ഭദ്രകാളി എഴുന്നള്ളിപ്പ്, മുരുകൻ ക്ഷേത്രത്തിൽ (വെള്ളിങ്കിരി ആണ്ടവർക്ക്) കാവടിയെടുക്കൽ, ഭന്നാരിയമ്മന് കണ്ടം ഇറങ്ങൽ (തീ മെതിക്കൽ) (തമിഴ്നാട്, ഈ റോഡ് ജില്ലയിൽ) വർഷംതോറും ഉത്സവങ്ങൾ ആഘോഷിക്കാറുണ്ട്. ഇപ്പോൾ ഉത്സവങ്ങളോടനുബന്ധിച്ച് ഗാനമേളകൾ, സിനിമാറ്റിക് ഡാൻസ്, സിനിമ പ്രദർശനം, സർക്കസ്, മാജിക് തുടങ്ങിയ നടത്താറുണ്ട്. അതുപോലെ ആരാധനയക്ക് മാത്രമായി ശംഖ് സേകാണ്ടി, മണി തുടങ്ങിയ സവിശേഷ വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നു. മരണവുമായി ബന്ധപ്പെട്ടുള്ള ചടങ്ങിന് ഗുരുവാണ് നേതൃത്വം നൽകുന്നത്.

കാടിന്റെ ഉൾപ്രദേശങ്ങളിൽ ജീവിച്ചുവരികയും വളരെ ഇരുണ്ട ബലവത്തായ ശരീരഘടനയോടുകൂടിയ ഒരു ജനതയായതുകൊണ്ടായിരിക്കാം ഇവരെ 'ഇരുളർ'എന്നു വിളിക്കുന്നത്. തമിഴ് ബാഹുല്യമുള്ള മലയാള മിശ്രിതമായ ഇരുള ഭാഷയാണ് ഇരുളരുടെ തനതു ഭാഷ.

ഇരുളർ ഒന്നിച്ചു താമസിക്കുന്നയിടം ഊര് എന്നാണറിയപ്പെടുന്നത്. ഇന്നും തദ്ദേശിയമായി ഊരു ഭരണം നിലനിക്കുന്ന പ്രദേശമാണ് അട്ടപ്പാടി. ഓരോ ഇരുള ഊരിനും മൂപ്പൻ, കുറുതല, ഭണ്ടാരി, മണ്ണുക്കാരൻ, ജാതിക്കാരി എന്നിങ്ങനെയുള്ള വ്യവസ്ഥകളാണുള്ളത്. മൂപ്പന് രാജാവിന്റേയും കുറുതലയ്ക്ക് മന്ത്രിയുടെയും ഭണ്ടാരിക്ക് ആ പ്രദേശത്തു നടക്കുന്ന പ്രത്യേക കാര്യങ്ങൾ ഊരിലെ എല്ലാവരെയും അറിയിക്കുന്ന ചുമതലയാണുള്ളത്. മണ്ണിന്റെ അധിപൻ മണ്ണൂക്കാരനാണ്. അതുകൊണ്ട് മണ്ണൂക്കാരൻ ഭൂമിയിൽ ഭൂമിപൂജ

നടത്തുകയും കൃഷി ഇറക്കുകയും ചെയ്തശേഷം മാത്രമേ മറ്റുള്ള വർക്ക് ഇതിന് കഴിയൂ. വിവാഹം, ചീര് തുടങ്ങിയ കർമങ്ങളുടെ മുഖ്യകാർമികത്വം ജാതിക്കാരിക്കും അയാളുടെ ഭാര്യക്കുമായിരിക്കും. ചീര് രണ്ട് തരമുണ്ട്. അടിയന്തരങ്ങളുടെ ചീര് അതാണ് കഞ്ചിചീര്, പെൺകുട്ടികൾ ഋതുമതിയാകുന്നത് വയസ്സറിയ്ക്കൽ ചീര്.

സമുദായത്തിലെ സ്ത്രീകൾ ഗർഭിണിയായാൽ പണ്ടുകാലങ്ങളിൽ ഭർത്താവിന്റെ വീട്ടിലായിരുന്നു പ്രസവം. ചീരയും റാഗിപുട്ടും കാട്ടുകിഴങ്ങുകളും നാടൻ പശുവിന്റെ പാലും തൈരും നെയ്യും സ്വന്തം വീട്ടിൽ കടഞ്ഞെടുത്ത് കൊടുക്കും മൂന്നു നേരവും ഭക്ഷണത്തിൽ ചീരകൾ ഉൾപ്പെടുത്തും. ചീങ്ക, മലമുരിങ്ങ, വസലെ, തൊണ്ടെ, കാക്കെ, സുരുളി, ചേമ്പ്, തൈയ്യ, മുള്ള്കീര, സക്കരൈ, ടാക്, പടിക്കീരെ, അഗത്തി, പള്ളിക്കീരെ, സിരുനെല്ലി തുടങ്ങിയവും റാഗികഞ്ഞി, ചോളക്കഞ്ഞി, സാമകഞ്ഞി, വറക് കഞ്ഞി, പാണ്ടികഞ്ഞി തുടങ്ങിയ കഞ്ഞി വകകളും മലന്തേനും നല്കും വ്യായാമമായി മുറ്റമടിക്കൽ, പാത്രം കഴുകൽ, ഉരൽ പൊടിക്കൽ, റാഗിപൊടിക്കൽ പോലുള്ള ലളിതമായ ജോലികൾ ഗർഭിണിയായ സ്ത്രീകൾ ചെയ്യും. ഇപ്പോൾ ഭക്ഷണരീതികളിൽ കാര്യമായ മാറ്റം വന്നു. മദർ ഹോർലിക്സും വിറ്റാമിൻ ഗുളികകളും കൂടുതലായി ഉപയോഗിക്കുന്നു. കൂടാതെ, റേഷനരി, പൊന്നിഅരി, കടയിൽ നിന്നും വാങ്ങിക്കുന്ന ആപ്പിൾ, മുന്തിരി തുടങ്ങിയ പഴവർഗ്ഗങ്ങളും ഉപയോഗിക്കുന്നു. ഇത് വനവിഭവങ്ങളുടെ ദൗർലഭ്യവും ശേഖരിക്കുന്നതിനുള്ള പ്രയാസവുമാണ് കാരണം. എന്നാൽ ഇവർക്ക് ഈ ഇലക്കറികളുടെ പോഷകമൂല്യത്തെക്കുറിച്ച് നല്ല അറിവുണ്ട് അവർ അത് പാട്ടിന്റെ രൂപേണ പാടി തലമുറകൾക്ക് കൈമാറുന്നു.

ഇപ്പോൾ ഗർഭിണിയായ സ്ത്രീയെ ഏഴാം മാസത്തിൽ പെണ്ണിന്റെ വീട്ടുകാർ 'വളൈക്കാപ്പ്' നടത്തി വീട്ടിലേക്ക് വിളിച്ചുകൊണ്ടുപോകും. പഴയകാലത്ത് ഭർത്താവ് ഭാര്യക്ക് സുഖപ്രസവം നടക്കണമെന്ന ആഗ്രഹത്തോടെ കുലദൈവത്തിന് താടിയും മുടിയും നേർച്ചയായി നൽകും. ഇപ്പോൾ വളരെ കുറച്ചുപേർ മാത്രമേ ഇങ്ങനെ ചെയ്യാറുള്ളൂ. കുഞ്ഞ് ജനിച്ചു കഴിഞ്ഞാൽ കുഞ്ഞ് നല്ലതുപോലെ ഉറങ്ങുവാനും പേടിക്കാതിരിക്കാനും വാഴപട്ടയും (വടത്തറ) വടുത്തറ മരത്തിന്റെ തോലും ചതച്ച് തിരിച്ച് ചരടുണ്ടാക്കി കുഞ്ഞിന്റെ കൈയിലും കാലിലും അരയിലും ചരട് കെട്ടും. പണ്ട് കുഞ്ഞിന്റെ അമ്മയുടെ കുടുംബത്തിൽപ്പെട്ട മുത്തശ്ശിമാരാണ് ഇങ്ങനെ ചെയ്തിരുന്നത്. ഇപ്പോൾ വെള്ളിയിലും സ്വർണ്ണത്തിലുമുള്ള അരഞ്ഞാണം ഉപയോഗിക്കും. ജനിച്ച് ഏഴു ദിവസം കഴിഞ്ഞാൽ ആൺകുഞ്ഞിനും 6 ദിവസം കഴിഞ്ഞാൽ പെൺകുഞ്ഞിനും (തൊട്ടാപേര്) പാരമ്പ

ര്യമായ പേരുകൾ ഇടുന്നു. ചടങ്ങിൽ സ്വന്തക്കാരും ബന്ധുക്കളും പങ്കെടുക്കുന്നു. കുഞ്ഞിന് 9-ാം മാസം അല്ലെങ്കിൽ ഒന്നരവയസ്സാകുമ്പോൾ മുടി മുറിയ്ക്കുന്നതോടൊപ്പം കാതുകുത്തും തായ്മാമന്റെ മടിയിൽ ഇരുത്തിയാണ് കാതുകുത്തുന്നത്. ഇപ്പോൾ തായ്മാമന്റെ മടിയിൽ ഇരുത്തി തട്ടാൻ കാതുകുത്തും. അതുപോലെ മുടിമുറിയ്ക്കുന്നത് ആൺകുട്ടിക്കും പെൺകുട്ടിക്കും ഒരു പോലെ ഇഷ്ടപ്പെട്ട അമ്പലത്തിൽ (അമ്മാൾ, മുരുകൻ) നേർച്ചയായി ചെയ്യും.

പെൺകുട്ടികൾ ഋതുമതിയാവുന്നതുമായി ബന്ധപ്പെട്ട് പാരമ്പര്യ ചടങ്ങുകൾ നടത്താറുണ്ട്. പെൺകുട്ടി ഋതുമതിയായി എന്നറിഞ്ഞാൽ തായ്മാമൻ പെൺകുട്ടിയ്ക്ക് പുല്ലുകൊണ്ട് കുടിൽകെട്ടി കൊടുക്കുന്നു. പെൺകുട്ടിയെ 6 ദിവസം വരെ ആ കുടിലിൽ താമസിപ്പിക്കും. മാമന്റെ മകളെ കൂട്ടിനായ് ഇരുത്തുന്നു. 7-ാം ദിവസം നേരം വെളുക്കുന്നതിനു മുന്നെ ആരും കാണാതെ കുടിൽ, തുണി ഇതെല്ലാം ചുട്ടു കരിക്കും അതിനുശേഷം പെൺകുട്ടിയെ അരുവിയിൽ കൊണ്ടുപോയി മഞ്ഞൾ തേച്ച് കുളിപ്പിച്ച് ശുദ്ധി വരുത്തി വീട്ടിലേക്ക് കൊണ്ടു വരുന്നു. വീടിന്റെ ഏതെങ്കിലും ചെറിയ (ചിന്ന) മുറിയിൽ ഇരുത്തും. മറ്റു മുറികളിൽ കേറാൻ അനുവദിക്കുകയില്ല. അതിനുശേഷം ആറുമാസം കഴിഞ്ഞ് ചടങ്ങ് നടത്തും ചടങ്ങു സമയത്ത് തട്ടത്തിൽ ചക്ക, അത്തിക്കായ്, ഒലക്ക, ചീപ്പ്, കണ്ണാടി, ഈര്കൊല്ലി, പൊട്ട്, വള, പുതുതുണി തുടങ്ങി ഒരു പെൺകുട്ടിയ്ക്കാവശ്യമായ വസ്തുക്കൾ വെച്ചേയ്ക്കും. പെണ്ണിന്റെ ആളുകൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. പെൺകുട്ടി എണ്ണയ്ക്കു വേണ്ടി കൈകാണിക്കുമ്പോൾ കമ്ഴത്തി പിടിക്കുമ്പോൾ മൂന്നു തട്ട്, മലർത്തി പിടിക്കുമ്പോൾ മൂന്നുതട്ട്, ആഹാരം കഴിക്കുമ്പോൾ മൂന്ന് തട്ട്, അതിനുശേഷം ഭക്ഷണം വെളിയിൽ കൊണ്ടുപോയി തട്ടും അതോടെ ചടങ്ങ് കഴിയും. ഇന്ന് വയസ്സ് അറിയിക്കൽ ചടങ്ങ് വളരെ വിപുലമായി നടത്തുന്നു. ക്ഷണപത്രിക അടിക്കുകയും. മൈക്ക്സെറ്റ് വെയ്ക്കുകയും സദ്യ ഒരുക്കി എല്ലാവരെയും വിളിക്കുകയും ചെയ്യുന്നു. പങ്കെടുക്കുന്നവർ പെൺകുട്ടിയ്ക്ക് സമ്മാനങ്ങൾ നൽകുന്നു.

പാരമ്പര്യമായി പെൺകുട്ടികളുടെ വിവാഹം പ്രായപൂർത്തിയായി മൂന്നുവർഷം കഴിഞ്ഞിട്ടാണ് നടത്തുന്നത്. വീട്ടുകാർ നിശ്ചയിച്ചുറപ്പിച്ചാണ് വിവാഹങ്ങൾ നടത്താറുള്ളത്. ആൺകുട്ടികളെ സംബന്ധിച്ച് കുടുംബം പോറ്റാനുള്ള ആരോഗ്യ ശേഷി ഉണ്ടെന്ന് മാതാപിതാക്കൾക്ക് ബോധ്യമാകുമ്പോൾ വിവാഹം ചെയ്യാൻ അനുവദിക്കും. മൂത്ത പെൺകുട്ടികളുടെ വിവാഹത്തിനുമുമ്പ് ഇളയ പെൺകുട്ടികളുടെ വിവാഹം നടത്താറില്ല. ഒളിച്ചോടിയുള്ള വിവാ

ഹങ്ങൾ സങ്കേതങ്ങളിൽ നടക്കാറില്ലായിരുന്നു. എന്നാൽ ഇപ്പോൾ ഒളിച്ചോടിയുള്ള വിവാഹങ്ങൾ സങ്കേതങ്ങളിൽ നടക്കാറുണ്ട്. അങ്ങനെയുള്ള ദമ്പതികളെ വിവാഹത്തിന് അനുവദനീയമായ കുലങ്ങളിൽ ഉള്ളവരാണെങ്കിൽ കുടിയിൽ കയറ്റും.

ആറ്മൂപ്പ്, സാമ്പാറ്, വെള്ളക, കുറുണകര്, കർട്ടിക, ഉപ്പുളിക, ദേവാണാര്, കുപ്പാര്, കുപ്പുളിക എന്നിങ്ങനെ ഒമ്പതു കുലങ്ങളായിട്ടാണ് ഇവരുടെ സാമൂഹിക വ്യവസ്ഥ. ഒരേ കുലത്തിലുള്ളവർ സഹോദരങ്ങളായതുകൊണ്ട് തമ്മിൽ വിവാഹങ്ങൾ പതിവില്ല. ഇവർ തമ്മിൽ പരിചയപ്പെടുമ്പോൾ കുലം ചോദിക്കുന്ന പതിവ് ഇന്നുമുണ്ട്. വിവാഹങ്ങൾക്ക് കുലം അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. രണ്ടുക്ക് രണ്ട് പൊരുത്തം ഉണ്ടെങ്കിലേ വിവാഹം നടക്കുകയുള്ളൂ. ഊരുമൂപ്പൻ ഭണ്ടാരി, കുറുതലൈ, ഗുരുവൻ, ജാതി ചെറുക്കന്റെ കുടുംബാംഗങ്ങൾ തുടങ്ങിയവരാണ്, വിവാഹലോചനയുമായി പോകുന്നത്. ഒരോ കുലത്തിന്റെയും പ്രധാനികൾ കല്ല്യാണത്തിന് അധ്യക്ഷത വഹിക്കും. വിവാഹ ചടങ്ങുകളുടെ മുഖ്യകർമികത്വം ജാതിക്കാരിയും അയാളുടെ ഭാര്യക്കുമായിരിക്കും. കറുത്ത ചരടുള്ള 'കീരപാശി' ആണ് താലിയായിട്ട് വരൻ വധുവിനെ ചാർത്തുന്നതാണ്. വിവാഹ നിശ്ചയം കഴിഞ്ഞാൽ മരണചടങ്ങുകളിലോ മറ്റു ചടങ്ങുകളിലോ പോകാൻ പാടില്ല. ആദ്യകാലങ്ങളിൽ പെണ്ണു കണ്ടു കഴിഞ്ഞാൽ ആറുമാസം മുതൽ രണ്ടു വർഷം കഴിഞ്ഞു മാത്രമേ കല്യാണം നടത്താറുള്ളൂ. പയ്യൻ ജോലി ചെയ്യാൻ ശേഷിയുള്ള ആളാണോ എന്നറിയുന്നതിനു വേണ്ടിയാണ്. ഇപ്പോൾ ആറുമാസം കഴിഞ്ഞ് കല്ല്യാണം. സാമ്പത്തിക ശേഷിയുള്ള പെൺവീട്ടുകാർ പാത്രങ്ങൾ, ആട്, കന്നുകാലികൾ ഇവ സമ്മാനമായി നൽകും. ചെറുക്കന്റെ വീട്ടുകാർ പെൺവീട്ടുകാർക്ക് 'പെരപണം' നൽകുന്ന പതിവുണ്ട്. വിവാഹത്തിന് വരനെയോ വധുവിനെയോ തിരഞ്ഞെടുക്കുന്നതിൽ മുൻഗണന മുറപ്പെണ്ണിനും മുറചെറുക്കനുമാണ് അല്ലാത്ത പക്ഷമാണ് പുറമേയുള്ള ആലോചനകൾ സ്വീകരിക്കുന്നത്.

വിവാഹം കഴിഞ്ഞാലുടൻ ഊരു നിവാസികളും ക്ഷണിച്ചിട്ടുള്ള ഓരോ, ഊര് തലവന്മാരും ജാതികളും വധുവിന്റെയും വരന്റെയും കുടുംബാംഗങ്ങളും ഊരു പൊതുവേദിയിൽ വൃത്താകൃതിയിൽ ഇരിക്കും വധുവും വരനും ഇവരുടെ എല്ലാ പേരുടെയും കാലുകൾ പിടിച്ച് ആശീർവാദം വാങ്ങിക്കണം. അതിനു ശേഷം സദ്യ കഴിച്ച് പിരിയും. വിവാഹത്തോടനുബന്ധിച്ച് പാട്ടും നൃത്തവുമൊന്നുമില്ല.

ആദിവാസിഗോത്ര വിഭാഗക്കാരായ ഇരുളർ കൃഷിസമയത്ത് പാടുന്ന പാട്ട്

**1. ഒരു ബൊമ്മട്ടി എലേലോ മണ്ണെടുത്ത് – ഐലസാ**
മണ്ണെടുത്ത് – ശൊന്നതെശൊല്ല്
നാമ്പോകെ ഏലേലോ റോട്ടമേലെ – ഐലസാ
വെളിയെ വന്ത ഏലേലോ നാന്തെരികെ
കൂരെക്കുള്ളെ ഏലേലോ സിന്നാസാമി ഐലസാ
സിന്നസാമി ഐലസാ
എന്ക്ക് സമ്പള ഏലേലോ രൂപാമില്ലെ – ഐലെസാ
രൂപാമില്ലെ – സൊന്നതെ ശൊല്ല്
എന്ക്ക് തര്ക ഏലേലോ മൊത്‌ലാളില്ലെ – ഐലസാ
രണ്ട് ... മൂന്ന് ...

**2. മണ്ണേ നമ്പി ഏലോലോ മരമിരുക്ക് –ഐലസാ**
മരമിരുക്ക് – ഐലസാ
മരത്തെ നമ്പി ഏലേലോ കൊമ്പിറുക്ക് – ഐലസാ
ലാലേ ലാലേ ലാലാലേ ലാലേലല്ലേ..........
കൊമ്പെ നമ്പി ഏലേലോ സില്ലിറുക്ക് ഐലസാ
സില്ലിറുക്ക്ത് – ഐലസാ
സില്ലെ നമ്പി ഏലേലോ ഇലയിറുക്ക് – ഐലസാ
ഇലയെ നമ്പി ഏലേലോ പൂവിറുക്ക് – ഐലസാ
പൂവിറുക്ക് – ഐലസാ
പൂവെ നമ്പി ഏലേലോ, കായിറുക്ക് – ഐലസാ
കായെ നമ്പി ഏലേലോ പളമിറുക്ക് – ഐലസാ
പളമിറുക്ക് – ഐലസാ പളത്തെ നമ്പി ഏലേലോ
നാമിറുക്ക് ഐലസാ ...

ഗോത്രവിഭാഗക്കാരായ ഇരുള സമുദായക്കാർ അവരുടെ ഇലക്കറികളെ കുറിച്ച് പാടുന്ന പാട്ട് ചുവടെ ചേർക്കുന്നു.

**3. കാക്കേ ഡാഗേ പങ്കിത്താളനെ**
കരെമെടെ ബങ്കാളത്തെ വങ്കിത്താളനെ
ലാലേ ........... ലാലേ ........ ലല്ലാലേ .......... ലാലേ ..........
ലാലേ ........... ലാലേ ........ ലല്ലാലേ .......... ലാലേ ..........
സിങ്കേ ഡാഗേ പങ്കിത്താളനെ
സിങ്കേരെ നാടുനെ വാങ്കിത്താളനെ
മുന്നേ ഡാഗേ പങ്കിത്താളാനെ മുത്തികുള നാട്നെ വാങ്കിത്താളനെ
തെയ്യാ ഡാഗേ പങ്കിത്താളനെ

തേക്കുപ്പന്നെ നാടുനെ വാങ്കിത്താളനെ
കീരെ ഡാഗേ പങ്കിത്താളനെ
കീരിപ്പതി നാടുനെ വാങ്കിത്താളനെ
മുരുങ്കെ ഡാഗെ പങ്കിത്താളനെ
മുക്കാലി നാടുനെ വാങ്കിത്താളനെ
സേമ്പെ ഡാഗേ പങ്കിത്താളനെ
സെമ്പവെട്ടെ നാടുനെ വാങ്കിത്താളനെ
പാലെ ഡാഗേ പങ്കിത്താളനെ
പാലെക്കാട് നാടുനെ വാങ്കിത്താളനെ
മുള്ളിക്കീരെ ഡാഗേ പങ്കിത്താളനെ
മുള്ളി നാടുനെ വാങ്കിത്താളനെ
സക്കരെ ഡാഗേ പങ്കിത്താളനെ
സാളെയൂറ് നാട്നെ വാങ്കിത്താളനെ
പണ്ണെ ഡാഗേ പങ്കിത്താളനെ
പാലൂറ് നാട്നെ വാങ്കിത്താളനെ
കട്ക് ഡാഗേ പങ്കിത്താളനെ
കട്ക് മണ്ണ് നാട്നെ വാങ്കിത്താളനെ
സുരുളി ഡാഗേ പങ്കിത്താളനെ
സുണ്ടെകുള നാട്നെ വാങ്കിത്താളനെ
മണലി ഡാഗേ പങ്കിത്താളനെ
മണ്ണാറ്ക്കാട് നാടനെ വാങ്കിത്താളനെ
അകത്തി ഡാഗേ പങ്കിത്താളനെ
അട്ടെപ്പാടി നാട്നെ വാങ്കിത്താളനെ
മരണാനന്തരം/മരിപ്പ് ചടങ്ങ് നടക്കുമ്പോൾ ഇരുളർ പാടുന്ന പാട്ട്

**4. സോസാ മയിലെ സൊകെമയിലെ അമ്മ**
സോസാ മയിലെ സൊകെ മയിലെ
നമ്ത്തൂര് മൂപ്പന്ക്ക് സൊകെ മയിലെ അമ്മ
തങ്കത്തിനാലെ നാക്കാലി സൊകെ മയിലെ ..........
നമ്ത്തൂര് കുറുതെലെക്ക് സൊകെ മയിലെ അമ്മ
തങ്കത്തിനാലെ തുണ്ടുതടി സൊകെ മയിലെ ...........
നമ്ത്തൂര് വണ്ടാരിക്ക് സൊകെ മയിലെ അമ്മ
തങ്കത്തിനാലെ കുള്ളാവി സൊകെ മയിലെ ..........
നമുത്തൂര് മൂപ്പത്തിക്ക് സൊകെ മയിലെ അമ്മ
തങ്കത്തിനാലെ പാട്ടാടെ സൊകെ മയിലെ ..........
നമുത്തൂര് മണ്ണുക്കരന്ക്ക് സൊകെ മയിലെ അമ്മ
തങ്കത്തിനാലെ കലപ്പെ സൊകെ മയിലെ ...

## സഹായക ഗ്രന്ഥങ്ങൾ

1. കൈപ്പുസ്തകം 2016-17, കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്), കോഴിക്കോട്
2. എസ് രാമനുണ്ണി (2015), കേരളത്തിലെ ഗോത്രവർഗ്ഗ വിഭാഗങ്ങൾ, കാണിക്കാർ മുതൽ കൊറഗർവരെ, കല്പൂർ, കുരുക്ഷേത്ര പ്രകാശൻ
3. ഡോ. സിസ്ററർ സീലിയാ തോമസ് പി, കേരളത്തിലെ ആദിവാസികലാപാരമ്പര്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. മനോജ് മാതിരപ്പള്ളി (2013), കേരളത്തിലെ ആദിവാസികൾ, കലയും സംസ്ക്കാരവും, ഡി.സി ബുക്ക്സ്, കോട്ടയം.

## ആവേദകർ

1. നഞ്ചമ്മ, അഗളി, പാലക്കാട്
2. മുരുകേശൻ, അഗളി, പാലക്കാട്
3. ഈശ്വരൻ, അഗളി, പാലക്കാട്
4. ജയശാന്തി, അഗളി, പാലക്കാട്
5. ബാലൻ, അഗളി, പാലക്കാട്
6. കുപ്പുസ്വാമി, അഗളി, പാലക്കാട്

# 14

# വയനാട് കാടരുടെ കലയും ജീവിതവും

*എസ്. ദീപ*

വയനാട് ജില്ലയിൽ അധിവസിക്കുന്ന ഗോത്രവിഭാഗമാണ് വയനാട് കാടർ. വയനാടൻ കാടർ എന്ന പേരിലും അറിയപ്പെടുന്നു. പ്രാദേശികമായി കാടോർ അഥവാ കാടർ എന്ന പേരിലാണ് അറിയപ്പെടുന്നത്. ലൂയിസിന്റെ അഭിപ്രായത്തിൽ കേരളത്തിൽ മാത്രം കാണപ്പെടുന്ന ഗോത്രസമൂഹമായതിനാൽ ആണ് വയനാടൻ കാടർ എന്ന പേര് വന്നത്. അതു മാത്രമല്ല പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ വസിക്കുന്ന കാടരുമായി വയനാടൻ കാടർക്ക് യാതൊരു ബന്ധവുമില്ലെന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. കോട്ടയം രാജാവിന്റെ പടയാളികളായിരുന്ന നായർ വിഭാഗത്തിന്റെ പിൻമുറക്കാർ ആണ് തങ്ങൾ എന്നാണ് ആണെന്നാണ് വയനാട് കാടർ വിശ്വസിക്കുന്നത്. എന്നാൽ വയനാടൻ കാടുകളിൽ അധിവസിക്കുന്ന ഗോത്രവിഭാഗമായതിനാലാണ് വയനാടർ കാടർ എന്ന പേര് വന്നത് എന്ന അഭിപ്രായവുമുണ്ട്. വയനാടൻ കാടർ 2002 ലെ പട്ടിക ജാതി പട്ടിക വർഗ്ഗ ഭരണഘടനാ ഭേദഗതി പ്രകാരമാണ് പട്ടിക വർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. 2011 ലെ സെൻസസ് പ്രകാരം 2949 ആണ് ഇവരുടെ ആകെ ജനസംഖ്യ. അതിൽ 1454 പുരുഷൻമാരും 1495 സ്ത്രീകളുമാണ് ഉള്ളത്.

വയനാട് ജില്ലയിലെ വെള്ളമുണ്ട പഞ്ചായത്തിലെ കാടർ സമുദായക്കാരിൽ നിന്നുള്ള വിവരശേഖരണമാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. വയനാട് ജില്ലയിൽ പൊഴുതന, പടിഞ്ഞാറെത്തറ, തരിയോട് എന്നിവിടങ്ങളിൽ വടനാട് കാടർ അധിവസിക്കുന്നുണ്ട്. കൃഷിയാണ് പ്രധാന ജീവനോപാധി. ബാണാസുര സാഗർ അണക്കെട്ടിന്റെ നിർമ്മാണത്തിന്റെ ഭാഗമായി കുടിയൊഴിപ്പിച്ചതിനാൽ വയനാടിന്റെ പല ഭാഗങ്ങളായി വയനാടൻ കാടർ എന്ന ഗോത്ര സമൂഹത്തിന് ചിതറി താമസിക്കേണ്ടി വരികയും അതുമായി ബന്ധപ്പെട്ട് തങ്ങളുടെ പാരമ്പര്യ ജീവിതരീതികൾ എല്ലാം തന്നെ നഷ്ടപ്പെടുകയും ഒറ്റപ്പെട്ട ജീവിതം ആരംഭിക്കുകയും ചെയ്തു.

വയനാടർ കാടർ തനതുഭാഷ സംസാരിക്കുന്നവരാണ്. മലയാള ഭാഷയോട് സാമ്യമുള്ളതാണ്. എന്നാൽ ഇന്ന് ആരും തന്നെ ആ

ഭാഷ ഉപയോഗിക്കുന്നില്ല. വയനാടൻ കാടർ സമുദായംഗങ്ങളുടെ അഭിപ്രായത്തിൽ തങ്ങളുടെ സംസ്കാരത്തിന്റെ കാര്യങ്ങൾ എല്ലാം തന്നെ നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ് ഉള്ളത്. കൃഷി മുഖ്യ ജീവനോപാധിയായിരുന്ന വയനാട് കാടർ മുത്താറി കൃഷിയാണ് കൂടുതലായി ചെയ്തിരുന്നത്. കൂടാതെ കാട്ടുമൃഗങ്ങളെ വേട്ടയാടിയും ഇവർ ഭക്ഷണം കണ്ടെത്തിയിരുന്നു.

വയനാടൻ കാടർ സമുദായക്കാർ തങ്ങളുടെ ആചാരത്തിന്റെയും അനുഷ്ഠാനത്തിന്റെയും ഭാഗമായി പുരുഷൻമാർ കോൽക്കളിയും സ്ത്രീകൾ കൈകൊട്ടിക്കളിയും കളിക്കാറുണ്ട്.

വയനാടൻ കാടർ എന്ന ഗോത്ര സമൂഹം തങ്ങളുടേതായ തനതു വസ്ത്രധാരണരീതിയുള്ളവരാണ്. പുരുഷൻമാർ അരയിൽ ഒറ്റമുണ്ടും ഒറ്റ തോർത്തും ഉപയോഗിച്ചിരുന്നു. കാതിൽ കടുക്കനും അണിഞ്ഞിരുന്നു. തലമുടി ഒരു ഭാഗത്തേക്ക് കെട്ടിവെച്ചിരുന്നു. സ്ത്രീകൾ മുണ്ട് ഉടുക്കുന്ന രീതിയാണ് ഉള്ളത്. തോർത്ത് കച്ച കെട്ടുന്നതിനായി ഉപയോഗിച്ചിരുന്നു.

## ആചാരങ്ങളും അനുഷ്ഠാനങ്ങളും

### വിവാഹം

പണ്ടുകാലങ്ങളിൽ ഋതുമതി കല്ല്യാണം കഴിഞ്ഞാൽ പെൺകുട്ടികളെ വിവാഹം കഴിപ്പിക്കുന്ന രീതിയായിരുന്നു വയനാട് കാടർക്കുള്ളത്. കല്ല്യാണദിവസം വരന്റെ കാരണവൻമാരും ബന്ധുക്കളും പോയി വധുവിനെ കൊണ്ടുവരുന്നു. വരൻ നൽകുന്ന പുടവയാണ് വധുവിനെ ഉടുപ്പിക്കുന്നത്. സ്ത്രീകൾ ചേർന്ന് പെൺകുട്ടിയെ അണിയിച്ചൊരുക്കുന്നു. എന്നിട്ട് പന്തലിൽ കൊണ്ടുവരുന്നു. പെൺകുട്ടിയുടെ തലയിൽ ഒരു ചുവന്ന തുണി ഇട്ടിരിക്കും. തലയ്ക്ക് മുകളിൽ ഒരു മേലാപ്പ് നീളമുള്ള തുണി നാല് പേർ ചേർന്ന് പിടിച്ചിട്ടുണ്ടാകും. പെണ്ണിനെ കൊണ്ടുപോകുന്ന സമയം പാട്ടും കളികളുമായാണ് പോവുക. കല്ല്യാണപ്പെണ്ണിന് ചുറ്റുമായി സ്ത്രീകൾ കൈകൊട്ടികളി കളിക്കാറുണ്ട്. അതിനു പുറമെ പന്തലിനു ചുറ്റും വാഴക്കുല കെട്ടി തൂക്കും. പന്തലിൽ കയറുമ്പോൾ വരുന്നവരിൽ ആരെങ്കിലും ചാടി വാഴക്കുല പിടിച്ചു കുലുക്കി വാഴപ്പഴം താഴെ വീഴ്ത്തുന്ന ഒരു ചടങ്ങ് ഉണ്ട്. തുടർന്ന് പുരുഷൻമാർ കോൽക്കളിയും സ്ത്രീകൾ കൈകൊട്ടിക്കളികളും ഏറെ നേരം കളിക്കും. തുടർന്ന് കളികൾക്കു ശേഷം വരന്റെ വീട്ടുകാർ കുട്ടിയെ വരന്റെ ഇല്ലത്തിലേക്ക് കൊണ്ടുപോകുന്നു. പണ്ട് കാലങ്ങളിൽ വയനാട് കാടർ സമുദായക്കാർക്ക് താലി കെട്ടുന്ന ചടങ്ങ് ഉണ്ടായിരുന്നില്ല. എന്നാൽ പെൺകുട്ടിക്ക് നൽകുന്ന പണത്തിന് 'മുത്തച്ചിപ്പണം'

എന്നാണ് പറയുന്നത്. പണ്ട് കാലങ്ങളിൽ 'അണ' യായിരുന്നു നൽകിയിരുന്നത്. ഇന്ന് ഈ ചടങ്ങുകൾക്കൊക്കെ മാറ്റം വന്നിട്ടുണ്ട്.

വധൂ ഗൃഹത്തിൽ നിന്നും കൂട്ടിക്കൊണ്ടുവരുന്ന പെൺകുട്ടിയെ വരന്റെ ഇല്ലത്തിൽ നിന്നും കാരണവൻമാരും ബന്ധുക്കളും ചില ചടങ്ങുകൾക്കുശേഷം വീട്ടിലേക്ക് കയറ്റുന്നു. ഈ സമയത്തും കോൽക്കളി, വട്ടക്കളി, കൈകൊട്ടിക്കളി എന്നിവ നടത്തുന്നു. എന്നാൽ വിവാഹത്തിന്റെ കാര്യത്തിൽ താലികെട്ട് ഇന്ന് നിർബന്ധമാണ്. വയനാടൻ കാടർക്കിടയിൽ അന്യ സമുദായക്കാരുമായുള്ള വിവാഹബന്ധം നടത്തുന്നതിന് അനുവദിച്ചിരുന്നില്ല. വിവാഹ ദിവസം പെൺകുട്ടി മുണ്ടും തോർത്തും ധരിക്കുന്നതിനോടൊപ്പം ഒരു വെള്ളമുണ്ട് പുതയ്ക്കാൻ ഉപയോഗിച്ചിരുന്നു. സ്ത്രീകൾ കാതിൽ ഓല കൊണ്ടുള്ള തോടയും കഴുത്തിൽ മുത്തുകൊണ്ടുള്ള മാലയും വളകളും അണിയുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്ത്രീകൾ മൂക്കു കുത്തുന്ന സമ്പ്രദായം ഇവർക്കിടയിൽ നിലനിൽക്കുന്നുണ്ടായിരുന്നു.

വനവിഭവശേഖരണത്തിലും നായാട്ടിലും പ്രഗത്ഭരാണ് വയനാടൻ കാടർ. കാട്ടിൽ നിന്ന് തേനും കാട്ടുകിഴങ്ങുകൾ ശേഖരിച്ചും വരുമാനം കണ്ടെത്തിയിരുന്നു. അമ്പെയ്ത്തും കെണി വെച്ചും പക്ഷികളെ പിടിക്കാറുണ്ട്. നായാട്ടിനായി പോകുന്നതിന് കാരണവൻമാരും മറ്റു ആളുകളും ചേർന്ന് ഒരു ദിവസം നിശ്ചയിക്കുകയും തങ്ങളുടെ കുലദൈവത്തിനെ ആരാധിച്ചുകൊണ്ട് കാട്ടിലേക്ക് പോകുന്നു. വേട്ടയ്ക്ക് പോകുന്നതിനൊപ്പം ഒരു നായയെയും അതിന്റെ കഴുത്തിൽ ഒരു മണി കെട്ടി കൊണ്ടുപോകുന്നു. മണിയുടെ ശബ്ദം കേൾക്കുമ്പോൾ മൃഗങ്ങൾ വരുകയും അതിനെ അമ്പെയ്ത് വീഴ്ത്തുകയുമാണ് ചെയ്യുന്നത്. മീൻകൂട് ഉപയോഗിച്ചാണ് ഇവർ മീൻ പിടിച്ചിരിക്കുന്നത്. മേടമാസത്തിൽ കാട് വെട്ടിതെളിച്ച് കൃഷി നടത്തുകയും മുത്താറി ശേഖരിച്ചുവെച്ച് ആവശ്യത്തിന് മെതിച്ച് അരി എടുത്ത് ഭക്ഷിക്കുന്ന് രീതിയാണ് ഇവരുടേത്. ഭൂമി കൈവശമുള്ളവരായതിനാൽ കൃഷി ചെയ്യുന്നതിന് ബുദ്ധിമുട്ടില്ല. എന്നാൽ കുടിയേറ്റം ആരംഭിച്ചതോടുകൂടി കൈവശഭൂമി നഷ്ടപ്പെടുകയും ഇവർ കൂലിപ്പണിക്കാരായി മാറുകയും ചെയ്തു.

പതിനെട്ടോളം തറവാടുകൾ വയനാടൻ കാടർക്കിടയിൽ ഉണ്ട്. തറവാടുകളുടെ പേരും അവരുടെ പ്രധാന താമസസ്ഥലവും താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. ചേനിയൻ തറവാട് | ചേലയിൽ |
| 2. കല്ലൻ തരയാൻ | മക്കിയാട് |
| 3. മാവിളിയാൻ | മക്കിയാട് |

| | |
|---|---|
| 4. പിലാച്ചേരി | മംഗലശ്ശേരി |
| 5. ചേമ്പിയൻ | ചാലിമല |
| 6. എളയെട്ടിയാൻ | തരിയോട് |
| 7. ചീക്കള്ളിയാൻ | കൊട്ടിയൂർ |
| 8. ചെമ്പ്രൻ | തരിയോട് |
| 9. നീട്ടുംങ്ങാടൻ | വെള്ളമുണ്ട |

തറവാട്ടിലെ മുതിർന്ന ആളിനെ കാരണവർ എന്നു പറയുന്നു. അദ്ദേഹമാണ് ആ തറവാട്ടിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നത്. അച്ഛൻ തറവാട്ടിൽ നിന്നും കല്ല്യാണം കഴിക്കാൻ പാടില്ല. അത് രക്തബന്ധമായി കണക്കാക്കുന്നു.

## ഋതുമതി കല്ല്യാണം

പെൺകുട്ടികൾ ഋതുമതി ആകുന്നതുമായി ബന്ധപ്പെട്ട് പാരമ്പര്യ ചടങ്ങുകൾ ഇന്നു നിലനിൽക്കുന്നു. നാല് ദിവസം കുട്ടിയെ പ്രത്യേക മുറിയിൽ ഇരുത്തുകയും അതിനു ശേഷം കുട്ടിയെ പുഴയിൽ കൊണ്ടുപോയി കുളിപ്പിക്കുന്ന ചടങ്ങാണ് ഉള്ളത്. ഇതിന് കുട്ടിക്ക് എണ്ണ പകർന്ന് നൽകുന്നത് അമ്മായിമാരാണ്. കുളിക്കാൻ പോകുന്ന കുട്ടിയുടെ കയ്യിൽ അമ്പ് നൽകുകയും പുഴയിൽ നിന്നു തന്നെ മീൻ കോരി എടുക്കുന്ന ചടങ്ങും ഇതിൽ പ്രധാനമാണ്. കുളിച്ചു വന്നതിനു ശേഷം നിലവിളക്ക് മുറ്റത്ത് വെച്ച് എല്ലാവരിൽ നിന്നും അനുഗ്രഹം വാങ്ങുന്നു. തുടർന്ന് അമ്മായിമാർ പാട്ടും കളികളും നടത്തുന്നു. കുളി കഴിഞ്ഞ് വരുന്ന കുട്ടിക്ക് അമ്മായി കോടിമുണ്ട് ഉടുപ്പിക്കുന്നു. തിരണ്ടുകല്ല്യാണത്തിന് സ്ത്രീകളുടെ കൈകൊട്ടിക്കളി മാത്രമാണ് നടത്താറുള്ളത്. പാട്ടുകളും പാടാറുണ്ട്.

## ജനനം

ഗർഭകാലത്ത് സ്ത്രീകൾ പുരുഷന്മാരുടെ വീട്ടിൽ തന്നെയാണ് താമസിക്കുന്നത്. പ്രസവ സമയത്ത് സ്ത്രീകളെ 'തീണ്ടാരിപ്പുര' യിൽ ആണ് താമസിപ്പിക്കുന്നത്. സഹായത്തിന് പാടിയിലെ മുതിർന്ന സ്ത്രീകൾ ഒപ്പമുണ്ടാകും. കുട്ടി ആണാണോ പെണ്ണാണോ എന്നറിയാൻ പ്രത്യേക അടയാളങ്ങൾ വിളിച്ചറിയിക്കാറുണ്ട്. പെൺകുട്ടിയാണെങ്കിൽ 'കിണ്ണം മുട്ടുക' ആൺകുട്ടിയാണെങ്കിൽ ചെണ്ട കൊട്ടുന്ന രീതിയാണ്. കുട്ടികളുടെ ചടങ്ങുകൾക്ക് എല്ലാം ഊരുകളിൽ സ്ത്രീകൾ വട്ടക്കളി കളിക്കാറുണ്ട്. ഗർഭിണിയായ സ്ത്രീക്ക് ഏഴ് മാസത്തിൽ ചരട് കെട്ടി പാണൻമാർ വന്ന് പാട്ടു പാടുന്നു. രാവിലെ മുതൽ രാത്രിവരെ പാടുന്ന പാട്ടി നിടയിൽ കുട്ടി ആണാണോ പെണ്ണാണോ എന്ന് സൂചിപ്പിക്കുന്നു.

## ദൈവാരാധന

വയനാടൻ കാടരുടെ കുലദൈവം കരിയാത്തനാണ്. കരിയാത്തനെ കൂടാതെ കരിമ്പിൻ ഭഗവതി, മഞ്ഞളി ഭഗവതി, കരിമ്പിൽ ഭഗവതി, കരിവില്ല് എന്നീ ദൈവങ്ങളാണ്. വയനാട് കാടർ തങ്ങളുടെ മലദൈവങ്ങളെ കുടിയിരുത്തുന്ന സ്ഥലത്തിന് 'തുടങ്ങായി' എന്നാണ് പറയുന്നത്. മലക്കാരിയ്ക്ക് വേണ്ടിയുള്ള പൂജ കർമ്മങ്ങൾ നടത്തിയിരുന്നതും മലക്കാരിയെ കുടിയിരുത്തന്ന കാവുകളിൽ 'കോമരം' തുള്ളാനായി വയനാട് കാടരെ വിളിക്കുന്നത് പതിവായിരുന്നു.

കുംഭമാസത്തിലെ വെച്ചൂട്ട്, തുലാം പത്ത്, കർക്കിടകവാവ് എന്നീ വിശേഷ ദിവസങ്ങളിൽ ദൈവത്തിന് കൊടുക്കുന്ന രീതി ഇവർക്കിടയിൽ ഉണ്ട്. ദൈവത്തെ വിളിക്കുന്ന അവസരങ്ങളിൽ കോൽക്കളി കളിയ്ക്കാറുണ്ട്.

## വട്ടക്കളി

പുരുഷന്മാരുടെ മറ്റൊരു വിനോദമാണ് വട്ടക്കളി. വട്ടക്കളി ആരംഭിക്കുന്നത് ഗണപതിയെ സ്തുതിച്ചുകൊണ്ടാണ്. വൃത്താകൃതിയിൽ നിന്നുകൊണ്ട് കളിയ്ക്കുന്ന കളിയായതിനാലാണ് ഇത് വട്ടക്കളി എന്ന പേരിൽ അറിയപ്പെടുന്നത്. ഊരിലെ വിവാഹം, ജനനവുമായി ബന്ധപ്പെട്ട എല്ലാ അവസരങ്ങളിലും വട്ടക്കളി നടത്താറുണ്ട്. വട്ടക്കളിലൂടെ ഗണപതിയെ സ്തുതിക്കുന്ന പാട്ട് ചുവടെ ചേർക്കുന്നു.

**1. ഗണപതിപ്പാട്ട്**

വരിക നല്ലൊരു ഗണപതിയോ തെയ്തെയ്...
ഗണപതിയ്ക്ക് എന്തെല്ലാം വയ്ക്കാൻ പറ്റും തെയ്തെയ്...
നാലുകാലുള്ളൊരു നടുപന്തലോ തെയ് തെയ് ...
പന്തലകത്തു എന്തു വയ്ക്കാൻ തെയ് തെയ്...
നാലുകാലുള്ളൊരു നടുപന്തലോ തെയ്തെയ്...
പന്തലകത്തു എന്തു വെയ്ക്കാൻ തെയ്തെയ്...
നാലുകാലുള്ളൊരു ചിത്രപീഠം തെയ്തെയ്... (2)
നടക്കിടും നീക്കും വരിയ്ക്കപ്ലാവോ തെയ് തെയ്...
കീകണ്ടം കീരി നിർത്തുകൊണ്ടൊ തെയ് തെയ്...
മേല്കണ്ടം മേലങ്ങ് നിർത്തികൊണ്ടൊ തെയ് തെയ്...
നടുക്കണ്ടം കൊണ്ട് ഒരു ചിത്ര പീഠം തെയ് തെയ്...
പട്ട്ഇട്ട് മൂടിയിരിക്കും പീഠം തെയ്...
ആർത്തു പിടിച്ചീടുക്കും പീഠം തെയ് തെയ്...
പിന്നെന്തല്ലാം വയ്ക്ക ഗണപതിയ്ക്കോ ? തെയ് തെയ്...
ഉണങ്ങലരിയും തുമ്പപ്പൂവും തെയ്തെയ്...

പിന്നെന്തെല്ലാം വയ്ക്ക ഗണിപതിയ്ക്കോ തെയ് തെയ്...
കെട്ടോടെ നല്ല കരിവേപ്പില തെയ് തെയ്...
പാലിൽ പുഴുങ്ങിയ പരിപ്പടയ്ക്ക തെയ് തെയ്...
വെള്ളോണ്ട് കിണ്ടിയിൽ കനകനീരോ തെയ് തെയ്...
ഉണങ്ങലരിയും തുമ്പപ്പൂവും തെയ് തെയ്...
പടലോടെയുള്ള കദളിപ്പഴവും തെയ് തെയ്...
പിന്നേന്തെല്ലാം വയ്ക്ക ഗണപിതയ്ക്കോ തെയ് തെയ്...
അറിയുന്നവരുണ്ടെങ്കിൽ കേട്ടുകൊള്ളിൻ
അറിയാത്തവരുണ്ടെങ്കിൽ കേട്ടുകൊള്ളിൻ തെയ് തെയ്...
അറിയുന്നവരുണ്ടെങ്കിൽ കുറ്റം പിഴപ്പികരുതൊ തെയ് തെയ്...
ഉപ്പുണ്ണും നാവ് ഉണരനാവോ തെയ്...
മുളകുണ്ണും നാവ് ഒരികക്കൊടിയോ തെയ് തെയ്...
പാട്ടിനുതാപ്പും പിഴവരും തെയ് തെയ്...
വരുകനല്ലൊരു ഗണപതിയോ തെയ് തെയ്...

ഏതു കാര്യത്തിനും ആദ്യം ഗണപതിയെ സ്തുതിച്ചുകൊണ്ടുള്ള പാട്ടാണ് പാടുന്നത്. ഗണപതിക്ക് കാണിക്കയായി എന്തൊക്കെയാണ് വെയ്ക്കുന്നത് എന്നാണ് പാട്ടിലൂടെ വിവരിക്കുന്നത്.

## കോൽക്കളി

പണ്ട് കാലം മുതൽക്കുതന്നെ വയനാടൻ കാടർ സമുദായക്കാർ കല്ല്യാണം, കുടുംബ ഉത്സവങ്ങൾ എന്നീ അവസരങ്ങളിൽ കളിയ്ക്കുന്നതാണ് കോൽക്കളി. പ്രധാനമായും രണ്ട് തരത്തിലുള്ള കോൽ ആണ് ഇതിനുപയോഗിക്കുന്നത്. ആണുങ്ങൾ മാത്രമാണ് കോൽക്കളി കളിക്കാറുള്ളത്. കോൾക്കളി ഇന്നത്തെ തലമുറയിൽ നമുക്ക് കാണാൻ സാധിക്കില്ല. കോൽ അടിയ്ക്കുന്നതിനു പ്രത്യേകം പരിശീലനം മെയ്വഴക്കവും അത്യാവശ്യമാണ്. കാൽ രണ്ട് ചുവട് വച്ച് മുന്നിലോട്ടും പിന്നോട്ടും നടന്നാണ് കോൽ അടിയ്ക്കുന്നത്. കോൽക്കളി എത്ര മണിക്കൂർ വേണമെങ്കിലും കളിയ്ക്കുന്നു. കോൽക്കളി പാട്ടിൽ ചിലത് ചുവടെ ചേർക്കുന്നു.

**2. കോൽക്കളിപ്പാട്ട്**

ആറ്റിൻപുഴക്കര അരയാലിൻ കൊമ്പത്ത്
ആനന്ദം പാടിയിരിക്കും തത്തമ്മപെണ്ണ്
തിത്തി തിരിഞ്ഞ് മഹിലകം പോകുമ്പോൾ
ആമ കുമാരന്റെ താലി പോയി...
കരയണ്ട പെണ്ണേ, ചിരിക്കണ്ട പെണ്ണേ
നിനക്കൊരു താലി ഞാൻ തീർത്തു താരാം

വെണി പുറകട്ടെ വെള്ളം ചുരുങ്ങട്ടെ
പാടത്തെ ചേറ് പൊടിയടങ്ങട്ടെ

ആനത്തലയോളം പോനെടുത്താം തെയ് തെയ്
കോഴിക്കോട് ഉണ്ടൊരു നല്ല പെരും തട്ടാൻ
അവനെ വരുത്തണം പൊൻപണിക്ക് (2)
വേണി പുറക്കുന്നു വെള്ളം ചുരണ്ടുന്നു
പാടത്തെ ചേറ് പൊടിയടങ്ങുന്നു
കോഴിക്കോട് ഉണ്ടൊരു നല്ല് പെരുതട്ടാൻ
അവനെ വരുത്തണം പൊൻപണിക്ക്
കുതിരതലയോളം തച്ചി നീട്ടി
ചടരുമേൽ കോർത്തിട്ടും നൂലുമേൽ കോർത്തിട്ടും
തത്തകഴുത്തിലും താലികെട്ടി
താലിയും കെട്ടി സഭയിൽ ചെല്ലുമ്പോൾ
ആകാശത്ത് ചന്ദ്രനുദിച്ചപ്പോൾ
ആകാശത്ത് ചന്ദ്രനുദിച്ചപോലെ തെയ് തെയ്
ഗണപതിയെകട്ട് മുഖം തരിഞ്ഞ് (ആറ്റിൻ പുഴക്കര)

**ആവേദകർ:**

1. നന്ദനൻ, വെള്ളമുണ്ട
2. അരവിന്ദൻ, വെള്ളമുണ്ട
3. കേളു വെള്ളമുണ്ട



കരിമ്പാലരുടെ എറോചാടത്ത് തറവാട്‌വീട്



കോഴിക്കോട് ജില്ലയിലെ നടവല്ലൂരിലെ കരിമ്പാലരുടെ
കല്ലും പുറത്ത്കാവ്



*മുതുവാന്മാരുടെ മറയൂരിലെ വെള്ളക്കൽ കുടി*[1]



*മുതുവാന്മാരുടെ സത്രം*[1]



***കുറുമ്പരുടെ കടുകുമണ്ണ ഊര്*[1]**



***കുറുമ്പരുടെ 'നെറ്റികുത്തിയിരിക്കുവാത്' മെയ്യലങ്കാരം*[1]**



***കുറുമ്പരുടെ 'പണകല്ല്' മാല***[1]



***പ്രായമായ കുറുമ്പ സ്ത്രീകളുടെ കൈവളകൾ***[1]



***കുറുമ്പരുടെ അധിവാസ മേഖല***[1]



***കുറുമ്പരുടെ 'വണ്ണയ്ക്കുവാത്' ന്റെ വരകൾ***[1]





**കുറുമ്പരുടെ പഞ്ചക്കാട്**



***ഊരാളികൂത്ത്***




***ഊരാളികൂത്ത്-മാറാടിയും പരമ്പരാഗത ആഭരണങ്ങളും***[2]



കാടരുടെ മുഹൂർത്തക്കാൽകെട്ടൽ ചടങ്ങ്



പറമ്പികുളത്തെ കാടരുടെ കുര്യാർകുറ്റി സങ്കേതം



*മലവേട്ടുവരുടെ തുടി വാദ്യോപകരണം*



*മലവേട്ടുവരുടെ തുടി നിർമ്മാണം*



മലവേട്ടുവരുടെ മംഗലംകളിയുടെ അവതരണം



മംഗലംകളിയുടെ വേഷവിധാനങ്ങൾ



**മേലക്കുടിയരുടെ മുളവാദ്യം**



**മേലക്കുടിയരുടെ തുടി**



**പളിയരുടെ മുളവാദ്യം**[3]



**പളിയരുടെ നകരവാദ്യം**[3]



**പളിയരുടെ ഉറുമിവാദ്യം**[3]



**പളിയരുടെ ജബ വാദ്യം**[3]



**പളിയരുടെ ചട്ടിതാളം**[3]



**പളിയരുടെ കിലുക്കം/ചിലങ്ക**[3]



**പളിയരുടെ ജൽറ്[3]**



**പളിയ നൃത്തം വേദിയിൽ**




**ഇരുളരുടെ ആട്ടം വേദിയിൽ**

---

*1. ഫോട്ടോ: കെ.എസ് പ്രദീപ് കുമാർ*
*2. ഫോട്ടോ: അനിൽ അയ്യൂർ*
*3. ഫോട്ടോ: വി. നൈന*